**ധനകാര്യം**

**2013–2014 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും.**

മി. സ്പീക്കർ: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി, അങ്ങേയ്ക്ക് പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജയിലുകൾ എന്ന XIII–ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ച ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ ഏഴാം കോള ത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2013–14 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമന്ന പ്രമേയം അവത രിപ്പിക്കാവുന്നതാണ്.

ബഡ്ജറ്റ് എസ്റ്റിമേറ്റ് 2013 - 2014

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | 21–3–2013–ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
|---|---|---|---|---|---|---|
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XII | **പോലീസ്** | 707,46,59,000 | 33,68,000 | 1414,93,20,000 | 67,35,000 | 1415,60,55,000 |
| XIII | **ജയിലുകൾ** | 25,15,20,000 | | 50,30,40,000 | | 50,30,40,000 |

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ച ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ ഏഴാം കോളത്തിൽ യഥാ ക്രമം കാണിച്ചിട്ടുള്ള തുകകൾ 2013–14 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി.മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി.മോഹനൻ): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ചട്ടം 236(3) പ്രകാര മുള്ള പ്രസ്താവന ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പി ക്കാവുന്നതാണ്.

**ധനാഭ്യർത്ഥന നമ്പർ XII – പോലീസ്**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (ജയിൽമാറ്റത്തിനും മൊഴിമാറ്റത്തിനും പിന്നിലെ ഗൂഢാലോചനയിൽ ആഭ്യന്തര വകുപ്പുമന്ത്രി പങ്കാളിയായതായി പറയപ്പെടുന്ന ആക്ഷേപത്തെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (കൊല്ലപ്പെട്ട ആൾ ആരാണെന്നു പോലും തിരിച്ചറിയാൻ കഴിയാത്തവിധം പോലീസ് അന്വേഷണത്തിൽ പാളിച്ചകൾ ഉണ്ടാകുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (നാല്പാടി വാസു കൊലപാതക കേസിൽ ശ്രീ. കെ. സുധാകരൻ എം. പിയുടെ ഡ്രൈവർ നടത്തിയതായി പറയപ്പെടുന്ന പുതിയ വെളിപ്പെടുത്തലുകളെ തുടർന്ന് വാസുവിന്റെ ഭാര്യ നല്കിയ പരാതിയിന്മേൽ തുടർനടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എളമരം കരീം</u> : സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറു

പ്പികയായി കുറവു ചെയ്യേണ്ടതാണ് (ഗുണ്ടകളും മോഷ്ടാക്കളും സംസ്ഥാനത്തെ നഗരത്തിൽ വിലസുന്നതായും ചില പോലീസുകാർക്ക് ഇവരുമായി അവിഹിത ബന്ധങ്ങൾ ഉള്ളതായും പറയപ്പെടുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി പി. അയിഷാ പോറ്റി: പോലീസ് എന്ന XII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (ഒറ്റയ്ക്ക് താമസിക്കുന്ന വീട്ടമ്മമാർ കൊല ചെയ്യപ്പെടുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, പോലീസ് എന്ന XII ന–ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (പോലീസ് ലോക്കപ്പിൽ നടത്തുന്നതായി പറയപ്പെടുന്ന മൂന്നാംമുറ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ഗുരുദാസൻ : സർ, പോലീസ് എന്ന XII –ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (സുപ്രീംകോടതി ജഡ്ജി കൈക്കൂലി വാങ്ങുന്നത് നേരിൽ കണ്ടതായി പ്രസംഗിച്ചുവെന്നു പറയപ്പെടുന്ന ശ്രീ. കെ. സുധാകരൻ എം.പിക്കെതിരെ പോലീസ് എടുത്ത കേസ് അന്വേഷണം അട്ടിമറിച്ചതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, പോലീസ് എന്ന XII –ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറു പ്പികയായി കുറവു ചെയ്യേണ്ടതാണ് (പോലീസ് കസ്റ്റഡിയിൽ മർദ്ദനം നടത്തി കള്ളമൊഴികൾ രേഖപ്പെടുത്തുന്നതായും കോടതിയിൽ എത്തുമ്പോൾ പരിഹാസ്യരാകുന്നതായും അന്വേഷണ സംഘാംഗങ്ങൾ വിവിധ താത്പര്യ ങ്ങൾക്കനുസരിച്ച് പ്രവർത്തിച്ച് പോലീസ് സേനയ്ക്ക് തന്നെ അപമാനം ഉണ്ടാക്കുന്നവരായി മാറുന്നുവെന്നും പറയപ്പെടുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എസ്. ശർമ്മ: സർ, പോലീസ് എന്ന XII–ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറു പ്പികയായി കുറവു ചെയ്യേണ്ടതാണ് (കൊലപാതക സംഭവങ്ങളെ മുൻനിർത്തി, രാഷ്ട്രീയ നേട്ടങ്ങൾക്ക് വേണ്ടി പോലീസ് അന്വേഷണ സംഘ ത്തിലുള്ളവരെ ദുർവിനിയോഗം ചെയ്യുന്നതായി പറയപ്പെടുന്ന ഭരണനേതൃ ത്വത്തെക്കുറിച്ചും തത്വദീക്ഷയില്ലാത്തതായി പറയപ്പെടുന്ന പോലീസ് ഉദ്യോഗ സ്ഥരെക്കുറിച്ചും ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, പോലീസ് എന്ന XII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറു പ്പികയായി കുറവു ചെയ്യേണ്ടതാണ് (മണി എക്സ്ചേഞ്ച് വഴി വിദേശത്ത് നിന്ന് സംസ്ഥാനത്തേക്ക് കള്ളനോട്ട് വരുന്നതായുള്ള റിപ്പോർട്ടുകളിന്മേൽ

നടപടി സ്വീകരിക്കാനിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ദാസൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (ദേശവിരുദ്ധ വർഗ്ഗീയ പ്രവർത്തനത്തിൽ ഏർപ്പെടുന്നവരെ കണ്ടില്ലെന്ന് നടിക്കുന്നതായും ജനകീയ ആവശ്യങ്ങളുമായി ബന്ധപ്പെട്ട സമരത്തിൽ പങ്കെടുക്കുന്നവരെ കള്ളക്കേസെടുത്ത് മർദ്ദിച്ച് അവശരാക്കുകയും ചെയ്യുന്നതായി പറയപ്പെടുന്ന പോലീസ് നടപടികൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (സൂര്യനെല്ലി കേസ്സിൽ സുപ്രീം കോടതിയുടെ നിയമോപദേശം തേടാൻ തയ്യാറാകാത്തതായി പറയപ്പെടുന്ന സർക്കാർ നിലപാട് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (ചങ്ങലയ്ക്കു ഭ്രാന്ത് പിടിച്ചാലുണ്ടാകുന്ന അവസ്ഥയിൽ പോലീസ് സേന അകപ്പെട്ടിരിക്കുന്നതായി പറയപ്പെടുന്ന

ആക്ഷേപങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ബി. ഡി. ദേവസ്സി: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (കാസർക്കോട് നിന്നും മണൽമാഫിയ പ്രവർത്തകർക്കെതിരെ ഉയർന്നു വന്നതായി പറയപ്പെടുന്ന ആക്ഷേപങ്ങളിലും വിജിലൻസ് റിപ്പോർട്ടിലും ആഭ്യന്തരവകുപ്പ് തുടർനടപടികൾ സ്വീകരിച്ചു എന്നു പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഹംസ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (ആത്മഹത്യകളിൽ ദേശീയ ശരാശരിയേക്കാൾ കേരളം മുന്നിലായിരിക്കുന്നുവെന്നു പറയപ്പെടുന്ന പ്രത്യേക സാഹചര്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. കെ. ടി. ജലീൽ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (കോഴിക്കോട് ജില്ലയിലെ ചോമ്പാല, ഇടച്ചേറി പോലീസ് സ്റ്റേഷനതിർത്തികളിൽ, വീടുകളിൽ ആക്രമം നടത്തിയതായി പറയപ്പെടുന്ന ആർ.എം.പി. പ്രവർത്തകർക്ക് എതിരെ എടുത്ത കേസുകളിൽ അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടു

വരുന്നതിൽ പോലീസ് സേന വിമുഖത കാണിക്കുന്നതായും പ്രതികളിൽ ഒട്ടേറേ പേർ ഇപ്പോഴും അറസ്റ്റ് ചെയ്യപ്പെടാതിരിക്കുന്നതായും പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. എ. ബേബി: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (പോലീസ് അന്വേഷണങ്ങളിൽ പറഞ്ഞിട്ടില്ലാത്ത കാര്യങ്ങൾ പറഞ്ഞുവെന്ന നിലയിൽ വ്യാജമൊഴികൾ രേഖപ്പെടുത്തുന്നതായും അതിന്റെ പേരിൽ കോടതിയിൽ അന്വേഷണ സംഘം പരിഹാസ്യരായിക്കൊണ്ടിരിക്കുന്നതായും പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ചന്ദ്രൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (പോലീസ് പീഡനം മൂലം പോലീസ് ട്രെയിനി മരിക്കാനിടയായതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ജെയിംസ് മാത്യു: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (പോലീസ് സേനയെ രാഷ്ട്രീയവൽക്കരിക്കുന്നതിന് ആഭ്യന്തര വകുപ്പ്മന്ത്രി തന്നെ ചുക്കാൻ പിടിച്ചുകൊണ്ടിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (തൃശ്ശൂരിലെ കോൺഗ്രസ്സ് പ്രവർത്തകൻ ക്ഷേത്രത്തിനു സമീപത്തുവെച്ച് ഭാര്യയുടെ കൺമുന്നിൽ വച്ച് വധിക്കപ്പെട്ടതായി പറയപ്പെടുന്ന സംഭവത്തിനു പിന്നിലെ ഗൂഢാലോചന സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്താതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സി. കൃഷ്ണൻ</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (പോലീസ് പീഡനങ്ങളെ തുടർന്നു സംസ്ഥാനത്ത് ഒട്ടേറെയാളുകൾ ആത്മഹത്യ ചെയ്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (എ.കെ.ജി. സെന്ററിനു മുന്നിൽ സംഘർഷം സൃഷ്ടിക്കാൻ ശ്രമിച്ചതായി പറയപ്പെടുന്ന പോപ്പുലർ ഫ്രണ്ട് പ്രവർത്തകരെ നിയന്ത്രിക്കാൻ തയ്യാറാകാതിരുന്നതായി പറയപ്പെടുന്ന പോലീസ് നടപടിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറു

പ്പികയായി കുറവു ചെയ്യേണ്ടതാണ് (കേന്ദ്ര ആഭ്യന്തര സഹമന്ത്രി സംസ്ഥാനത്തെ പോലീസ് ഭരണത്തിൽ രാഷ്ട്രീയ താല്പര്യങ്ങൾ മുൻനിർത്തി അനധികൃതമായി ദൈനംദിനം ഇടപെട്ടുകൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതി വിശേഷം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീമതി കെ. കെ. ലതിക</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (പോലീസ് സ്റ്റേഷനുകളിൽ നടന്നു വരുന്നതായി പറയപ്പെടുന്ന അതിഭീകരമായ മർദ്ദനങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. കെ. നാരായണൻ</u> : സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (എൻ.ഡി.എഫ്. എന്ന സംഘടനയുടെ സാമ്പത്തിക സ്രോതസ്സുകളെ കുറിച്ച് അന്വേഷിക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതിനായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u> : സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (ആന്റിപൈറസി സെല്ലിന്റെ പ്രവർത്തനം ഭാഗികമായിരിക്കുന്നത് മൂലം വ്യാജ സി.ഡി.കളുടെ വില്പന തകൃതിയായി നടന്നുവരുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. റ്റി. എ. റഹീം : സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (വിദ്യാലയങ്ങളിലും പൊതുസ്ഥലങ്ങളിലും വിദ്യാർത്ഥികൾ കുറ്റകൃത്യങ്ങൾക്കിരയായിക്കൊണ്ടിരിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിൽ ആഭ്യന്തരവുകപ്പ് പൂർണ്ണമായി പരാജയപ്പെട്ടുകൊണ്ടിരിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ് : സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (മതതീവ്രവാദ ശക്തികളുടെ രാഷ്ട്ര വിരുദ്ധ പ്രവർത്തനങ്ങളെ ശക്തിയായി നേരിടുന്നതിൽ സർക്കാർ ഭാഗത്തുണ്ടായിരിക്കുന്നതായി പറയപ്പെടുന്ന വീഴ്ചകൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. രാജു എബ്രഹാം : സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (സർക്കാരിന്റെ ജനവിരുദ്ധ നിലപാടുകൾക്കെതിരെ സമരം ചെയ്യേണ്ടി വരുന്നവർക്കെതിരെ കള്ളക്കേസുകൾ

എടുത്ത് അറസ്റ്റ് ചെയ്ത് ജയിലുകളിൽ അടയ്ക്കുകയും നാട് കടത്തുകയും ചെയ്യുന്നതായി പറയപ്പെടുന്ന സർക്കാർ നടപടികൾ അവസാനിപ്പിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. കെ. സദാശിവൻ : സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറു പ്പികയായി കുറവു ചെയ്യേണ്ടതാണ് (വിജിലൻസ് അന്വേഷണങ്ങളിൽ ഉണ്ടാ കുന്നതായി പറയപ്പെടുന്ന രാഷ്ട്രീയ പ്രേരിത സർക്കാർ ഇടപെടലുകൾ അവസാനിപ്പിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ : സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറു പ്പികയായി കുറവു ചെയ്യേണ്ടതാണ് (പൊതു സ്ഥലങ്ങളിലെ പൂവാലശല്യവും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളും തടയാൻ സുപ്രീം കോടതി പുറ പ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിലുണ്ടായിരിക്കുന്നതായി പറയപ്പെടുന്ന വീഴ്ചകൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡ നോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ബി. സത്യൻ : സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറു പ്പികയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ ആരാധാനാലയങ്ങൾ വർഗ്ഗീയ സംഘടനകൾ ദുർവിനിയോഗിച്ചുകൊണ്ടിരിക്കുന്നതായി പറയപ്പെ

ടുന്ന ഗുരുതരമായ സ്ഥിതി വിശേഷം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം സംസ്ഥാനത്ത് രാഷ്ട്രീയ പ്രതിയോഗികളെ നേരിടാൻ ദുർവിനിയോഗം ചെയ്യുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. വി. വിജയദാസ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (തെളിവും സാക്ഷി വെളിപ്പെടുത്തലുകളും എതിരായി വരുന്ന ഭരണകക്ഷിയിൽപ്പെട്ടവരുടെ കേസുകൾ ദുർബലപ്പെടുത്തുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. എം. ആരിഫ് : സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (ജനങ്ങളുടെ ജീവനും സ്വത്തിനും രക്ഷ നൽകാൻ കഴിയാതെ ക്രമസമാധാന പരിപാലനം പരാജയപ്പെട്ടിരിക്കുന്നതായി പറയപ്പെടുന്നതിനെ കുറിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ദിവാകരൻ : സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറു

പ്പികയായി കുറവു ചെയ്യേണ്ടതാണ് (കേരളത്തിൽ മറ്റു സംസ്ഥാനങ്ങളെക്കാൾ കുറ്റകൃത്യങ്ങൾ കൂടുതലാണെന്ന് ദേശീയ ക്രൈം റിക്കാർഡു ബ്യൂറോയുടെ വെളിപ്പെടുത്തിയതായി പറയപ്പെടുന്നതിനെ തുടർന്നുണ്ടായിരിക്കുന്ന ആശങ്ക അകറ്റുന്നതിന് യാതൊരു വിധ നടപടിയും സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തുള്ളതായി പറയപ്പെടുന്ന പോലീസ്-ഗുണ്ടാ- മാഫിയ കൂട്ടുകെട്ട് അവസാനിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നത്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് ക്രമസമാധാനനില മെച്ചപ്പെടുത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിനായി) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. തിലോത്തമൻ : സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (ജനകീയ സമരങ്ങൾക്കു നേരെ ഉണ്ടാകുന്നതായി പറയപ്പെടുന്ന പോലീസ് അതിക്രമങ്ങൾ അവസാനിപ്പിക്കുന്നതിൽ

പരാജയപ്പെട്ടതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്.) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. രാജു : സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് രാഷ്ട്രീയ-സാമൂദായിക നേതാക്കളുടെ ഫോൺ ചോർത്തുവെന്ന ആരോപണത്തെ തുടർന്നുണ്ടായിട്ടുള്ള ആശങ്ക അകറ്റുന്നതിന് യാതൊരുവിധ നടപടിയും സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്നതായി പറയപ്പെടുന്ന അതിക്രമങ്ങൾ തടയുന്നതിന് കഴിയാതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. അജിത്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികൾ ആധുനികവൽക്കരിച്ച് പരിശോധനാഫലം യഥാസമയം ലഭ്യമാക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ഇ. കെ. വിജയൻ</u> : സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (പോലീസ് സേനയെ ആധുനികവൽക്കരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കാതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീമതി ഗീതാ ഗോപി</u> : സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (പോലീസ് സ്റ്റേഷനുകളിൽ വനിതാ പോലീസുകാർക്ക് മതിയായ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ജി. എസ്. ജയലാൽ</u> : സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (വിദ്യാർത്ഥി-യുവജന സമരങ്ങൾക്കു നേരെയുള്ളതായി പറയപ്പെടുന്ന പോലീസ് അതിക്രമങ്ങൾ തടയുന്നതിന് യാതൊരു വിധ നടപടിയും സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1415,60,55,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (സൈബർ കുറ്റകൃത്യങ്ങൾ യഥാസമയം കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്ന

തായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ശശി: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊളളിച്ചിട്ടുളള 1415,60,55,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരുടെ നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകൾ യഥാസമയം കൈകാര്യം ചെയ്യുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XIII – ജയിലുകൾ

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. സി. ദിവാകരൻ : സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊളളിച്ചിട്ടുളള 50,30,40,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (ജയിൽ ഉപദേശക സമിതികളുടെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊളളിച്ചിട്ടുളള 50,30,40,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (ജയിൽ നവീകരണത്തിനായി ലഭിക്കുന്ന കേന്ദ്രഫണ്ട് വകമാറ്റി ചെലവഴിക്കുന്നത് മൂലമുണ്ടായിട്ടുള്ളതായി പറ

യപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,30,40,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (തടവുകാരുടെ പരോൾ വ്യവസ്ഥകൾ ലഘൂകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. തിലോത്തമൻ</u> : സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,30,40,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (തടവുകാർക്ക് ആധുനിക രീതിയിലുള്ള തൊഴിൽ പരിശീലനങ്ങൾ നല്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കാതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. രാജു</u> : സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,30,40,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (തടവുകാരുടെ വേതനം കാലോചിതമായി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,30,40,000 ക. ഒരു

ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (ജയിലുകളിൽ വനിതാ തടവുകാരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കാതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. അജിത് : സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,30,40,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (ജയിലുകളിൽ തടവുകാർക്ക് ആധുനിക രീതിയിലുള്ള തൊഴിൽ പരിശീലനം നല്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ : സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,30,40,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (ജയിൽ ജീവനക്കാർക്ക് ആവശ്യമായ ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾക്കു രൂപം നല്കാതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി ഗീതാ ഗോപി : സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,30,40,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (ജയിലുകളിൽ വനിതാ തടവുകാർക്ക് മതിയായ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ

സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡ നോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ജി. എസ്. ജയലാൽ</u> : സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,30,40,000 ക. ഒരു ഉറു പ്പികയായി കുറവു ചെയ്യേണ്ടതാണ് (പഴക്കം ചെന്ന ജയിലുകൾ പുനരുദ്ധരി ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടു ന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : സർ, ജയിലുകൾ എന്ന XIII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,30,40,000 ക. ഒരു ഉറുപ്പി കയായി കുറവു ചെയ്യേണ്ടതാണ് (ജയിൽ ലൈബ്രറികൾ ആധുനികവൽക്ക രിച്ച് വിപുലപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാ ക്കാതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡ നോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. വി. ശശി</u> : സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,30,40,000 ക. ഒരു ഉറു പ്പികയായി കുറവു ചെയ്യേണ്ടതാണ് (ശിക്ഷാ കാലാവധി കഴിഞ്ഞു കിടക്കുന്ന തടവുകാരെ മോചിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കു ന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ഗുരുദാസൻ : സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,30,40,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (ജയിലുകളിൽ കഴിയുന്ന തടവുകാർക്ക് പരോൾ അനുവദിക്കുന്നതിൽ വിവേചനം കാണിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എളമരം കരീം : സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,30,40,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (തടവുകാരോടുള്ളതായി പറയപ്പെടുന്ന മനുഷ്യത്വരഹിതമായ പെരുമാറ്റം അവസാനിപ്പിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എസ്. ശർമ്മ : സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,30,40,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (ജയിലുകളിൽ പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലുണ്ടായതായി പറയപ്പെടുന്ന വീഴ്ചകൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. എ. ബേബി : സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,30,40,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (കസ്റ്റഡിയിലുള്ള തടവുകാർ പീഡിപ്പിക്കപ്പെടുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷവും അവർ വീണ്ടും കുറ്റവാളി

കളായി തിരിച്ച് വരാൻ ഇടയാക്കുന്നതായി പറയപ്പെടുന്ന സാഹചര്യങ്ങളും ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,30,40,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (ജയിൽ ഉപദേശക സമിതികൾ കൃത്യമായി യോഗം ചേരാതിരിക്കുന്നതായും തടവുകാരുടെ മോചന കാര്യങ്ങളിൽ തീരുമാനം എടുക്കാതിരിക്കുന്നതായും പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. ബാലൻ : സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,30,40,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (തടവുകാരുടെ സുരക്ഷിത കസ്റ്റഡിയും സുരക്ഷയും ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,30,40,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (തടവുകാരോട് മനുഷ്യത്വപരമായി പെരുമാറാതിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,30,40,000 ക. ഒരു

ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (ജയിലുകളിൽ കഴിയുന്ന തടവുകാരുടെ മൗലീകാവകാശങ്ങൾ നിഷേധിക്കപ്പെടുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി പി. അയിഷാ പോറ്റി : സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,30,40,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (തടവുകാർക്ക് അവരുടെ കുടുംബാംഗങ്ങളുമായി നിർണ്ണയിക്കപ്പെട്ട നിലയിലും രീതിയിലും ബന്ധപ്പെടാൻ അവസരം നിഷേധിക്കുന്നതായി പറയപ്പെടുന്ന ജയിലുദ്യോഗസ്ഥരുടെ നടപടികൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. എം. ആരിഫ് : സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,30,40,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (നിയമപ്രകാരം തടവുകാർക്ക് അനുവദനീയമായ സൗകര്യങ്ങളും പ്രത്യേക അവകാശങ്ങളും നിഷേധിക്കപ്പെടുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,30,40,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (തടവുകാർക്കുള്ള ഭക്ഷണവും വസ്ത്രങ്ങളും കിടക്കവിരികളും നിർണ്ണയിക്കപ്പെട്ട നിലയിൽ ജയിലുകളിൽ ലഭ്യമാക്കുന്നതിലുള്ളതായി പറയപ്പെടുന്നതായ വീഴ്ചകൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ചന്ദ്രൻ : സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,30,40,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (തടവുകാരുടെ പരാതികളിന്മേൽ സത്വരമായ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന സർക്കാർ നിലപാട് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,30,40,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (തടവുകാരുടെ ശാരീരികവും മാനസികവും സാന്മാർഗികവുമായ ഉന്നമനത്തിനായി ഒരു നടപടിയും സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ദാസൻ : സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,30,40,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (തടവുകാർക്ക് ഭക്ഷണവും വസ്ത്രവും താമസ സൗകര്യവും അത്യന്താപേക്ഷിതമായ ആവശ്യങ്ങളും മതിയായ വൈദ്യചികിത്സയും ലഭ്യമാക്കാതിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഹംസ : സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,30,40,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (സെൻട്രൽ ജയിലുകളിലെ തടവുകാർ ഭക്ഷണസാധനങ്ങൾ ഉല്പാദിപ്പിച്ച് വില്പന നടത്തുന്നതിലൂടെ സമാഹരി

ക്കപ്പെടുന്നതായി പറയപ്പെടുന്ന ലാഭം തടവുകാരുടെ നിരാശ്രയരായ മക്കളുടെ വിദ്യാഭ്യാസ ചെലവിനായി വിനിയോഗിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. കെ. ടി. ജലീൽ : സർ, ജയിലുകൾ എന്ന തകകകാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,30,40,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (തടവുകാരുടെ ജയിൽ മാറ്റ നടപടിയിൽ കോടതി അതൃപ്തി രേഖപ്പെടുത്തിയിരിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ജെയിംസ് മാത്യു : സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,30,40,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (ജയിൽ ജീവനക്കാരുടെ അന്യായമായ സ്ഥലമാറ്റങ്ങൾക്കു പിന്നിലുള്ളതായി പറയപ്പെടുന്ന നിക്ഷിപ്ത താല്പര്യങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

ജയിലുകൾ എന്ന XIII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,30,40,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിക്കുന്നു.

1. ശ്രീ. കെ. കെ. ജയചന്ദ്രൻ
2. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
3. ശ്രീ. സി. കൃഷ്ണൻ

4. ശ്രീമതി കെ. കെ. ലതിക
5. ശ്രീ. കെ. കെ. നാരായണൻ
6. ശ്രീ. പുരുഷൻ കടലുണ്ടി
7. ശ്രീ. പി. റ്റി. എ. റഹീം
8. ശ്രീ. എസ്. രാജേന്ദ്രൻ
9. ശ്രീ. റ്റി. വി. രാജേഷ്
10. ശ്രീ. രാജു എബ്രഹാം
11. പ്രൊഫ. സി. രവീന്ദ്രനാഥ്
12. ശ്രീ. സി. കെ. സദാശിവൻ
13. ശ്രീമതി കെ. എസ്. സലീഖ
14. ശ്രീ. ബി. സത്യൻ
15. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
16. ശ്രീ. കെ. സുരേഷ് കുറുപ്പ്
17. ഡോ. ടി. എം. തോമസ് ഐസക്
18. ശ്രീ. കെ. വി. വിജയദാസ്

മി. സ്പീക്കർ: കഴിഞ്ഞ ദിവസം ചർച്ചയിൽ പങ്കെടുക്കുകയും പങ്കെടുക്കാതിരിക്കുകയും ചെയ്ത പല ആളുകളും വളരെ സമയം അധികമെടുത്തു. ഇന്നത്തെ ചർച്ച കുറച്ചുകൂടി ചുരുക്കണം. നേരത്തെ പോകണമെന്ന ആഗ്രഹം എല്ലാവരും പറഞ്ഞു. അത് ഞാൻ സഭയ്ക്ക് വിടുന്നു. അല്ലാതെ ഞാനിവിടെയിരുന്ന് എപ്പോഴുമെപ്പോഴും പറഞ്ഞിട്ട് കാര്യമില്ല.

ശ്രീ. എളമരം കരീം: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു. സംസ്ഥാനം സുരക്ഷിതമല്ലെന്ന് ബഹുമാനപ്പെട്ട കെ.പി.സി.സി. പ്രസിഡന്റിന്റെ യാത്രക്കിടയിലെ പ്രസംഗത്തിൽ അദ്ദേഹം പറയുകയുണ്ടായി. ഈ സംസ്ഥാനത്തിന്റെ സുരക്ഷിതത്വം നഷ്ടപ്പെട്ടുവെന്ന രണ്ടാമത്തെ ഗൗരവമായ പ്രഖ്യാപനം വന്നത് യു.ഡി.എഫ്-ലെ ഘടകകക്ഷിയായ ജെ.എസ്.എസിന്റെ നേതാവ് സഖാവ് കെ.ആർ. ഗൗരിയമ്മയിൽ നിന്നാണ്. സംസ്ഥാനം ഗുണ്ടകളുടെയും മാഫിയ സംഘങ്ങളുടെയും ക്വട്ടേഷൻ

സംഘങ്ങളുടെയും പടനിലമായി മാറിക്കഴിഞ്ഞിരിക്കുന്നു. കുറ്റകൃത്യങ്ങൾ തടയാൻ പോലീസിന് സാധിക്കുന്നില്ല. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി നിയമസഭയിൽ പറഞ്ഞ കണക്കുകൾ അതിന്റെ വ്യക്തമായ തെളിവാണ്. കഴിഞ്ഞ സമ്മേളനത്തിൽ തന്ന കണക്കനുസരിച്ച് 2013 മാർച്ച് 18-ാം തീയതി സഭയിൽ വച്ച മറുപടിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുണ്ടായ 657 കൊലപാതകങ്ങളിൽ 156 സ്ത്രീകളും 391 പുരുഷൻമാരും 80 കുട്ടികളും ഉണ്ടായിരുന്നുവെന്ന് വ്യക്തമായി പറയുന്നുണ്ട്. 13.05.2013 - ൽ ഈ സഭയിൽ വച്ച മറുപടിയിൽ 27264 സ്ത്രീ പീഡനകേസ്സുകളും 234 കൊല്ലപ്പെട്ട സ്ത്രീകളും 1490 കവർച്ചകളും 8515 മോഷണക്കേസ്സുകളും 1612 പിടിച്ചുപറി കേസ്സുകളും 5864 ഭവനഭേദന കേസ്സുകളും 2211 ബലാൽസംഗ കേസ്സുകളും 626 ദേവാലയ മോഷണ കേസ്സുകളും 25 വർഗ്ഗീയ സാമുദായിക സംഘർഷങ്ങളുമുണ്ടായി. ഇങ്ങനെ പോകുന്നു കേരളത്തിലെ അതിക്രമങ്ങളുടെയും മറ്റും വിവരങ്ങൾ. അതിന്റെ കൂടുതൽ യുക്തി വർണ്ണനകളിലേയ്ക്ക് ഞാൻ പോകുന്നില്ല. കേരളം മോഷണക്കാരുടെയും ഭവനഭേദനങ്ങളുടെയുമൊക്കെ വിളനിലമായി മാറിയെന്നറിഞ്ഞപ്പോൾ വടക്കേ ഇന്ത്യ കേന്ദ്രമാക്കി മോഷണം നടത്തിയിരുന്ന ബണ്ടിചോർ കേരളത്തെ സുരക്ഷിത സ്ഥാനമായി കണ്ടെത്തി ഇങ്ങോട്ട് പുറപ്പെട്ടു. ഇതുവരെ അദ്ദേഹം ഇവിടെ വന്നിട്ടില്ലായിരുന്നു. ഇപ്പോൾ ആദ്യമായിട്ടാണ് വന്നത്. 7 കൊലക്കേസ്സിലും 14 കവർച്ചക്കേസ്സിലും പ്രതിയായി വധശിക്ഷ കാത്ത് ഏറ്റവും സുരക്ഷിതത്വമുള്ള പൂജപ്പുര സെൻട്രൽ ജയിലിൽ തടവിൽ കഴിയുകയായിരുന്ന റിപ്പർ ജയാനന്ദനും

പ്രകാശും തടവുചാടി. സംസ്ഥാനത്തെ ജനങ്ങൾ ഇന്ന് ഭീതിയിൽ കഴിയുകയാണ്. ജമ്പുലി ബിജു എന്ന റൗഡി ട്രെയിനിൽ വച്ച് ഒരു പെൺകുട്ടിയോട് അപമര്യാദയായി പെരുമാറിയപ്പോൾ നാട്ടുകാർ പിടികൂടി പോലീസിൽ ഏൽപ്പിച്ചു. അയാൾ കൊല്ലം സ്വദേശിയും നിരവധി കേസ്സിലെ പ്രതിയും കൂടാതെ ഒരു വീട്ടമ്മയെ ബലാൽക്കാരം ചെയ്യാൻ ശ്രമിക്കുന്നതിനിടയിൽ ആ വീട്ടമ്മ അദ്ദേഹത്തിന്റെ ചുണ്ട് കടിച്ചുമുറിച്ച സംഭവവുമുണ്ടായി. ആ മുറിവ് ഉണങ്ങുന്നതിനുമുമ്പാണ് ഈ സംഭവം. എന്നിട്ട് പോലീസ് പിടിച്ച് മെഡിക്കൽ ചെക്കപ്പിന് കൊണ്ടുപോയപ്പോൾ ആ ഡോക്ടറെ കയറി പിടിച്ചു. ഈയാളെ ഇന്നുവരെ ഗുണ്ടാ ലിസ്റ്റിലൊന്നും ഉൾപ്പെടുത്തിയിട്ടില്ല. കാപ (Kerala Antisocial Activities Prevention Act) നിയമപ്രകാരം ഒരു കേസ്സും അവന്റെ പേരിൽ എടുത്തിട്ടില്ല. പോലീസിന് അതിൽ യാതൊരു താൽപ്പര്യവുമുണ്ടായിട്ടില്ല. ഈ സംസ്ഥാനത്തെ ഏറ്റവും വലിയ രാഷ്ട്രീയ പാർട്ടിയായ സി.പി.ഐ.(എം.)ന്റെ സംസ്ഥാന കമ്മിറ്റി ഓഫീസായ എ.കെ.ജി. സെന്ററിനുമുമ്പിൽ പോപ്പുലർ ഫ്രണ്ടുകാർ ഗുണ്ടാവിളയാട്ടം നടത്തി. ഈ സംഘം തലസ്ഥാനത്ത് ഒരു പ്രകടനം നടത്തുമ്പോൾ എവിടെ കേന്ദ്രീകരിക്കണം; എങ്ങനെ നിയന്ത്രിക്കണമെന്ന് ഇവിടത്തെ പോലീസിന് അറിയില്ല. എന്തോ ഭാഗ്യത്തിന് അവിടെ സംഘർഷം ഒഴിവായി. ഓഫീസിനു നേരെ ആക്രോശിച്ച് ചെന്നപ്പോൾ അവിടത്തെ ജീവനക്കാർക്ക് ഗേറ്റ് പൂട്ടേണ്ടിവന്നു. ഈ സംസ്ഥാനത്തെ ഏറ്റവും വലിയ രാഷ്ട്രീയ പാർട്ടിയായ സി.പി.ഐ.(എം.) ന്റെ സംസ്ഥാന സെക്രട്ടറി ശ്രീ. പിണറായി വിജയനുനേരെ വധശ്രമം നടന്നതായി പോലീസിന് വിവരം ലഭിക്കുകയും കേസ്സെടുക്കുകയും കുഞ്ഞുകൃഷ്ണൻ

നമ്പ്യാരെ അറസ്റ്റ് ചെയ്യുകയും അദ്ദേഹത്തിന്റെ പേരിൽ കേസ്സെടുത്ത് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്യുകയും ചെയ്തു. അതിന്റെ അന്വേഷണം എവിടെയെത്തി? ഈ സ്റ്റേറ്റിലെ ഏറ്റവും സമുന്നതനായ ഒരു രാഷ്ട്രീയ നേതാവിന്റെ നേരെ വധശ്രമം നടന്ന സംഭവം ഇത്ര ലാഘവത്തോടെ കൈകാര്യം ചെയ്യാമോ? ഈ പ്രശ്നം ഗൗരവമായി എടുക്കുന്നുവെന്ന് ആഭ്യന്തര വകുപ്പുമന്ത്രി പലപ്പോഴും പ്രസ്താവിക്കുകയും പ്രസംഗമധ്യേ ഒരിക്കൽ കെ.പി.സി.സി. പ്രസിഡന്റ് പറഞ്ഞതായും ശ്രദ്ധയിൽപ്പെട്ടു. പക്ഷേ അന്വേഷണം നടന്നപ്പോൾ അതിനുപിന്നിൽ വടകരയിലെ ആർ.എം.പി. പ്രവർത്തകരാണെന്നറിഞ്ഞ് അന്വേഷണം വഴിമുട്ടി. പിന്നീട് അന്വേഷണം നടക്കുന്നില്ല. നിഷ്പക്ഷമായ നീതി നിർവ്വഹണമാണ് ഈ സംസ്ഥാനത്ത് നടക്കുന്നതെന്ന് വ്യക്തമാണ്.. കേരളത്തിലെ ഏറ്റവും വലിയ തട്ടിപ്പ് വീരനും വ്യവഹാര ദല്ലാളുമായ നന്ദകുമാറിന്റെ പ്രശ്നം കോടതിയിൽ കേസ്സ് വന്നതാണ്. കോടതിമുമ്പാകെ സി.ബി.ഐ. അന്വേഷണത്തിനുള്ള നോട്ടിഫിക്കേഷൻ തക്ക സമയത്ത് സംസ്ഥാന സർക്കാർ എത്തിച്ചില്ല. എന്തിനാണ് ഇത്തരത്തിലുള്ള തട്ടിപ്പ് വീരൻമാരെ സംരക്ഷിക്കുന്ന നിലപാട് സ്വീകരിക്കുന്നത്? പി.ഡബ്ല്യൂ.ഡി. സെക്രട്ടറിയും ലാന്റ് റവന്യൂ കമ്മീഷണറുമായ ശ്രീ. ടി. ഒ. സൂരജിന്റെ ഓഫീസിൽ എൻ.ജി.ഒ. അസോസിയേഷനിലെ ആളുകൾ കയറി കയ്യേറ്റം ചെയ്തു. കേസ്സ് വന്നത് നേരെ തിരിച്ച്. അതുപോലെ വി.എച്ച്.എസ്.ഇ. ഡയറക്ടറുടെ ആഫീസിൽ കയറി കെ.എസ്.യു. പ്രവർത്തകർ കരിഓയിൽ ഒഴിച്ചു. ഭരണത്തിന്റെ തണലിൽ എന്തുമാകാമെന്ന നിലയിലേയ്ക്ക് എവിടെയും കയറിച്ചെന്ന് അക്രമം നടത്താവുന്ന ഒരവസ്ഥ എങ്ങനെയാണുണ്ടായത് ? ഈ അക്രമികൾക്ക് ഇത്ര സുരക്ഷിതത്വം എങ്ങനെയുണ്ടായി ? യൂത്ത്

കോൺഗ്രസ്സിന്റെ തെരെഞ്ഞെടുപ്പ് സംസ്ഥാനം മുഴുവൻ സംഘർഷമായിരുന്നു. കോൺഗ്രസ്സിന്റെ മീറ്റിംഗ് കൂടുകയാണെന്ന് കേട്ടാൽ ജനങ്ങൾ പേടിച്ച് ഓടുകയാണ്. അവർക്ക് ഹാളുകൾ വാടകയ്ക്ക് കൊടുക്കാൻ ആളുകൾക്ക് ധൈര്യമില്ല. കസേരകളെല്ലാം അടിച്ച് പൊട്ടിക്കും. യൂത്ത് കോൺഗ്രസ്സ് തെരെഞ്ഞെടുപ്പിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം പോലീസ് സംരക്ഷണത്തിന് എത്ര പണം ചെലവായിട്ടുണ്ടാകും. ആറ്റിങ്ങലിൽ സംഘർഷം തടയാൻ ചെന്ന എസ്.ഐ.യെ യൂത്ത് കോൺഗ്രസ്സുകാർ എറിഞ്ഞുവീഴ്ത്തി. കണ്ണൂർ ജില്ലയിൽ നാറാത്ത് ആയുധ പരിശീലനം നടത്തിയ ഒരു സംഘത്തെ പോലീസ് പിടികൂടി. അതിന്റെ അന്വേഷണം എൻ.ഐ.എ.–യെ ഏൽപ്പിക്കുമെന്ന് പറഞ്ഞു. എൻ.ഐ.എ.യുടെ അന്വേഷണം എവിടെയെത്തി? അവർക്ക് തീവ്രവാദ സംഘങ്ങളുമായി ബന്ധമുണ്ടെന്ന ആക്ഷേപം പലപ്പോഴായി പുറത്തുവന്നില്ലേ? എന്തിനാണ് അവരെ സഹായിക്കുന്നത്? ഇത്തരം സംഘങ്ങളുടെ പ്രവർത്തനം സംസ്ഥാനത്തിന്റെ നിയമവാഴ്ചയ്ക്ക് ഭീഷണിയാകുമെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്? യൂത്ത് കോൺഗ്രസ്സ് തെരെഞ്ഞെടുപ്പിന്റെ ഭാഗമായി ഗ്രൂപ്പ് തർക്കത്തിനിടയിലാണ് തൃശ്ശൂർ ജില്ലയിൽ യൂത്ത് കോൺഗ്രസ്സിന്റെ അയ്യന്തോൾ മണ്ഡലം സെക്രട്ടറി മധു ഈച്ചരത്ത് എന്നയാൾ ഭാര്യയുടെയും മകന്റെയും സാന്നിദ്ധ്യത്തിൽ ഒരു ക്ഷേത്രത്തിന്റെ മുന്നിലിട്ട് കൊലചെയ്യപ്പെട്ടത്. ഇതിനുമുമ്പ് ഇയാൾ ആർ.എസ്.എസ്. പ്രവർത്തകനായിരുന്നു. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. സി. എൻ. ബാലകൃഷ്ണന്റെ സ്വാധീനത്തിലൂടെയാണ് അദ്ദേഹം കോൺഗ്രസ്സിലേയ്ക്ക് എത്തുന്നത്. അങ്ങനെ പാർട്ടി മാറിയതിനൊന്നും

പ്രശ്നമില്ല. ഈ കേസ്സിലെ ഒന്നാം പ്രതി കോൺഗ്രസ്സിലെ 'ഐ' ഗ്രൂപ്പിലും ഇപ്പോൾ 'എ' ഗ്രൂപ്പിലേയ്ക്ക് കാലുമാറിയ പ്രേംജിത്ത് കൊളളന്നൂർ എന്നയാളാണ്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണൻ വിശദമായി ഇവിടെ ഉന്നയിച്ചതാണ്. അതുകൊണ്ട് ഞാൻ വിശദീകരിക്കുന്നില്ല. വിഷു ദിവസം പ്രേംജിത്തിന്റെ വീട്ടിൽ കയറി മധുവിന്റെ നേതൃത്വത്തിൽ അക്രമം നടത്തിയതിന് പ്രതികാരമായി അഭിമാനം സംരക്ഷിക്കാനാണ് ഈ കൊലനടത്തിയതെന്ന് പ്രേംജിത്ത് പത്രക്കാരോടു പറഞ്ഞു. മധു തന്റെ ജീവൻ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പോലീസിന് നേരിട്ട് ഹർജി നൽകിയിരുന്നു. എന്നിട്ട് എന്ത് മുൻകരുതലെടുത്തു? ചന്ദ്രശേഖരൻ കൊലക്കേസ്സുമായി ബന്ധപ്പെട്ട് ഒരു ഇന്റലിജൻസ് റിപ്പോർട്ട് ഉണ്ടായിരുന്നതിന്റെ പേരിൽ എന്തെല്ലാം ബഹളം ഈ നാട്ടിലുണ്ടാക്കി. മധുവിന് സംരക്ഷണം കൊടുക്കാൻ ഗവൺമെന്റിനും പോലീസിനും ബാദ്ധ്യതയുണ്ടായിരുന്നില്ലേ? ഈ കേസ്സിൽ ഗൂഢാലോചനാക്കുറ്റം ചുമത്തിയില്ല. അതിന്റെ പിന്നിൽ നടന്ന ഗൂഢാലോചനയെക്കുറിച്ച് അന്വേഷിക്കണ്ടേ? പ്രേംജിത്തിന് മാത്രം ചെയ്യാൻ കഴിയുന്നതാണോ ഈ കൊലപാതകം? കോൺഗ്രസ്സിന്റെ പ്രമുഖനായ നേതാവ് കൊല്ലപ്പെട്ടിട്ട് ആ വീട്ടിൽ ഒരൊറ്റ മന്ത്രി സന്ദർശനത്തിന് പോയോ? സംസ്ഥാനത്ത് നടന്ന 12 കൊലക്കേസ്സുകളുമായി ബന്ധപ്പെട്ട് കൊല്ലപ്പെട്ടവരുടെ വീടുകളിൽ മുഖ്യമന്ത്രി, കേന്ദ്രസംസ്ഥാന ആഭ്യന്തര മന്ത്രിമാർ, മറ്റ് മന്ത്രിമാർ എന്നിവർ സന്ദർശനം നടത്തുകയുണ്ടായെന്ന് കഴിഞ്ഞ സഭയിൽ ഒരു ചോദ്യത്തിന് ഉത്തരമായി ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞു. ചന്ദ്രശേഖരൻ കൊല ചെയ്യപ്പെട്ടതിനുശേഷം

മുഖ്യമന്ത്രി ഒരു തവണയും ആഭ്യന്തര വകുപ്പുമന്ത്രി മൂന്ന് തവണയും കേന്ദ്ര ആഭ്യന്തര സഹമന്ത്രിയും രണ്ട് കേന്ദ്രമന്ത്രിമാരും മറ്റ് ഏഴ് സംസ്ഥാന മന്ത്രിമാരും ഓരോ തവണ വീതവും ചന്ദ്രശേഖരന്റെ വീട് സന്ദർശിക്കുകയുണ്ടായി. എന്താണ് താൽപ്പര്യം?

ശ്രീ. പി. സി. ജോർജ്: സർ, ടി. പി. ചന്ദ്രശേഖരന്റെ വീട്ടിൽ പ്രതിപക്ഷ നേതാവും പോയില്ലേ?

ശ്രീ. എളമരം കരീം: ഞാൻ പറയുന്നത്, ഇത്തരം സംഭവങ്ങൾ നടക്കുമ്പോൾ മന്ത്രി സ്ഥാനത്ത് ഇരുന്നുകൊണ്ട് ഒരു ധാർമ്മിക ഉത്തരവാദിത്വം എന്ന നിലയിൽ സന്ദർശനം നടത്തിയോ? സ്വന്തം പാർട്ടിയുടെ നേതാവ് മരിച്ചിടത്തുപോലും പോകാൻ സാധിച്ചില്ല. ഭരണം, രാഷ്ട്രീയ താൽപര്യത്തിന് മാത്രമായി മാറരുത് എന്ന പോയിന്റാണ് ഞാനിവിടെ ഉന്നയിക്കുന്നത്. പ്രസിദ്ധ സിനിമാ നടൻ ശ്രീ. കലാഭവൻ മണി അറസ്റ്റ് ചെയ്യപ്പെട്ടപ്പോൾ അതു സംബന്ധിച്ച് വിവാദമുണ്ടായി. ഇന്റലിജൻസ് മേധാവി പറഞ്ഞ കാര്യങ്ങൾ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളും കേട്ടില്ലേ? സൂപ്പർ സ്റ്റാറുകളായ ശ്രീ. മോഹൻലാലോ ശ്രീ. മമ്മൂട്ടിയോ ആയിരുന്നെങ്കിൽ ഇങ്ങനെ സംഭവിക്കുമായിരുന്നോ എന്ന് പരസ്യമായി ചോദിച്ചില്ലേ? കറുത്തവനായതുകൊണ്ടാണെന്ന് പറഞ്ഞില്ലേ? കേരളത്തിലെ പോലീസിനെ സംബന്ധിച്ച് സംസ്ഥാനത്തെ ഏറ്റവും ഉന്നത പോലീസ് ഓഫീസറായ ഇന്റലിജൻസ് മേധാവിയും അതുപോലെ കേന്ദ്രമന്ത്രി ശ്രീ. കൊടിക്കുന്നിൽ സുരേഷും പറഞ്ഞ അഭിപ്രായങ്ങൾ പോലീസിന് ഭൂഷണമാണോ? വെളുത്തവരെ സല്യൂട്ട് ചെയ്യുകയും കറുത്തവരെ ആക്രമിക്കുകയും ചെയ്യുന്ന പോലീസാണ് ഇവിടെ നിലവിലുള്ളതെന്നാണ് ഇന്റലിജൻസ് മേധാവിയുടെ റിപ്പോർട്ട്. ഈ ഗവൺമെന്റിന്റെ കാലത്തല്ലാതെ സംസ്ഥാനത്തെ പോലീസിനെക്കുറിച്ച് ഇതിനുമുമ്പ് എപ്പോഴെ

ങ്കിലും ഉന്നത പോലീസുദ്യോഗസ്ഥർ ഇത്തരമൊരു കമെന്റ് പറഞ്ഞിട്ടുണ്ടോ? പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് ഐ.പി.എസ്. റാങ്ക് നിഷേധിക്കാൻ ഗൂഢാലോചന നടക്കുന്നു എന്നുപറഞ്ഞത് കോൺഗ്ര സ്സിന്റെ നേതാവും കേന്ദ്രമന്ത്രിയുമായ ശ്രീ. കൊടിക്കുന്നിൽ സുരേഷാണ്. കേരളാ പോലീസിലെ ഉന്നത ഉദ്യോഗസ്ഥ മേധാവികളുടെയും ഭരണത്തിന് നേതൃത്വം നൽകുന്ന പാർട്ടിയുടെ ഉന്നത നേതാക്കന്മാരുടെയും അഭി പ്രായങ്ങൾ ഇങ്ങനെ പോകുന്നു. സ്ഥാനക്കയറ്റം പട്ടികജാതി വിഭാഗ ത്തിൽപ്പെട്ട ഉദ്യോഗസ്ഥർക്ക് ഒരു പേടി സ്വപ്നമാണെന്നാണ് ശ്രീ. കൊടിക്കു ന്നിൽ സുരേഷ് പോലീസ് അസോസിയേഷന്റെ സമ്മേളനത്തിൽ പങ്കെടുത്തു കൊണ്ട് പരസ്യമായി ആഞ്ഞടിച്ചത്. ഇത് എന്തൊരു നീതിയാണ്? നെടുമ്പാ ശ്ശേരി മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട് അന്വേഷണത്തിന് നേതൃത്വം നൽകുന്ന ഉദ്യോഗസ്ഥരെ മാറ്റാൻ പോകുന്നു എന്ന വാർത്ത പത്രത്തിൽ വന്നു. അതിൽ എന്തെങ്കിലും വസ്തുതയുണ്ടോ? അതിൽ മുപ്പത്തിയാറ് പോലീസുദ്യോഗസ്ഥർക്ക് പങ്കുണ്ടെന്ന് ആഭ്യന്തരവകുപ്പിന് ക്രൈംബ്രാഞ്ച് റിപ്പോർട്ട് നൽകി. അതിൽ ഏറ്റവും പ്രധാനപ്പെട്ട കുറ്റവാളികൾ ആരൊക്കെ യാണെന്ന് പ്രത്യേകമായി അന്വേഷിച്ച് റിപ്പോർട്ട് ചെയ്യണമെന്ന് പറഞ്ഞ് പ്രസ്തുത റിപ്പോർട്ട് തിരിച്ച് അയച്ചു. ഇതുപ്രകാരം പതിനഞ്ച് പേരുടെ ലിസ്റ്റ് വീണ്ടും അയച്ചു. എന്നാൽ ഇതിന്മേൽ നടപടി സ്വീകരിച്ചത് ഒൻപത് പേരുടെ പേരിൽ മാത്രമാണ്. ആറ് ആളുകളെ വെറുതെ വിട്ടു. എന്താണ് അതിന്റെ അർത്ഥം? മുസ്ലീം ലീഗിന്റെ സമ്മർദ്ദത്തിന് വഴങ്ങിയാണ് ഇങ്ങനെ ചെയ്തത് എന്ന ആക്ഷേപം പത്രത്തിൽ വന്നിട്ടുണ്ട്. അതിൽ എന്തെങ്കിലും വസ്തുത യുണ്ടോ? നെടുമ്പാശ്ശേരി വിമാനത്താവളം വഴി ഭീകരബന്ധമുള്ളവരെയും തട്ടിപ്പ് നടത്തുന്നവരെയും വ്യാജ പാസ്പോർട്ട് ഉണ്ടാക്കി വിദേശത്തേയ്ക്ക്

കടത്താൻ ഉന്നത പോലീസുദ്യോഗസ്ഥർ സഹായിച്ചു എന്നാണ് ആരോപണം. ഇത് രാജ്യരക്ഷയെ ബാധിക്കുന്ന വളരെ ഗൗരവമായ വിഷയമല്ലേ? നാട് സംരക്ഷിക്കേണ്ട പോലീസാണ് ഇങ്ങനെ ചെയ്യുന്നത് എന്ന സ്ഥിതി വന്നാൽ ഈ നാട് എവിടെയെത്തും? കോഴിക്കോട് ജില്ലയിൽ നടന്ന രണ്ട് ദാരുണ മായ സംഭവം, പന്നിയങ്കര പോലീസ് സബ്ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ വാഹന പരിശോധനയ്ക്കിടെ ഹെൽമറ്റ് ധരിക്കാത്ത രണ്ട് ചെറുപ്പക്കാർ മോട്ടോർ സൈക്കിളിൽ വന്നപ്പോൾ അവരെ ബലമായി പിടിച്ചതിന്റെ ഫല മായി കുതറിത്തെറിച്ച് ഓടുന്ന ബസ്സിന്റെ അടിയിൽവീണ് രണ്ടുപേരും മരണ മടഞ്ഞു. ഇതിനോടനുബന്ധിച്ച് ആ നാട്ടിൽ വലിയ പ്രക്ഷോഭമുണ്ടായി. അവിടെ സർവ്വകക്ഷിയോഗം ചേരുകയും ആ പോലീസ് സബ്ഇൻസ്പെ ക്ടറുടെ പേരിൽ നടപടിയെടുക്കണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെടു കയും ചെയ്തു. എന്നാൽ ഒരു സ്ഥലം മാറ്റം മാത്രമാണ് അവിടെ നടത്തിയത്. ഇതുസംബന്ധിച്ച് അന്വേഷണം നടത്താൻ ഇളങ്കോവൻ എന്ന ഐ.എ.എസ്. ഓഫീസറെ മന്ത്രിസഭ ചുമതലപ്പെടുത്തിയെങ്കിലും ഇതുവരെയും അതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. കഴിഞ്ഞ ഫെബ്രുവരി മാസത്തിലാണ് ഈ സംഭവം നട ന്നത്. ഇത്തരം അതിക്രമങ്ങൾക്കെതിരെ നടപടി എടുക്കുന്നതിൽ കാലതാ മസം വരുത്തുന്നത് എന്തിനാണ്? ഇത് ആരെ സഹായിക്കുന്നതിന് വേണ്ടിയാണ്?

പോലീസിന്റെ പീഡനം ഭയന്ന് ബസ് കണ്ടക്ടറായ ജയാനന്ദൻ ആത്മഹത്യ ചെയ്തു. ഞാനും ശ്രീ. പ്രദീപ് കുമാറും അദ്ദേഹത്തിന്റെ വീട് സന്ദർശിച്ചതാണ്. രണ്ട് അൻപത് പൈസ നാണയം ഒട്ടിച്ച് അഞ്ച് രൂപയുടെ വ്യാജ നാണയം ഉണ്ടാക്കി ഏതോ ഒരു യാത്രക്കാരന് കൊടുത്തുവെന്നാണ് കേസ്. ചില്ലറ വാങ്ങുന്നതിനിടയിൽ അദ്ദേഹത്തിന് എങ്ങനെയോ

അബദ്ധത്തിൽ ലഭിച്ചതാണ്. ഞാൻ ഇപ്രകാരം ചെയ്തിട്ടില്ലെന്ന് അദ്ദേഹം പോലീസിനോട് കരഞ്ഞുപറഞ്ഞു. രണ്ട് അൻപത് പൈസ ഒട്ടിച്ച് അഞ്ച് രൂപയാക്കുന്ന പണിക്ക് ആരെങ്കിലും മിനക്കെടുമോ? ഇതിൽ എന്തെങ്കിലും കാര്യമുണ്ടോ? അദ്ദേഹത്തെ പോലീസ് സ്റ്റേഷനിൽ നിർത്തി പീഡിപ്പിച്ചതിന്റെ ഭാഗമായി അദ്ദേഹം ആത്മഹത്യ ചെയ്തു. എന്നെ കള്ളനാക്കിയതിനാൽ ഇനി ഞാൻ ജീവിക്കുന്നില്ലെന്ന് കാണിച്ചുകൊണ്ട് അദ്ദേഹം മക്കൾക്ക് കത്തെഴുതി വച്ചു. ഇതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചോ? ഞങ്ങളെല്ലാം ആ വീട് സന്ദർശിച്ചതും ആ പ്രശ്നത്തിൽ ഇടപെട്ടതുമാണ്.

തിരുവനന്തപുരം മുടവൻമുകളിൽ കള്ളനോട്ട് പിടിച്ചു. അത് ഈ തല സ്ഥാന നഗരിയെ ഞെട്ടിപ്പിച്ച സംഭവമാണ്. എ.ആർ. ക്യാമ്പിലെ എ.എസ്. ഐ. അനിൽ കുമാറാണ് അതിൽ പ്രധാനി. പോലീസ് സേനയ്ക്ക് അഭിമാനി ക്കാൻ സാധിക്കുന്ന കാര്യമാണോ ഈ കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന ത്? അതുമാത്രമല്ല, ബാങ്കുകളിലെത്തിയ കള്ളനോട്ടിനെ സംബന്ധിച്ചും മനോ രമ റിപ്പോർട്ട് ചെയ്തു. 1,85,000 രൂപയുടെ കള്ളനോട്ടാണ് ബാങ്കുകളിൽ വന്നത്. പല ബാങ്ക് ഉദ്യോഗസ്ഥരും ഇത്തരം നോട്ടുകൾ ലഭിച്ചാൽ കത്തിച്ചു കളയാറുണ്ട്. ഇത് മനോരമ റിപ്പോർട്ട് ചെയ്ത കണക്കുകൾ മാത്രമാണ്. ഇവിടം കള്ളനോട്ടുകാരുടെ വിഹാരകേന്ദ്രമായി മാറിയിരിക്കുകയാണ്. പാക്കിസ്ഥാനിൽ നിന്നുവരെ കള്ളനോട്ടുകൾ ഇന്ത്യയിൽ വരുന്നു എന്ന് വാർത്തകളുണ്ട്. ഇന്ത്യൻ സമ്പദ്ഘടനയെ തകർക്കാനുള്ള ഗൂഢാലോചന യാണ് ഇതിനുപിന്നിലെന്ന ആക്ഷേപവുമുണ്ട്. ഇത്തരം കേസ്സുകൾ നമ്മൾ ഗൗരവമായി എടുക്കേണ്ടതല്ലേ? ഇതിൽ പോലീസ് ഓഫീസർമാരും പങ്ക് ചേർന്ന് പ്രവർത്തിക്കുന്നു എന്ന സ്ഥിതി വന്നാൽ നാടിന്റെ

അവസ്ഥയെന്താകും? എല്ലാ പോലീസ് ഉദ്യോഗസ്ഥരും അങ്ങനെയാണെന്നല്ല ഞാൻ പറയുന്നത്. പക്ഷേ അങ്ങനെ ചെയ്യാൻ ധൈര്യം കാണിക്കുന്ന ചിലരെങ്കിലും ഈ സേനയിലുണ്ട് എന്നുപറഞ്ഞാൽ അത് നമുക്ക് അഭിമാനിക്കാൻ സാധിക്കുന്ന കാര്യമാണോ?

നിഷ്പക്ഷമായ നീതിനിർവ്വഹണം എന്നത് ഒരു ഗവൺമെന്റിന്റെ മുഖമുദ്രയാകണം. നമ്മൾ രാഷ്ട്രീയ പ്രവർത്തകരാണ്, ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്നവരാണ്, ജനാധിപത്യത്തിന്റെ സംരക്ഷകരാണ്, ജനാധിപത്യം സംരക്ഷിക്കപ്പെടേണ്ടതാണ്. ഇവിടെ രണ്ട് നീതിയാണ് നടക്കുന്നത്. ശ്രീ. കെ. സുധാകരൻ പ്രസംഗിച്ചപ്പോൾ അതിനെതിരായി അന്വേഷണം നടത്തി കേസ് എഴുതിത്തള്ളി. എന്നാൽ ശ്രീ. എം. എം. മണിയുടെയും ശ്രീ. എം. വി. ജയരാജന്റേയും പ്രസംഗത്തിനെതിരായി കേസ് എടുത്തു. ശ്രീ. പി. ജയരാജനെയും ശ്രീ. റ്റി. വി. രാജേഷിനേയും കേസ്സിൽക്കുടുക്കി ജയിലിൽ അടച്ചു. പ്രശാന്ത് ബാബുവിന്റെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ഒരന്വേഷണവും ശ്രീ. കെ. സുധാകരനെതിരായി നടത്തിയില്ല.

ഫോൺ ചോർത്തൽ സംഭവവുമായി ബന്ധപ്പെട്ട് ഒരു വീടിന്റെ കാര്യം കഴിഞ്ഞ ദിവസത്തെ ചോദ്യോത്തരവേളയിൽ ഞാൻ സഭയിൽ ഉന്നയിച്ചതാണ്. പ്രസ്തുത റിപ്പോർട്ട് പ്രസിദ്ധീകരിച്ചിരിക്കുന്നു (മാതൃഭൂമി പത്രം ഉയർത്തി കാട്ടി) – 'ഈ വീട് ആഭ്യന്തര വകുപ്പിന്റെ ഐശ്വര്യം'. ബഹുമാനപ്പെട്ട മന്ത്രി ഇത് കണ്ടിട്ടുണ്ടാകുമല്ലോ? ഫോൺ ചോർത്താൻ പോലീസിലെ ഒരു സംഘം ആളുകൾ രഹസ്യമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഈ വീട് ആരാണ് വാടകയ്ക്ക് എടുത്ത് കൈവശം

വച്ചിരിക്കുന്നതെന്നും ഈ കേന്ദ്രത്തിലെ നടത്തിപ്പുകാർ ആരാണെന്നും ഉള്ള വിവരം ഇന്നെങ്കിലും ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ വ്യക്തമാക്കുമോ?

മി. സ്പീക്കർ: യെസ്....... മൂന്ന് മിനിട്ടാകുന്നു.

ശ്രീ. എളമരം കരീം: ഇതുപോലെയാണ് ഇ-മെയിൽ ചോർത്തിയത്. 242 പൗരന്മാരുടെ ഇ-മെയിൽ ചോർത്തിയില്ലേ? ഇ-മെയിൽ ചോർത്തലി ലൂടെ എന്തെല്ലാം വിവരങ്ങളാണ് ലഭിച്ചത്? ഇ-മെയിൽ ചോർത്തിയ വാർത്ത പുറത്ത് കൊണ്ടുവന്ന ലേഖകന്റെ പേരിലും അവിടെയുള്ള സബ്ഇൻസ്പെ ക്ടറുടെ പേരിലും കേസ് എടുത്തു. സബ്ഇൻസ്പെക്ടർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ് കൊടുത്ത ഡോക്ടറുടെ പേരിൽ കേസ് എടുത്തു എന്നല്ലാതെ രാജ്യദ്രോഹക്കുറ്റം വല്ലതും ഇ-മെയിൽ ഉടമകൾ ചെയ്തതായി വിവരം ലഭി ച്ചോ? ചന്ദ്രശേഖരൻ കൊലക്കേസും ഷുക്കൂർ കൊലക്കേസും രാഷ്ട്രീയ മായി ഇടതുപക്ഷത്തിനും സി.പി.ഐ.(എം)-നും എതിരെ ഒരു ആയുധമാ ക്കാൻ പ്രയോഗിച്ചു എന്നല്ലാതെ നീതി നിർവ്വഹണം എന്ന നിലയിലേയ്ക്കല്ല കാര്യങ്ങൾ പോകുന്നത്. രാഷ്ട്രീയ പ്രതിയോഗികളെ അടിച്ചമർത്തുന്നതിനും കള്ളക്കേസ്സിൽ കുടുക്കുന്നതിനും പോലീസുദ്യോഗസ്ഥന്മാരിൽ ചിലയാളു കൾ നടത്തുന്ന പരിശ്രമങ്ങളെ സംരക്ഷിക്കുന്ന നിലപാടുണ്ടാകരുത്. എല്ലാ പൗരന്മാർക്കും തുല്യ നീതി ലഭിക്കുന്നതിനും രാഷ്ട്രീയ പരിഗണന കൂടാതെ നീതി ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നില്ല എന്നതാണ് അങ്ങയെക്കുറിച്ചുള്ള ഞങ്ങളുടെ വിമർശനം. ഇത് തിരുത്താൻ തയ്യാറായില്ലെങ്കിൽ. . . . . . അധികാരം പ്രയോഗിക്കുന്ന ആളുകൾക്ക് നല്ല സുഖമാണ്. ചില പോലീസുദ്യോഗസ്ഥന്മാർക്ക് അത്തരത്തിലുള്ള മനോഭാവ മുണ്ട്. അവരുടെ പുകഴ്ത്തലിൽ വീണുപോകരുത്. രാഷ്ട്രീയ നേതൃത്വവും

ജനപ്രതിനിധികളും വളരെ ജുഡീഷ്യസായി തീരുമാനമെടുത്ത് അധികാര പ്രമത്തതയുള്ള ഉദ്യോഗസ്ഥന്മാരുടെ അത്തരം നിലപാടുകളെ തിരുത്തി എല്ലാ പൗരന്മാർക്കും തുല്യനീതി ലഭിക്കാനുള്ള നടപടി സ്വീകരിക്കണം. അത്തരം നടപടികളുണ്ടാകാത്ത ഒരു പശ്ചാത്തലം ഇവിടെയുണ്ട് എന്നാണ് ചൂണ്ടിക്കാട്ടുന്നത്. ഈ ധനാഭ്യർത്ഥയെ ഞാൻ ഒരിക്കൽകൂടി എതിർക്കുന്നു.

ശ്രീ. സി.പി. മുഹമ്മദ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുകയാണ്. ശ്രീ. എളമരം കരീം സംസ്ഥാനത്തെ നിയമസമാധാനം തകർന്നു എന്നാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. സംസ്ഥാനത്തെ നിയമസമാധാനമല്ല തകർന്നത്, മറിച്ച് ഈ നാട്ടിലെ പ്രതിപക്ഷത്തിന്റെ മന:സമാധാനമാണ് തകർന്നത്. ഇവിടെ ധാരാളം കൊലപാതകങ്ങൾ നടന്നു എന്ന് പറഞ്ഞു. ഒരു മനുഷ്യന്റെ മുഖത്ത് അൻപത്തിയൊന്ന് വെട്ടുവെട്ടി പൈശാചികമായി, ലോകചരിത്രത്തിൽ കേട്ടുകേൾവിപോലുമില്ലാത്ത ഒരു കൊലപാതകം നടത്തിയതാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ നടന്ന ഏറ്റവും ഹീനമായ കൊലപാതകം. നിയമസമാധാനത്തിൽ ഏറ്റവും വലിയ പ്രശ്നമായി ഞാൻ കാണുന്നത്, വളരെ കഷ്ടപ്പെട്ട് പോലീസ് പ്രതികളെ പിടിച്ചശേഷം ചാർജ്ജ് ചെയ്യുന്ന കേസ്സുകളിൽ പ്രലോഭനവും സമ്പത്തും നൽകി സാക്ഷികളെ കൂറുമാറ്റുന്നതുവഴിയുണ്ടായ നിയമവാഴ്ചയുടെ തകർച്ചയാണ്. മാർക്സിസ്റ്റ് പാർട്ടി കൊല്ലുന്നവരെ വെറുതെ വിട്ടാൽ ഇവിടെ നിയമസമാധാനം നല്ല നിലയിലായി. ചന്ദ്രശേഖരനെ കൊന്നാലും ഷുക്കൂറിനെ കൊന്നാലും ഫൈസലിനെ കൊന്നാലും അനങ്ങാൻ പാടില്ല. ഒരാളെ വെട്ടിയാണ് കൊന്നത്, ഒരാളെ കുത്തിയാണ് കൊന്നത്, ഒരാളെ

തോക്ക് കൊണ്ട് വെടിവച്ചാണ് കൊന്നത് എന്നുപറഞ്ഞ ഒരു മനുഷ്യനെതിരെ കേസ് എടുത്തതാണ് വലിയ കുറ്റം. അയാളെ സംസ്ഥാനത്തൊട്ടാകെ കൊണ്ടു നടന്ന് എഴുന്നള്ളിച്ച് പ്രസംഗിക്കുന്ന ഒരു പാർട്ടിയാണ് തിരുവഞ്ചൂരിന്റെ ഭരണത്തിൽ കീഴിൽ ക്രമസമാധാനം നഷ്ടപ്പെട്ടു എന്ന് പറയുന്നത്.

എൻ.ഡി.എഫ്. എ.കെ.ജി. സെന്ററിന് മുമ്പിൽ പ്രകടനം നടത്തി എന്നു പറഞ്ഞു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എൻ.ഡി.എഫ്–ന്റെയും പി.ഡി.പി.യുടെയും വോട്ട് വാങ്ങി ജയിച്ചവർക്ക് എൻ.ഡി.എഫ്.നെയും അതുപോലെ വർഗ്ഗീയ സംഘടനകളെയും കുറ്റംപറയാൻ നാണമുണ്ടോയെന്നാണ് ഞാൻ ചോദിക്കുന്നത്. അന്തർദ്ദേശീയ ബന്ധമുള്ള ഈ കേസ് കൂടുതൽ കാര്യക്ഷമമായ അന്വേഷണത്തിനായി എൻ.ഐ.എ. യെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഏൽപ്പിച്ചത് വലിയ കുറ്റമാണ്.

ശ്രീ. കലാഭവൻ മണി കറുത്തവനായതുകൊണ്ടല്ല അദ്ദേഹത്തിനെതിരെ കേസ്സെടുത്തത്. ഏറ്റവും വെളുത്ത നിറവും സുന്ദരനും കോൺഗ്രസ് എം.പി.യുമായ സുനിൽ ദത്തിന്റെ മകൻ സഞ്ചയ് ദത്ത് ഇന്ന് ജയിലാണ്. ഇന്ത്യൻ സിനിമയിലെ ഒന്നാം നമ്പർ സുന്ദരനായ സൽമാൻ ഖാൻ ഒരു മാനിനെ പിടിച്ചതിന്റെ പേരിൽ കോടതിയിൽ പോയിട്ടുണ്ട്. അതുകൊണ്ട് ശ്രീ. കലാഭവൻ മണി കറുത്തവനായതുകൊണ്ടാണ് കേസ് എടുത്തതെന്നുള്ള പരാമർശം ആരുടെ ഭാഗത്തുനിന്നുണ്ടായാലും അത് ദൗർഭാഗ്യകരമാണെന്നാണ് പറയാനുള്ളത്. പരിഷ്കൃത സമൂഹത്തിലല്ല പൗരാണിക സമൂഹത്തിലും മനുഷ്യന്റെ സുരക്ഷിതത്വത്തിനും നീതിന്യായ വ്യവസ്ഥ നടപ്പാക്കുന്നതിനും പോലീസ് ഉണ്ടായിരുന്നു. കാലക്രമത്തിൽ അത് ഭരണകൂടങ്ങളുടെ മർദ്ദനോപകരണങ്ങളായി മാറി. രാജഭരണത്തിൽ മർദ്ദനോപകരണങ്ങളായ പോലീസ് ജനായത്ത സംവിധാനത്തിലും അത് തുടർന്നുവന്നു. സർ സി.പി.യുടെ കാലത്ത് പ്രതി

മാസം അഞ്ച് രൂപ ശമ്പളത്തിൽ പൊതുയോഗം കലക്കാനും സ്വാതന്ത്ര്യസമര ഭടന്മാരെ മർദ്ദിക്കുവാനും കാക്കിഷർട്ടും മുണ്ടും വേഷം ധരിച്ച് പോലീസു കാർ നടന്നിരുന്നു. സിംസൺ എന്ന സായിപ്പ് സംഘടിപ്പിച്ചതിനാൽ സിംസൺ എന്ന പോലീസ് എന്നാണ് ചരിത്രത്തിൽ അത് അറിയപ്പെടുന്നത്. ഭരണകൂ ടവും ജനങ്ങളും തമ്മിൽ അകലുന്നതിൽ പോലീസ് വലിയ പങ്ക് വഹിച്ചിരുന്നു. രൗദ്രഭീമനെപ്പോലുള്ള പോലീസിന്റെ വേഷം കണ്ടാൽ ഞെട്ടുന്നവരായിരുന്നു ഭൂരിഭാഗം ജനങ്ങളും. പോലീസ് സ്റ്റേഷനിൽ പോകേണ്ടിവന്നാൽ കഷ്ടകാലം ഏത് വൺവേയിലൂടെയാണ് വരുന്നതെന്ന് ചിന്തിക്കുന്ന പൗരന്മാർ ഇന്നും വിരളമല്ലെന്നുള്ളതാണ് വാസ്തവം.

പോലീസ് സ്റ്റേഷനിൽ കമ്പ്യൂട്ടർ വന്നു എന്ന് കേട്ടപ്പോൾ, ഓനും കൊടുക്കണം ഇനി പൈസ എന്നുപറഞ്ഞ ഒരു നാട്ടിൻപുറത്തുകാരനെക്കു റിച്ച് കേട്ടിട്ടുണ്ട്. മൂക്കുള്ള കാലം ജലദോഷമുണ്ടാകുമെന്ന് പറയുന്നതു പോലെ പോലീസ് ഉള്ളിടത്തോളംകാലം പ്രജകൾക്ക് പേടിയുമുണ്ടാകും. പക്ഷികൾക്ക് ബലം വ്യോമം, മത്സ്യങ്ങൾക്ക് ബലം ജലം, ദുർബ്ബലർക്കു ബലം ഭൂപൻ, ബാലർക്കോ ബലം രോദനമെന്ന് നീതിസാരത്തിൽ പറയു മ്പോലെ പോലീസിന് ബലം മർദ്ദനമാണെന്ന് കരുതിയിരുന്ന ഒരു കാലം കഴി ഞ്ഞുപോയിരിക്കുകയാണ്. നാട്ടിൽ ക്രമസമാധാനാന്തരീക്ഷം നിലനിറുത്തു ന്നതിനും ക്രിമിനലുകളെ അമർച്ച ചെയ്യുന്നതിനും ഗതാഗതം നിയന്ത്രിക്കുന്ന തിനും തൃശ്ശൂർ പൂരമടക്കമുള്ള ആയിരക്കണക്കിന് പൂരങ്ങൾക്കും ആയിരക്ക ണക്കിന് നേർച്ചകൾക്കും പള്ളിപ്പെരുന്നാളുകൾക്കും രാഷ്ട്രീയപാർട്ടികളുടെ പ്രകടനം, സമ്മേളനം എന്നിവയ്ക്കും അടക്കം പോലീസിന്റെ സേവനം ആവ ശ്യമില്ലാത്ത പ്രസ്ഥാനങ്ങളും സംരംഭങ്ങളും കുറവാണ്. എന്നിട്ടും എന്താണ് പോലീസും ജനങ്ങളും തമ്മിൽ അകലുന്നത്. ത്ധില്ലിത്ധംഗാരനാദമുഖരി

തവും സിംഹവ്യാഘ്രഭല്ലൂകാദിമൃഗനിഷേവിതവുമായ ഒരു പഞ്ചവൻകാടു പോലെ ജനങ്ങളെ ഭയപ്പെടുത്തേണ്ട ഒന്നാണോ പോലീസ് സേന. ഏതൊരു വിഭാഗത്തിലും നല്ലയാളുകളും ചീത്തയാളുകളുമുണ്ട്. പക്ഷേ നിയമം നടപ്പിലാക്കേണ്ട പോലീസിനുണ്ടാവുന്ന ഓരോ ദൗർബ്ബല്യങ്ങളും കൂടുതലായി ജനങ്ങൾ ശ്രദ്ധിക്കപ്പെടും. കുറുന്തോട്ടിക്ക് വാതം വന്നാൽ, ചങ്ങലയ്ക്ക് ഭ്രാന്ത് പിടിച്ചാൽ, വേലി തന്നെ വിള തിന്നാൽ – അത് കൂടുതൽ ഗൗരവമായ കാര്യമാണെന്ന് നമുക്കറിയാം. വീഴ്ചകൾ മനസ്സിലാക്കാത്തതാണ് ഏറ്റവും വലിയ വീഴ്ചയെന്ന് – കാർലൈൻ എഴുതി. കേരള പോലീസിന് പലപ്പോഴും അബദ്ധം പറ്റുന്നത് ഇതുകൊണ്ടാണ്. A crime ignored is crime encouraged. ഗ്ലാഡ്സ്റ്റൺ പറഞ്ഞു, Justice delayed is Justice denied. ഇത് ഈ രാജ്യത്തിലെ പോലീസ് സേന പരിപൂർണ്ണമായി മനസ്സിലാക്കുന്നുണ്ടെന്ന് തോന്നുന്നില്ല. തിരുക്കുറൽ പറഞ്ഞു,– "ചെയ്യേണ്ടത് ചെയ്യാതിരിക്കുന്നതും ചെയ്യരുതാത്തത് ചെയ്യുന്നതും ഒരുപോലെ തെറ്റാണ്" എന്ന്. പോലീസ് സേനയിലെ വളരെ ചുരുക്കം പേരെങ്കിലും ഈ യാഥാർത്ഥ്യം ഉൾക്കൊള്ളണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. യയാതിയിൽ കചൻ വേടനോട് പറയുന്നുണ്ട്; പ്രാണൻ കൊണ്ടോടുന്ന ഒരു മാനിന്റെ ദു:ഖം മനസ്സിലാകണമെങ്കിൽ നിന്റെ കയ്യിലുള്ള അമ്പും വില്ലും മാനിന്റെ കയ്യിൽ കൊടുത്ത് നീ മാനായി മാറുകയെന്ന്. ഇത് ചില പോലീസ് ഉദ്യോഗസ്ഥന്മാർക്കും ബാധകമാണ്. പോലീസിൽ ക്രിമിനലുകളും സാഡിസ്റ്റുകളും ഉണ്ടെന്ന് ശ്രീ. രമൺ ശ്രീവാസ്തവ മുതൽ പോലീസ് വകുപ്പ് ഭരിച്ച പല ഡി.ജി.പി.മാരും സമ്മതിച്ച കാര്യമാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയും ഇത് സംബന്ധിച്ച് ഒരു വിധി പുറപ്പെടുവിക്കുകയും മലയാള മനോരമ ദിവസങ്ങളോളം നീണ്ടുനിൽക്കുന്ന

ഒരു സർവ്വേ നടത്തുകയുമുണ്ടായി. അങ്ങനെയുള്ള പോലീസ് തന്നെയാണ് ഒരുപാട് കുറ്റാന്വേഷണങ്ങൾ നടത്തി രാജ്യത്തിന്റെ അഭിമാനം കാത്തുരക്ഷിച്ചത്. ഏറ്റുമാനൂർ അമ്പലത്തിലെ വിഗ്രഹം കണ്ടെടുക്കാനും ടി. പി. ചന്ദ്രശേഖരൻ വധത്തിലെ പ്രതികളെ ജീവൻ പണയം വച്ച് പിടിച്ചതുമൊക്കെ അതുകൊണ്ടാണ്. ബണ്ടിചോറിനെക്കുറിച്ച് ശ്രീ.എളമരം കരീം പറഞ്ഞു, ബണ്ടിചോറിനെ അറസ്റ്റ് ചെയ്തത് കേരളാ പോലീസാണ്. കൊരട്ടി കാടുകുറ്റി സെന്റ് സ്റ്റീഫൻ മെമ്മോറിയൽ സ്കൂളിലെ അനുശ്രീയെന്ന നാല് വയസ്സുള്ള കുട്ടിയെ തട്ടിക്കൊണ്ടുപോയി മോചനദ്രവ്യം ആവശ്യപ്പെട്ട കേസ്സിലെ പ്രതികളടക്കം ചേർപ്പളശ്ശേരി കല്ലുകുഴിയിൽവച്ച് സി.പി.ഐ(എം) പ്രവർത്തകനായിരുന്ന വിനീഷിനെ കൊലപ്പെടുത്തിയതടക്കം എന്റെ കയ്യിലുള്ള ഈ കടലാസ്സിൽ അഭിമാനകരമായ നേട്ടം കൈവരിച്ച ഒരുപാട് കുറ്റാന്വേഷണങ്ങളുടെ കഥകളുണ്ട്. ജീവൻ പണയം വച്ച് പ്രതികളെ പിടികൂടിയ ഒരുപാട് കേസ്സുകൾ കേരള പോലീസിന്റെ ചരിത്രത്തിലുണ്ട്. കിട്ടുന്ന പ്രതികൾക്കുനേരെ പ്രോക്കസ്റ്റസിന്റെ കട്ടിൽപോലെ നിയമത്തെ മുറിച്ചുതള്ളാനും വലിച്ചുനീട്ടാനും അജശുനക ന്യായപ്രകാരം ആടിനെ പട്ടിയാക്കാനും അജവൃകന്യായപ്രകാരം നീ അല്ലെങ്കിൽ നിന്റെ അച്ഛൻ വെള്ളം കലക്കി എന്നുപറയാൻ കഴിവുള്ളവരും നമ്മുടെ സേനയിലുണ്ട്. ഇതിന്റെ മധ്യേ നിന്നാണ് ഒരു ആഭ്യന്തര വകുപ്പുമന്ത്രി സേനയെ നയിക്കേണ്ടത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ നയിച്ചാലും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നയിച്ചാലും മുഖ്യമന്ത്രിമാർ നയിച്ചാലും ഈ സേനയ്ക്ക് അതിന്റേതായ പരിമിതികളുണ്ടെന്ന് മനസ്സിലാക്കണം. മാറുന്ന കാലത്തിനനുസരിച്ച് കുറ്റാന്വേഷണ രംഗത്ത് ആധുനിക സാങ്കേതിക വിദ്യ അനുസരിച്ചുള്ള മുഴുവൻ സംവിധാനങ്ങളും ഒരു പരിഷ്കൃത സമൂഹത്തിൽ പോലീസിന് വേണം. നിർഭാഗ്യവശാൽ നമുക്കതിന്

കഴിയുന്നില്ല. വെട്ടുന്ന പോത്തിനോട് വേദമോതുന്നതുപോലെ കൊടുംകുറ്റവാളികളോട് വേദമോതിയതുകൊണ്ട് കാര്യമില്ല. എങ്കിലും ഉപദേശിച്ച് മസ്തിഷ്കപ്രക്ഷാളനം നടത്തി അയാളെ നന്നാക്കാൻ കഴിയില്ലെങ്കിലും മാറുന്ന കാലത്തിനനുസരിച്ചുള്ള മാറ്റം കുറ്റാന്വേഷണത്തിൽ പോലീസിന് അനിവാര്യമാണ്. ആത്മഹത്യചെയ്ത് തൂങ്ങിനിൽക്കുന്ന ഭർത്താവിന്റെ മൃതശരീരം അഴിച്ച് പോസ്റ്റ്മോർട്ടം ചെയ്യുന്നതിന് ഭാര്യയുടെ കഴുത്തിലെ കെട്ടുതാലി കൈക്കൂലിയായി ചോദിച്ച ഒരു പോലീസുദ്യോഗസ്ഥനെക്കുറിച്ച് പഴയൊരു നാടകത്തിൽ ഞാൻ കണ്ടിട്ടുണ്ട്. ഇന്ന് അതെല്ലാം അതിശയോക്തിയാണ്. എന്നാലും പോലീസിൽ അഴിമതിക്കാരില്ലെന്ന് പറയാൻ വയ്യ. അവിടെ നിന്ന് അങ്ങോട്ട് ഭരത്ചന്ദ്രൻ ഐ.പി.എസ്–മാരും ഇൻസ്പെക്ടർ ബൽറാംമാരുമൊക്കെ നമ്മുടെ സിനിമാരംഗം അടക്കി വാഴുകയുണ്ടായി. യഥോ ഹസ്ത: സ്തഥോ സൃഷ്ടി: – കൈ എത്തുന്നിടത്ത് നോട്ടവും നോട്ടം ചെല്ലുന്നിടത്ത് മനസ്സും എത്തണമെന്നാണ് ഭരതമുനി കളം വരയ്ക്കുകയും ഭാസകാളിദാസാദികൾ കരുക്കൾ വയ്ക്കുകയും ചെയ്ത നടനകലയുടെ സൂത്രവാക്യം നന്ദികേശ്വരന്റെ അഭിനയദർപ്പണത്തിൽ കാണാൻ കഴിയുന്നത്. പോലീസിനും ഇത് ബാധകമാണ്. പോലീസിന്റെ മനസ്സ് ചെല്ലുന്നിടത്ത് കണ്ണും ശരീരവും എത്താൻ പലപ്പോഴും സാധിക്കുന്നില്ല. അതുകൊണ്ട് പലപ്പോഴും പോലീസ് ദൗത്യത്തിൽ പരാജയപ്പെടുകയാണ്. അദ്ധ്യാത്മിക രാമായണത്തിൽ എഴുത്തച്ഛൻ പറഞ്ഞതുപോലെ 'ചക്ഷുശ്രവണഗളസ്തമാം ദർദ്ദുരം, ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ' – പാമ്പിന്റെ വായിൽപ്പെട്ട തവള ഭക്ഷണത്തിന് അപേക്ഷിക്കുന്നതുപോലെ പോലീസിന്റെ കയ്യിൽപ്പെട്ട പാവങ്ങൾ, ജീവനുവേണ്ടി അപേക്ഷിക്കുന്ന സ്ഥിതി ഒരിക്കലും ഉണ്ടാകാൻ പാടില്ല. പഴയതുപോലെ

പ്രതികളെ പിടിച്ച് ദണ്ഡനങ്ങളും മർദ്ദനങ്ങളും നടത്തി കേസ് തെളിയിക്കുന്ന കാലം കഴിഞ്ഞുപോയിരിക്കുകയാണ്. ശാസ്ത്രീയമായ ഒരുപാട് സംവിധാനങ്ങൾ, ഈ ആധുനിക കാലത്ത് മൊബൈൽ ടവറുകളെ കേന്ദ്രീകരിച്ച് അന്വേഷണം നടത്തി മാത്രം പ്രമാദമായ പല കേസ്സുകളും തെളിയിക്കുവാൻ കേരളത്തിലെ പോലീസ് സേനയ്ക്ക് കഴിഞ്ഞിട്ടുണ്ട്. പോലീസ് നല്ലതുചെയ്താലും കുറ്റം ചീത്ത ചെയ്താലും കുറ്റം, ഉടുത്തുനടന്നാൽ വമ്പ്, ഉടുക്കാതെ നടന്നാൽ ഭ്രാന്ത് എന്ന് പണ്ടൊരാൾ പറഞ്ഞതുപോലെയാണ് പോലീസിന്റെ സ്ഥിതി. അടിച്ചാൽ കുറ്റം അടിച്ചില്ലെങ്കിൽ കുറ്റം. അത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഭരിക്കുമ്പോഴും ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഭരിക്കുമ്പോഴുമൊക്കെ അങ്ങനെയാണ്. അതുകൊണ്ട് പോലീസ് സേന എല്ലാ കാലത്തും കല്ലേറുകൊള്ളാൻ വിധിക്കപ്പെട്ടവരാണ് എന്നുള്ള യാഥാർത്ഥ്യവും മറക്കുന്നതിൽ അർത്ഥമില്ല.

പോലീസ് ആക്ടിൽ സേവനം ചെയ്യുന്നവരായല്ല സേനയായാണ് പോലീസിനെ കാണുന്നത്. 2010–ലെ പോലീസ് ആക്ട് പരിഷ്കരിക്കുകയുണ്ടായി. ആ പരിഷ്കാരത്തിൽ വെടിവെയ്ക്കാനുള്ള അധികാരം മജിസ്ട്രേറ്റിന് അല്ലെങ്കിൽ അഡീഷണൽ മജിസ്ട്രേട്ടിന്/ ആർ.ഡി.ഒ.യ്ക്ക് കൊടുത്തിരുന്നത് പോലീസ് കമ്മീഷണർമാർക്കുവരെ നൽകുകയുണ്ടായി. അന്ന് അതിനെ സംബന്ധിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ടായിരുന്നു. അതിനുശേഷം കോഴിക്കോട് ഒരു പോലീസുദ്യോഗസ്ഥൻ നേരിട്ട് വെടിവയ്ക്കുന്ന അനുഭവം വരെയുണ്ടായി. ഞാൻ നിയമത്തെ കുറ്റം പറയുന്നില്ല. നിയമങ്ങൾ ഉണ്ടാക്കുകയും ആ നിയമങ്ങൾ പ്രായോഗികതല

ത്തിൽ കൊണ്ടുവരികയും ചെയ്യുന്ന സമയത്ത് അതിന്റെ ദൗർബ്ബല്യങ്ങളും വിഷമങ്ങളും മനസ്സിലാക്കി അത് ഭേദഗതി ചെയ്യാൻ സാധിക്കണം.

ക്രിമിനലുകൾ പോലീസിൽ വർദ്ധിച്ചുവരുന്നുവെന്ന ഹൈക്കോടതിയുടെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ പോലീസിൽ ഒരുപാട് പരിഷ്കാരണങ്ങൾ ആവശ്യമാണന്ന് റിട്ടെയർ ചെയ്ത ശ്രീ. ജോസഫ് അടക്കമുള്ള ഒരുപാട് ഡി.ജി.പി. മാർ ആവശ്യപ്പെടുകയുണ്ടായി. മൂന്നുതരത്തിലുള്ള പോലീസുകാരുണ്ടെന്ന് എം.ജി.എം. രാമൻ പറഞ്ഞു. ജോലി ചെയ്യാനറിയാവുന്ന നല്ല സ്വഭാവക്കാർ, ജോലി നന്നായി ചെയ്യാൻ അറിയുന്ന മോശം സ്വഭാവക്കാർ, ജോലി ചെയ്യാനറിയാത്ത നല്ല സ്വഭാവക്കാർ. ഇതിൽ രണ്ടാമത്തേതാണ് ഏറ്റവും വലിയ അപകടമെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. അവർക്ക് ജോലി നന്നായി ചെയ്യാനറിയാമെങ്കിലും അവർ മോശം സ്വഭാവക്കാരാണ്. അവരാണ് ഈ രാജ്യത്തിലെ അധോലോകക്കാരുമായും സ്ഥാപിത താൽപ്പര്യക്കാരുമായുമെല്ലാം ബന്ധം വച്ച് പോലീസ് സേനയെ മോശമാക്കുന്നത്. റോഡപകടങ്ങൾ, കൊലപാതകങ്ങൾ, കളവുകൾ, കവർച്ചകൾ, ട്രാഫിക് പരിപാലനം, ക്രമസമാധാനപാലനം, പാറാവ് ഇങ്ങനെ ഒരുപാട് ഭാരിച്ച ജോലികൾ ചെയ്യുന്നവരാണ് നമ്മുടെ പോലീസ് സേന. പോലീലീസ് സേനയിൽ അധികവും ബിരുദാനന്തര ബിരുദം ഉള്ളവരാണ് കോൺസ്റ്റബിൾമാരായി ഇന്ന് ജോലി ചെയ്യുന്നത്. മണിച്ചെയിൻ, വിസക്കച്ചവടം, മയക്കുമരുന്ന്, മണൽ മാഫിയ, സൈബർ കുറ്റങ്ങൾ, മാലിന്യം പൊതുവഴിയിൽ തള്ളുന്നതടക്കമുള്ള ഒരുപാട് പുതിയ മേഖലകളിൽ കേരളാപോലീസിന് പ്രവർത്തിക്കേണ്ടി വന്നിരിക്കുകയാണ്.

എന്റെ ഓർമ്മവച്ച കാലത്ത് കേരളത്തിൽ ഒരു പോലീസ് ഐ.ജി.–യാണുണ്ടായിരുന്നത്, ശ്രീ. വി. പി. നായർ. അദ്ദേഹത്തിന്റെ കീഴിൽ മലബാറിലും തിരുവിതാംകൂറിലും കൊച്ചിയിലുമായി മൂന്ന് ഡി.ഐ.ജി.–മാർ, ഓരോ ജില്ലയ്ക്കും ഓരോ എസ്.പി.–മാർ, ഓരോ പ്രദേശത്തിനും സബ്ഡിവിഷനും ഓരോ ഡിവൈ.എസ്.പി.–മാരും. ഇന്ന് ആ സ്ഥാനത്ത് അനേകം ഡി.ജി.പി.–മാരും എ.ഡി.ജി.പി.–മാരും കമ്മീഷണർമാരും ഐ.ജി.–മാരും ഡി.ഐ.ജി.–മാരും എസ്.പി.–മാരുമാണുള്ളത്. പക്ഷേ ഇത്രയും ഭാരിച്ച ജോലിഭാരം കൂടിയിട്ടും പോലീസ് സേനയുടെ എണ്ണം വർദ്ധിപ്പിക്കുവാൻ നിർഭാഗ്യവശാൽ നമുക്ക് കഴിഞ്ഞിട്ടില്ലായെന്നുള്ള യാഥാർത്ഥ്യംകൂടി കാണണം.

<u>ശ്രീ. പാലോട് രവി</u>: സർ, കേരളത്തിൽ അയ്യായിരത്തോളം ആളുകളാണ് ഒരു വർഷം മരിക്കുന്നത്. പോലീസ് ട്രാഫിക് രംഗത്ത് കുറെയേറെ കാര്യങ്ങൾ ചെയ്യുന്നുണ്ട്. അതുപോലെ കുറ്റാന്വേഷണ രംഗത്തും ഇന്ന് വളരെ മാറ്റങ്ങൾ വന്നിരിക്കുകയാണ്. ഗ്ലോബൽ സിറ്റ്യുവേഷനിൽ വലിയ മാറ്റമാണ് വന്നുകൊണ്ടിരിക്കുന്നത്. ഈ രണ്ട് മേഖലയും ശക്തിപ്പെടുത്തുന്നതിന് അങ്ങേയ്ക്ക് എന്തെങ്കിലും നിർദ്ദേശമുണ്ടോ?

<u>ശ്രീ. സി. പി. മുഹമ്മദ്</u>: സർ, രണ്ട് മേഖലയും ശക്തിപ്പെടുത്തണം. ഞാൻ കഴിഞ്ഞ ദിവസം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി, ഗാസയിലും വിയറ്റ്നാമിലും അഫ്ഗാനിസ്ഥാനിലും നടന്ന ബോംബ് സ്ഫോടനത്തേക്കാൾ ഇരട്ടി ആളുകൾ ഒരു വർഷം കേരളത്തിൽ റോഡപകടങ്ങളിൽ മരിക്കുന്നുണ്ട്. നാലായിരത്തിലധികം ആളുകളാണ് ഒരു വർഷം റോഡപകടത്തിൽ മരിക്കുന്നത്. അതിൽ രണ്ടായിരത്തിലധികം ആളുകൾ ചെറുപ്പക്കാരാണ്. കൗമാര പ്രായക്കാരായ അനേകം കുട്ടികൾ റോഡിൽ ചതഞ്ഞരഞ്ഞ് മരിക്കുന്നുണ്ട്.

പോലീസിന്റെ എണ്ണം വർദ്ധിപ്പിക്കുകയോ ആധുനികമായ ഉപകരണങ്ങൾ നൽകുകയോ ചെയ്യണം. കുറേ ജീപ്പുകളും കാറുകളും വാങ്ങി, സൈബർ സെല്ലിന് കുറേ ഉപകരണങ്ങൾ വാങ്ങി എന്നല്ലാതെ വേറൊന്നുമില്ല. അന്താരാഷ്ട്ര നിലവാരത്തിൽ ഫലപ്രദമായ രീതിയിൽ കുറ്റാന്വേഷണം നടത്തുന്നതിനുള്ള ആധുനിക സൗകര്യങ്ങളും കേരളാ പോലീസിൽ ഉണ്ടാകണം. കേരളം എന്നുപറഞ്ഞാൽ അനുദിനം ഒരു മഹാനഗരമായി മാറിക്കൊണ്ടിരിക്കുകയാണ്. പത്തുവർഷം കഴിഞ്ഞാൽ ഇന്ത്യയിലെ ഏതൊരു മെട്രോസിറ്റിയെക്കാളും ഒരുപക്ഷേ ലോകത്തിലെതന്നെ ഏറ്റവും വലിയ മെട്രോസിറ്റിയെക്കാളും വലിയ ഒരു നഗരമായി കേരളം മാറിയേക്കാം. എനിക്ക് ഓർമ്മ വച്ച നാൾ മുതൽ എനിക്ക് അറിയാവുന്നത് എറണാകുളം കഴിഞ്ഞാൽ ആലുവ, പിന്നെ സഞ്ചരിച്ചാൽ അങ്കമാലി. ഇന്ന് തൃശ്ശൂരിൽ നിന്ന് എറണാകുളംവരെ എത്തുന്നതിനുള്ളിൽ നഗരത്തിന്റെ എല്ലാവിധ ലക്ഷണങ്ങളും, സാമ്പ്രദായിക ലക്ഷണങ്ങളുമുള്ള ഒരു സ്ഥലവും നമുക്ക് കാണുവാൻ സാധിക്കുകയില്ല. ഏത് മുന്നണി ഭരിച്ചാലും ആഭ്യന്തര വകുപ്പിനെ സംബന്ധിച്ച് തർക്കങ്ങളുണ്ടാകാറില്ല. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി കേരളത്തിന്റെ പോലീസ് സേനയുടെ ആധുനികവൽക്കരണത്തിന് ഒരുപാട് നടപടികളെടുക്കുകയുണ്ടായി. അതിനുശേഷം ഈ വകുപ്പ് കയ്യാളിയ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും അതേ പാതയിലൂടെയാണ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത് എന്നുള്ളത് പോലീസ് സേനയ്ക്ക് ഏറ്റവും അഭിമാനമാണ്.

പോലീസുകാർക്ക് പരിശീലനം നൽകുന്ന അക്കാഡമികളിലേയ്ക്ക് മോശപ്പെട്ട ഉദ്യോഗസ്ഥൻമാരെയാണ് അയയ്ക്കുന്നത്. ലാ ആന്റ് ഓർഡർ പാലിക്കാൻ പറ്റാത്ത ഉദ്യോഗസ്ഥൻമാരെയും കൈക്കൂലിക്കാരെയും അഴിമതിക്കാരേയുമെല്ലാം ശിക്ഷണ നടപടിയായി കൊണ്ടുപോയി പോസ്റ്റ് ചെയ്യുന്നത്

ഇവിടേയ്ക്കാണ്. അക്കാഡമിയിലെ ഉദ്യോഗസ്ഥൻമാരിൽനിന്ന് പരിശീലനം നേടുന്ന പോലീസുദ്യോഗസ്ഥർക്ക് അവരുടെ വഴി പിഴച്ചില്ലെങ്കിലേ അൽഭുതപ്പെടേണ്ടതുള്ളൂ. 2001–ൽ ഞാൻ ആദ്യമായി എം.എൽ.എ. ആയപ്പോൾ പട്ടാമ്പിയിൽ ഒരു സി.ഐ. ഉണ്ടായിരുന്നു. ഈ സി.ഐ. രണ്ടുമാസങ്ങൾക്കുമുമ്പ് എന്നോട് വളരെ മോശമായി, അപമര്യാദയായി പെരുമാറിയ ആളായിരുന്നു. ആ സി.ഐ. കുന്നംകുളത്തുവച്ച് ബ്ലൂ ഫിലിം കേസ്സിൽ പ്രതിയായ ആളായിരുന്നു. ഞാൻ എം.എൽ.എ. ആയിമാറിയ പിറ്റേദിവസം അദ്ദേഹം എന്റെ വീട്ടിൽ വന്നു. സർ, എന്തുപറഞ്ഞാലും ഞാൻ ചെയ്യും, എന്നെ പട്ടാമ്പിയിൽ തുടരാൻ അനുവദിക്കണം. എന്തുപറഞ്ഞാലും ചെയ്യുന്ന ഒരാളെ എനിക്ക് ആവശ്യമില്ലായെന്ന് ഞാൻ പറഞ്ഞു. ആ മനുഷ്യൻ എസ്.പി.–യായി റിട്ടെയർ ചെയ്യേണ്ടതിനുപകരം സബ് ഇൻസ്പെക്ടറായിട്ടാണ് സർവ്വീസിൽനിന്ന് റിട്ടെയർ ചെയ്തത്. ഇത്തരത്തിലുള്ള ഉദ്യോഗസ്ഥൻമാരെ, ട്രാൻസ്ഫറിനായാലും പോസ്റ്റിംഗിനായാലും.............. വെറുതെ അങ്ങോട്ടുമിങ്ങോട്ടും വാദിച്ചിട്ടൊന്നും കാര്യമില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരിക്കുമ്പോഴും രാഷ്ട്രീയമായ ഇടപെടലുകളും പോസ്റ്റിംഗുകളും നടന്നിരുന്നു. അത് പരിപൂർണ്ണമായി ഇല്ലാതാക്കാൻ കഴിയുമെന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷേ അവരുടെ കരിയറും സത്യസന്ധതയുംകൂടി നോക്കി പോസ്റ്റിംഗ് നടത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. രണ്ടുമൂന്ന് കാര്യങ്ങൾകൂടി.........

<u>മി. സ്പീക്കർ</u>: ഒറ്റ മിനിട്ട്. ഒരു മിനിട്ടുകൊണ്ട് തീർക്കണം.

<u>ശ്രീ. സി. പി. മുഹമ്മദ്</u>: സർ, നമ്മുടെ പോലീസ് സ്റ്റേഷനുമുന്നിൽ കൂട്ടിയിട്ടിരിക്കുന്ന ആയിരക്കണക്കിന് വാഹനങ്ങൾ ഒരു വലിയ പ്രശ്നമായി മാറി

യിരിക്കുകയാണ്. അത് നശിച്ചുപോകുന്നു എന്നതിനപ്പുറം മനുഷ്യർക്ക് വഴി നടക്കാൻ പറ്റാത്ത സ്ഥിതിയാണുള്ളത്. ആഭ്യന്തര വകുപ്പുമന്ത്രി അതിനു വേണ്ട നടപടി സ്വീകരിക്കണം. എട്ട് പഞ്ചായത്തുകളുള്ള പട്ടാമ്പി പോലീസ് സ്റ്റേഷൻ വിഭജിച്ച് കൊപ്പം പോലീസ് സ്റ്റേഷൻ അനുവദിക്കണം. എന്നോട് തരാമെന്നൊക്കെ പറയും. പല പോലീസ് സ്റ്റേഷനുകളും അനുവദിച്ചതായി അറിയാൻ സാധിച്ചു. എട്ട് പഞ്ചായത്തുകളുള്ള പട്ടാമ്പി പോലീസ് സ്റ്റേഷൻ വിഭജിച്ച് കൊപ്പം പോലീസ് സ്റ്റേഷൻ അടിയന്തിരമായി അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഫയർ സ്റ്റേഷൻ ആധുനികവൽക്കരിക്കണം.

മി. സ്പീക്കർ: ഒറ്റ കാര്യമെന്ന് പറഞ്ഞ് ഒത്തിരി കാര്യങ്ങളായി.

ശ്രീ. സി. പി. മുഹമ്മദ്: സർ, കുളത്തിൽ ഒരു ചെറുപ്പക്കാരൻ വീണു. നാലുഭാഗത്തുമുള്ള ആളുകൾ പാതാളക്കരണ്ടി കൊണ്ടുവന്ന് കുളത്തിൽ തപ്പിനോക്കി. ആളെ കിട്ടിയില്ല.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. സി. പി. മുഹമ്മദ്: സർ, ഞാൻ സ്ഥലത്തുചെന്ന് ഫയർ ഫോഴ്സിനെ വിളിച്ചു. അപ്പോൾ ഒരു പാതാളക്കരണ്ടിയുമായി ഫയർ ഫോഴ്സ് വന്നു. ഫയർഫോഴ്സിന് ആധുനിക ഉപകരണങ്ങൾ നൽകണം. പട്ടാമ്പിയിൽ ഫയർസ്റ്റേഷന്റെ പ്രവർത്തനം എത്രയും വേഗത്തിൽ ആരംഭിക്കാൻ നടപടി സ്വീകരിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

ശ്രീ. പി. തിലോത്തമൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. നമ്മുടെ ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ നമുക്കെല്ലാവർക്കും വേണ്ടപ്പെട്ട ആളാണ്. അദ്ദേഹം നമ്മുടെയെല്ലാം വളരെയടുത്ത സുഹൃത്താണ്. എന്നാൽ അദ്ദേഹത്തിന്റെ

കൈവശമിരുന്ന ഒന്നാന്തരം വകുപ്പ്............... നല്ല പാൽ കിട്ടുന്ന പശുവിനെ കൊടുത്ത് ഏതാണ്ട് കുത്തുന്ന കാളയെ വാങ്ങിയതുപോലെ ഇപ്പോൾ ആഭ്യന്തര വകുപ്പ് ഒരു മുൾക്കിരീടമായി അദ്ദേഹത്തിന് മാറിയിരിക്കുകയാണ്. അദ്ദേഹത്തിന് ഇപ്പോൾ ഒരു റിട്ടയേർഡ് പോലീസുകാരന്റെ ലുക്കാണ്. എന്തൊരു മാനസിക സംഘർഷമാണ് അദ്ദേഹം അനുഭവിക്കുന്നത്. കേരളത്തിലെ മുഴുവൻ ജനങ്ങളും അദ്ദേഹത്തിന്റെ മാനസികാവസ്ഥയിലാണ്. നേരത്തെ സഖാവ് എളമരം കരീം പറഞ്ഞതുപോലെ നഗരത്തിലെ ജനങ്ങൾ മാത്രമല്ല, കേരളത്തിലെ മുഴുവൻ ജനങ്ങളും റിപ്പർ ജയാനന്ദനും ഊപ്പ പ്രകാശും തടവുചാടിയതോടുകൂടി വലിയ മാനസിക സംഘർഷത്തിലും പ്രയാസത്തിലും കഴിഞ്ഞുകൂടുകയാണ്. റിപ്പർ ജയാനന്ദനും ഊപ്പ പ്രകാശും ചാടിയത് എവിടെനിന്നെന്ന് എല്ലാവരും ചിന്തിക്കേണ്ടതാണ്. മലയാള മനോരമ പത്രം വിശദമായി എല്ലാം കൊടുത്തിട്ടുണ്ട്. താങ്കളുടെ പത്രംതന്നെയാണ്. (പത്രം ഉയർത്തിക്കാണിച്ചു). തിരുവനന്തപുരത്തെ സെൻട്രൽ ജയിലിൽ നിന്ന്. അതീവ സുരക്ഷയുള്ള ജയിലിൽനിന്നാണ് ജയാനന്ദൻ ചാടിയത്. യു.ടി.ബി. ബ്ലോക്ക്, എട്ടടി ഉയരമുള്ള മതിൽ, അതിനനുയോജ്യമായ ഗേറ്റ്, ആ മതിലിന് മുകളിൽ നാലടി ഉയരത്തിൽ കമ്പി വേലി എന്നുമാത്രമല്ല ആ പ്രദേശമാകെ എപ്പോഴും അരിച്ചുപെറുക്കാൻ 70 ക്യാമറക്കണ്ണുകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. കറന്റ് പോയാൽ അവിടെ സൗരോർജ്ജം ഉപയോഗപ്പെടുത്തി വൈദ്യുതി കിട്ടാനുള്ള എല്ലാ സൗകര്യങ്ങളുമുണ്ട്. അവിടെ അകത്ത് വാച്ചർമാർ, പുറത്ത് വാച്ചർമാർ, ജയിലറും സൂപ്രണ്ടും അവരുടെ ഓഫീസുകളുടെ മുകളിൽ വന്നിരുന്നാൽ ഈ പ്രദേശമാകെ, അവിടെ നടക്കുന്ന എല്ലാ ചലനങ്ങളും.......... ഒരു ഈച്ച പറന്നാൽപ്പോലും കാണാൻ കഴി

യുന്നത്ര അതീവ സുരക്ഷിതത്വമുള്ള ഒരു പ്രദേശത്തുനിന്നാണ് ജയാനന്ദൻ ചാടിയതെന്ന് പറയുമ്പോൾ, നമുക്കൊക്കെ വല്ലാത്ത അൽഭുതം തോന്നുകയാണ്. തടിയന്റവിട നസീർ എന്നുപറയുന്ന ഭീകരവാദിയെ താമസിപ്പിച്ചിരുന്നതും ഈ സ്ഥലത്താണ്. അവിടെനിന്നാണ് ഊപ്പ പ്രകാശും റിപ്പർ ജയാനന്ദനും ചാടിയതെന്ന് പറയുമ്പോൾ വല്ലാത്ത ദുരൂഹത തോന്നുകയാണ്. റിപ്പർ ജയാനന്ദനെക്കുറിച്ച് എല്ലാവർക്കും അറിയാം. കഴിഞ്ഞ കുറേ നാളുകളായി എല്ലാവരുടെയും ഉറക്കം കെടുത്തുന്നയാളാണ്. അദ്ദേഹം സ്ത്രീകളെ തെരഞ്ഞെടുക്കും, തലയ്ക്കടിക്കും, അടിച്ച് കൊലപ്പെടുത്തിയശേഷം ബലാൽസംഗം ചെയ്യും. അങ്ങനെ എത്രയോ സംഭവങ്ങൾ നടത്തിയിട്ടാണ് അവസാനം അയാൾ പോലീസിന്റെ പിടിയിലകപ്പെട്ടത്. ജയിൽ ചാടിയതിനു ശേഷം................. തൃശ്ശൂരിൽ നടന്ന രണ്ട് കൊലപാതകവുമായി ബന്ധപ്പെട്ട് റിപ്പർ ജയാനന്ദനെക്കുറിച്ചാണ് ആളുകൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. നാളെ എവിടെ, മറ്റെന്നാൾ എവിടെ, ആർക്ക് എന്ത് പറയുവാൻ കഴിയും?

കേരളം ഇന്ന് ക്രിമിനലുകൾക്ക് തങ്ങാനുള്ള ഒന്നാന്തരം താവളമായി മാറിയിരിക്കുകയാണ്. വാസ്തവത്തിൽ ഈ വകുപ്പ് അദ്ദേഹത്തിനൊരു മുൾക്കിരീടമാണ്. മുഖ്യമന്ത്രി എന്തുകൊണ്ടാണെന്ന് അറിയില്ല, അദ്ദേഹത്തിന്റെ കൈവശമിരുന്ന വകുപ്പ് ആരോടുമാലോചിക്കാതെ, കെ.പി.സി.സി. പ്രസിഡന്റിനോടുപോലും ആലോചിക്കാതെ അദ്ദേഹത്തിന്റെ വിശ്വസ്തനായി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ ഏൽപ്പിച്ചു. ചപ്പാത്തി ചുടാനാണോ, കോഴിക്കാൽ വയ്ക്കാനാണോ, പച്ചക്കറി വാങ്ങാനാണോ എന്തിനാണ് ജയിൽ വകുപ്പിൽ പോലീസിനെ ഉപയോഗിക്കുന്നതെന്ന് നമുക്കറിയില്ല. ഏതായാലും ആഭ്യന്തര വകുപ്പ് കൈമാറുന്നതു സംബന്ധിച്ചാണ് ഇന്ന് വാദപ്രതിവാദങ്ങളും

തർക്കങ്ങളുമൊക്കെ നടക്കുന്നത്. ഈ വകുപ്പ് എന്തുകൊണ്ട് കെ.പി.സി.സി. പ്രസിഡന്റിനെ ഏൽപ്പിക്കാൻ മുഖ്യമന്ത്രി തയ്യാറാകുന്നില്ല? അവിടെയാണ് ഏറ്റവും നാടകീയമായ, ജുഗുപ്സാവഹമായ കാര്യങ്ങൾ ഇവിടെ നടക്കുന്നതായി നാം മനസ്സിലാക്കുന്നത്. ക്രിമിനലുകൾ അരങ്ങ് തകർത്തുവാഴുന്ന കേരളത്തിൽ മുഖ്യമന്ത്രിയുടെ ഓഫീസുപോലും അതിൽനിന്നും വിമുക്തമല്ല. അദ്ദേഹത്തിന്റെ ഓഫീസിൽ നിന്നും സരിത. എസ്. നായരെയൊക്കെ വിളിക്കുന്നത് പോലീസുകാരാണെന്നാണ് പത്രങ്ങളിൽ ഇപ്പോൾ വന്നുകൊണ്ടിരിക്കുന്നത്. ഏതായാലും യു.ഡി.എഫിന്റെ രണ്ടുവർഷത്തെ ഭരണം ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തെ കുറ്റകൃത്യങ്ങളുടെ നാടാക്കി മാറ്റിയിരിക്കുകയാണ്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ, 2476 ബലാൽസംഗ കേസുകൾ ഇവയെല്ലാംതന്നെ അനന്തപുരിയെ പീഡനത്തിന്റെ തലസ്ഥാനമാക്കി മാറ്റികൊണ്ടിരിക്കുകയാണ്. രാഷ്ട്രീയ അധികാര കേന്ദ്രത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരം നഗരത്തെ സ്ത്രീപീഡന കേസുകളുടെയും അതിക്രമങ്ങളുടെയും തലസ്ഥാനമായി ഇന്ന് എല്ലാവരും വിശേഷിപ്പിക്കുകയാണ്. ഇതു സംബന്ധിച്ച് നിയമസഭയിൽ നൽകിയ കണക്കുകളും ഭരണതലസ്ഥാനം ക്രിമിനലുകളുടെ തലസ്ഥാനമാണെന്നതിന് അടിവരയിടുന്നുവെന്നുള്ളതാണ് എടുത്തുപറയേണ്ട പ്രത്യേകത. സംസ്ഥാനത്ത് ഒരു ദിവസം ശരാശരി മൂന്ന് സ്ത്രീ പീഡനങ്ങൾ നടക്കുന്നു എന്നുള്ളതും നിയമസഭയിൽ നൽകിയ കണക്കുകൾ പറയുകയാണ്. കുറ്റകൃത്യങ്ങളുടെയും അധോലോക ബന്ധമുള്ള തീവ്രവാദ സംഘടനകളുടെയും പ്രധാനപ്പെട്ട വില്ലാളിവീരൻമാർക്ക്, മുടിചൂടാമന്നൻമാർക്ക് തങ്ങാനുള്ള ഒളിത്താവളമായി കേരളം മാറികൊണ്ടിരിക്കുന്നു. അതാണ് കഴിഞ്ഞ ദിവസത്തെ പത്രങ്ങളിൽ നിന്നും

നാം മനസ്സിലാക്കുന്നത്. അക്ഷരനഗരി എന്നു വിശേഷിപ്പിക്കുന്ന കോട്ടയം ജില്ലയിൽ 24 സ്ത്രീപീഡനങ്ങൾ, 33 ആത്മഹത്യകൾ, രണ്ട് കൊലപാതകങ്ങൾ, പെറ്റിക്കേസുകളിൽ പതിനെട്ടര ലക്ഷം രൂപയാണ് അവിടെനിന്നും ലഭിച്ചത്. ആഭ്യന്തര മന്ത്രിയുടെ ജില്ലതന്നെ ക്രിമിനൽ കേസ്സുകളുടെ കേന്ദ്രമായി മാറുന്നു. തിരുവനന്തപുരം മാത്രമല്ല കൂടെ കോട്ടയമുണ്ട്, സാംസ്കാരിക തലസ്ഥാനമെന്നു വിളിക്കുന്ന തൃശ്ശൂരുമുണ്ട്. ഇന്നലെ മുൻ സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണൻ പ്രധാനപ്പെട്ട ഒരു സംഭവം സബ്മിഷനിലൂടെ നിയമസഭയുടെ മുമ്പിൽ കൊണ്ടുവരികയുണ്ടായി. ഈച്ചരത്ത് മധു എന്നു പറയുന്ന കോൺഗ്രസ്സിന്റെ മണ്ഡലം പ്രഡിഡണ്ടിനെ അമ്പലത്തിൽ പോയി തിരിച്ച് ഭാര്യയോടും മകനോടുമൊപ്പം വരുന്ന വഴിക്ക് കൊലയാളി സംഘങ്ങൾ ഓട്ടോറിക്ഷ കൊണ്ടുവന്ന് ഇടിച്ചുതെറിപ്പിച്ച് വെട്ടിയും കുത്തിയും ക്രൂരമായി, പൈശാചികമായി കൊലപ്പെടുത്തി. വെട്ടിന്റെ എണ്ണം സംബന്ധിച്ചെല്ലാം ഇവിടെ പലരും പറഞ്ഞു. ടി.പി. ചന്ദ്രശേഖരന്റെ വധത്തിനുശേഷം ഇനിയൊരു രാഷ്ട്രീയ കൊലപാതകം കേരളത്തിലുണ്ടാവില്ല എന്നല്ലേ അങ്ങ് പറഞ്ഞത്; എത്രയെണ്ണം നടന്നു; ഇപ്പോഴും നടക്കുകയല്ലേ; വെട്ടി വെട്ടി, ഇഞ്ചിഞ്ചായി കൊല്ലുകയല്ലേ? ഇത്ര നിഷ്ഠൂരമായ കൊലപാതകം നടക്കുന്ന ഒരു സംസ്ഥാനമായി കേരളം മാറുന്നതിൽ അങ്ങേയ്ക്ക് ഒരു സങ്കടവുമില്ലെന്നാണോ ഞങ്ങൾ മനസ്സിലാക്കേണ്ടത്?

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പി. തിലോത്തമൻ, Your time is over, please conclude.

ശ്രീ. പി. തിലോത്തമൻ: സർ, കേരളത്തിലാകെ ക്രിമിനൽ കേസ്സുകളുടെ എണ്ണം പെരുകിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഒരു പുതിയ പ്രതിഭാസ

മാണ് കേൾക്കുന്നത് –ബൈക്കിൽ യാത്ര ചെയ്ത് സ്ത്രീകളുടെ മാല മോഷ്ടിക്കുക. അങ്ങനെയുള്ള എത്ര കേസ്സുകളാണ്! പരസ്യമായ പിടിച്ചുപറികൾ, ഭവനഭേദനങ്ങൾ, പീഡനക്കേസുകൾ, സ്ത്രീകൾക്കും കുട്ടികൾക്കും നേരെ നടത്തിയ അതിക്രമങ്ങൾക്ക് കൈയും കണക്കുമില്ല. ഇതുപോലെ നടന്ന ഒരു സന്ദർഭം നമ്മുടെ സംസ്ഥാന ചരിത്രത്തിൽ എന്നെങ്കിലും ഉണ്ടായിട്ടുണ്ടോ? ഇതെല്ലാം വച്ചുകൊണ്ടാണ് കേരളം ഇന്ന് സുരക്ഷിതമേഖലയല്ലെന്ന് കെ.പി.സി.സി. പ്രസിഡന്റ് പറഞ്ഞത്. പടിഞ്ഞാറൻ പ്രദേശമെന്നത് നമ്മുടെ രാജ്യാതിർത്തിയാണ്. എപ്പോൾ വേണമെങ്കിലും എന്തു സംഭവങ്ങളുമുണ്ടാകാം. പുറത്തു നിന്ന് ആക്രമണമുണ്ടാകാം. അതുകൊണ്ട് അതീവ ജാഗ്രത പുലർത്തേണ്ട ഒരു സംസ്ഥാനമെന്ന നിലയിൽ അതിന്റേതായ പരിഗണന നമ്മുടെ സംസ്ഥാനത്തിന് ലഭിക്കുന്നുണ്ടോ എന്നത് ഗൗരവമായ കാര്യമാണ്. ഇന്റർപോൾ തിരയുന്ന ക്രിമിനലുകളിൽ 24 പേർ മലയാളികളാണ്. ഇത് എത്ര ദു:ഖകരമായ അവസ്ഥയാണ്. സൈബർ കുറ്റകൃത്യങ്ങളുടെ തലസ്ഥാനവും കേരളമാണ്. മൊബൈൽ ഫോണിൽ സ്ത്രീകളോട് അശ്ലീലം പറയുന്ന, മറ്റു രൂപത്തിൽ പെരുമാറുന്ന എത്രയോ സംഭവങ്ങളാണ് മിക്കവാറും ദിവസങ്ങളിൽ പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുന്നത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. പി. തിലോത്തമൻ</u>: കൂടുതൽ കാര്യങ്ങൾ പറയുന്നതിന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ അനുവദിക്കാത്തതുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ശക്തിയുക്തം എതിർത്തുകൊണ്ട് നിറുത്തുന്നു.

<u>ശ്രീ. പി. അബ്ദുറഹിമാൻ രണ്ടത്താണി</u>: സർ, ഈ ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുകയാണ്. സംസ്ഥാനത്തിന്റെ സകല മേഖലകളുടേയും

വളർച്ച ലക്ഷ്യം വച്ചുകൊണ്ടുള്ളതാണ് ആഭ്യന്തര വകുപ്പിന്റെയും വളർച്ച. സാമൂഹ്യ സുരക്ഷയും ക്രമസമാധാനവും ജീവനും സ്വത്തിനും സംരക്ഷ ണവും കുറ്റകൃത്യങ്ങൾ തടയാനുള്ള കഴിവും നിഷ്പക്ഷമായ അന്വേഷണവു മാണ് ഈ രംഗത്ത് ഏറ്റവും കൂടുതൽ മികവായി കാണേണ്ടത്. കേരളം ഈ മികവ് തെളിയിക്കുന്നു എന്നതാണ് നമ്മുടെ വിനോദ സഞ്ചാര മേഖല യിൽപോലും കാണുന്ന വളർച്ച. വിനോദ സഞ്ചാര മേഖലയിൽ എഴു ശതമാ നത്തിലധികം വളർച്ചയുണ്ടായി എന്നു പറഞ്ഞാൽ അത് കേരളത്തിന്റെ സാമൂഹ്യ സുരക്ഷിതത്വത്തിന്റെ സിംബലായി കാണണം. കേരളത്തിൽ മദ്യാ സക്തി വർദ്ധിക്കുകയാണ്. ആഡംബര ജീവിതം നയിക്കാനുള്ള ആഗ്രഹം വർദ്ധിക്കുന്നു. ക്രിമിനൽ കുറ്റങ്ങൾക്ക് അതൊരു കാരണമായി മാറുകയാണ്. മദ്യപിച്ച് മോശമായ പെരുമാറ്റം കൊണ്ടുമാത്രം കേരളത്തിൽ കുറ്റകൃത്യങ്ങൾ പെരുകുന്നു. 14436–ൽ നിന്ന് 63661–ലേയ്ക്കാണ് ആ കുതിപ്പുണ്ടായത്. അതു പോലെ ശാസ്ത്ര സാങ്കേതിക വളർച്ചയും മൊബൈൽ വിനിയോഗം വർദ്ധി ക്കുന്നതും സൈബർകുറ്റങ്ങളുടെ പെരുപ്പം കൂട്ടുന്നു. വിദ്യാസമ്പന്നതയും സൈബർ കുറ്റങ്ങളും തമ്മിൽ ബന്ധപ്പെട്ടുകിടക്കുന്നു എന്നാണ് ബോധ്യമാകുന്നത്. ആന്ധ്രാപ്രദേശും കർണ്ണാടകവും ഈ രംഗത്ത് മുന്നിൽ നിൽക്കുന്നു എന്നാണ് ഇന്നലെ കിട്ടിയ കണക്കുപോലും തെളിയിക്കുന്നത്. കേരളത്തിന് മറ്റൊരു ഭീഷണിയാണ് അന്യസംസ്ഥാന തൊഴിലാളികൾ. ഇരുപ ത്തിയഞ്ചു ലക്ഷത്തോളം വരുന്ന അന്യസംസ്ഥാനത്തൊഴിലാളികൾ – അവർ ആരാണെന്നുപോലും തിരിച്ചറിയുന്നില്ല. ഒരുപക്ഷേ ചില കൊടുംഭീകരരായി രിക്കാം, അവർ നമ്മുടെ ഗ്രാമങ്ങളിലുണ്ടായിരിക്കാം. പോലീസിന് തങ്ങളുടെ ഏറ്റവും വലിയ അന്വേഷണത്വര കൂടുതൽ വർദ്ധിപ്പിക്കേണ്ട ഒരു കാലഘട്ട

മാണിത്. കേരളത്തിന്റെ കർണ്ണാടക, തമിഴ്നാട് അതിർത്തികളിലും മാവോയിസ്റ്റുകളുണ്ടെന്ന് അറിയുന്നു. അപ്പോഴാണ് കൂടുതൽ സന്നദ്ധസേനയെ അങ്ങോട്ടയച്ച് ആ രംഗത്ത് ഗവൺമെന്റ് കാര്യക്ഷമമായ നടപടികളുമായി മുന്നോട്ടുപോയത്. ഒരു ഭരണാധികാരിയാണ് മികവു കാണിക്കേണ്ടത്. കേവലം കളിമണ്ണ് ഒരു കലാസൃഷ്ടിയായി മാറുന്നത് കലാകാരന്റെ കൈവിരലിന്റെ വൈഭവം കൊണ്ടാണെങ്കിൽ കേരളാ പോലീസിന് ഇപ്പോഴുള്ള കാര്യക്ഷമതയും നന്മയുടെ മുഖവും നൽകിയത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ഭരണവൈഭവമാണെന്ന് പറയാതിരിക്കാനാവില്ല. ഭരണാധികാരികൾ മോശമായാൽ പോലീസിന്റെ മുഖത്ത് അത് പ്രകടമാകും. നമുക്കറിയാം തിരുവിതാംകൂർ മഹാരാജാവിന്റെ റോയൽ ട്രാവൻകൂർ പോലീസിന്റെ സൂപ്രണ്ട് ഒ.എം. ബെൻസിലിയായിരുന്നു. അദ്ദേഹത്തെ ആധുനിക പോലീസിന്റെ പിതാവ് എന്നാണ് ചരിത്രം വിളിക്കുന്നത്. എന്നാൽ അതേ സമയത്ത് ബ്രിട്ടീഷ് ഭരണത്തിൽ മലബാറിൽ ഹിച്ച്കോക്ക് എന്ന ഒരു പോലീസ് സൂപ്രണ്ടുണ്ടായിരുന്നു. അദ്ദേഹത്തെ കിരാതനായ കൊലയാളി എന്നാണ് ചരിത്രം വിളിക്കുന്നത്. കാരണം ആ രണ്ടു സ്ഥലത്തുമുണ്ടായിരുന്ന ഭരണാധികാരികളുടെ സ്വഭാവമാണ് പ്രകടമാകുന്നത്. ഇവിടെ തിരുവിതാംകൂർ ഭരണാധികാരിയായിരുന്നുവെങ്കിൽ അവിടെ ബ്രിട്ടീഷ് ഭരണാധികാരിയായിരുന്നു. എൽ.ഡി.എഫ്.–ൽ നിന്ന് യു.ഡി.എഫ്–ലേയ്ക്ക് ഭരണം മാറിയപ്പോൾ പോലീസിന്റെ കാര്യക്ഷമതയിലും അത് പ്രകടമായിട്ടുണ്ടെന്നത് ഒരു സത്യമാണ്. ഈ നന്മയുടെ തുടക്കം കുരുന്നുകളിൽ നിന്നാകണം. 247 സ്കൂളുകളിൽ കേരള സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്സ് ശരിക്കൊരു പോലീസ് സേന പോലെ കാര്യക്ഷമമായി

പ്രവർത്തിക്കുകയാണ്. ബസ്സുകൾക്ക് കല്ലേറിയാനും പൊതുമുതൽ നശിപ്പിക്കാനും വിദ്യാർത്ഥികളെ ഉപയോഗിക്കാതെ നാടിന്റെ സംരക്ഷണവും സുരക്ഷയും അവരെ പഠിപ്പിക്കാൻ കെൽപ്പുള്ളവരായി നാം മാറിയിരിക്കുന്നു. ഒരു മൈനർ പെറ്റിക്കേസ് പോലുമില്ലാതെയാണ് ലക്ഷങ്ങൾ പങ്കെടുത്ത, ദിനരാത്രങ്ങൾ നീണ്ട സംസ്ഥാന സ്കൂൾ കലോത്സവം മലപ്പുറത്ത് അവസാനിച്ചത്. അഭിമാനത്തോടുകൂടി പറയട്ടെ, കേരള പോലീസിനോടൊപ്പം ഈ കുട്ടിപോലീസിന്റെ മികവുകൂടി അതിലുണ്ടായിരുന്നു. ഈ പന്തൽചുവട്ടിൽ ഞങ്ങൾ നിർഭയരായിരുന്നു എന്നാണ് പത്രങ്ങൾ മുഖപ്രസംഗമെഴുതിയത്. ബ്രിട്ടീഷുകാരന്റെ മർദ്ദനോപകരണമായിരുന്ന മലബാർ സ്പെഷ്യൽ പോലീസിന്റെ കാക്കിക്കുപ്പായം വർഗ്ഗശത്രുവിന്റെ വേഷമായി കണ്ടിരുന്ന മലപ്പുറത്ത് എം.എസ്.പി. ക്യാമ്പിൽ വേദിയൊരുക്കി വിദ്യാർത്ഥികൾക്ക് ചൂടുകാപ്പിയും പലഹാരവും സൗജന്യമായി നൽകിയ കേരള പോലീസ് ലോകത്തിന് മാതൃക സൃഷ്ടിച്ചിരിക്കുന്നു. അതൊരിക്കലും ചെറുതായി കാണാൻ കഴിയില്ല. ബ്രിട്ടീഷ് റോയൽ പോലീസ് കുട്ടികളെ റോഡു മുറിച്ചുകടത്തിയും വൃദ്ധൻമാരെ സാന്ത്വനിപ്പിച്ചും അത്ഭുതങ്ങൾ സൃഷ്ടിച്ചത് കണ്ട് കേരളവും ഇങ്ങനെയായിരുന്നെങ്കിൽ എന്ന് കൊതിച്ചുപോയിരുന്നു. കേരളത്തിലെ ജനമൈത്രി പോലീസ് നൂറു പോലീസ് സ്റ്റേഷനുകളിൽ ഇന്ന് ജനങ്ങളുടെ മിത്രങ്ങളായി മാറിയിരിക്കുന്നു.

അബദ്ധവശാൽ പോലീസ് വാഹനത്തിന് കൈ കാണിച്ച ഒരു ഗ്രാമീണ വനിത പോലീസ് ജീപ്പ് നിർത്തിയത് കണ്ടപ്പോൾ ഭയന്നുവിറച്ചുകൊണ്ട് "മനുഷ്യനാണെന്നു കരുതി, പോലീസാണെന്ന് അറിഞ്ഞില്ല, ക്ഷമിക്കണേ"മെന്ന് പറഞ്ഞതായി ഒരു കഥയുണ്ട് – അത് എൽ.ഡി.എഫ്. കാലത്തുണ്ടായ ഒരു ചരി

ത്രമായിരുന്നു. പോലീസിനെ കണ്ടാൽ ആ രീതിയിൽ പറയുന്ന അവസ്ഥ ഇപ്പോൾ മാറിയിരിക്കുന്നു. ഗിരിവർഗ്ഗ കേന്ദ്രങ്ങളിൽപ്പോലും രോഗികളെ ആശുപത്രികളിലെത്തിച്ചും മാലിന്യം നിർമ്മാർജ്ജനം ചെയ്തും പോലീസ് ജനപക്ഷത്ത് നിൽക്കുകയാണ്. കേരളത്തിൽ നടപ്പിലാക്കിയ സേവനാവ കാശ നിയമം ഇൻഡ്യക്ക് മാതൃകയായിരുന്നു. ആ സേവനാവകാശ നിയമം ആദ്യം പോലീസ് സ്റ്റേഷനിൽ നടപ്പിലാക്കി മാതൃക കാണിച്ച ശ്രീ. തിരുവ ഞ്ചൂർ രാധാകൃഷ്ണനെ അഭിനന്ദിക്കാതിരിക്കാനാവില്ല. എഫ്.ഐ.ആർ., പി. സി.സി., വെരിഫിക്കേഷൻ, മൈക്ക് പെർമിറ്റ്, പോസ്റ്റുമാർട്ടം റിപ്പോർട്ട്, വാഹ നങ്ങൾ വിട്ടുകൊടുക്കൽ തുടങ്ങിയ 14 ഇനം സേവനങ്ങൾ നടപ്പാക്കാൻ പോലീസ് തയ്യാറായെങ്കിൽ അത് സാധാരണക്കാരന് എത്രമാത്രം ഉപകാരമാ ണെന്ന് നാം ചിന്തിക്കണം. ഇതൊരു ചെറിയ കാര്യമല്ല. എത്ര തവണ പോലീസ് സ്റ്റേഷൻ കയറിയിറങ്ങേണ്ട കാര്യമാണ് സേവനാവകാശ നിയമ ത്തിലൂടെ സാധാരണക്കാരന് സാധ്യമാക്കിക്കൊടുത്തത്. കുറ്റകൃത്യങ്ങ ളിൽപ്പെട്ട് പിടിയിലായി റോഡരുകിൽ കിടക്കുന്ന വാഹനങ്ങൾ വിട്ടുകൊടു ക്കാനുള്ള തീരുമാനം നേരത്തെ എടുക്കേണ്ടതായിരുന്നു. 24,283 വാഹനങ്ങ ളാണ് നമ്മുടെ റോഡുകളിൽ കിടക്കുന്നത്. അതിലേറ്റവും കൂടുതൽ മലപ്പുറം ജില്ലയിലാണെന്നാണ് ഇന്നലെ ശ്രീ. പി. ഉബൈദുള്ളയുടെ ചോദ്യത്തിനുത്തര മായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഈ വാഹനങ്ങൾ കേരളത്തിന്റെ റോഡുകളിൽ നിന്ന് നീക്കം ചെയ്യുവാൻ വേണ്ടിയുള്ള നടപടികൾ ആഭ്യന്തര വകുപ്പിന്റെ ഭാഗത്തു നിന്നുണ്ടാകണം. വനിതകളുടെ സുരക്ഷയ്ക്കായി ഒരു നിയമം സൃഷ്ടിക്കുകയാണ് ഈ സർക്കാർ ചെയ്തത്. വനിതാ എസ്.ഐ. മാരെ നേരിട്ട് നിയമിക്കുക മാത്രമല്ല അഞ്ച് വനിതാ ഐ.പി.എസുകാർ അട

ങ്ങുന്ന ഒരു സ്ക്വാഡ് ഇൻഡ്യയിലാദ്യമായി കേരളത്തിലണ്ടായിരിക്കുന്നു. 27,264 കേസ്സുകൾ രജിസ്റ്റർ ചെയ്തതിൽ 26837–ഉം സ്ത്രീ പീഡനകേസ്സുകളാണ്. ഈ സ്ത്രീ പീഡനകേസ്സുകളിൽ അധികവും വിവാഹ മോചനവുമായി ബന്ധപ്പെട്ടുകിടക്കുന്നു എന്നറിയുമ്പോഴാണ് ഇതിന്റെ സാമൂഹ്യ പശ്ചാത്തലംകൂടി പഠിക്കാൻ നാം നിർബന്ധിതരാകേണ്ടത്. പുതുതായി 3381 പോലീസുകാരെ നിയമിച്ചു കഴിഞ്ഞു. ഇനി ഓരോ വർഷവും 2500 പേർക്ക് വീതം നിയമനം നൽകാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. സേനയെ സുസജ്ജമാക്കുന്നതിന് 403 പുതിയ വാഹനങ്ങൾ വാങ്ങാൻ ഈ ഗവൺമെന്റ് തീരുമാനിച്ചു. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയുവാനുള്ളത് താനൂർ പോലീസ് സ്റ്റേഷനിലേക്കും അങ്ങ് പുതിയ വാഹനങ്ങൾ അനുവദിച്ചു നൽകണമെന്നാണ്. കുപ്രസിദ്ധ കൊലയാളി ബണ്ടി ചോർ മുതൽ രാഘവ് രാജൻ എന്ന പേരിൽ സ്റ്റേറ്റ് ബാങ്കിൽ ജോലി ചെയ്ത കുറ്റവാളി ബിട്ടി മൊഹന്തി വരെപിടിയിലായി. ബണ്ടി ചോർ മുതൽ ബിട്ടി മൊഹന്തി വരെ കേരളത്തിൽ പിടിക്കപ്പെട്ടു. സാന്റിയാഗോ മാർട്ടിനും 'ടോട്ടൽ ഫോർ യു' ശബരീനാഥും വാണിരുന്ന കേരളത്തിൽ 'ഓപ്പറേഷൻ കുബേരയിലൂടെ' 21 അനധികൃത പണമിടപാടുകാരെ കേരള പോലീസ് അകത്താക്കിക്കഴിഞ്ഞുയെന്നത് ഈ പോലീസിന്റെ നേട്ടമല്ലാതെ മറ്റെന്താണ്? രാഷ്ട്രീയ സംഘട്ടനങ്ങളും കൊലപാതകങ്ങളും അനസ്യൂതം നടന്നിരുന്ന കേരളം ഇന്ന് ശാന്തമാണ്. നാദാപുരവും കാസർഗോഡും കണ്ണൂരും ഇന്ന് സുരക്ഷിതമാണ്. രാഷ്ട്രീയ പ്രതിയോഗികളെ വകവരുത്തി ആധിപത്യം ഉറപ്പിക്കാൻ ശ്രമിച്ച നേതാക്കളും അവരെ പോറ്റിയ ഗുണ്ടകളും ഇന്ന് അഴിയെണ്ണുകയാണ്. ആർ.എം.പി. നേതാവ് ടി.പി. ചന്ദ്രശേഖരനെ വെട്ടി

ക്കൊന്ന കേസ്സിലെ പ്രതികളെ 15 ദിവസത്തിനകം അറസ്റ്റു ചെയ്തു. ഇപ്പോൾ സി.പി.ഐ.(എം)-കാർ സാക്ഷികളെ വിലയ്ക്കെടുത്ത് അതിലെ പ്രതികളെ പുറത്തിറക്കാൻ ശ്രമിക്കുകയാണ്. 20-2-2012-ൽ ഞങ്ങളുടെ പാർട്ടി പ്രവർത്തകനായ ഷുക്കൂറിനെ കുത്തിക്കൊലപ്പെടുത്തി. ഷുക്കൂറിന്റെ കൊലയാളികളായ 31 പ്രതികളെയും പോലീസ് കസ്റ്റഡിയിൽ എടുത്തു കഴി ഞ്ഞു. എ.ബി.വി.പി.-യുടെ പ്രവർത്തകൻ സച്ചിൻ ഗോപാലന്റെ മരണത്തിന്റെ സാഹചര്യം കേരളപോലീസ് തെളിയിച്ചു കഴിഞ്ഞു. കതിരൂരിലെ സി.പി.ഐ.(എം) പ്രവർത്തകരെ വെട്ടിക്കൊലപ്പെടുത്തിയ പ്രതികളെ അറസ്റ്റു ചെയ്തു കഴിഞ്ഞു. ഇങ്ങനെ, മുഖം നോക്കാതെ കുറ്റവാളികളെ കൽത്തുറ ങ്കിലടച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കേരളം കുറ്റവി മുക്ത നാടായി എന്ന അവകാശവാദം ഞാൻ പറയുന്നില്ല. പക്ഷേ, കൊടും കുറ്റവാളികൾക്ക് രക്ഷപ്പെടാൻ അവസരം കൊടുക്കുന്ന ചില കള്ള നാണയങ്ങളുണ്ടാകും.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, പോയിന്റ് ഓഫ് ഓർഡർ...... വസ്തുതാ വിരുദ്ധമായ കാര്യങ്ങളാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞുകൊണ്ടി രിക്കുന്നത്. ടി.പി. ചന്ദ്രശേഖരൻ വധക്കേസ്സിലെ പ്രതികളെ സി.പി.ഐ.(എം) സ്വാധീനിക്കാൻ ശ്രമിച്ചു എന്നത് തികച്ചും വസ്തുതാവിരുദ്ധമാണ്. അതു പോലെതന്നെ, പോലീസ് ജീപ്പ് കൈ കാണിച്ച് നിർത്തിയപ്പോൾ ആ സ്ത്രീ അയ്യോ പോലീസാണെന്ന് അറിഞ്ഞില്ല എന്നു പറഞ്ഞ ഈ സംഭവം ഉണ്ടായത് സി.എച്ച് മുഹമ്മദ് കോയ ആഭ്യന്തര മന്ത്രി ആയിരിക്കുമ്പോഴാണ്. അന്നുതന്നെ ഈ സംഭവം പുറത്തുവന്നതുമാണ്. ഇങ്ങനെ വസ്തുതാവിരു

ദ്ധമായ കാര്യങ്ങൾ പറഞ്ഞ് ഈ സഭയെ തെറ്റദ്ധരിപ്പിക്കുന്ന ഇത് ഓർഡിറി ലാണോ അത് സഭാ രേഖയിൽ നിന്നും നീക്കം ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. രാജു എബ്രഹാം ഇതിന് പോയിന്റ് ഓഫ് ഓർഡറൊന്നുമില്ല. ഇവിടെ നിന്ന് പറയുന്നതിനെ പിന്നീട് മറുപക്ഷത്തുനിന്നു സംസാരിക്കുന്നവർ എതിർത്ത് സംസാരിക്കുമല്ലോ; പിന്നെന്തിനാണ് ഇതിലൊരു പോയിന്റ് ഓഫ് ഓർഡർ? നിങ്ങൾക്ക് പറയുവാനുള്ളത് അടുത്ത് സംസാരിക്കുന്നവർക്ക് പറയാം. ഇതിൽ പോയിന്റ് ഓഫ് ഓർഡർ ഇല്ല. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, അങ്ങേയ്ക്ക് തുടരാം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : തെളിയിക്കാനാവില്ലെന്ന് വിധിയെ ഴുതിയ പല കേസ്സുകളും തെളിയിക്കപ്പെട്ടു. വിവിധ ജില്ലകളിൽനടന്ന 657 കൊലപാതകക്കേസുകളിൽ 364 എണ്ണത്തിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം നൽകിക്കഴിഞ്ഞു. ഇത് ചെറിയ കാര്യമല്ല. രണ്ടുവർഷക്കാലത്തെ ഭരണമികവുകൊണ്ട് പോലീസിന്റെ കാര്യക്ഷമത തെളിയിച്ച മന്ത്രിയായി മാറി യിരിക്കുകയാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ. അതുപോലെതന്നെ ഫയർ ഫോഴ്സിന് ഏറ്റവും ആധുനികമായ മുഖം നൽകാൻ തീരുമാനിച്ചിരി ക്കുന്നു. അതിലേറ്റവും പ്രധാനമാണ് മോട്ടോർ സൈക്കിൾ വിത്ത് വാട്ടർ മിസ്റ്റ് ബുള്ളറ്റ് സിസ്റ്റം. ഈ സിസ്റ്റം നടപ്പാക്കിയതോടുകൂടി ഏത് ഊടുവഴികളിൽ തീപിടിത്തം ഉണ്ടായാലും അവിടെയെത്തി തീയണയ്ക്കാൻ കഴിയുന്നവിധം കേരളത്തിലെ ഫയർഫോഴ്സിനെ കാര്യക്ഷമമാക്കി. 36 മോട്ടോർ സൈക്കി ളുകളാണ് വാങ്ങിയത്. ഏമർജൻസി റെസ്ക്യൂ വെഹിക്കിൾ കേരളത്തിലു ണ്ടായിരിക്കുന്നു. കേരളത്തിലെ ശ്രീ. പദ്മനാഭ സ്വാമി ക്ഷേത്രം ഇന്ന് ലോക ത്തിലെ ഏറ്റവും വലിയ നിധി കുംഭങ്ങളിൽ ഒന്നാണ്. ഈ ക്ഷേത്രത്തിൽ

പ്രത്യേകമായ സ്ക്വാഡിനെ നിയോഗിച്ചും ഗുരുവായൂർ ക്ഷേത്രത്തിന് പ്രത്യേകമായ ടെമ്പിൾ സ്റ്റേഷൻ നിർമ്മിച്ചും ഈ ഗവൺമെന്റ് ലോകത്തിന് മാതൃകയായി മുന്നേറുന്നു. അതുമാത്രമല്ല വിജിലൻസ് സൈബർ സെൽ കൂടി സ്ഥാപിക്കാൻ പോകുകയാണ്. അതീവ ജാഗ്രത ഉണ്ടാകേണ്ടതായ നമ്മുടെ തീരദേശത്ത് 24 തീരദേശ പോലീസ് സ്റ്റേഷനുകളാണ് സ്ഥാപിച്ചിട്ടുള്ളത്. തീരദേശ ജാഗ്രതാ സമിതി രൂപീകരിക്കുക മാത്രമല്ല അവിടേയ്ക്ക് സുരക്ഷ ബോട്ടുകൾ കൊടുക്കാനും തീരുമാനമായി. കോസ്റ്റ് ഗാർഡും നേവിയുമായി സഹകരിച്ചുകൊണ്ട് കേരള പോലീസിന്റെ സുരക്ഷാ ബോട്ടുകൾ വരുംകാലങ്ങളിൽ നമ്മുടെ തീരദേശത്ത് ജാഗ്രതയോടുകൂടിയുണ്ടായിരിക്കും. തിരുവനന്തപുരത്തും കൊച്ചിയിലും പോലീസ് കമ്മീഷണറേറ്റ് സ്ഥാപിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. വൻകിട സിറ്റികളിലൊക്കെ കമ്മീഷണറേറ്റ് സംവിധാനം കൊണ്ടുവന്ന് കേരള പോലീസിനെ കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയാണ്. ഒട്ടേറെ മാറ്റങ്ങളുണ്ടായിട്ടുണ്ടെങ്കിലും ജയിലുകളുടെ കാര്യത്തിൽ കുറച്ചുകൂടി കാര്യക്ഷമത ഉണ്ടാകേണ്ടതുണ്ട്. ജയിലിനെ ഈ രീതിയിലേക്ക് മാറ്റിയത് ആരാണെന്ന് എല്ലാവർക്കുമറിയാം. പാർട്ടി സമ്മേളനത്തിന് ജയിലിൽ നിന്നുള്ള തടവുപുള്ളികൾ സന്ദേശം അയച്ച നാടായിരുന്നു കേരളമെന്നത് ആരും മറന്നിട്ടില്ല. ജയിലുകളുടെ വികസനത്തിനുവേണ്ടി 154 കോടി രൂപയാണ് 13-ാം ധനകാര്യ കമ്മീഷന്റെ അവാർഡായി നീക്കിവയ്ക്കുന്നത്. കൂടുതൽ സുരക്ഷിതത്വത്തോടുകൂടി തടവുപുള്ളികൾക്ക് പാർക്കാൻ കഴിയുംവിധം കേരളത്തിലെ ജയിലുകളെ ശക്തിപ്പെടുത്താൻ തീരുമാനിച്ചിരിക്കുകയാണ്. പോലീസ് സംവിധാനത്തെ ഏറ്റവും കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകാൻ വേണ്ടി

യത്നിക്കുന്ന ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി കേരള പോലീസിന് ഏറ്റവും നല്ലൊരു മുഖമാണ് നൽകിയത്. കേരളത്തിൽ ഒരു പോലീസ് സംവിധാനമുണ്ട്, ഇവിടെ ഏത് കേസ്സുകളും തെളിയിക്കപ്പെടും എന്ന ഒരവസ്ഥയിലേക്ക് കേരളം എത്തിച്ചേർന്നെന്നുമാത്രമല്ല മുഖം നോക്കാതെ നടപടിയെടുക്കുംവിധം പോലീസ് സേനയെ കാര്യക്ഷമമാക്കാൻ ശ്രമിക്കുകയുമാണ്. ഇത് വളരെയെളുപ്പം സാധ്യമാകുന്നതല്ലെന്ന് ഞങ്ങൾക്കറിയാം. കാരണം, ഇടതുപക്ഷമുന്നണി ഭരണകാലത്ത് സി.പി.ഐ.(എം)-ന്റെ ഓഫീസിൽ പോയി കവാത്ത് നടത്തി നട്ടെല്ല് നിവരാത്ത ചില പോലീസ് ഉദ്യോഗസ്ഥന്മാർ സേനയിലുണ്ടാകും. അവരെ തിരിച്ചറിഞ്ഞുകൊണ്ട്, അത്തരംം കള്ള നാണയങ്ങളെ നിലയ്ക്കുനിറുത്തിക്കൊണ്ട് കേരള പോലീസിനെ മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചാൽ മാത്രമേ കേരളത്തിലെ പോലീസ് സംവിധാനം ഇനിയും ലോകത്തിന് മാതൃയാക്കാൻ സാധിക്കുകയുള്ളു. അതുകൊണ്ട് കേരള പോലീസിനെ ഏറ്റവും കാര്യക്ഷമമായി, വളരെ ശാസ്ത്രീയമായി മുന്നോട്ടു കൊണ്ടുപോയ ആഭ്യന്തര മന്ത്രിയുടെ ഈ ധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സി.കെ. നാണു: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. നാഷണൽ ക്രൈം റിക്കോർഡ് അനുസരിച്ച് ദേശീയ ശരാശരിയെക്കാൾ കൂടുതൽ കൊലപാതകങ്ങൾ കേരളത്തിൽ നടന്നിട്ടുണ്ട്. അതിന്റെ തോത് വർദ്ധിച്ചുവരികയാണ്. ഇവിടെ ശ്രീ. എളമരം കരീം സംസാരിച്ചപ്പോൾ വടകരയിലെ കൊലപാതകവുമായി ബന്ധപ്പെട്ടുകൊണ്ട് മന്ത്രിമാരടക്കമുള്ള പ്രധാനപ്പെട്ട ആളുകൾ അവിടെ നടത്തിയ സന്ദർശനത്തെ സംബന്ധിച്ച് ആക്ഷേപമുന്നയിച്ചു. ഞാൻ വടകര സ്വദേശിയാണ്. ആ

കേസ് നല്ല നിലയിൽ നടക്കണം. പക്ഷെ ഈ സഭയിലെ എം.എൽ.എ. ആയ ശ്രീമതി കെ. കെ.ലതികയുടെ ഭർത്താവ് ഒരു കേസ്സിന്റെ പേരിൽ ജയിലിലാണ്. അദ്ദേഹം കോടതിയിൽ ജാമ്യാപേക്ഷ നൽകിയിട്ടുണ്ടാകാം, പ്രതി എന്നുള്ള നിലയ്ക്ക് അന്വേഷണവും നടക്കുന്നുണ്ടാകും. പക്ഷെ അദ്ദേഹം ജയിലിലായിരിക്കുന്ന സമയത്ത്, ശ്രീമതി കെ. കെ. ലതിക വീട്ടിലുള്ളപ്പോൾ അവരുടെ മകനെ അന്വേഷിച്ച് രണ്ട് പോലീസ് വാനുകൾ രാത്രിയിൽ വീട്ടിലെത്തുകയുണ്ടായി. ഇങ്ങനെ ഒരു ഭീകരാവസ്ഥ രാജ്യത്തുണ്ടോ; കണ്ണൂരിൽ അന്തർദ്ദേശീയ സ്പോർട്സ് മത്സരം നടക്കാൻപോകുന്ന ഈ അവസരത്തിൽ സ്പോർട്ട്സ് കൗൺസിലിന്റെ ചെയർമാനായിരുന്ന ഈ ചെറുപ്പക്കാരനെ ഇങ്ങനെ കുറ്റം ചുമത്തി നാടുകടത്തേണ്ട ഒരവസ്ഥ നമ്മുടെ നാട്ടിലുണ്ടോ? കാര്യങ്ങൾ ഇങ്ങനെ നടത്തേണ്ടതുണ്ടോയെന്ന് ആലോചിക്കേണ്ടതാണ്. ഇരു മുന്നണികളും മാറി മാറി ഭരണം നടത്തുന്ന ഈ സംസ്ഥാനത്ത് ദൗർഭാഗ്യകരമായ പല സംഭവങ്ങളുമുണ്ടായിട്ടുണ്ട്. ഏത് രാഷ്ട്രീയ പാർട്ടിയുടെ നേതൃത്വത്തിലായാലും കൊലപാതകം നടത്തുന്നത് പാപമാണ്. എങ്ങനെ നമ്മുടെ നാടിനെ അതിൽനിന്നും രക്ഷപ്പെടുത്താൻ സാധിക്കുമെന്ന് നമ്മൾ ആലോചിക്കേണ്ടതാണ്. എല്ലാ രാഷ്ട്രീയ കൊലപാതകങ്ങളേയും ഒരുപോലെ കാണാൻ സാധിക്കണം. ബഹുമാനപ്പെട്ട അബ്ദുറഹിമാൻ രണ്ടത്താണി കൊലപാതകങ്ങളുടെ മേൽ നടപടി സ്വീകരിക്കുന്നതിന്റെ ഫലമായുള്ള ശാന്തതയെക്കുറിച്ച് പറഞ്ഞു. പക്ഷെ, മലപ്പുറം ജില്ല ശാന്തമാണോ? രണ്ട് മുസ്ലീം സഹോദരിമാർ കൊലപാതകങ്ങളുടെപേരിൽ വിധവകളായി. ആരാണ് പ്രതികൾ; അതിന്റെ അന്വേഷണം എന്തായി? അതിന്റെ ഭാഗത്തേക്കൊന്നും ഞാൻ പോകുന്നില്ല. ഇവിടെ കൊലപാതകത്തെക്കുറിച്ച് പറയുമ്പോൾ അതുകൂടി സൂചിപ്പിച്ച് പറയേണ്ടതല്ലേ; അതല്ലേ സാമാന്യ മര്യാദ.

ഏത് കൊലപാതകമായാലും കൊലപാതകങ്ങളെ സംബന്ധിച്ച് വ്യക്തമായ രൂപത്തിലുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാരിന് സാധിക്കേണ്ടതാണ്. അതിനെ സംബന്ധിച്ച് അത്രമാത്രമേ ഞാൻ പറയുന്നുള്ളൂ. ഒരു ഭാഗത്ത് നിങ്ങൾ രാഷ്ട്രീയം കാണാൻ ശ്രമിച്ചു. പാർട്ടി ഇലക്ഷനുമായി ബന്ധപ്പെട്ട് തൃശ്ശൂരിൽ നടന്ന ഒരു കൊലപാതകം സംബന്ധിച്ചുള്ള വസ്തുതകൾ നാടിനു മുമ്പാകെ വരുന്നു. കോൺഗ്രസ് നേതൃത്വത്തിലുള്ള ഒരു ഗവൺമെന്റ് അധി കാരത്തിലുള്ളപ്പോൾ മന്ത്രിമാർക്ക് അവിടെ പോകാൻ മാനസികമായി ബുദ്ധി മുട്ടുണ്ടാകുന്ന സാഹചര്യമുണ്ടാകുന്നു. ഇതൊക്കെ രാജ്യത്ത് സ്വാഭാവിക മായി ഉണ്ടാകുന്ന കാര്യങ്ങളാണ്. ഇതൊക്കെ ഒരു വലിയ പ്രശ്നമെന്നുള്ള നിലക്ക് നമ്മൾ കാണരുത്. പക്ഷെ ഏത് മേഖലയിലായാലും കൊലപാതകം നടത്തിയ കുറ്റവാളികൾ ശിക്ഷിക്കപ്പെടണം. പക്ഷെ അത് വ്യക്തമായ തെളി വുകളുടെ അടിസ്ഥാനത്തിലായിരിക്കണം. കുറച്ച് പ്രായമുള്ള ഒരു രാഷ്ട്രീയ പ്രവർത്തകൻ എന്നുള്ള നിലക്ക് ഞാൻ ഇത്തരം പല കാര്യങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ള ആളാണ്. പല രാഷ്ട്രീയനേതാക്കളും പ്രതികളായിട്ടുള്ള കേസ്സുകളെക്കുറിച്ച് എനിക്കറിയാം. അതൊക്കെ കോടതിയിൽ വിചാരണ നടത്തി പ്രതികൾ കുറ്റം ചെയ്തവരാണോ എന്നുള്ള കാര്യം കോടതി തീരുമാ നിക്കുകയും ശിക്ഷിക്കപ്പെടുകയും ചെയ്യുന്നു. അത് കഴിഞ്ഞ കാലങ്ങളിലും നമ്മുടെ നാട്ടിൽ അംഗീകരിക്കപ്പെട്ടിരുന്നു. അതുകൊണ്ട് എനിക്ക് പറയാ നുള്ളത് ഇത്തരം പ്രശ്നങ്ങളെ സംബന്ധിച്ച് സമമായ ഒരു നിലപാട് സ്വീകരി ക്കാൻ ഗവൺമെന്റ് സന്നദ്ധമാകണം. സ്പോർട്സ് കൗൺസിലിന്റെ ചെയർമാ നായിരുന്ന ഒരാളെ നാടുകടത്തിയതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിൽ ആയി രക്കണക്കിന് ചെറുപ്പക്കാർ രാപ്പകലില്ലാതെ സമരം നടത്തുന്നു, ഞാനും അവിടെ പോയിരുന്നു. ഞാൻ മലബാർ ഭാഗത്തുള്ള പ്രശ്നങ്ങളാണ് പറയു

ന്നത്. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഒരു കാരണവശാലും ഉണ്ടാകരുത്. അത് നമ്മുടെ നാടിന് ഗുണകരമല്ല. സമയക്കുറവുമൂലം ഞാൻ മറ്റ് കാര്യങ്ങളിലേക്ക് കടക്കുന്നില്ല. ഇവിടെ ബഹുമാനപ്പെട്ട പാലോട് രവി പറഞ്ഞതുപോലെ റോഡുകൾ വളരെ അപകടകരമായ സ്ഥിതിയിലാണ്. ദിവസവും നാട്ടിലുണ്ടാകുന്ന ബൈക്ക് ആക്സിഡന്റുകളിലും മറ്റും മരണമടയുന്നവരുടെ കുടുംബക്കാരോടൊപ്പം കണ്ണീർ വാർക്കേണ്ട ഒരവസ്ഥയാണ് എം.എൽ.എ.-മാർ എന്നുള്ള നിലയിൽ നമുക്കുള്ളത്. ഇതിനൊരു പരിഹാരം കാണാൻ പോലീസ് ഡിപ്പാർട്ടുമെന്റും ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റും ഒരുമിച്ച് ചേർന്ന് ശക്തമായ നീക്കങ്ങൾ നടത്തേണ്ടതാണ്. ഒരു ഗവൺമെന്റ് എന്ന നിലക്ക് സമൂഹത്തിന് നമ്മളോട് നന്ദി ഉണ്ടാകണമെങ്കിൽ ഈ അപകടമരണങ്ങളിൽനിന്ന് നമ്മുടെ നാട്ടിലെ ജനങ്ങളെ രക്ഷിക്കാനാവശ്യമായ നടപടികൾ സംയുക്തമായി സ്വീകരിക്കാൻ സാധിക്കണം. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. സാമൂഹികമായിട്ടുള്ള വളർച്ചയുടെ സവിശേഷകതകൾകൊണ്ട് ലോകത്തിന്റെ ഭൂപടത്തിൽത്തന്നെ ശ്രദ്ധേയമായ സ്ഥാനം പിടിച്ചുപറ്റിയിട്ടുള്ള നാടാണ് കേരളം. നവോത്ഥാന പ്രസ്ഥാനങ്ങൾ കൊളുത്തിയ സാമൂഹ്യമാറ്റത്തിന്റെ കൈത്തിരി കെടാതെ, ആത്മാഭിമാനത്തോടുകൂടിത്തന്നെയാണ് ഇടതുപക്ഷ പുരോഗമന പ്രസ്ഥാനങ്ങൾ കേരളത്തെ മുന്നോട്ടുനയിച്ചത്. ആ പ്രവർത്തനങ്ങൾ തന്നെയാണ് നട്ടെല്ലുയർത്തി നിൽക്കുന്ന ഒരു സമൂഹമായി മാറാൻ കേരളീയരെ പ്രാപ്തമാക്കിയത്. എന്നാൽ, സ്വാമി വിവേകാനന്ദൻ 'ഭ്രാന്താലയ'മെന്ന് വിശേഷിപ്പിച്ച ആ സമാന സാഹചര്യങ്ങളി

ലേക്കാണ് ഈ സർക്കാർ ഇന്ന് കേരളത്തെ നയിച്ചുകൊണ്ടിരിക്കുന്നതെന്ന് നമുക്ക് കാണാൻകഴിയും. സ്ത്രീകളുടെ സുരക്ഷയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കേരളത്തിന്റെ ചിത്രം അതീവ ദയനീയമാണ്. സ്ത്രീ തുല്യതയുടെ മന്ത്രാക്ഷരികൾ മുഴങ്ങിയിരുന്ന കേരളത്തിന്റെ തെരുവോരങ്ങളിലിന്ന് ബാല്യ –വാർദ്ധക്യ ഭേദമില്ലാതെ സ്ത്രീ സമൂഹം വേട്ടയാടപ്പെടുന്ന ദയനീയമായ ചിത്രമാണ് നമ്മുടെ മുന്നിലുള്ളത്. ഇരകൾക്ക് തുണയാകേണ്ട ഭരണാധികാരികൾ വേട്ടക്കാർക്കൊപ്പം ചേരുന്ന വാർത്തകളാണ് നമ്മുടെ ചുറ്റിലും നിറയുന്നത്. കേരളത്തിൽ അധികാരത്തിന്റെ ഇടനാഴികളിൽ ജീർണ്ണതയുടെ പ്രതിരൂപങ്ങൾ നിറഞ്ഞാടുകയാണ് എന്നുവേണം പറയാൻ. സാമൂഹ്യ അരക്ഷിതാവസ്ഥയും മാഫിയാ സംസ്കാരവും പടരുന്നതിൽ ഈ സർക്കാരിന് ഒട്ടുംതന്നെ ആശങ്കയില്ല. നമ്മുടെ രാജ്യത്ത് മുമ്പെങ്ങുമില്ലാത്തവിധം ക്രമസമാധാന പ്രശ്നങ്ങൾ വളരുകയാണ്. സ്ത്രീകൾക്കെതിരായിട്ടുള്ള അക്രമങ്ങളുടെ കാര്യത്തിലും മറ്റ് സംസ്ഥാനങ്ങൾക്കുമുമ്പിൽ കേരളം ലജ്ജിച്ചു നിൽക്കുകയാണ്. സാംസ്കാരിക സമ്പന്നതയുടെ പ്രതീകമായ കേരളത്തിൽ ഇത്തരമൊരവസ്ഥ സംജാതമായതിൽ നമുക്കെല്ലാവർക്കും ദുഃഖിക്കേണ്ടിവരുന്നു. മോഷണക്കേസ്സുകളുടെ റിപ്പോർട്ടുകളും കണക്കുകളുമെല്ലാം ദിവസവും പത്രങ്ങളിൽ വരികയാണ്. സാമൂഹ്യ പരിതസ്ഥിതിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കേരളത്തിന്റെ അവസ്ഥയെക്കുറിച്ചുള്ള വാർത്തകളും കണക്കുകളും നിരന്തരം വന്നുകൊണ്ടിരിക്കുകയാണ്. അവയെല്ലാം നമ്മെ ഞെട്ടിപ്പിക്കുന്ന തരത്തിലുള്ളതാണ്. മോഷണക്കേസ്സ് – 8515, പിടിച്ചുപറിക്കേസ്സ് – 1612, ഭവനഭേദനം– 5864, വീടുകളിൽ നടന്നിട്ടുള്ള മോഷണം– 2427, വീടുകളിൽ നടന്ന കവർച്ച – 188, ദേവാലയങ്ങളിൽ നടന്നിട്ടുള്ള

മോഷണം – 626, കവർച്ചക്കിടയിലെ കൊലപാതകങ്ങൾ – 17, കൊലപാതകക്കേസ്സുകൾ – 543......., കണക്കുകൾ ഇങ്ങനെ നീണ്ടുപോകുകയാണ്. ഞാൻ അതിന്റെ മുഴുവൻ കണക്കുകൾ പറഞ്ഞാൽ അതിനുമാത്രമേ സമയമുണ്ടാകൂ എന്നുള്ളതുകൊണ്ട് അതിലേക്ക് കടക്കുന്നില്ല. ഒറ്റയ്ക്കു താമസിക്കുന്ന വീട്ടമ്മമാർ നിരവധിയുള്ള നാടാണ് കേരളം. അവർക്ക് ഒറ്റയ്ക്ക് വീടുകളിൽ താമസിക്കാൻ കഴിയാത്ത സാഹചര്യത്തിലേക്ക് കേരളം എത്തിപ്പെട്ടിരിക്കുന്നു. വർഗ്ഗീയത കേരളത്തിലുണ്ടാകാൻ പാടില്ലെന്ന് ആഗ്രഹിക്കുന്നവരാണ് കേരളീയർ. പക്ഷെ നിർഭാഗ്യകരമന്നു പറയട്ടെ, വർഗ്ഗീയ സ്വഭാവമുള്ള 559 കേസ്സുകൾ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നു. തൊഴിൽ തട്ടിപ്പുമായി ബന്ധപ്പെട്ട് 429 കേസ്സുകൾ ഈ കാലഘട്ടത്തിൽ വന്നിരിക്കുന്നു. ഇങ്ങനെ നിരവധി സംഭവങ്ങളാണ് ഇന്ന് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ഇവിടെ ആർക്കും രക്ഷയില്ല എന്നതിന്റെ ഉദാഹരണങ്ങൾ നമ്മുടെ മുമ്പിലുണ്ട്. 8 വർഷക്കാലമായി കോൺഗ്രസ്സിന്റെ സംസ്ഥാന ഘടകത്തെ നയിച്ചുകൊണ്ടിരിക്കുന്ന ശ്രീ. രമേശ് ചെന്നിത്തലയാണ് ഇപ്പോൾ ഈ സർക്കാരിന്റെ നിഗൂഢതകൾ നിറഞ്ഞ കരുനീക്കങ്ങളുടെ ഇര എന്നാണ് ഇപ്പോൾ വാർത്തകൾ കാണുമ്പോൾ മനസ്സിലാകുന്നത്. മുഖ്യനായില്ലെങ്കിൽപോലും ഒരു രണ്ടാമനാകാനെങ്കിലും അദ്ദേഹത്തിന് ആഗ്രഹമുണ്ടെന്നുള്ള റിപ്പോർട്ടുകൾ വരികയാണ്. അങ്ങനെയാണെങ്കിൽ ആഭ്യന്തര വകുപ്പ് കൊടുക്കണം. ആഭ്യന്തര വകുപ്പ് കൈവിട്ടാലുണ്ടാകുന്ന അപകടത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നല്ല ബോധ്യമുണ്ട്. അതുകൊണ്ട് ആ വകുപ്പ് കൊടുക്കാൻ ഒരു കാരണവശാലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് താത്പര്യമുണ്ടാവില്ലെന്നും നമുക്കറിയാം. മാത്രമല്ല, രണ്ടാം

സ്ഥാനക്കാർ മുസ്ലീംലീഗിന്റെ ആളുകളാണ്, അതുകൊണ്ട് നിങ്ങൾ അതാവശ്യപ്പെടണം, മുടക്കണം എന്ന രീതിയിലുള്ള ഇടപെടൽ നടത്തുകയാണ്. ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിക്കാണെങ്കിൽ ഒരു കാരണവശാലും ആ സ്ഥാനം വിട്ടുകൊടുക്കാൻ താത്പര്യമില്ല. എന്തായാലും അത് അവരുടെ ആഭ്യന്തര പ്രശ്നമാണ്.

അതുപോലെ അധികാര ദുർവിനിയോഗത്തെ സംബന്ധിച്ചുള്ള കാര്യങ്ങൾ....സർക്കാരിന്റെ മറ്റുപ്രവർത്തനങ്ങളെ മറച്ചുവയ്ക്കാൻ കഴിയുന്ന വിധത്തിൽ നല്ല രീതിയിലാണ് മന്ത്രിസഭാ പുന:സംഘടനയെ ഉപയോഗിച്ചിട്ടുള്ളത്. ജനകീയ പ്രശ്നങ്ങൾ പൊതുധാരയിൽ നിന്നും മാറ്റി നിറുത്തുന്നതിനുവേണ്ടി മാധ്യമങ്ങളും നല്ല നിലയിൽ അതിനെ ഉപയോഗിച്ചുവെന്നുള്ള അഭിപ്രായമാണുള്ളത്. സ്ത്രീപീഡനങ്ങളും ശിശു പീഡനങ്ങളും സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം സാധാരണ ജനങ്ങൾ അനുഭവിക്കുന്ന വിഷയങ്ങളാണ്. അതിനെയെല്ലാം മാറ്റിനിറുത്തപ്പെടുന്ന രീതിയിലേയ്ക്കാണ് ഇപ്പോൾ കാര്യങ്ങൾ പൊയ്ക്കൊണ്ടിരിക്കുന്നത്. ജനങ്ങൾക്ക് സുരക്ഷ നൽകുന്ന കാര്യങ്ങളിൽ ഗവൺമെന്റ് അമ്പേ പരാജയപ്പെട്ടിരിക്കുന്നുവെന്ന് വേണം പറയാൻ. ഇതിന്റെ ഉദാഹരണമെന്ന നിലയ്ക്ക് ചൂണ്ടിക്കാണിക്കാനുള്ളത്, നിയമസഭയിൽ ആഭ്യന്തരവകുപ്പുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്കുള്ള ഉത്തരംപോലും സമയബന്ധിതമായി ലഭിക്കുന്നില്ല എന്നതാണ്. സഭയിൽ ഞാൻ തന്നെ നൽകിയിട്ടുള്ള നിരവധി ചോദ്യങ്ങൾക്കുള്ള മറുപടി ഇതുവരെ ലഭിച്ചിട്ടില്ല. എങ്കിൽപ്പോലും അടുത്തിടെ വന്നിട്ടുള്ള ചില റിപ്പോർട്ടുകളനുസരിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ നടന്നിട്ടുള്ള സ്ത്രീപീഡനങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട

ആഭ്യന്തര വകുപ്പുമന്ത്രി സഭയിൽ മറ്റുചിലർക്ക് നൽകിയ മറുപടിയിൽനിന്ന് വ്യക്തമാകുന്നത് 27264 സ്ത്രീപീഡന കേസുകൾ ഉണ്ടായിട്ടുണ്ടെന്നാണ്. സ്ത്രീപീഡനങ്ങൾ നടക്കുന്നു. അതെല്ലാം ഇന്നത്തെ മാധ്യമങ്ങളുടേയും ആധുനിക യുഗത്തിലുള്ള സാങ്കേതിക വിദ്യയുടെയും നേട്ടമാണെന്നാണ് ഭരണപക്ഷത്തുള്ള ചില ആളുകൾ അഭിമാനിക്കുന്നത്. സ്ത്രീകൾക്കെതിരായ അക്രമങ്ങൾ നടക്കുന്നുവെന്നതല്ല, അതിനെയൊരു നേട്ടമായി എടുത്തുകാണിക്കാനാണ് അവർ ആഗ്രഹിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിൽ 9072 ലൈംഗിക പീഡനങ്ങൾ ഈ കാലയളവിൽ നടന്നിരിക്കുകയാണ്. ബലാൽസംഗവുമായി ബന്ധപ്പെട്ട് 186 ജീവനുകളാണ് കേരളത്തിന് വില കൊടുക്കേണ്ടി വന്നത് എന്നുള്ളത് ഭരണകൂടം അറിയുന്നത് നല്ലതാണ്. 5 വയസ്സിന് താഴെയുള്ള ലൈംഗിക പീഡനത്തിനിരയായ കുട്ടികളുടെ എണ്ണം 30 ആണ്. 5 വയസ്സ് എന്നൊക്കെ പറയുമ്പോൾ നമ്മൾ ഓമനിച്ച്, ലാളിച്ച് വളർത്തേണ്ട സന്ദർഭങ്ങളിൽ കുട്ടികൾക്കുണ്ടാകുന്ന പീഡനത്തിൽ എങ്ങനെയാണ് അതിലുൾപ്പെട്ടവരെ ശിക്ഷിക്കുന്നതിന് നിലവിലുള്ള നിയമം കൊണ്ട് കഴിഞ്ഞിട്ടുണ്ടോ എന്നുള്ളത് പരിശോധിക്കണം. കേരളത്തിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ പീഡനങ്ങൾ 2115-ഉം ലൈംഗിക പീഡനത്തിനിരയായവർ 2211-ഉം തട്ടിക്കൊണ്ട് പോയവരുടെ എണ്ണം 427- ഉം ആണ്. തലസ്ഥാന നഗരമായ തിരുവനന്തപുരത്താണ് ഏറ്റവും കൂടുതൽ പീഡനത്തിനിരയായിട്ടുള്ളത്. ഇവിടെ 335 പേർ ഈ കാലത്തിനിടയ്ക്ക് പീഡനത്തിനിരയായി എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അതുപോലെ ട്രെയിൻ യാത്രയ്ക്കിടെ പീഡിപ്പിക്കപ്പെട്ട സ്ത്രീകളുടെ എണ്ണം 104–ഉം ബസ്സ്

യാത്രയ്ക്കിടെ 60-ഉം സ്ത്രീപീഡനത്തിന്റെ ഫലമായുണ്ടായ മരണം 48-ഉം ആണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കേരളത്തിന്റെ ഒരു സമകാലീന ചിത്രമാണ് ഇത് വ്യക്തമാക്കുന്നത്. കോഴിക്കോട് ജില്ലയിൽ ചക്കിട്ടപ്പാറ പഞ്ചായത്ത് വൈസ് പ്രസിഡന്റായ സുബൈദ മജീദിന്റെ കഴുത്തിൽനിന്നും 5 പവന്റെ ഒരു മാല മോഷണം പോയി. അവർ പരാതി കൊടുത്തു. ഒരു ജനപ്രതിനിധിക്കുണ്ടായ അനുഭവത്തിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇങ്ങനെ എത്ര സംഭവങ്ങളാണ് നമ്മുടെ കേരളത്തിൽ നടക്കുന്നത്. കേസ് കൊടുത്താൽപ്പോലും ആ കാര്യങ്ങളൊന്നും പരിശോധിക്കാൻ ആഭ്യന്തര വകുപ്പിന് സമയമില്ല. ഇപ്പോൾ പ്രത്യേകിച്ച് സമയമില്ല. പോലീസിന് അതിനുള്ള ഒരു സമയമില്ലാത്ത കാലമാണ്. യൂത്ത് കോൺഗ്രസ് തെരഞ്ഞെടുപ്പും (എ), (ഐ) ഗ്രൂപ്പുകൾ തമ്മിലുള്ള തർക്കവും അതിന് അകമ്പടി സേവിക്കാനുള്ള പോലീസും, അതെല്ലാം കണ്ട് കേരള ത്തിലെ ജനങ്ങൾ പകച്ചു നിൽക്കുകയാണ്. അതല്ലേ ഇപ്പോൾ കേരളത്തിന്റെ ഒരവസ്ഥ? ക്രമസമാധാനം തകർക്കുന്ന രീതിയിലേയ്ക്ക് കോൺഗ്രസ്സിന്റെ ഭരണം എത്തിപ്പെട്ടിരിക്കുന്നുവെന്നതിന്റെ ഉദാഹരണമാണിത്. അതു കൊണ്ടാണ് നേരത്തെ മറ്റുള്ളവർ സൂചിപ്പിച്ചതുപോലെ, സ്വന്തം ഭാര്യയു ടേയും കുഞ്ഞുങ്ങളുടേയും മുമ്പിൽ വച്ച് ഭർത്താവിനെ, കോൺഗ്രസ്സുകാര നായ കുടുംബനാഥനെ, വെട്ടിക്കൊന്നപ്പോൾ അവിടേയ്ക്ക് ഒന്ന് തിരിഞ്ഞു നോക്കാൻ പോലും കോൺഗ്രസ്സ് നേതൃത്വത്തിന് സമയമില്ലാതെ പോയ ഒരു കാലമാണ് ഇത് എന്നത് ഏറെ അപകടകരമായ ഒരു അവസ്ഥയാണ്. ഭരണ കൂടത്തിന്റെ ഭീകരതയും ഇരട്ടനീതിയും ഇപ്പോൾ കേരളത്തിൽ വലിയ രീതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. അതിന് ദൂരേയ്ക്ക് ഒന്നും

പോകേണ്ട ആവശ്യമില്ല. ഒരു രാഷ്ട്രീയ പകപോക്കൽ തന്നെ നടക്കുകയാണ്. നിയമസഭാ സാമാജികയായ ശ്രീമതി കെ.കെ. ലതികയുടെ ഭർത്താവിനെ ജയിലിലടച്ചു. അതുകൊണ്ടും യു.ഡി.എഫ്. സർക്കാരിന് തൃപ്തിയടയുന്നില്ല. 308 വകുപ്പ് പ്രകാരം ഒരു കേസുപോലുമില്ലാത്ത ചെറുപ്പക്കാരന്റെ പേരിൽ, ഒരു വിദ്യാർത്ഥിയുടെ പേരിൽ കേസ്സെടുത്തുകൊണ്ട് KAAPA നിയമത്തിന്റെ പേരിൽ ജയിലിലടയ്ക്കാൻ തീരുമാനിക്കുകയും നാടുകടത്തപ്പെടുകയും ചെയ്യുകയാണ്. എങ്ങോട്ടാണ് നമ്മുടെ രാജ്യത്തിന്റെ പോക്ക് എന്ന് ആലോചിച്ച് നോക്കൂ. എന്നിട്ട് പോലീസിന്റെ നല്ല മുഖത്തെക്കുറിച്ച് സംസാരിക്കാൻ, നന്മയുടെ മുഖമാണ് കേരളത്തിലെ യു.ഡി.എഫ്.-ന്റെ പോലീസിന് എന്നാണ് ഇവിടെ അഭിപ്രായപ്പെട്ടത്. നിങ്ങൾ ഒന്ന് ആലോചിച്ച് നോക്കൂ. ഇതൊക്കെയാണോ പോലീസിന്റെ നല്ലമുഖമെന്ന് പറയുന്നത്? ഭരണകൂടത്തെ സംബന്ധിച്ചിടത്തോളം അവരുടെ ഭാഗത്തുമാത്രം, അവരുടെ ആളുകൾക്ക് അതിനുള്ള നേട്ടമുണ്ടായിട്ടുണ്ടാവാം. ചിലപ്പോൾ അതുകൊണ്ടായിരിക്കാം അത്തരം......

<u>ശ്രീ. സാജു പോൾ</u>: സർ, ഇന്നലെ ടി.പി. ചന്ദ്രശേഖരന്റെ കൊലപാതക കേസിൽ വാളെടുക്കുന്നത് കണ്ടുവെന്ന് പറഞ്ഞ സാക്ഷികൾ ഉൾപ്പെടെ 51 പേരാണ് കൂറുമാറുകയുണ്ടായത്. കേരളാ പോലീസിന്റെ ചരിത്രത്തിൽ, ഇത്രയേറെ സാക്ഷികൾ കൂറുമാറിയ ഒരവസ്ഥ ഉണ്ടായിട്ടില്ല. ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ എത്രയോ ദിവസം അവിടെ സന്ദർശനം നടത്തുകയും എത്രമാത്രം കാര്യങ്ങളിൽ നേരിട്ട് ഇടപെട്ടിട്ടുമുണ്ട്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ‘രാമരാമ’ എന്ന് പ്രാർത്ഥിച്ചിരുന്നത് ‘രമ രമ’ എന്നാക്കി മാറ്റിയിരിക്കുന്നു. ഇക്കാര്യം മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി കെ.എസ്. സലീഖ: ഈ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സമയക്കുറവുകാരണം ഞാൻ വിശദീകരിക്കാതിരുന്നതാണ്. ടി.പി. ചന്ദ്രശേഖരൻ വധവുമായി ബന്ധപ്പെട്ടുകൊണ്ട് യു.ഡി.എഫ്. –ന്റെ ആളുകളെല്ലാം നിരന്തരം രമയെ സന്ദർശിക്കാൻ പോകുകയാണ്. ഈ രാജ്യത്ത് ഒരാളും കൊല്ലപ്പെടണമെന്ന് ആഗ്രഹിക്കുന്നവരല്ല ഞങ്ങൾ. അവിടെയും പക്ഷപാതമാണ്. ഇത് (എ), (ഐ) ഗ്രൂപ്പുകളുടെ പേരിൽ തർക്കം നടക്കുന്ന കാലമാണ്. സ്വന്തം പാർട്ടിയിലെ നേതാവ് മരിച്ചപ്പോൾ അവിടേയ്ക്ക് ഒന്ന് തിരിഞ്ഞുനോക്കാൻ കഴിയാത്തവർ ഒരു രാഷ്ട്രീയ പകപോക്കൽ നടത്താൻ ഇതൊരു അവസരമാക്കാൻ കഴിയുമോയെന്നുള്ളതിന്റെ പേരിലാണ് ടി.പി. ചന്ദ്രശേഖരൻ വധവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സന്ദർശനം നടത്തുന്നത്. ഞാൻ ആ കാര്യങ്ങളിലേയ്ക്ക് കൂടുതൽ കടക്കുന്നില്ല. ഇന്ന് പോലീസിന്റെ കാര്യമായിട്ടുള്ള പ്രവർത്തനങ്ങൾ നടക്കുന്നത് രാജ്യത്തെ സുരക്ഷയ്ക്കല്ലായെന്ന് നമുക്കറിയാം. ചില പോലീസ് ഉദ്യോഗസ്ഥരുടെ പ്രധാന തൊഴിലിനെക്കുറിച്ചൊക്കെ ദിവസേന വാർത്ത വരികയാണ്. മനുഷ്യക്കടത്ത്, പാറക്കടത്ത്, മോഷണം, പിടിച്ചുപറി, കള്ളനോട്ട് വ്യവസായം, വട്ടിപ്പലിശ, കൊള്ളപ്പലിശ, ബ്ലേഡ് മാഫിയ ബന്ധങ്ങൾ തുടങ്ങിയ വാർത്തകളാണ് വരുന്നത്.

ശ്രീ. എ.കെ. ബാലൻ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ രമയെ കാണാൻ വേണ്ടി മൂന്ന് പ്രാവശ്യം അവിടെ പോയിട്ടുണ്ട്. കോൺഗ്രസ് നേതാവ് മരിച്ച മധുവിന്റെ ഭാര്യയെ കാണാൻ എത്രപ്രാവശ്യം പോയിട്ടുണ്ട്?

ശ്രീമതി കെ.എസ്. സലീഖ: കേരളത്തിലെ യു.ഡി.എഫ്. ഭരണത്തിന്റെ ഒരു പരാജയമെന്ന് വേണമെങ്കിൽ അതിനെ പറയാം. ശ്രീ. എ.കെ. ബാലൻ പറഞ്ഞ ആ കാര്യത്തെ സംബന്ധിച്ച് ഞാൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇന്ന് കേരളത്തിലെ പോലീസ് എടുക്കുന്ന നിലപാടുകൾ ഇതാണ്. ഈ

രാജ്യത്തിന്റെ സുരക്ഷ അവർക്ക് നോക്കാൻ കഴിയില്ലായെന്നതിന്റെ ഏറ്റവും വലിയ തെളിവാണ്. ജയിലിൽപ്പോലും അതിന് കഴിയുന്നില്ല. കുറ്റവാളികളായ രണ്ട് ആളുകൾ ജയിൽ ചാടിയിരിക്കുകയാണ്. കുറ്റവാളികൾ ജയിൽ ചാടിയിട്ട് മൂന്ന് ദിവസമായി. അവരെ കണ്ടെത്താൻ പോലീസിനെക്കൊണ്ട് സാധിച്ചില്ല. ജയിലിൽ വലിയ അത്യാധുനിക രീതിയിലുള്ള ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. ജയിലിൽ ചപ്പാത്തി വാങ്ങാൻ വരുന്നവരുടെ ഫോട്ടോയടക്കം അതിൽ പതിയുന്നുണ്ട്. മൂന്ന് ആളുകൾ ജയിൽ ചാടുമ്പോൾ അത് കാണാനുള്ള സംവിധാനം അതിനകത്ത് ഉണ്ടായില്ലായെന്ന് പറഞ്ഞാൽ ആരെയാണ് ഇങ്ങനെ പറ്റിച്ചുകൊണ്ടിരിക്കുന്നത് എന്നുള്ളതാണ്. രാഷ്ട്രീയത്തിലെ സങ്കുചിതമായ വിഭാഗീയതകളുടെ ഇടയിലും യഥാർത്ഥത്തിൽ മലിനമാക്കപ്പെടുന്നത്, ഒരു കളിപ്പാട്ടമായി മാറുകയാണ് ആഭ്യന്തര വകുപ്പ് എന്ന് പറയേണ്ടി വരികയാണ്. ജനങ്ങൾ ആഗ്രഹിക്കുന്നത് ഈ നാടിന്റെ സ്വൈര്യമാണ്. ഈ നാട്ടിലെ സ്വൈര്യജീവിതത്തിനും നിയമവാഴ്ചയ്ക്കും ആഭ്യന്തര വകുപ്പ് കാര്യക്ഷമമായി പ്രവർത്തിച്ചേ മതിയാകൂ. അതിനുവേണ്ടി തയ്യാറാകണമെന്നാണ് എനിക്ക് ഇവിടെ സൂചിപ്പിക്കാനുള്ളത്. ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ആഭ്യന്തരവും ജയിലുകളും സംബന്ധിച്ച ധനാഭ്യർത്ഥനകളെ ഞാൻ അതിശക്തമായി പിന്തുണയ്ക്കുകയാണ്. ഒരു സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഏറെ പ്രധാനമാണ് ക്രമസമാധാന രംഗം. ക്രമസമാധാന രംഗത്ത് യു.ഡി.എഫ്. സർക്കാർ വിജയമാണെന്ന് അഭിമാനത്തോടുകൂടി നമുക്ക് വിലയിരുത്താം. പോലീസ് സേനയുടെ പരിഷ്ക്കരണവും കാര്യക്ഷമതയും ഏറെ പ്രാധാന്യമുള്ളതാണ്. പഴയ

കാലത്തെ പോലീസിന്റെ മുഖമെന്ന് പറയുന്നത് പേടിപ്പിച്ചിരുന്ന ഒരു രൂപമാണെങ്കിൽ, ഇന്ന് ആ പോലീസ് സേനയെ ജനമൈത്രി പോലീസിൽ എത്തിച്ചിരിക്കുകയാണ്. കേരളത്തിലെ ജനമൈത്രി പോലീസിനെ ശക്തിപ്പെടുത്തുന്നതിൽ ഈ ഗവൺമെന്റും പ്രത്യേകിച്ച്, ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നടത്തിയിട്ടുള്ള പരിശ്രമങ്ങൾ ഏറെ ശ്ലാഘനീയമാണ്. പോലീസ് ഞങ്ങൾക്ക് പുല്ലാണ് എന്നാണ് ഞാൻ ഉൾപ്പെടെ വിദ്യാർത്ഥിയായിരുന്നപ്പോൾ വിളിച്ചിരുന്നത്. എന്നാൽ ഇന്നത്തെ വിദ്യാർത്ഥികൾക്ക് തോന്നുന്നത് ഞങ്ങളും പോലീസ് ആണെന്നാണ്. സ്റ്റുഡന്റ്സ് പോലീസ് സമൂഹത്തിൽ ഇന്ന് മാലാഖമാരെപ്പോലെ പെരുമാറുകയാണ്. യു.ഡി.എഫ്. സർക്കാർ സ്റ്റുഡന്റ്സ് പോലീസിനെ ശക്തിപ്പെടുത്തുന്നതിന് നടത്തിയിട്ടുള്ള പരിശ്രമങ്ങൾ ഈ രംഗത്ത് ഏറെ ശ്രദ്ധേയമാണ്. യു.ഡി. എഫ്.-ന്റെ കാലത്ത് പോലീസ് കാര്യക്ഷമമാണെന്നാണ് സമകാലിക സംഭവങ്ങൾ തെളിയിക്കുന്നത്. ഇവിടെ നമുക്കറിയാം, ബണ്ടി ചോർ വഴി തെറ്റി വന്നതാണ്. എൽ.ഡി.എഫ്. സർക്കാരാണ് ഇപ്പോഴും കേരളം ഭരിക്കുന്നത് എന്ന് കരുതിയാണ് ബണ്ടി ചോർ വന്നത്. ഇവിടെ മുമ്പ് പല തവണ ബണ്ടി ചോർ വന്നുപോയതാണ്. ഇപ്പോൾ വന്നപ്പോൾ ആൾ അകത്തായി. അതാണ് കേരളാ പോലീസിന്റെ കാര്യക്ഷമത എന്ന് ഈ സന്ദർഭത്തിൽ ഓർമ്മപ്പെടുത്തുകയാണ്. ടി.പി. ചന്ദ്രശേഖരൻ വധക്കേസ്സിലെ പ്രതികളെ പിടിച്ചത് ഇടതുപക്ഷത്തുള്ളവരെ വല്ലാതെ നോവിച്ചിട്ടുണ്ട്. ഒരു ഭർത്താവ് നഷ്ടപ്പെട്ട ഭാര്യ രമയെ പോയി കണ്ടത് വലിയ അപരാധമായിയെന്നാണ് പറയുന്നത്. രമയെ പോയി കണ്ടത് അപരാധമായെങ്കിൽ നിങ്ങൾ നിങ്ങളുടെ പ്രതിപക്ഷ നേതാവിനോടാണ് ആദ്യം പോയി പറയേണ്ടത്. ഒരു പിതൃവാത്സല്യത്തോടുകൂടി രമയെ ശ്രീ. വി.എസ്. അച്ചുതാനന്ദൻ

ആശ്വസിപ്പിച്ചത് ഞങ്ങളൊക്കെ കണ്ടതാണ്. സാക്ഷികളെ കൂറുമാറ്റുന്നതിൽ എന്നും കണ്ണൂരിലെ സഖാക്കൾക്ക് വലിയ മിടുക്കുണ്ടായിട്ടുണ്ട്. അത് ഇപ്പോൾ നിങ്ങൾ നടത്തിയാലും ഇന്ത്യൻ നീതിന്യായ വ്യവസ്ഥക്ക് വിലയുണ്ടെങ്കിൽ, ടി.പി. ചന്ദ്രശേഖരനെ കൊന്നവർ പിടിക്കപ്പെടുക തന്നെ ചെയ്യും, ശിക്ഷിക്കപ്പെടുക തന്നെ ചെയ്യും. ആ കാര്യത്തിൽ നിങ്ങൾക്ക് സംശയം വേണ്ട. ഷുക്കൂർ വധക്കേസ്സിലെ പ്രതികളെ പിടിച്ചതിൽ ഈ സംസ്ഥാനത്തെ ആഭ്യന്തര വകുപ്പും ആഭ്യന്തര വകുപ്പുമന്ത്രിയും കാണിച്ചിട്ടുള്ള ചടുലമായ നീക്കങ്ങളെ പ്രത്യേകമായി കാണേണ്ടതാണ്. മന്ത്രിയുടേയും ഗവൺമെന്റിന്റേയും ഇടപെടലുകൾ കൊണ്ടാണ് കാസർഗോഡിലെ വർഗ്ഗീയ പ്രശ്നങ്ങൾ കുറയാൻ കാരണം. അതുപോലെ ഓപ്പറേഷൻ കുബേരയെക്കുറിച്ച് എന്റെ സ്നേഹിതനായ ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കള്ളപ്പണക്കാർക്കിടയിൽ അതിശക്തമായ ഇടപെടൽ നടത്തി 21 ലക്ഷം രൂപയും 23 പ്രതികളെയും ധാരാളം ഡോക്യുമെന്റ്സുമെല്ലാം പിടിച്ചെടുത്തത് നമ്മൾ കണ്ടതാണ്.

കേരളത്തിലെ പോലീസിനെക്കുറിച്ച് ഇന്ന് ആക്ഷേപങ്ങൾ വളരെ കുറവാണ്. പഴയ കാലത്തുണ്ടായ ധാരാളം സംഭവങ്ങൾ എന്റെ ഓർമ്മയിൽ വരുന്നുണ്ടെങ്കിലും ഞാനതൊന്നും ആവർത്തിക്കുന്നില്ല. പോലീസ് സേനയിൽ ഇനിയും പരിഷ്കാരങ്ങൾ വരുത്തേണ്ടതുണ്ട്. ലാ ആന്റ് ഓർഡറും ഇൻവെസ്റ്റിഗേഷനും രണ്ടാക്കണമെന്ന നിർദ്ദേശം എല്ലാക്കാലത്തുമുള്ളതാണ്. രണ്ട് മേഖലയാക്കിയാൽ രണ്ടിനും കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയും. അങ്ങനെയൊരു പരിഷ്കാരം നമുക്ക് നടപ്പാക്കാവുന്നതാണ്. അതുപോലെ കേസന്വേഷണത്തിൽ പലപ്പോഴും പാളിച്ചകൾ സംഭവിക്കാറുണ്ട്. ചാർജ്

ഷീറ്റ് കൊടുക്കുന്നതിനുമുമ്പ് ഈ കാര്യങ്ങൾ പരിശോധിക്കുവാൻ ഡിവൈ. എസ്.പി ഓഫീസ് തലത്തിൽ പ്രോസിക്യൂഷൻ വിംഗ് ആവശ്യമാണ്. 161 സ്റ്റേറ്റ്മെന്റുകളും കേസ് ഡയറികളുമൊക്കെ പരിശോധിക്കേണ്ടതുണ്ട്. ഇതിന്റെ പോരായ്മകൾകൊണ്ടാണ് പല കുറ്റവാളികളും വിചാരണവേളയിൽ രക്ഷപ്പെടുന്നത്. അത് പരിഹരിക്കുന്നതിന് നമ്മുടെ പരീക്ഷണമായി പ്രോസി ക്യൂഷൻ വിംഗ് ആരംഭിക്കണം. പോലീസിലെ സംഘടനാ സ്വാതന്ത്ര്യത്തിന് പരിധി വേണമെന്നാണ് എന്റെ അഭിപ്രായം. യു.ഡി.എഫ്–ഉം എൽ.ഡി. എഫ്–ഉം അതിന്റെ ഭാഗമാണ്. എങ്കിലും രാഷ്ട്രീയ അതിപ്രസരം ഇപ്പോൾ കൂടുന്നുണ്ട്. മേലുദ്യോഗസ്ഥന്റെ പീഡനമാണ് സംഘടനാ സ്വാതന്ത്ര്യത്തിന് വഴിവച്ചത്. എസ്.പി ക്കും ഡിവൈ.എസ്.പി ക്കും മീനും പച്ചക്കറിയും വാങ്ങാനും കുട്ടികളെ സ്കൂളിൽ കൊണ്ടാക്കാനും പോലീസുകാരെ ഉപയോ ഗിക്കുമായിരുന്നു. അതാണ് സംഘടനാ സ്വാതന്ത്ര്യം അവർക്ക് കൊടുത്തത്. പക്ഷേ അസോസിയേഷൻ തെരഞ്ഞെടുപ്പ് രീതികൾ മാറേണ്ടതുണ്ട്. പോലീ സിൽ അമിതമായ രാഷ്ട്രീയം വേണ്ട. ആർമിയെപ്പോലെ ഒരു സേനയായി പോലീസിനെ കാണേണ്ടതാണ് എന്നുകൂടി ചൂണ്ടിക്കാണിക്കുകയാണ്. ജയി ലുകളെ സംബന്ധിച്ച് പറയുമ്പോൾ സബ്ജയിലുകളിലും ജില്ലാ ജയിലുക ളിലും വളരെയേറെ പരിഷ്കാരങ്ങൾ ആവശ്യമാണ്. ജയിലുകൾ കാലിത്തൊ ഴുത്തിനെക്കാൾ കഷ്ടമാണ്, വൃത്തി അല്പവുമില്ല, അടിസ്ഥാന സൗകര്യ ങ്ങൾ മെച്ചപ്പെടുത്തണം. റിമാൻഡ് പ്രതികളാണ് കൂടുതലായി സബ്ജയിലുക ളിലും ജില്ലാ ജയിലുകളിലും എത്തുന്നത്. Remand is not a punishment. എത്രയോ നിരപരാധികൾ സാങ്കേതിക നിയമപ്രശ്നങ്ങൾ കാരണം റിമാൻഡി ലാകുന്നുണ്ട്. അവർ അനുഭവിക്കേണ്ടിവരുന്ന യാതനകൾ ജീവിത

ത്തിലൊരിക്കലും മറക്കില്ല. ഒരു സെല്ലിൽ എത്രയോ ആളുകളാണ് കഴിയുന്നത്, ടോയ്‌ലറ്റ് സൗകര്യങ്ങളില്ല, വളരെ മോശമായ സാഹചര്യങ്ങളാണ് അവിടെയുള്ളത്. ഇക്കാര്യങ്ങൾക്ക് പരിഹാരമായി ജില്ലാ ജയിലുകളും സബ്ജയിലുകളും പരിഷ്കരിക്കേണ്ടതാണ്. റിമാൻഡ് പ്രതികളെ 14 ദിവസം കൂടുമ്പോൾ കോടതിയിൽ കൊണ്ടുപോകുന്നതൊഴിവാക്കാൻ നമ്മൾ മുമ്പുണ്ടാക്കിയ സിസ്റ്റമാണ് വീഡിയോ കോൺഫറൻസിംഗ്. കോടികളുടെ ഉപകരണങ്ങൾ വാങ്ങിയതെല്ലാം ഇടതുപക്ഷ ഭരണകാലത്ത് നശിച്ചു. ഇന്ന് ചട്ടങ്ങൾ ഭേദഗതി വരുത്തിയപ്പോൾ ഉപകരണങ്ങൾ നശിച്ചിരിക്കുകയാണ്. പോലീസ് 14 ദിവസം കൂടുമ്പോൾ പ്രതികളെ കൊണ്ടുപോകുന്നത് ധാരാളം പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. മിനിഞ്ഞാന്നുപോലും വീരപ്പൻ റഹീം അദ്ദേഹത്തെ കൊണ്ടുപോയ പോലീസിനെകുത്തിയത് നമ്മൾ കണ്ടതാണ്. ഇത് പലർക്കും ധനനഷ്ടവും പ്രയാസവും മാനഹാനിയുമുണ്ടാക്കുന്നതാണ്. അതുകൊണ്ട് വീഡിയോ കോൺഫറൻസിംഗ് സംവിധാനംതന്നെ നടപ്പിലാക്കണം. ഇങ്ങനെയുള്ള ക്രമസമാധാനപാലനവുമായി മുന്നോട്ടു പോവുകയാണ്. ഇന്നലെ ഇവിടെ നടന്ന ചർച്ചകളിൽ ചിലർ വരാനിരിക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് ചൂണ്ടിക്കാണിക്കുകയുണ്ടായി. ലോക്സഭാ തെരഞ്ഞെടുപ്പ് വരുമ്പോൾ നരേന്ദ്ര മോഡി വരുന്നു എന്ന ഭീതി ജനിപ്പിക്കുന്ന സാഹചര്യമാണ് നമ്മുടെ മുന്നിലുള്ളത്. ഗുജറാത്ത് വംശഹത്യയ്ക്ക് വിധേയരായ ആയിരങ്ങളുടെ കൂട്ടനിലവിളി ഇന്ത്യൻ മതേതര മനസ്സിനെ ആശങ്കപ്പെടുത്തേണ്ട സമയമാണിത്. പക്ഷേ ഇവിടെ ഇടതുപക്ഷം ഗൗരവമായി തങ്ങളുടെ രാഷ്ട്രീയ നിലപാടുകളെ കാണുന്നുണ്ട്. ഇന്നലെ സംസാരിച്ചവർ മൂന്നാം മുന്നണിയെക്കുറിച്ചാണ് പറഞ്ഞത്.

ഏത് മൂന്നാം മുന്നണിയെക്കുറിച്ചാണ് നിങ്ങൾ പറയുന്നത്? ശ്രീമതി മമതാ ബാനർജി പുതിയ ഒരു മൂന്നാം മുന്നണിയുണ്ടാക്കുന്നതിനെക്കുറിച്ചാണോ. ശ്രീമതി മമതാ ബാനർജിയും ശ്രീ. നിതീഷ് കുമാറും ശ്രീ. ബിജുപട്നായിക്കു മുള്ള മൂന്നാം മുന്നണിക്ക് പ്രസക്തിയില്ല എന്നാണ് സി.പി.ഐ.(എം)-ഉം സി.പി.ഐ-യും പറയുന്നത്. പിന്നെ ഏത് മൂന്നാം മുന്നണിയാണ്? നിങ്ങൾ ഇന്നലെ പറഞ്ഞ മൂന്നാം മുന്നണിയുംകൊണ്ട് ശ്രീമതി മമതാ ബാനർജി പോയി. മൂന്നാം മുന്നണി വാദമെന്ന് പറയുന്നത് ചരിത്രത്തിലെ വങ്കത്ത ത്തിന്റെ ആവർത്തനമല്ലേ. അത് മോഡിയെ സഹായിക്കാനല്ലേ. ഇടതുപക്ഷം ദേശീയ രാഷ്ട്രീയത്തിൽ നാറാണത്തുഭ്രാന്തന്റെ ജോലി എടുക്കരുതെന്ന് ഞാൻ പറയാൻ കാരണം, കോൺഗ്രസിനെ ദുർബലമാക്കി നിങ്ങൾ ബി.ജെ.പി. ക്ക് പാതയൊരുക്കി. 1990 കാലയളവിൽ ബി.ജെ.പി വരാനുണ്ടായ സാഹചര്യം നമുക്കറിയാം. തുടർന്ന് ബി.ജെ.പി തുടരാതിരിക്കാൻ നിങ്ങൾ യു.പി.എ. യോടൊപ്പം കൂടി. ഇപ്പോൾ ശ്രീ. നരേന്ദ്ര മോഡി വരാനിരിക്കു മ്പോൾ വീണ്ടും കോൺഗ്രസ്സിനെ ദുർബലമാക്കുന്ന വർത്തമാനമാണ് പറ യുന്നത്. ഇവിടെ ഇടതുപക്ഷം യാഥാർത്ഥ്യം മനസ്സിലാക്കി പെരുമാറണം. അല്ലാതെ വന്നാൽ ചരിത്രം നിങ്ങളെ രാഷ്ട്രീയ വിദൂഷകൻമാരെന്നു വിളിക്കും എന്നതിനെക്കുറിച്ച് നിങ്ങൾക്ക് ബോധമുണ്ടാകണം. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ ഗുമസ്തൻമാരെ മാറ്റിയ ലാഘവത്തോടുകൂടി കോൺഗ്ര സ്സിന്റെ കേരളത്തിലെ മതേതര സർക്കാരിനെ അട്ടിമറിക്കാൻ നിങ്ങൾ ശ്രമിക്ക രുതെന്ന് മനസ്സിലാക്കണം. ചൈന 2020-ൽ അന്താരാഷ്ട്ര ബഹിരാകാശ നില യത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ യൂണിറ്റ് പ്രാവർത്തികമാക്കുമെന്ന് ഇന്നലെ വാർത്തയുണ്ടായിരുന്നു. ഇങ്ങനെ നിരുത്തരവാദപരമായ രാഷ്ട്രീയ

നിലപാടുകൾ സ്വീകരിച്ചാൽ ഇന്ത്യയിലെ സി.പി.ഐ.(എം)-നെ ഇവിടത്തെ മതേതര വാദികൾ ബഹിരാകാശത്തേയ്ക്ക് കെട്ടുകെട്ടിക്കുന്ന നാളുകൾ വിദൂരമല്ലെന്ന് നിങ്ങൾ മനസ്സിലാക്കണമെന്നുകൂടി ഈ സന്ദർഭത്തിൽ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഇവിടെ എന്റെ സഹോദരി ശ്രീമതി കെ.കെ. ലതിക പറയുന്നത് അട്ടപ്പാടിയെക്കുറിച്ച് പറയാനാണ്. എന്റെ നിയോജക മണ്ഡലത്തിലെ മണ്ണാർക്കാട് പോലീസ് സ്റ്റേഷൻ വളരെ വലിയ പോലീസ് സ്റ്റേഷനായിരുന്നു. അത് വിഭജിച്ച് രണ്ടാക്കുവാൻ അങ്ങെടുത്ത തീരുമാനം അങ്ങയുടെ ഭരണചാതുരി തെളിയിക്കുന്നതാണ്. ഇനി എനിക്ക് ആവശ്യപ്പെടാനുള്ളത് ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപോലെ അട്ടപ്പാടിയിലെ സംഭവമാണ്. അട്ടപ്പാടിയിൽ 745 ചതുരശ്ര കിലോമീറ്റർ നിയന്ത്രിക്കുന്നതിന് രണ്ട് പോലീസ് സ്റ്റേഷനുകളാണുള്ളത്. പോലീസുകാരുടെ എണ്ണവും കുറവാണ്. അവിടെ മറ്റൊരു പോലീസ് സ്റ്റേഷന് പ്രൊപ്പോസലുണ്ട്. ഒരു പോലീസ് സ്റ്റേഷൻ പോര, ഒന്നുകൂടി വേണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ചാരായ വാറ്റും മറ്റ് പ്രശ്നങ്ങളുമൊക്കെയുള്ള പ്രദേശമെന്ന നിലയ്ക്ക് (ജനസംഖ്യ കുറവായിരിക്കാം) അട്ടപ്പാടിയിൽ രണ്ട് പോലീസ് സ്റ്റേഷനുകൾ കൂടി അനുവദിക്കാനുള്ള സാഹചര്യമുണ്ടാക്കണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. ഞാൻ എന്റെ സംസാരം ദീർഘിപ്പിക്കുന്നില്ല. ഇവിടെ പ്രതിപക്ഷത്തുള്ള ആളുകൾ ഇങ്ങനെ അസഹിഷ്ണുത കാണിക്കേണ്ടതില്ല. ദേശീയ രാഷ്ട്രീയത്തെ സംബന്ധിച്ച് വളരെ കൃത്യമായ എന്റെ വിലയിരുത്തലിൽ നിങ്ങൾക്ക് വിയോജിപ്പുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കാവുന്നതാണ്. ശ്രീ. നരേന്ദ്ര മോഡി വരുന്നു എന്ന് പറയുമ്പോൾ രാജ്യത്തെ മതേതര വാദികൾ ഭീതിയിലാണ്ട് നിൽക്കുന്ന സന്ദർഭത്തിൽ ഏറ്റവും നിരുത്തരവാദപര

മായ സമീപനമാണ് നിങ്ങൾ സ്വീകരിക്കുന്നത്. കേരളത്തിൽ ഇന്ന് ഓപ്പറേഷൻ ഓംപ്രകാശോ പുത്തൻ പാലം രാജേഷോ ഇല്ല. ഗുണ്ടകളുടെ വിളയാട്ടം അവസാനിച്ചു. ആഭ്യന്തര വകുപ്പ് നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോയ തുകൊണ്ടാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ ബെസ്റ്റ് മിനിസ്റ്ററായി കേരള ജനത തെരഞ്ഞെടുത്തത്. അദ്ദേഹത്തെ അഭിനന്ദിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി ശക്തമായി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽവന്നതിനുശേഷം അവരുടെ പ്രധാനപ്പെട്ട മുദ്രാവാക്യം 'സുന്ദര കേരളം സമൃദ്ധ കേരളം' എന്നാണ് പറയുന്നത്. ക്രിമിനലുകൾക്കും കുറ്റവാളികൾക്കും കൊലപാതകികൾക്കും സുരക്ഷിതതാവളമായി കേരളം മാറിയിരിക്കുകയാണ്. സ്ത്രീകൾക്കും കുട്ടികൾക്കും രക്ഷയില്ലാതായി. ഇന്റർപോൾ തേടുന്ന 24 മലയാളികൾ ഇന്ന് കേരളത്തിലുണ്ടെന്നാണ് ഇന്റർപോൾ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഗുണ്ടകളുടെ വിളയാട്ടമാണ് കേരളത്തിൽ കഴിഞ്ഞ രണ്ട് വർഷക്കാലമായി നടന്നുകൊണ്ടിരിക്കുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കുപോലും ഇവിടെ ജീവിക്കാൻ കഴിയാത്ത സാഹചര്യം അനുദിനം സംജാതമായിക്കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 23773 സ്ത്രീകളെ മാനസികമായും ശാരീരികമായും പീഡിപ്പിച്ചു, 9072 സ്ത്രീകളെ ലൈംഗികമായി പീഡിപ്പിച്ചു, 1975 ബലാത്സംഗം നടന്നതിൽ 186 സ്ത്രീകൾ കൊല്ലപ്പെട്ടു. 30 പിഞ്ചുകുഞ്ഞുങ്ങളാണ് ഈ കാടത്ത ഭരണത്തിന് ഇര

കളായി മാറിയത്. പിഞ്ചുകുഞ്ഞുങ്ങളെ ആരെങ്കിലും പീഡിപ്പിക്കുമോ. കേരളം കാടത്തരത്തിന്റെ ഭാഗമായി മാറുകയാണ്.

ശ്രീ. സി. പി. മുഹമ്മദ്: സർ, പോയിന്റ് ഓഫ് ഓർഡർ ......

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ് ....

ശ്രീ. സി. പി. മുഹമ്മദ്: സർ, പുരുഷൻമാർ സ്ത്രീകളെ പീഡിപ്പിച്ചു എന്ന് കേട്ടിട്ടുണ്ട്. ശ്രീ. കോവൂർ കുഞ്ഞുമോൻ പറഞ്ഞത് ഗവൺമെന്റ് സ്ത്രീകളെ പീഡിപ്പിച്ചു എന്നാണ്. അത് രേഖയിൽ നിന്ന് നീക്കം ചെയ്യണം.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 30 പിഞ്ചുകുഞ്ഞുങ്ങളെ പീഡിപ്പിച്ചുവെന്നാണ് ഞാൻ പറഞ്ഞത്. അല്ലാതെ ഗവൺമെന്റ് പീഡിപ്പിച്ചു വെന്നല്ല. അതിന്റെ ഉത്തരവാദികൾ മുഴുവൻ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും മറ്റ് മന്ത്രിമാരുമാണെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. സ്ത്രീകൾക്ക് ബസ്സിലും ട്രെയിനിലും യാത്ര ചെയ്യാൻ വയ്യ. കേരളത്തിൽ ട്രെയിനിൽ യാത്ര ചെയ്ത 206 സ്ത്രീകളെയും ബസ്സിൽ യാത്ര ചെയ്ത 60 സ്ത്രീകളെയുമാണ് 2 വർഷക്കാലം കൊണ്ട് പീഡിപ്പിച്ചത്. ആരെയെങ്കിലും അറസ്റ്റ് ചെയ്യാൻ കഴിഞ്ഞോ; ഒരാളെയും അറസ്റ്റ് ചെയ്യാൻ കഴിഞ്ഞില്ല. നിങ്ങൾ ആദിവാസി പ്രേമം പറയുന്നുണ്ടല്ലോ. കഴിഞ്ഞ 2 വർഷമായി കേരളത്തിൽ 118 ആദിവാസി പെൺകുട്ടികളെ ശാരീരികമായി മൃഗീയമായി പീഡിപ്പിച്ചു. അത് കണ്ടില്ലെന്ന് നടിക്കാൻ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് കഴിയുമോ? അങ്ങ് സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിൽ വന്ന അതേ ദിവസം ഡൽഹിയിൽ നിന്ന് കുറേ കുറ്റവാളികൾ വിമാനത്തിൽ ഇവിടെയെത്തി പോക്കറ്റടിയും മാല പൊട്ടിക്കലും തുടങ്ങി. കേരളം ഇങ്ങനെ ഭ്രാന്താലയമാക്കണോ. കേരളം ഭ്രാന്താലയമാണെന്ന് സ്വാമി വിവേകാനന്ദൻ ഒരു

കാലത്ത് പറഞ്ഞിട്ടുണ്ട്. ഈ രണ്ട് വർഷക്കാലംകൊണ്ട് അത് അനുവർത്തിച്ച് വരികയാണ്. ഭരണകക്ഷി അംഗങ്ങളും മന്ത്രിമാരും വളരെ മ്ലാനതയിൽ ഇരിക്കുകയാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ തന്റെ സ്ഥാനം എപ്പോൾ പോകുമെന്നുള്ള അങ്കലാപ്പിലാണ്. മന്ത്രിസഭയിലെ എല്ലാവർക്കും അതേ ആശങ്കയുണ്ട്. ഇന്നത്തെ അടിയന്തരപ്രമേയത്തിലൂടെ മുഖ്യമന്ത്രിക്കും അത് ബോധ്യപ്പെട്ടു. ഈ മന്ത്രിസഭയ്ക്ക് ഡെങ്കിപ്പനിയാണ്. ആര് വിചാരിച്ചാലും ചികിത്സിച്ച് ഭേദമാക്കാൻ പറ്റില്ല. മുഖ്യമന്ത്രിക്കും മന്ത്രിസഭയിലെ അംഗങ്ങൾക്കും പ്ലേറ്റ്ലെറ്റ് കൗണ്ട് കുറഞ്ഞുകൊണ്ടിരിക്കുകയാണ്. കൗണ്ട് കുറഞ്ഞാൽ ചികിത്സിച്ച് രക്ഷപ്പെടുത്താൻ കഴിയില്ലെന്നാണ് ഡോക്ടർമാർ പറയുന്നത്. പപ്പായ ഇല ഇടിച്ച് വാട്ടി രണ്ട് ഔൺസ് കുടിച്ചാൽ പ്ലേറ്റ്ലെറ്റ് കൗണ്ട് കൂടുമെന്നാണ് ആയുർവ്വേദത്തിൽ പറയുന്നത്. യു.ഡി.എഫ്. കാർക്ക് പ്ലേറ്റ്ലെറ്റ് കൗണ്ട് കുറഞ്ഞപ്പോൾ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. രമേശ് ചെന്നിത്തലയുടെ കൂമ്പിടിച്ച് വാട്ടി ആവേശം കൊടുക്കുകയാണ് ശ്രീ. ഉമ്മൻ ചാണ്ടി ചെയ്തത്.

<u>മി. ചെയർമാൻ</u> : ശ്രീ. കോവൂർ കുഞ്ഞുമോൻ, അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു, പ്രസംഗം ചുരുക്കണം.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : ഇപ്പോൾ എല്ലാ കള്ളന്മാരും ജയിൽ ചാടിക്കൊണ്ടിരിക്കുകയാണ്. എല്ലാ ജയിലുകളിലും പൊറോട്ട, ചപ്പാത്തി, ഇഡ്ഡലി തുടങ്ങി ഭക്ഷണം ഉണ്ടാക്കുന്നുണ്ട്. റിപ്പർ ജയിൽ ചാടിയ ദിവസവും നല്ല രീതിയിൽ ഭക്ഷണം ഒരുക്കിക്കൊടുത്തു. എന്നാൽ തിരുവനന്തപുരം സെൻട്രൽ ജയിലിലെ ഉദ്യോഗസ്ഥന്മാർക്ക് മയക്കുപൊടി ചേർത്ത് ഭക്ഷണം ഒരുക്കിക്കൊടുത്തതിന്റെ ഫലമായാണ് അവിടത്തെ ഉദ്യോഗസ്ഥന്മാർ മയങ്ങി ഉറങ്ങിപ്പോയത്.

<u>മി. ചെയർമാൻ</u> : ശ്രീ. കോവൂർ കുഞ്ഞുമോൻ, ഇതുകൂടി പറഞ്ഞ് അങ്ങ് പ്രസംഗം ചുരുക്കണം.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സാരികൂട്ടിക്കെട്ടി സുവിശേഷം നടത്തുന്ന ജയിൽ ഐ.ജി. യുടെ മുമ്പിൽ തന്നെയാണ് ഇത്രയും കിരാതമായ ഭരണം നടത്തുന്നത്. എന്ത് ജയിൽ ഐ.ജി. യും പോലീസ് വകുപ്പുമാണെന്ന് എനിക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല.

<u>മി. ചെയർമാൻ</u> : ശ്രീ. കോവൂർ കുഞ്ഞുമോൻ, അങ്ങ് പ്രസംഗം ചുരുക്കണം.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : ഇവിടെ സുവിശേഷ പ്രസംഗം നടത്തിയ തുകൊണ്ട് ആഭ്യന്തര വകുപ്പ് നല്ല രീതിയിൽ ആകുമെന്ന് ഞങ്ങൾ കരുതു ന്നില്ല. ഞാൻ അവസാനിപ്പിക്കുകയാണ്. ശ്രീ. ജി. സുധാകരൻ ഇന്നലെ സൂചിപ്പിച്ചതുപോലെ യു.ഡി.എഫ്. ഭരണത്തിന്റെ അന്ത്യം അടുത്തിരിക്കുക യാണ്. കേന്ദ്രത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ, മതേതര ശക്തി കളുടെ കൂട്ടായ മുന്നണി അധികാരത്തിൽ വരാൻ പോവുകയാണ്. ആ മുന്നണിക്ക് ഏറ്റവും നല്ല ഭരണം നടത്താൻ ശ്രീ. നരേന്ദ്ര മോഡിയെയും ശ്രീ. രാഹുൽ ഗാന്ധിയെയും നിങ്ങൾ പൊക്കിപ്പിടിക്കുന്നു.

<u>മി. ചെയർമാൻ</u>: ശ്രീ. കോവൂർ കുഞ്ഞുമോൻ, അങ്ങ് പ്രസംഗം ചുരുക്കണം, സമയം അതിക്രമിക്കുന്നു.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : കേന്ദ്രത്തിൽ അതിശക്തമായ ഭരണം നടത്താൻ ഇടതുപക്ഷ-മതേതര ശക്തികളുടെ ഗവൺമെന്റ് വരുംനാളു കളിൽ അധികാരത്തിൽ വരാൻ പോവുകയാണ്. കേരളത്തിൽ യു.ഡി.എഫ്. -ന്റെ സ്ഥാനാർത്ഥികൾ പരാജയപ്പെടുമെന്ന് മാത്രമേ എനിക്ക് പറയാനുള്ളു. ശ്രീ. രമേശ് ചെന്നിത്തല ഒരക്ഷരവും മിണ്ടുന്നില്ല, കാരണം യു.ഡി.എഫ്.

പരാജയപ്പെടുമ്പോൾ ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് മുഖ്യമന്ത്രിയാകാൻ കഴിയില്ല.

<u>മി. ചെയർമാൻ</u> : ശ്രീ. കോവൂർ കുഞ്ഞുമോൻ, അധിക സമയം അനുവദിക്കാൻ കഴിയില്ല. അങ്ങ് പ്രസംഗം അവസാനിപ്പിക്കണം.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: അതാണ് ഇവിടെ സംഭവിക്കുന്നത്. കേരളം ഭ്രാന്താലയമായി മാറുന്നു. ഭാവിയിൽ സുന്ദര കേരളത്തെ കരുപ്പിടിപ്പിക്കുവാൻ നിങ്ങൾ നമ്മുടെ കൂടെ വരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ നിറുത്തുന്നു.

<u>ശ്രീ. വർക്കല കഹാർ</u> : സർ, ഈ ഗവൺമെന്റിന് വേണ്ടിയുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ പോലീസിന് കർമ്മധീരതയും ഉത്തരവാദിത്തബോധവും ഉണ്ടാക്കിയത് ഈ സർക്കാരാണ്. മുഖം നോക്കാതെ രാഷ്ട്രീയ പരിഗണനകൾക്ക് അതീതമായി എല്ലാവർക്കും നീതി ഉറപ്പാക്കാൻ ശ്രമിക്കുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നയിക്കുന്ന പോലീസ്. ദുഷ്ക്കരമെന്നും അസാദ്ധ്യമെന്നും കരുതിയ പല കേസ്സുകളും ആത്മാർത്ഥതയും കഠിനാദ്ധ്വാനവും കൊണ്ട് അന്വേഷിച്ച് തുമ്പുണ്ടാക്കിയ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നയിക്കുന്ന പോലീസ് സംവിധാനത്തെ എങ്ങനെ അഭിനന്ദിക്കാതിരിക്കും. ഉമ്മൻ ചാണ്ടി ഗവൺമെന്റ് കേരളത്തിലെ എല്ലാക്കാലത്തെയും ഗവൺമെന്റുകൾക്ക് റിക്കോർഡാണ്. നിങ്ങൾ എത്ര എതിർത്താലും ആക്ഷേപിച്ചാലും അഗതികൾക്കും ആലംബഹീനർക്കും ആശ്വാസവും ക്യാൻസർ രോഗികൾക്കും വൃക്കരോഗികൾക്കും ആത്മവിശ്വാസവും നൽകിയ ഗവൺമെന്റാണ്. ബധിരർക്കും മൂകർക്കും ഹൃദ്രോഗികൾക്കും പുനർജ്ജീവൻ നൽകിയ ഗവൺമെന്റിനെ ഹൃദയമുള്ളവരെങ്ങനെ എതിർക്കും. കേരളമാകുന്ന രാശി ചക്രത്തിലെ പതിനൊന്നിലെ വ്യാഴമാണ്

ശ്രീ. ഉമ്മൻ ചാണ്ടി. പതിനൊന്നിലെ വ്യാഴം ഐശ്വര്യവും സമൃദ്ധിയും സന്തോഷവും കൊണ്ടുവരുന്നതാണ്. കേരളത്തിലെ അവസ്ഥയും പതിനൊന്നിലെ വ്യാഴത്തിന്റെ ഐശ്വര്യത്തിലാണ്. ഏത് ശത്രുവിനെയും നിഷ്പ്രഭമാക്കുന്നത് പതിനൊന്നിലെ വ്യാഴമാണ്. ഇടതുപക്ഷത്തിന്റെ ഭരണകാലം പന്ത്രണ്ടിലെ വ്യാഴമായിരുന്നു. അത് സർവ്വ മേഖലയും മുടിച്ച കാലമായിരുന്നു. ഇപ്പോൾ കോടിയേരി എന്ന കേതുവും അച്ചുതാനന്ദൻ എന്ന ഗുളികനും പതിനൊന്നിലെ വ്യാഴത്തിന്റെ പ്രഭ കെടുത്താൻ നടക്കുകയാണ്. എന്നാൽ കേതുവും ഗുളികനും സ്വയം നശിക്കുമെന്നല്ലാതെ സർവ്വ ഐശ്വര്യത്തിന്റെയും ഉറവിടമായ പതിനൊന്നിലെ വ്യാഴത്തെ സ്പർശിക്കാൻപോലും കഴിയില്ല. നിങ്ങൾക്ക് ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കാമെന്ന് മാത്രമേയുള്ളു. അതോടൊപ്പം നിങ്ങളുടെ നിഷേധാത്മകമായ നിലപാട്. കേരളത്തിൽ എത്രയോ സംവത്സരക്കാലമായി, നാട്ടിലെ സാധാരണക്കാരും പാവപ്പെട്ടവരും സങ്കടക്കണ്ണീരുമായി കഴിയുന്ന ആളുകൾക്ക് തങ്ങൾക്ക് അവകാശപ്പെട്ടത് തങ്ങളുടെ കൈകളിൽ എത്തുന്നതിന് തടസ്സമായി നിൽക്കുന്ന നിയമങ്ങൾ മുഴുവൻ പരിഹരിച്ച് ഇറക്കിയ 43 പുതിയ ഉത്തരവുകൾ നിങ്ങൾ കണ്ടതാണ്. അത് ജനങ്ങൾക്ക് വേണ്ടിയാണ് ചെയ്തത്. ഏത് പഴയ ഗവൺമെന്റ് ചെയ്തുവെന്നാണ് പറയുന്നത്. ഒന്നും ചെയ്യാതിരുന്നിട്ട് എട്ടുകാലി മമ്മൂഞ്ഞിന്റെ വേഷവുമായി എന്തുചെയ്താലും പഴയ ഗവൺമെന്റെന്ന് പറയാൻ നിങ്ങൾക്ക് നാണമില്ലേ. എല്ലാത്തിനും നിഷേധാത്മകമായ നിലപാടാണ് നിങ്ങൾ സ്വീകരിച്ചിരിക്കുന്നത്. ഓരോന്നിനും ഡേറ്റുണ്ട്. അത് നിങ്ങൾ വായിക്കണം. ഇന്നലെ ശ്രീ. ജി. സുധാകരനും ശ്രീ. പി. ശ്രീരാമകൃഷ്ണനും ശ്രീ. ഇ.പി. ജയരാജനും ഒക്കെ സർക്കാരിനെതിരെ നടത്തുന്ന

ഖണ്ഡനോപക്ഷേപം ഞാൻ കണ്ടതാണ്. ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും തേനും പാലും ഒഴുക്കിയാലും നിങ്ങൾ അങ്ങനെയേ പറയുകയുള്ളു. 10–20 വർഷങ്ങൾക്കുമുമ്പ് ഒരു മിനിമം വേജസ് കമ്മിറ്റിയുടെ ടൂറിന് തമിഴ്നാട്ടിൽ പോയിരുന്നു. അന്ന് ആ ടൂറിൽ സി.ഐ.റ്റി.യു.വിന്റെ നേതാവ് സി. കണ്ണനും ആർ.എസ്.പി. യുടെ നോതാവ് കെ.സി. വാമദേവനും ഉണ്ടായിരുന്നു. പട്ടാമ്പിയിലെ വീരമണി ടെക്സ്റ്റൈൽസ് ഉടമ കാശി വിശ്വനാഥൻ, മുൻ ലേബർ കമ്മീഷണർ കൊച്ചു കൃഷ്ണൻ സാറിനെപ്പോലുള്ള ആളുകളുമുണ്ടായിരുന്നു. തമിഴ്നാട്ടിലെ ഒരു പവർ മില്ലിൽ പോയി. ആരെന്ത് ചോദിച്ചാലും 'തെരിയാത്', 'മുടിയാത്' എന്നീ രണ്ടുകാര്യങ്ങൾ മാത്രമേ പറയാവൂവെന്ന് അവിടത്തെ തൊഴിലാളി കളെ ട്രെയിൻ ചെയ്ത് വച്ചിരിക്കുകയാണ്. മിനിമം വേജസ് കമ്മിറ്റിയായതു കൊണ്ട് അവിടത്തെ ലേബർ ഡിപ്പാർട്ടുമെന്റിന്റെ വണ്ടിയിലാണ് പോയത്. കഷ്ടകാലത്ത് എ.ഡി.എം.കെ. അധികാരത്തിൽ വരികയും പവർ മിൽ എ. ഡി.എം.കെ. കാരന്റേത് ആവുകയും ചെയ്തു. എന്തോ കുഴപ്പമുണ്ടാക്കുമെന്ന് അവർ വിചാരിച്ചു. കൂടെയുണ്ടായിരുന്ന കാളിയമ്മയും കൊളന്തവേലുവും തൊഴിലാളികളോട് ചോദിച്ചു. 'ഉങ്ക പേരെന്ന?' 'തെരിയാത്'. 'ഉങ്ക ശമ്പളം എവളവ്?' 'തെരിയാത്'. 'എവളവ് നേരം വേല പാക്കറുത്?' 'തെരിയാത്'. ഉങ്ക മാപ്പിളയാര് എന്ന് ചോദിച്ചപ്പോഴും പറയുകയാണ് 'തെരിയാത്'. എല്ലാ ത്തിനും 'തെരിയാത്', 'മുടിയാത്' എന്നീ മറുപടി പറഞ്ഞതുപോലെ ഇവിടെ പ്രതിപക്ഷത്തുള്ള പ്രാസംഗികരെ ട്രെയിൻ ചെയ്ത് വച്ചിരിക്കുകയാണ്.

ശ്രീ. ജി. സുധാകരൻ: സർ, പോയിന്റ് ഓഫ് ഓർഡർ, നിയമപരമായി നിയമസഭാ സ്റ്റാറ്റ്യൂട്ടറി കമ്മിറ്റിയുടെ വളരെ ആദരണീയനായ മെമ്പറായി മറ്റൊരു നാട്ടിൽച്ചെന്ന് പരിചയമില്ലാത്ത ഒരു സ്ത്രീയോട് നിന്റെ ഭർത്താവ് ആരാണെന്ന് ചോദിക്കുന്നത് ശരിയാണോ; അത് ഓർഡറിലാണോ?

ശ്രീ. വർക്കല കഹാർ: സർ, അതിൽ യാതൊരു പോയിന്റുമില്ല. കാരണം ഒന്ന് ഞാൻ നിയമസഭയിലെ അംഗമായത് 25 കൊല്ലത്തിനുമുമ്പാണ്. രണ്ട്, ഞാനല്ല ശ്രീ. സി. കണ്ണനായിരുന്നു ഇത് ചോദിച്ചത്. കാര്യമെന്താണ്? എന്തു ചോദിച്ചാലും 'തെരിയാത്' എന്നുപറഞ്ഞപ്പോൾ ദേഷ്യം വന്നു. അതായിരുന്നു അത് ചോദിക്കാനുള്ള കാര്യം. എന്തുചോദിച്ചാലും 'തെരിയാത്' 'മുടിയാത്' എന്നുപറയുന്നതുപ്പോലെ ഇവിടെ ശ്രീ. ജി. സുധാകരനുൾപ്പെടെയുള്ള ആളുകളെ ട്രെയിൻ ചെയ്ത് വച്ചിരിക്കുകയാണ്. എന്തു ചോദിച്ചാലും ശരി, കൊള്ളരുതാത്ത ഭരണം, ഗുണം പിടിക്കാത്ത ഭരണം, ഇറങ്ങിപ്പോണം എന്നൊക്കെ. ഇവിടെ എന്ത് നല്ലകാര്യം ചെയ്താലും ഇവർ ഇതൊക്കെയേ പറയുകയുള്ളൂ. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പോലീസിന്റെ കാര്യക്ഷമതയെന്തെന്ന് തെളിഞ്ഞില്ലേ? നിങ്ങൾ എത്ര എതിർത്താലും ശരി മുടക്കോഴിമലയിലും പോയി പ്രതികളെപ്പിടിക്കാൻ കഴിയുമെന്ന് തെളിയിച്ചില്ലേ? കുറ്റവാളികൾക്കും കൊലയാളികൾക്കും പിടിവീഴും, രക്ഷപ്പെടാൻ പറ്റുകയില്ലെന്ന കടുത്ത ഭയത്തിലാണ് നിങ്ങളിന്ന്. അല്ലേ? ആസൂത്രിതമായി കൊലപാതകം നടത്തുക, എന്നിട്ട് അഡ്ജസ്റ്റ് ചെയ്ത് പ്രതിയെ കൊടുക്കുക, കഴിഞ്ഞ എത്രയോ വർഷക്കാലമായി നടന്നു വന്നത് അതായിരുന്നു. ഇതിന് അറുതി വരുത്തിയത് ഈ സർക്കാരും ഈ ആഭ്യന്തര വകുപ്പുമന്ത്രിയുമാണ്. മുടക്കോഴിമലയിൽപ്പോലും പ്രതികളെ

പിടിക്കുന്ന പോലീസിനെ നാം കാണുകയാണിപ്പോൾ. അതുകൊണ്ടാണല്ലോ പെണ്ണുങ്ങളുടെ സ്വരത്തിൽ സംസാരിച്ച് കുഞ്ഞിപ്പാത്തുവായി നടന്ന സഖാവ് കുഞ്ഞനന്തനെ കൈയോടെ പിടിച്ച് പർദയൂരി ജയിലിലാക്കിയത്. ദിലീപിന്റെ സിനിമയിലെ മായാമോഹിനിയെപ്പോലെ കുണുങ്ങിക്കുണുങ്ങി പർദയുമിട്ട് സഖാവ് കുഞ്ഞനന്തൻ അങ്ങനെ നടന്നു. പക്ഷെ, കോഴിയെ തൂക്കിയെടുക്കുന്നതുപോലെ എടുത്തു, ജയിലിൽ പോയി. ഇല്ലേ? അപ്പോൾ പോലീസിന് ഇതിലും വലിയ സർട്ടിഫിക്കറ്റ് കിട്ടാനുണ്ടോ? ഒരു കാലത്ത് നിങ്ങൾ പേടിക്കുമായിരുന്നോ; നിങ്ങൾ കൊടുത്ത പ്രതികളെ വച്ചല്ലായിരുന്നോ കേസ്സെടുക്കുന്നത്? അതുപോലെതന്നെ ഈ കേസ്സെത്ര നിഷ്ഠൂരമായിരുന്നു. ഇൻഡ്യാ ടുഡെയുടെ 2012-ലെ ക്രമസമാധാനത്തിനുള്ള ഏറ്റവും നല്ല അവാർഡ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നയിക്കുന്ന ആഭ്യന്തരവകുപ്പിന് ലഭിക്കുകയുണ്ടായി. എന്താ മോശമാണോ? കഴിഞ്ഞ ഭരണകാലത്ത് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചില അവാർഡൊക്കെ പൊക്കികാണിക്കുമായിരുന്നല്ലോ. 2012-ലെ ക്രമസമാധനത്തിനുള്ള ഏറ്റവും നല്ല അവാർഡ് ഇൻഡ്യാ ടുഡെ നൽകിയിരിക്കുന്നത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണ്. ശ്രീ. എളമരം കരീമിനെ കേസ്സ് വാദിക്കാൻ ഏൽപ്പിച്ചു. രാജ്യം കണ്ട ഏറ്റവും പൈശാചികമായ കൊലപാതകം നടത്തിയ പാർട്ടിക്കാരെ വെള്ളപൂശാൻ സി.പി.എം. പുറത്തിറക്കിയത് വിശ്വാസ്യതയുടെ മുഖമുള്ള ശ്രീ. എളമരം കരീമിനെ ആയിരുന്നു. ആ ദൗത്യത്തിലൂടെ അദ്ദേഹം സ്വന്തം മുഖം നഷ്ടപ്പെടുത്തുകയായിരുന്നു. ഞങ്ങൾ കൊല്ലുന്നവരല്ല, ഞങ്ങൾ മണ്ണുവാരിയിടുകപ്പോലുമില്ല എന്നുപറഞ്ഞ് ശ്രീ. എളമരം കരീം കേസ്സ് വാദിച്ചു തുടങ്ങി, താമസംവിനാ മണിക്കൂറുകൾക്കകം ഇടുക്കിയിൽ നിന്ന്

മണിനാദം കേട്ടു. എങ്ങനെയാണ് കേട്ടത്? ഞാൻ ഇത്രപേരെ കൊന്നിട്ടുണ്ട്, ഒരുത്തനെ തല്ലിക്കൊന്നു, ഒരുത്തനെ വെടിവച്ചു കൊന്നു, ഇല്ലേ, നമ്മൾ കേട്ടതാണ്. എളമരമല്ല ഏത് വൻമരം ന്യായീകരിച്ചാലും ടി. പി. ചന്ദ്രശേഖരൻ വധക്കേസ്സിനെ സംബന്ധിച്ച് ഒരു കൊച്ചുകുഞ്ഞിനെപ്പോലും തെറ്റിദ്ധരിപ്പിക്കാൻ കഴിയില്ലായിരുന്നു. അത്തരത്തിലായി. പാർട്ടി ഓഫീസിൽനിന്നും ലിസ്റ്റ് കൊടുത്ത് ആളുകളെ അറസ്റ്റ് ചെയ്യുന്ന സ്ഥിതി മാറിയില്ലേ? അതിന് അറുതി വന്നില്ലേ? പ്രതിയെ പിടിക്കുമ്പോൾ ഹർത്താൽ. ഞങ്ങൾ പറഞ്ഞതുകൊണ്ടല്ലേ എന്ന് നിങ്ങൾ പറഞ്ഞില്ലേ; ഞങ്ങൾ പറഞ്ഞാണ് നിങ്ങളെ ജയിലിലാക്കിയത് എന്നു പറഞ്ഞില്ലേ? അങ്ങനെയാണോ ഇത്? പാർട്ടി ഓഫീസിൽ നിന്നും ലിസ്റ്റ് കൊടുത്ത് പ്രതി ച്ചേർക്കുന്ന സമ്പ്രദായത്തിന് അറുതി വന്നു. ഓരോ പ്രതികളെയും അറസ്റ്റ് ചെയ്തപ്പോൾ നിങ്ങൾ ഹർത്താൽ നടത്തി, മലബാർ സ്തംഭിപ്പിക്കാൻ നോക്കി. മോഹനൻ മാസ്റ്ററെയും ശ്രീ. പി. ജയരാജനെ അറസ്റ്റ് ചെയ്ത പ്പോഴും ഹർത്താൽ നടത്തി. ഇന്നിപ്പോൾ ഗവൺമെന്റിന്റെ കുഴപ്പം കൊണ്ടാണോ ഇവരൊക്കെ ജയിലിൽ കിടക്കുന്നത്? ഞങ്ങളുടെ സർക്കാർ പിടിച്ച് ജയിലിലിട്ടെന്ന് ഇവർ പറഞ്ഞു. ഇവരെ പുറത്തുവിട്ടാൽ ഇവർ ഭീഷണിപ്പെടുത്തുമെന്നും കേസ്സ് അട്ടിമറിക്കുമെന്നും കോടതിക്ക് തോന്നിയ തുകൊണ്ടാണ് ഇവർ അകത്തുകിടക്കുന്നത്. എന്നാലിപ്പോഴും സി.പി.എം സാക്ഷികളെ വിരട്ടിക്കൊണ്ടിരിക്കുന്നു. ശ്രീ. സാജു പോൾ അത് വളരെ അഭിമാനത്തോടുകൂടിയാണ് പറയുന്നത്. സാക്ഷികളെ വിരട്ടി കൂറു മാറ്റുന്നതിനെ വളരെ അഭിമാനത്തോടുകൂടി അദ്ദേഹം പറയുകയാണ്. പ്രതികൾ ജയിലിൽ കിടന്നാലും ശരി മാർകിസിസ്റ്റ് പാർട്ടി സാക്ഷികളെ വിരട്ടുകയും ഭീഷണിപ്പെടുത്തുകയും ചെയ്തുക്കൊണ്ടിരിക്കുകയാണ്.

കൊടി സുനിയുടെയും രാജേഷിന്റെയും കിർമാണി മനോജിന്റെയും കേസ്സ് നടത്തുന്നത് ആരാണ്; ചെലവ് വഹിക്കുന്നതാരാണ്? കല്യാശ്ശേരിയിലെ ശ്രീ. പ്രകാശ് കാരാട്ടിന്റെ പ്രഖ്യാപനം, നായനാർ ദിനത്തിൽ വന്നുകൊണ്ട് കല്യാശ്ശേരിയിൽ നിന്നുകൊണ്ട് ശ്രീ. പ്രകാശ് കാരാട്ട് പ്രഖ്യാപിച്ചു, പൈശാചികമാണ് കൊലപാതകം അതിൽ ബന്ധമുണ്ടെങ്കിൽ ഞങ്ങൾ ശക്തമായ നടപടിയെടുക്കും. ഒരു വർഷം കഴിഞ്ഞു, എന്തു നടപടി നിങ്ങളെടുത്തു? നിങ്ങളൊരു നടപടിയുമെടുത്തില്ല. നിങ്ങളൊരു നടപടി മാത്രമെടുത്തു, പ്രതികളുടെ കേസ്സ് നടത്തി. ജനവികാരം എതിരായപ്പോൾ നിങ്ങൾ ഒരു കാര്യം ചെയ്തു. ജനവികാരം എതിരാണെന്നും പൈശാചിക മായ ഒരു കൊലപാതകമാണെന്നും നിങ്ങൾക്ക് ബോദ്ധ്യമായപ്പോൾ സംസ്ഥാന കമ്മിറ്റി കൂടി കൊലപാതകത്തെ നിങ്ങൾ അപലപിക്കുകയും അനുശോചിക്കുകയും ചെയ്തു. ശ്രീ. പിണറായി വിജയൻ ആദ്യം പറഞ്ഞത് എന്താണ്, എൻ.ഡി.എഫ് ആണെന്ന് പറഞ്ഞ് കൈ കഴുകാൻ നോക്കി, ഇല്ലേ? എന്നിട്ട് അവസാനമായി ജനവികാരം നിങ്ങൾക്ക് എതിരായപ്പോൾ നിങ്ങളുടെ സംസ്ഥാന കമ്മിറ്റി കൂടി അപലപിക്കുകയും അനുശോചിക്കുകയും ചെയ്തു. പോളിറ്റ് ബ്യൂറോ കൂടി അപലപിക്കുകയും അനുശോചിക്കുകയും ചെയ്തു. എന്നാൽ അപലപിക്കപ്പെടുന്നവരുടെ കേസ്സ് നടത്തുന്നത് ആരാണ്, നിങ്ങളാണ്. ഒരു ദിവസം പതിനായിരകണക്കിന് രൂപ വാങ്ങുന്ന ബഹു. ഹൈക്കോടതിയിലെ പ്രമുഖരായ വക്കീലന്മാരെ വച്ച് കേസ്സ് നടത്തിക്കുന്ന താരാണ്? ആ കേസ്സിനുവേണ്ടിയുള്ള പണത്തിന്റെ സോഴ്സ് എവിടെ നിന്നാണ്? എവിടെപ്പോയി അന്വേഷണ റിപ്പോർട്ട്? പാർട്ടി അന്വേഷണം എവിടെവരെയെത്തിയെന്ന് പ്രതിപക്ഷനേതാവിനുപ്പോലും അറിയില്ല? നിങ്ങളുടെ ഭീഷണികൾക്കും ഗർജ്ജനങ്ങൾക്കും മുന്നിൽ മുട്ടുമടക്കാതെ

പോലീസ് പോലീസിന്റെ ജോലി ചെയ്യുന്നു. ഈ സർക്കാർ ഇരിക്കുംകാലം ഒരു ആസൂത്രിത കൊലപാതകം നടക്കുകയില്ലെന്നും നടന്നാൽ പ്രതികൾ അകത്താവുമെന്നുമുള്ള ബോദ്ധ്യം പൊതുജനങ്ങളുടെ മനസ്സിൽ തറച്ചിരിക്കുന്നു. അതാണ് ആഭ്യന്തരവകുപ്പിന്റെയും സർക്കാരിന്റെയും മുഖമുദ്ര. അതാണ് വിജയമെന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. എന്തായിരുന്നു പോലീസിന്റെ സ്ഥിതി? കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇടതുപക്ഷ യുവജനങ്ങൾ ഇടിച്ചുപഠിച്ചത് പോലീസിന്റെ മുതുകത്താ യിരുന്നു. അല്ലേ? ഡി.വൈ.എഫ്.ഐ.യുടെയും എസ്.എഫ്.ഐ.യുടെയും പഞ്ചിംഗ് മെഷീൻ ആയിരുന്നു അന്ന് പോലീസ്. സ്വതവേ ശാന്തരായ സി.പി. ഐ.കാരുപോലും പോലീസിനെ വെറുതെ വിട്ടില്ല. സി.പി.ഐ.യുടെ വനിതാ കൗൺസിലർ ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പോലീസിന്റെ മൂക്ക് ഇടിച്ചിളക്കി. അന്നത്തെ മന്ത്രിമാർ സ്റ്റേഷനിലെത്തി വനിതാ കൗൺസിലറെ അഭിനന്ദിച്ച് ഇറക്കികൊണ്ടുപോയി. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പോലീസിന്റെ ‘C’- ‘Cowardness’ ആയിരുന്നു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പോലീസിന്റെ ‘C’–‘Courage’ ആയി മാറി.

കേസ് ചാർജ് ചെയ്യൽ മാത്രമാണോ പോലീസിന്റെ ജോലി. അതല്ലെന്ന് തെളിയിച്ചു. ഗോവിന്ദച്ചാമിയെ കോടതി ശിക്ഷിച്ചു. ബലാത്സംഗം ചെയ്തുവെന്ന ഒരു കേസിൽ ഒരാളെ തൂക്കികൊല്ലാൻ ഉത്തരവായത് ഒരു പക്ഷെ ആദ്യമായിട്ടായിരിക്കും. പോലീസിന്റെ പണി കേസ് ചാർജ് ചെയ്യൽ മാത്രമല്ല, കോടതിയിൽ കേസ് നടത്തുകയെന്ന പണിയും സുപ്രധാന മാണെന്ന് ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ തെളിയിച്ചു. സാക്ഷികളുടെ

കൂറുമാറ്റവും ഒത്തുകളിയുമായിരുന്നില്ലെ മുമ്പുള്ള സ്ഥിതി. മാന്നാർ പരിമല ദേവസ്വം കോളേജിൽ വെള്ളത്തിലിട്ട് എറിഞ്ഞുകൊന്ന കുട്ടികളുടെ കേസിലും കടയ്ക്കലെ പ്രവീണിന്റെ കേസിലും കോടതിയുടെ പരാമർശം എന്തായിരുന്നു. കോടതി പറയുകയാണ്, ഞങ്ങൾ നിസ്സഹായരാണ്. സാക്ഷി കളെ കൂറുമാറ്റിക്കുക, പ്രോസിക്യൂഷൻ പ്രതികളുമായി ഒത്തുകളിക്കുക ഇതൊക്കെയായിരുന്നു അവിടെ നടന്നത്. ഇപ്പോഴത്തെ ക്രിക്കറ്റ് കളിയിലെ ഒത്തുകളിപോലെയായിരുന്നു അന്ന്.

മി. ചെയർമാൻ: ശ്രീ. വർക്കല കഹാർ അങ്ങേക്ക് അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. വർക്കല കഹാർ: സർ, ടി.പി. ചന്ദ്രശേഖരൻ കേസിലും സാക്ഷി കളെ കൂറുമാറ്റാൻ ശ്രമിക്കുകയായിരുന്നു. ഞാനൊരുകാര്യംകൂടി പറഞ്ഞു കൊണ്ട് അവസാനിപ്പിക്കാം. സാക്ഷി പറഞ്ഞ നിത്യാനന്ദന്റെ വീട്ടിൽ സി.പി. എം.കാർ റീത്തുവച്ചു. 4–ാം തീയതി രാത്രി ടി.പി. ചന്ദ്രശേഖരൻ വധിക്കപ്പെടുന്നു. 5–ാം തീയതി പകലുമുഴുവൻ കൂത്തുപറമ്പ് ഏരിയാ കമ്മിറ്റി ഓഫീസിലായിരുന്നു പ്രതികൾ കഴിഞ്ഞത്. ഇതുകണ്ടത് നിത്യാനന്ദനാ യിരുന്നു. അദ്ദേഹത്തിന്റെ വീട്ടിൽ റീത്തുകൊണ്ടുവച്ചിട്ട് 'നിന്നെ കൊല്ലുമെടാ' എന്നൊരു ബോർഡും വച്ചു. ഇതിൽ പാർട്ടിക്കൊരു ബന്ധവു മില്ല എന്നാണോ ശ്രീ. എളമരം കരീമിനും സി.പി.എം.കാർക്കും ഇപ്പോഴും പറയാനുള്ളത്. ശ്രീ. നരേന്ദ്ര മോഡിയുടെ കാര്യം ഇവിടെ പറഞ്ഞു. ബെസ്റ്റ് ബേക്കറി കേസിൽ കൂറുമാറ്റിയായിരുന്നു ഏറ്റവും പൈശാചികമായ കൊല പാതകങ്ങളിൽ നിന്നും രക്ഷപ്പെട്ടത്. ബംഗാളിൽ നിങ്ങൾ നടത്തി ക്കൊണ്ടിരുന്നത് അതായിരുന്നോ? ബംഗാളിൽ നോക്കൂ എന്ന് ഞങ്ങളോട്

പറഞ്ഞില്ലേ. കണ്ണൂരിൽ നിങ്ങൾ നടത്തുന്നതുതന്നെ ബംഗാളിൽ നിങ്ങൾ നടത്തിക്കൊണ്ടിരുന്നു. ആ തെറ്റായ വഴികളിലൂടെ ശക്തിയും അധികാരവും നിലനിറുത്താൻ കഴിയില്ലായെന്ന് നിങ്ങൾക്ക് ബോധ്യമായില്ലേ. ബംഗാളിൽ ഇപ്പോൾ ഉപ്പുവച്ച കലംപോലെയായി. ഹൗറാ പ്ലീനം എന്നൊക്കെ ആവേശ കരമായി പറയുമായിരുന്നു. ആ ഹൗറയിൽ ഒരു ബൈ-ഇലക്ഷനിൽ വീണ്ടും ജയിക്കാൻ കഴിഞ്ഞതുപോലുമില്ല. ഇതാണ് നിങ്ങളുടെ ദുർഗതി.

മി. ചെയർമാൻ: അങ്ങ് പ്രസംഗം അവസാനിപ്പിക്കണം. സമയം കൂടുതൽ എടുത്തിരിക്കുകയാണ്.

ശ്രീ. വർക്കല കഹാർ: ക്രമസമാധാന നില ഉറപ്പാക്കി ക്രിമിനലു കൾക്കും കുറ്റവാളികൾക്കും, രാഷ്ട്രീയ കുറ്റവാളികളായാലും ശരി മറ്റ് കുറ്റവാളികളായാലും ശരി അവരെ പിടിച്ച് അകത്തിടുമെന്ന് പ്രഖ്യാപിക്കു കയും അത് നടപ്പിലാക്കുകയും ചെയ്യുമ്പോൾ പുള്ളി ബനിയനും വരയൻ നിക്കറുമിട്ടുകൊണ്ട് അകത്തുകിടക്കേണ്ടി വരുമെന്ന് ആർക്കെങ്കിലും ഭയമുണ്ടെങ്കിൽ ആ ഭയം സ്വാഭാവികമാണ്. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുന്നു.

ശ്രീ. കെ.കെ. ജയചന്ദ്രൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. ഇവിടെ ഇന്ന് രാവിലെമുതൽ പ്രസംഗിച്ചുകൊണ്ടിരി ക്കുന്ന അംഗങ്ങളുടെ പ്രസംഗങ്ങളെല്ലാം യു.ഡി.എഫ്.-ന്റെ മരണമണി മുഴങ്ങുന്നതിന്റെ ശ്മശാന മൂകതയാണ് പൊതുവിൽ പ്രകടിപ്പിക്കപ്പെട്ടത്. ഒരു ക്വട്ടേഷൻ പ്രസംഗമാണ് ശ്രീ. വർക്കല കഹാർ നടത്തിയതെന്ന് മനസ്സിലായി. കാരണം കഴിഞ്ഞ പ്രാവശ്യവും അദ്ദേഹം ഇതൊക്കെതന്നെയാണ് പറഞ്ഞത്. അതിന് ഒരുമാറ്റവും ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട ഒരു

ഗുണമെന്താണെന്ന് ചോദിച്ചാൽ അദ്ദേഹം ഇങ്ങനെയൊക്കെ പറഞ്ഞാൽ പോലും കഴിഞ്ഞ 20, 21 തീയതികളിലെ പണിമുടക്കിലൊക്കെ ഞങ്ങളുടെ കൂടെ നിന്ന് കേന്ദ്രഗവൺമെന്റിനും നിങ്ങൾക്കുമൊക്കെ എതിരാണ്.... അതുകൊണ്ടാണ് ക്വട്ടേഷൻ പ്രസംഗമെന്ന് ഞാൻ പറയാൻ കാരണം. പ്രതിപക്ഷത്തിന്റെ മനസ്സമാധാനമാണ് തകരുന്നത്, ക്രമസമാധാനമൊന്നും തകർന്നില്ല എന്നാണ് ശ്രീ. സി.പി. മുഹമ്മദ് പറഞ്ഞത്. അദ്ദേഹം അങ്ങനെ പറഞ്ഞെങ്കിലും ഈ വാചകം കഴിഞ്ഞിട്ട് പിന്നെ ആഭ്യന്തരവകുപ്പിനെതിരായി ട്ടൊരു പ്രസംഗമാണ് മുഴുവൻ സമയവും നടത്തിയത്. അതുകൊണ്ട് അദ്ദേഹത്തെ എതിർക്കേണ്ട കാര്യമില്ല. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി യുടെ ഒരു കണ്ടുപിടുത്തമെന്താണെന്നുവച്ചാൽ, അദ്ദേഹം ആവേശം മൂത്ത് പറഞ്ഞതാണ്. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ സ്വത്തുക്കളെല്ലാം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് അവകാശപ്പെട്ടതാണെന്നാണ് പറഞ്ഞത്. എന്താണ് ഇങ്ങനെപറഞ്ഞതെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലായില്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ കേരളത്തിന്റെ ആഭ്യന്തരമന്ത്രിയായി ചാർജെടുത്തതിനുശേഷം അദ്ദേഹം നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികളെ, പ്രത്യേകിച്ച് ഞങ്ങളുടെ പാർട്ടിയെ കേരള ത്തിൽ ഇല്ലാതാക്കാൻ സാധിക്കുമോ എന്നുള്ള ഒരു ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അത് അങ്ങേയറ്റം ക്രൂരമായ നടപടിയാണ്. കേരളത്തിൽ നിങ്ങളും നിങ്ങളുടെ പോലീസും കൂടി നടത്തിക്കൊണ്ടിരി ക്കുന്ന ഇന്നത്തെ ശ്രമം കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയേയും ഇടതുപക്ഷ ത്തേയും ഒന്നുംചെയ്യാൻ കഴിയില്ലായെന്ന് ചരിത്രം തെളിയിക്കുമെന്ന കാര്യ ത്തിൽ യാതൊരു സംശയവുമില്ല. എന്നാൽ നിങ്ങൾ കേരളത്തിലെ ആധുനിക

ഹിറ്റ്ലറാണെന്ന് ചരിത്രമെഴുതും. അതാണ് നിങ്ങളുടെ ഭരണത്തിന്റെ നേട്ടമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നിങ്ങളിവിടെ തികച്ചും പക്ഷപാതപരമായിട്ടാണ് ഓരോ പ്രവർത്തനങ്ങളും നടത്തിക്കൊണ്ടിരിക്കുന്നത്. ടി.പി. ചന്ദ്രശേഖരൻ വധം നടന്നപ്പോൾ ഇവിടെ രാഷ്ട്രീയകൊലപാതകം അവസാനിപ്പിക്കുമെന്നും ഇത് അവസാനത്തേതാണെന്നും പറഞ്ഞു. നിങ്ങൾ അവിടെ ഓടിയെത്തി പോലീസിനുകൊടുത്ത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രധാനമായും ചെയ്തത് കള്ളസാക്ഷികളെ ഉണ്ടാക്കാനും പാർട്ടിയുടെ നേതാക്കന്മാരെ അതിനകത്ത് കുടുക്കാനുമുള്ള മാർഗ്ഗങ്ങൾ മാത്രമാണ് ആലോചിച്ചത്. ഇതുപോലെ ഒരു രാഷ്ട്രീയ പ്രതിയോഗികളെ മനഃപൂർവ്വം കൈകാര്യം ചെയ്യുന്ന ഒരു ഭരണാധികാരി കേരളത്തിൽ ഇന്നുവരെ ഉണ്ടായിട്ടില്ല. നിങ്ങൾ അതിന് അപവാദമാണെന്ന് ഞാനിവിടെ ചൂണ്ടിക്കാണിക്കുകയാണ്. അവിടെ നിങ്ങളും മുഖ്യമന്ത്രിയും, ശ്രീ. രമേശ് ചെന്നിത്തലയും, ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രനുമൊക്ക ഓടിച്ചെന്നു. കോൺഗ്രസിന്റെ നേതാവായിരുന്ന മധുവിനെ കൊലപ്പെടുത്തിയല്ലോ. മധുവിനെ കൊലപ്പെടുത്തിയ സ്ഥലത്ത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പോയോ; മുഖ്യമന്ത്രി പോയോ; അവിടെ കേന്ദ്ര ആഭ്യന്തര സഹമന്ത്രി ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രന്റെ ശബ്ദം കേട്ടിട്ടുണ്ടോ? മധുവിന്റെ ഭാര്യയുടെ പേരറിയാമോ? ഇല്ലല്ലോ. നിങ്ങളുടെ പാർട്ടിയുടെ നേതാവാണ് അവിടെ മരിച്ചത്. കൊന്നതും നിങ്ങൾ തന്നെയാണ്. നിങ്ങൾ ആഭ്യന്തരവകുപ്പുമന്ത്രിയുടെ ഗ്രൂപ്പല്ലെങ്കിൽ നിങ്ങളുടേയും ഗതി അതുതന്നെയായിരിക്കും. ഇവിടെ ആഭ്യന്തരമന്ത്രിയുടെ ഗ്രൂപ്പുകാരനല്ലെങ്കിൽ കോൺഗ്രസ്സിന്റെ നേതാക്കളേയും അനുയായികളേയും റോഡിലിട്ട് വെട്ടിക്കൊന്നാലും ഒരു നേതാവും അവിടെ തിരിഞ്ഞുനോക്കില്ല. നാളെ ശ്രീ. പാലോട് രവിക്കും ഇതുതന്നെയായിരിക്കും

ഗതിയെന്ന് വിചാരിച്ചാൽ മതി. ഇടുക്കി ജില്ലയിൽ ശ്രീ. എം.എം.മണിയുടെ പേരുപറഞ്ഞ് നിങ്ങൾ ആക്ഷേപിക്കുന്നു. ഇവിടെ കേരളത്തിൽ ശ്രീ. സുധാകരനടക്കം എത്ര രാഷ്ട്രീയ നേതാക്കന്മാർ വളരെ മോശമായ പ്രസംഗ ങ്ങൾ നടത്തിയിട്ടുണ്ട്. അങ്ങനെ നടത്തിയ കേസുകളെല്ലാം നിങ്ങൾ അന്വേഷണം നടത്തി പിൻവലിക്കുകയാണ് ചെയ്തത്. ശ്രീ. എം.എം.മണിയെ അറസ്റ്റുചെയ്ത് നിങ്ങൾ 45 ദിവസം ജയിലിലടച്ചു. ആറുമാസം കഴിഞ്ഞിട്ടും ജില്ലയിൽ കയറാനനുവദിക്കാത്ത നിലപാടുകൾ സ്വീകരിക്കുകയാണ്. അടിയന്തരാവസ്ഥയുടെ കാലഘട്ടത്തിൽപ്പോലും ഇത്തരം ഒരു നടപടി സ്വീകരിച്ചിട്ടുണ്ടോ? ഇല്ലല്ലോ. അനീഷ് രാജിനെ കൊല പ്പെടുത്തിയത് കോൺഗ്രസിന്റെ നേതാക്കന്മാരും ഗുണ്ടകളുംകൂടെച്ചേർന്നല്ലേ? അനീഷ് രാജിനെ കൊലപ്പെടുത്തിയ കൊലയാളികളായിട്ടുള്ളവരെ അതിനു മുമ്പും അതിനുശേഷവും വിളിച്ചതാരൊക്കെയാണെന്ന് പരിശോധിച്ചോ? അങ്ങനെ പരിശോധിച്ചാൽ എവിടെയെത്തും കാര്യങ്ങൾ. ഏതെല്ലാം നേതാക്ക ന്മാർ അതിനകത്ത് പ്രതികളാകും. പുനഃരന്വേഷണം ഇന്നുമാത്രമല്ല ഇനിയു മുണ്ടാകുമെന്ന് നിങ്ങൾ ഓർത്താൽമതി. എന്നും നിങ്ങളുടെ കയ്യിൽമാത്രം ഈ ഭരണമിരിക്കില്ല. അപ്പോൾ അറിയാം വിവരം. 298 കേസ്സുകളാണ് അവിടെയിപ്പോൾ പാർട്ടിയുടെ പ്രവർത്തകന്മാർക്കെതിരെ എടുത്തിരിക്കു ന്നത്. 1898 പേരെ പ്രതികളാക്കിയിരിക്കുകയാണ്. 43 കേസുകൾ ജാമ്യം കിട്ടാത്ത വകുപ്പുവച്ച് കേസെടുത്തിട്ട് നൂറുകണക്കിന് ആളുകളെ അറസ്റ്റു ചെയ്ത് ജയിലിൽ കൊണ്ടുപോയിരിക്കുകയാണ്. അങ്ങനെ ഒരു സമൂഹത്തിനെ മുഴുവനും നേരിട്ടുകൊണ്ട് ഞങ്ങളുടെ പാർട്ടിയെ ഇല്ലാതാക്കി കളയാമെന്ന് വിചാരിച്ചാൽ അതെല്ലാം നടക്കുന്ന കാര്യമാണോ? നിങ്ങൾ

ദിവാസ്വപ്നത്തിലാണോ; ഏത് യുഗത്തിലാണ് നിങ്ങൾ ജീവിക്കുന്നത്? ചില കേസുകളിൽ കോടതിയിൽ പോയിട്ട് ഈ വകുപ്പുവച്ച് കേസെടുക്കാനുള്ള വകുപ്പില്ല, നിങ്ങൾ ഇന്നയിന്ന വകുപ്പുവച്ച് കേസ് എടുത്താൽ മതിയെന്നു പറഞ്ഞ് ഹൈക്കോടതിയിൽ നിന്ന് തിരിച്ചയച്ചിട്ടുണ്ട്. ആ നിലയിൽ നികൃഷ്ടമായ രൂപത്തിലാണ് അവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പോലീസ് കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. മറിച്ച് അപ്പുറത്തേക്കാണ് കേസ് എടുക്കുന്നതെങ്കിൽ അന്വേഷിച്ചിട്ട് വെറുതെ വിടുകയാണ് ചെയ്യുന്നത്.

ഇരട്ടക്കൊലപാതക കേസിലെ പ്രതികളോട് സ്വീകരിച്ച സമീപനമെന്താണ്? എന്നിട്ട് ഇപ്പോൾ ചില പുകഴ്ത്തലുകൾ – നിഷ്പക്ഷമായിട്ടാണ് നടത്തുന്നത്, എല്ലാവരെയും ഒരുപോലെയാണ് കാണുന്നത്. എല്ലാവരേയും ഒരുപോലെ കാണുന്നതുകൊണ്ടാണല്ലോ ഈ രൂപത്തിൽ ഏകപക്ഷീയമായ സമീപനങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്, അല്ലേ? വഴിക്ക് മൂത്രമൊഴിക്കാൻപോയവരെയുൾപ്പടെ പിടിച്ച് സാക്ഷികളാക്കുകയും പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി തല്ലി അവരെക്കൊണ്ട് സാക്ഷി പറയിക്കുകയും ചെയ്താൽ കോടതിയുടെ മുമ്പിൽ വരുമ്പോൾ സ്വാഭാവികമായും തിരിച്ചുപറയും; മനസ്സിലായില്ലേ? 500 പേരെയാണ് ഒരു കേസിൽ സാക്ഷികളാക്കിയത്. ആ കേസിന്റെ പട്ടിക കാണുമ്പോൾത്തന്നെ അറിയാമല്ലോ. അങ്ങനെയൊന്നും ഒരു നാട്ടിൽ പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനത്തെ ഇല്ലാതാക്കാനൊന്നും കഴിയുകയില്ല. അങ്ങനെയാണെങ്കിൽ നിങ്ങൾ ഞങ്ങളുടെ എത്രയോ ആളുകളെ കേസിൽ പ്രതികളാക്കിയിരിക്കുന്നു. എത്രപേരെ നിങ്ങൾ കൊലപ്പെടുത്തിയിരിക്കുന്നു. അതെല്ലാംകൊണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടി

മാർക്സിസ്റ്റ് ഇവിടെ ഇല്ലാതായോ, ഇല്ലല്ലോ. ഞങ്ങൾ ശക്തിപ്പെടുകയാണ്, ഇപ്പോഴും ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇനിയൊരു തെരഞ്ഞെടുപ്പ് വരുമ്പോൾ അറിയാം വിവരം. ഇത് ജനങ്ങളുടെ കോടതിയാണ് തീരുമാനി ക്കുന്നത്. അതിനേക്കാൾ വലിയ കോടതിയൊന്നുമില്ല. അത് മനസ്സിലാ ക്കാൻ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് കഴിയേണ്ടതാണ്. നിങ്ങളിപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത് ജനാധിപത്യവിരുദ്ധമായ നടപടികളാണ്. സർ സി. പി. രാമസ്വാമി അയ്യരുടെ മർദ്ദനത്തെക്കുറിച്ച് നമ്മൾ കേട്ടിട്ടുണ്ട്. സർ സി. പി. രാമസ്വാമി അയ്യരെയും വെല്ലുന്ന രൂപത്തിലുള്ള നടപടികളാണ് നിങ്ങൾ സ്വീകരിക്കുന്നത്. ഒരു കാര്യം ചോദിക്കട്ടെ, ഇവിടെയിപ്പോൾ നിങ്ങളുടെ പാർട്ടിക്കാരെ നിങ്ങൾ തന്നെ കൊലപ്പെടുത്തി. കേരളത്തിലെ നിയമസമാധാനനില തകർത്തതിൽ ഏറ്റവും പ്രധാനപങ്കെന്നുപറയുന്നത് “എ” “ഐ” തർക്കമാണ്. യൂത്ത് കോൺഗ്രസ്സ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കാസർഗോഡ് മുതൽ തിരുവനന്തപുരംവരെ അടിയായിരുന്നു. തൊടുപുഴയിൽ രണ്ട് മണിക്കൂറാണ് ഗതാഗത സ്തംഭനമുണ്ടായത്. അവിടെ കോൺഗ്രസ്സ് (ഐ)-ക്കാരെ അടിച്ചതാണ്, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പാർട്ടിക്കാരാണ് അടിച്ചത്. അങ്ങനെ അടിച്ച് ഒതുക്കിയാണ് പിടിച്ചിരിക്കുന്നത്. ഞാൻ ചോദിക്കട്ടെ, നൂറുകണക്കിന് അടികൾ നടന്നു. നിഷ്പക്ഷവാദികൾ റോഡിൽക്കിടന്ന് തല്ലിയതിന് നിങ്ങൾ എത്ര കേസ്സെടുത്തു; കേസ്സെടുത്തിട്ടുണ്ടോ? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണ നെതിരായി ടി.വി.-യിൽ മുദ്രാവാക്യം വന്നില്ലേ; നിങ്ങൾ കണ്ടില്ലേ? ആരാണ് വിളിച്ചത്; ഞങ്ങളാണോ വിളിച്ചത്; ഞങ്ങൾ വിളിച്ചില്ല, നിങ്ങളുടെ പാർട്ടി ക്കാരാണ് വിളിച്ചത്. ഇന്നലെ വഹാബിന്റെ കട തകർത്ത കേസ് ലീഗു

കാരുമായി ബന്ധപ്പെട്ട് വന്നിട്ടുണ്ട്. ഈ നിലയിൽ കേരളത്തിന്റെ ക്രമസമാധാനനില തകർക്കുന്നതിൽ ഇന്നത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം "എ" "ഐ" തർക്കമാണ്. അധികാരം പിടിച്ചെടുക്കാൻ വേണ്ടിയുള്ള ശ്രമമാണ് നടത്തുന്നത്. അതിൽ "ഐ" വിഭാഗത്തെ ഒതുക്കുന്നതിന് പോലീസിനെ സമർത്ഥമായി ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് മധുവിനെ ആക്രമിച്ച് കൊലപ്പെടുത്തിയതിനെതിരെ വേണ്ടത്ര ഗൗരവത്തിൽ കേസെടുക്കാത്തത്. അതുകൊണ്ടാണ് അതിന്റെ ഗൂഢാലോചനക്കാരെ കണ്ടെത്താൻ ശ്രമിക്കാത്തത്. ആ ഗൂഢാലോചന ക്കാരെ കണ്ടെത്തിയാൽ ചിലപ്പോൾ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെയും വിളിച്ചിട്ടുണ്ടാകും. അപ്പോൾ ചിലപ്പോൾ പ്രതിയാകും. അതുകൊണ്ടാണ് അന്വേഷിക്കാത്തത്. വിളിക്കുന്നത് കേട്ടാൽ പ്രതിയാകും. ശ്രീ. പി. ജയരാജനെയെല്ലാം അങ്ങനെയാണ് പ്രതിയാക്കിയത്. അങ്ങനെയാ ണെങ്കിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എത്ര കേസിൽ പ്രതിയാകു മെന്ന് പറയാൻ പറ്റുകയില്ല. ശ്രീ. പി. സി. ജോർജ് ഇനി എത്ര കേസിൽ പ്രതി യാകുമെന്ന് പറയാൻ പറ്റുകയില്ല. നമ്മുടെ കയ്യിൽ അധികാരവും പോലീസും സംവിധാനവുമെല്ലാമുണ്ടെങ്കിൽ ആളുകളെ പ്രതികളാക്കാനും കുറച്ചു ദിവസം വിഷമിപ്പിക്കാനുമൊന്നും ബുദ്ധിമുട്ടില്ലെന്ന കാര്യം ഓർത്താൽ മതി. കേരളത്തിന്റെ പരിതസ്ഥിതിയിൽ ഇത് അങ്ങോട്ടുമി ങ്ങോട്ടും വേഗം വേഗം വരും. ഞങ്ങൾ ഇതുപോലെയുള്ള നെറികേടൊന്നും കാണിക്കുകയില്ല, അത് വേറെ കാര്യം. എന്നാലും ഇങ്ങനെയെല്ലാം വരാം എന്നുവിചാരിക്കുന്നത് നല്ലതാണെന്നേ ഞാൻ പറയുന്നുള്ളൂ. ഞങ്ങൾക്ക് ഈ കാര്യങ്ങളിലെല്ലാം വ്യക്തമായ പോളിസിയുണ്ട്. ഇവിടെയിപ്പോൾ അവ

കാശ വാദത്തിന്റെ കാര്യം പറഞ്ഞു. ബണ്ടി ചോറിനെ പിടികൂടിയത് കേരളാ പോലീസാണെന്നുപറഞ്ഞ് നിങ്ങൾ അവാർഡ് കൊടുത്തു. കേരളാ പോലീസിൽ മിടുക്കന്മാരില്ലെന്നൊന്നും ഞാൻ പറയുന്നില്ല. യഥാർത്ഥത്തിൽ, ഒന്ന്, ഒളിക്യാമറ – അത് പ്രധാനപ്പെട്ട കാര്യമാണ്. രണ്ടാമത്, പൂനെയിലെ മലയാളിയായ റിസപ്ഷനിസ്റ്റ് ഇയാൾ അതുവഴി പോകുമ്പോൾ തിരിച്ചറിഞ്ഞിട്ട് നാട്ടുകാരെയെല്ലാംകൂട്ടി പിടിച്ചുവച്ചപ്പോൾ ഇവിടെ നിന്നും പോലീസിനെ അയച്ച് കൂട്ടിക്കൊണ്ടുവന്നു. ആ മലയാളിയായ റിസപ്ഷനിസ്റ്റിനല്ലേ യഥാർത്ഥത്തിൽ നമ്മൾ അവാർഡ് കൊടുക്കേണ്ടത്. അതുപോലെ, നേരത്തേ ഒരു പ്രാസംഗികൻ പറയുന്നത് കേട്ടു, സ്റ്റുഡന്റ് പോലീസ്. ആരാണ് ഈ സ്റ്റുഡന്റ് പോലീസിനെ കൊണ്ടുവന്നത്? സ്റ്റുഡന്റ് പോലീസിനെ കൊണ്ടുവന്നത് എൽ.ഡി.എഫ്. ആണ്. അതിന്റെ നടപടികൾ മുഴുവൻ നീക്കിയതും അത് ഉദ്ഘാടനം ചെയ്തതുമെല്ലാം ശ്രീ. കോടിയേരി ബാലകൃഷ്ണനാണ്. എട്ടുകാലി മമ്മൂഞ്ഞിന്റെ സ്വഭാവമെടുക്കുന്നത് ആരെല്ലാമാണെന്ന് അവിടെ നിന്നും പ്രസംഗിച്ചവർ മനസ്സിലാക്കിയാൽ മതി. ഇതെല്ലാം ജനങ്ങൾ നല്ലതുപോലെ കണ്ടുകൊണ്ടിരിക്കുന്നതാണ്. അതുകൊണ്ട് നിങ്ങളുടെ ഏകപക്ഷീയമായ ആക്രമണം അവസാനിപ്പിക്കണം, ജനാധിപത്യപരമായിട്ടുള്ള സമീപനം സ്വീകരിക്കണം. പ്രതിപക്ഷത്തിനും പ്രവർത്തന സ്വാതന്ത്ര്യമുണ്ട്. അവരെ ഒതുക്കുന്നതിനുവേണ്ടി ഈ രൂപത്തിലുള്ള ബലപ്രയോഗങ്ങളും അന്യായമായ കേസുകളും നടപടികളും സ്വീകരിക്കുന്നത് അവസാനിപ്പിക്കണം. ഇങ്ങനെ ഏകപക്ഷീയമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്ന, പ്രതിപക്ഷത്തെ ഒതുക്കുന്നതിനുവേണ്ടി ചെലവഴിക്കുന്ന ഈ പണത്തിന് അംഗീകാരം നൽകാൻ കഴിയാത്തതുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി എതിർക്കുകയാണ്.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. എല്ലാ കാലഘട്ടങ്ങളിലും വിമർശന വിധേയമാകുന്ന വകുപ്പാണ് ആഭ്യന്തര വകുപ്പ്. അത് നിഷേധിച്ചിട്ട് കാര്യമില്ല. ഇന്ന് രാവിലെ ചർച്ച തുടങ്ങിയ ശ്രീ. എളമരം കരീം മുതൽ നിർത്തിയ ശ്രീ. കെ. കെ. ജയചന്ദ്രൻ വരെയുള്ളവരെ നോക്കുമ്പോൾ.............

ശ്രീ. എ. കെ. ബാലൻ: സർ, ......(മൈക്ക് ഓഫ്)...... പ്രസംഗിക്കുന്ന ആൾക്കാരുടെ പേര് ചെയ്ഞ്ച് ചെയ്ത പേപ്പർ ഞങ്ങൾക്ക് ലഭിച്ചിട്ടില്ല. അത് ലഭ്യമാക്കണം. ശ്രീ. പി. സി. ജോർജിന്റെ പേര് ഈ ലിസ്റ്റിലില്ല.

ശ്രീ. പി. സി. ജോർജ്: സർ, ശ്രീ. എ. കെ. ബാലൻ, അതിലൊന്നും വിഷമിക്കേണ്ട, എന്റെ പാർട്ടിയുടെ തീരുമാനമല്ലേ ഞങ്ങൾ നടപ്പിലാക്കുന്നത്, you don't worry. എല്ലാ കാലഘട്ടങ്ങളിലും ആഭ്യന്തര വകുപ്പ് വിമർശന വിധേയമാണ്. 1980 മുതൽ എത്രയോ വർഷമായി ഞാൻ ചർച്ചയിൽ പങ്കെടുക്കുന്നു, കേട്ടുകൊണ്ടിരിക്കുന്നു. എല്ലാ ചർച്ചകളിലും ആഭ്യന്തര മന്ത്രിക്കെതിരെ പ്രതിപക്ഷം ശബ്ദമുയർത്തുന്നത് മാലപ്പടക്കം പൊട്ടുന്നതു പോലെയാണ്. പക്ഷെ ഇന്ന് ഒരു നനഞ്ഞ ഓലപ്പടക്കത്തിന്റെ ശബ്ദം പോലുമുണ്ടാക്കാൻ പ്രതിപക്ഷത്തിന് കഴിഞ്ഞില്ലെന്ന ദുഃഖകരമായ സത്യം നിങ്ങൾ ആദ്യം അംഗീകരിക്കണം. ഞാൻ ഒളിച്ചുവയ്ക്കുന്നില്ല, ആഭ്യന്തര വകുപ്പ് എപ്പോഴും ഭരിക്കുന്ന മന്ത്രിക്കും ഗവൺമെന്റിനുമെല്ലാം തലവേദന തന്നെയാണ്, സംശയമൊന്നുമില്ല. 1957-ൽ ഇ.എം.എസ്. ഗവൺമെന്റിന്റെ കാലത്ത് ആദ്യമുണ്ടായ പ്രശ്നമെന്തായിരുന്നു; ഫ്ളോറി വെടിവെയ്പ്പ്. ഇടതുപക്ഷമാകട്ടെ, യു.ഡി.എഫ്. ആകട്ടെ, ഏത് കാലഘട്ടങ്ങളിലും ഏറ്റവും വിമർശന വിധേയമാകുന്നത് ആഭ്യന്തര വകുപ്പാണ്. ഞാൻ ചോദിക്കട്ടെ, ശ്രീ.

വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരിക്കുമ്പോഴും ഈ സംസ്ഥാനത്തെ ഏറ്റവും വലിയ തർക്കപ്രശ്നമെന്തായിരുന്നു; ആഭ്യന്തര വകുപ്പായിരുന്നു. ആഭ്യന്തര വകുപ്പാണ് സംസ്ഥാനം ഭരിച്ച അച്ചുതമേനോനുപോലും നോക്കുകുത്തിയെന്ന ആരോപണമുണ്ടാക്കാൻ കാരണമായത്. ഇ. കെ. നായനാരുടെ ഗവൺമെന്റ് വന്നപ്പോഴുള്ള ആരോപണം പോലീസ് വകുപ്പിന്റെ ഭരണം എ.കെ.ജി. സെന്ററിൽ നിന്നാണെന്നതായിരുന്നു. അതിനു മുമ്പ്, കെ. കരുണാകരന്റെ ഗവൺമെന്റിൽ ആഭ്യന്തര വകുപ്പ് നൽകിയിരുന്നത് ശ്രീ. വയലാർ രവിക്കായിരുന്നു. പക്ഷെ, കെ. കരുണാകരൻ ആഭ്യന്തര വകുപ്പ് തിരിച്ചെടുത്തതോടുകൂടി ആഭ്യന്തര മന്ത്രിയായിരുന്ന ശ്രീ. വയലാർ രവി രാജിവച്ചുപോയ കാര്യം മറക്കാറായിട്ടില്ല. അതാണ് ഞാൻ പറഞ്ഞത് എല്ലാ കാലഘട്ടങ്ങളിലും തർക്കവിധേയമാകുന്ന ഒരു വകുപ്പാണ് ആഭ്യന്തരം. സഖാവ് വി. എസ്. അച്ചുതാനന്ദന്റെ ഗവൺമെന്റ് വന്നു. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ കയ്യിലിരുന്ന ആഭ്യന്തര വകുപ്പ് ഏറ്റെടുക്കാൻ നിങ്ങളുടെ പാർട്ടി സ്റ്റേറ്റ് കമ്മിറ്റി തീരുമാനിച്ചിട്ട് നടന്നോ? അത് വിട്ടുകൊടുക്കാൻ തയ്യാറാകാതെ അദ്ദേഹം വളരെ സ്ട്രോംങ് നിലപാട് സ്വീകരിച്ചു. അവസാനം, പോളിറ്റ് ബ്യൂറോ ഇടപെട്ടിട്ടും ശ്രീ. വി. എസ്. അച്ചുതാനന്ദൻ വിജിലൻസ് വിട്ടുകൊടുക്കാൻ തയ്യാറായില്ല. അവസാനം ശ്രീ. പ്രകാശ് കാരാട്ട് കേരളത്തിൽ വന്ന് ചർച്ച ചെയ്തതിന് ശേഷമാണ് സഖാവ് വി. എസ്. അച്ചുതാനന്ദൻ വിജിലൻസ് വകുപ്പ് ശ്രീ. കോടിയേരി ബാലകൃഷ്ണന് വിട്ടുകൊടുത്തത്. ഈ ഗവൺമെന്റിന്റെ കാര്യമെന്താണ്? ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് നിലവിൽ വന്നിട്ട് രണ്ടുവർഷം കഴിയുന്നു. ഈ ഗവൺമെന്റ് വന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കയ്യിലായിരുന്നു ആഭ്യന്തര വകുപ്പ്.

ആഭ്യന്തര വകുപ്പ് കയ്യിലിരിക്കുമ്പോൾ സംസ്ഥാനത്തുണ്ടായ പ്രചരണം നമുക്കെല്ലാം അറിയാം, ഇവിടെ ന്യൂനപക്ഷങ്ങളുടെ ഭരണം നടക്കുന്നു, ഈ ഭരണം ന്യൂനപക്ഷത്തിന്റേതാണ്. കേരളത്തിൽ വർഗ്ഗീയത ചർച്ചയിൽ വളരെ ശക്തമായി കൊണ്ടുവന്നു. വിജിലൻസ് വകുപ്പ് എന്തുകൊണ്ട് വിട്ടുകൊടുത്തു? ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരെ തിരുവനന്തപുരം വിജിലൻസ് കോടതി നിയമവിരുദ്ധമായ പരാമർശം നടത്തിയപ്പോൾ അതിനെപ്പോലും ബഹുമാനിച്ചുകൊണ്ടാണ് വിജിലൻസ് വകുപ്പ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് വിട്ടുകൊടുത്തത്. അതുകഴിഞ്ഞ് വീണ്ടും കേരളത്തിൽ സാമുദായിക സംഘർഷം പ്രചരണരംഗത്ത് വന്നപ്പോൾ, ആ കാര്യത്തിലെല്ലാം നിങ്ങളുടെ സംഭാവനയുണ്ടെന്ന് എനിക്കറിയാം. ആ സംഭാവന മനസ്സിലാക്കിക്കൊണ്ട്, ആ ചർച്ച ഇവിടെ അവസാനിപ്പിക്കണം, ശരി നടക്കണം എന്ന നിർബന്ധ ബുദ്ധിയോടുകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ ആഭ്യന്തരം ഏൽപ്പിക്കുകയായിരുന്നു. അല്ലാതെ പിടിച്ചുപറിക്കുകയല്ല ചെയ്തത്. സാധാരണയായി വകുപ്പുകളെല്ലാം പിടിച്ചുപറിക്കുകയാണ് ചെയ്യുന്നത്. ഇത് യാതൊരു തർക്കവുമില്ലാതെ, സ്വമനസ്സാലെ കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി അദ്ദേഹത്തിന്റെ കയ്യിലിരുന്ന വകുപ്പ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ ഏൽപ്പിക്കുകയായിരുന്നു. അപ്പോൾ ഏത് കാലഘട്ടങ്ങളിലും ഈ തർക്കമുണ്ട്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായത് കേരളത്തിലെ ഭൂരിപക്ഷ സമുദായത്തിന്റെ താല്പര്യം മാനിക്കാനാണെന്നല്ലേ അങ്ങ് പറയുന്നത്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, എന്ന് ഞാൻ പറഞ്ഞില്ല. നിങ്ങളുടെ സ്വഭാവമിതാണ്, വേണ്ടാത്ത അർത്ഥമുണ്ടാക്കിയെടുക്കുകയല്ലേ നിങ്ങളുടെ

ജോലി. അതുകൊണ്ടാണ് നിങ്ങൾക്ക് കഷ്ടകാലം എന്നു ഞാൻ പറയുന്നത്. അങ്ങനെ ഒരു അഭിപ്രായം ഞാൻ പറഞ്ഞില്ല. കേരളത്തിൽ പോലീസ് എപ്പോഴും മർദ്ദനോപകരണമാണ്, ഇതല്ലേ നമ്മുടെ ആർഗ്യുമെന്റ്? പ്രതിപക്ഷം എപ്പോഴും ഉന്നയിക്കുന്നത് അതുതന്നെയാണ്. അതിൽ നിന്നും വ്യത്യസ്തമായി പോലീസ് വകുപ്പ് ഒരു മുൾക്കിരീടമല്ലെന്ന് തെളിയിച്ച കേരള ത്തിലെ ആദ്യത്തെ ആഭ്യന്തര വകുപ്പുമന്ത്രിയാണ് ശ്രീ. തിരുവഞ്ചൂർ രാധാ കൃഷ്ണൻ എന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. നിഷേധിക്കാൻ പറ്റില്ല. അദ്ദേഹത്തെ ഇവിടെ ഹിറ്റ്ലറെന്നു പറഞ്ഞു. ഹിറ്റ്ലറെന്നു വിളിക്കുമ്പോൾ, മനുഷ്യനെ ഗ്യാസ് ചേംബറിലിട്ട് കൊന്നയാളാണോ ശ്രീ. തിരുവഞ്ചൂർ രാധാ കൃഷ്ണൻ? ആ ഹിറ്റ്ലറെന്ന് അദ്ദേഹത്തെ വിളിക്കാൻ അവകാശമുണ്ടോ? നിങ്ങൾക്കൊന്നും പറയാനില്ലാത്തതുകൊണ്ട് പറയുന്നതല്ലേയിത്. പോലീസ് വകുപ്പിന്റെ ചുമതലയെന്താണ്? കുറ്റാന്വേഷണവും ക്രമസമാധാനവും പോലുള്ള മേഖലകൾ പരിശോധിക്കേണ്ടത് അവരാണ്. കുറ്റാന്വേഷണ രംഗത്ത് ഇതിൽ കൂടുതൽ വ്യക്തമായ, നിഷ്പക്ഷമായ, നീതിപൂർവ്വമായ കാര്യം ചെയ്യാനില്ലായെന്ന് കേരള പോലീസ് തെളിയിച്ചു എന്നു ഞാൻ ഉറപ്പിച്ചു പറയുകയാണ്. ചരിത്രത്തിലേയ്ക്ക് കടക്കുന്നില്ല, ഞാൻ ഇന്നലെയും സംസാരിച്ചു. ഇരുപത് വർഷത്തിനകം 188 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നു. 187 കേസുകളിലും കൊലപാതകികളല്ല പ്രതികൾ? കൊലപാതകിക ളുടെ ക്വട്ടേഷൻ സംഘം...., പാർട്ടി നിശ്ചയിക്കുന്ന ആളുകളെ പ്രതിയാക്കി കൊണ്ടുവരികയായിരുന്നു. 188-ാമത്തെ കേസാണ് ടി.പി. വധക്കേസ്. ആ ഒരു ഒറ്റക്കേസിൽ എന്താണ് നടന്നത്? ഇവിടെ ചർച്ച ചെയ്യപ്പെട്ടതുകൊണ്ട് ഞാൻ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. പക്ഷേ ആ കേസിൽ ക്വട്ടേഷൻ

സംഘത്തെ അറസ്റ്റ് ചെയ്തുവെന്ന് മാത്രമല്ല, കൊടിസുനി ഉൾപ്പെടെയുള്ള വരെ മലകളുടെ മുകളിൽ നിന്ന്; സി.പി.എം.–ന്റെ കേന്ദ്രത്തിൽ നിന്ന് അറസ്റ്റ് ചെയ്യാൻ കേരളത്തിൽ യു.ഡി.എഫ്.–ന്റെ പോലീസ് തന്റേടം കാണിച്ചു. പിണറായി മലയല്ല, മുടക്കോഴി മല......., അവരെ പ്രതിയാക്കി കേസ് കൊടുത്തു. അതിൽ 50 ഓളം സാക്ഷികൾ വിചാരണ കോടതിയിൽ സാക്ഷി മൊഴി മാറ്റിപ്പറഞ്ഞു. അതാണല്ലോ ഇവിടത്തെ ചർച്ച. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പോലീസ് ബലം പ്രയോഗിച്ചാണോ, ബഹുമാനപ്പെട്ട മജിസ്ട്രേറ്റിന്റെ മുമ്പിൽ കൊണ്ടുപോയി 164 സ്റ്റേറ്റ്മെന്റ് കൊടുത്ത് സാക്ഷി മൊഴി രേഖപ്പെടുത്തിയത്. അതിനുശേഷം ആ സാക്ഷികൾ സെഷൻസ് കോടതിയിൽ; കുറ്റവിചാരണ നടക്കുന്ന കോടതിയിൽ കാലുമാറിയാൽ ശിക്ഷിക്കപ്പെടാതെ പോകില്ല. അത് തീരുമാനിക്കേണ്ടത് ബഹുമാനപ്പെട്ട കോടതിയാണ്. മജിസ്ട്രേറ്റിന്റെ മുമ്പിൽ 164 സ്റ്റേറ്റ്മെന്റ് പ്രകാരം സത്യ വാങ്മൂലം രേഖപ്പെടുത്തിയതിനുശേഷം ആ മൊഴിക്ക് വിരുദ്ധമായി സെഷൻസ് കോടതിയിൽ മൊഴി പറഞ്ഞാൽ എന്താണ് വരാൻ പോകുന്ന തെന്ന് ഇപ്പോൾ ചെയറിലിരിക്കുന്ന വക്കീൽ കൂടിയായ അങ്ങേയ്ക്കറി യാമല്ലോ? നമ്മൾ കാണാൻ പോകുകയാണ്. നിങ്ങൾക്ക് രാഷ്ട്രീയമായി പണമുള്ളതുകൊണ്ടോ, അഹങ്കാരം കൊണ്ടോ അല്ലെങ്കിൽ ശാരീരിക ശക്തി കൊണ്ടോ സാക്ഷികളെ കാലു മാറ്റാൻ കഴിഞ്ഞേക്കും. പക്ഷേ നിയമത്തിനു മുമ്പിൽ നിങ്ങൾ ശിക്ഷിക്കപ്പെടുമെന്ന കാര്യത്തിൽ എനിക്ക് സംശയമില്ല. കാരണം 164 സ്റ്റേറ്റ്മെന്റാണ് നൽകിയിരിക്കുന്നത്. അതിനെക്കുറിച്ച് ഇവിടെ യാരും പറയുന്നില്ലല്ലോ. സാക്ഷികൾ കാലുമാറി എന്ന് നിങ്ങളും സമ്മതിക്കു കയാണ്. നിങ്ങൾ ചെയ്യുന്ന പാതകം....., നിങ്ങളുടെ സാക്ഷികൾ ജയിലു

കൾക്കുള്ളിൽ...., നിങ്ങൾ കാലുമാറ്റിയാൽ, വാക്കുമാറ്റിയ സാക്ഷികൾ കോടതി വിധിയിലൂടെ ജയിലിൽ പോകുന്നതു കാണാനുള്ള അവസരം കേരളത്തിലുണ്ടാകുമ്പോൾ, ഈ രാഷ്ട്രീയ കൊലപാതകത്തിന് ഒരു അന്ത്യം അതോടുകൂടിയുണ്ടാകും എന്ന് ഞാൻ ഉറച്ചു വിശ്വസിക്കുകയാണ്. ഇവിടെ യു.ഡി.എഫ്. അധികാരത്തിൽ വന്നാൽ എപ്പോഴും സമുദായ സംഘർഷമുണ്ടാകുമെന്ന് പറഞ്ഞു. ഞാൻ ചോദിക്കട്ടെ, എൽ.ഡി.എഫ്. ഭരിച്ചിരുന്ന രണ്ടുവർഷക്കാലത്തിൽ എത്ര സമുദായ സംഘർഷമുണ്ടായി, എത്ര കൊലപാതകമുണ്ടായി? മൂന്ന് കൊലപാതകങ്ങളുണ്ടായിട്ടുണ്ട്. ഇവിടെ യു.ഡി.എഫിന്റെ രണ്ടുവർഷത്തിൽ രണ്ട് കൊലപാതകമാണുണ്ടായത്. ഇവിടെ ശ്രീ. കോവൂർ കുഞ്ഞുമോന്റെ പ്രസംഗം ഞാൻ കേട്ടു. നിങ്ങളുടെ കാലത്ത്, 18.05.2006 മുതൽ 17.05.2008-വരെ 729 കൊലപാതകങ്ങൾ ഇവിടെ നടന്നു. എന്നാൽ 18.05.2011 മുതൽ 18.05.2013 വരെ യു.ഡി.എഫിന്റെ കാലത്ത് 657 കൊലപാതകങ്ങളാണ് നടന്നത്. അതും കുറവാണ്. അപ്പോൾ എല്ലാ മേഖലയിലും ഈ നിലയിലാണ് പോകുന്നത്. എന്നിട്ടും കുറ്റം പറഞ്ഞിട്ട് കാര്യമുണ്ടോ? അപ്പോൾ നിങ്ങൾ പറയുന്നത് ശരിയല്ല എന്ന് നിങ്ങൾ അംഗീകരിക്കണം. ഒരു നിഷ്പക്ഷമായ ഭരണം നടക്കുമ്പോൾ അതിനെ കുറ്റപ്പെടുത്തി സംസാരിച്ചുകൊണ്ടുപോകുന്നതിൽ അർത്ഥമില്ല എന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണ നാണ് ഇവിടെ കമ്മ്യൂണിറ്റി പോലീസ് ആരംഭിച്ചത്. അദ്ദേഹത്തിന്റെ ആ പ്രവർത്തനത്തെ ബഹുമാനിക്കുന്നു. എൽ.ഡി.എഫിന്റെ കാലത്ത് ശ്രീ. കോടിയേരി ബാലകൃഷ്ണൻ 20 പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചു. പക്ഷേ രണ്ടു കൊല്ലം കൊണ്ട് യു.ഡി.എഫ്. 148 പോലീസ് സ്റ്റേഷനുകളിലും

കമ്മ്യൂണിറ്റി പോലീസിംഗ് ആരംഭിച്ചിരിക്കുകയാണ്. ഇതിനായി ഒരു പോലീസ് സ്റ്റേഷനിൽ അഞ്ചു സ്റ്റാഫുകൾ വീതം 740 പോസ്റ്റുകളുണ്ടാക്കിയിട്ടുണ്ട്. 100 പോലീസ് സ്റ്റേഷനുകളിൽ 500 പോസ്റ്റുകൾ കൂടി കൊടുക്കാനുള്ള തീരുമാനം ക്യാബിനറ്റ് അപ്രൂവ് ചെയ്തിരിക്കുകയാണ്. കേരളത്തിൽ ആകെ 468 പോലീസ് സ്റ്റേഷനുകളാണുള്ളത്, അതിൽ 248 എണ്ണത്തിൽ കമ്മ്യൂണിറ്റി പോലീസിംഗ് സംവിധാനമുണ്ട്. ഇത് 50% ത്തിൽ കൂടുതലാണ്. 100 പോലീസ് സ്റ്റേഷനുകളിൽ കൂടി തുടങ്ങുകയാണ്. അതോടെ 468 പോലീസ് സ്റ്റേഷനുകളിലും കമ്മ്യൂണിറ്റി പോലീസിംഗുണ്ടാകും. ജനസൗഹൃദ പോലീസ് നടപ്പാക്കാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ് എന്ന് ഞാൻ മനസ്സിലാക്കുന്നു. അങ്ങനെ പോകുമ്പോൾ കുറ്റം പറഞ്ഞ് ആരെയും അപമാനിക്കാൻ നിങ്ങൾ ശ്രമിക്കരുത് എന്ന് മാത്രം പറയുകയാണ്. അതുപോലെ സ്റ്റുഡന്റ്സ് പോലീസ് രൂപീകൃതമായത് ജസ്റ്റിസ് കെ. ടി. തോമസ് കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. സ്റ്റുഡന്റ്സ് പോലീസിൽ ഇപ്പോൾ 16000 കേഡറ്റുകളുണ്ട്. അത് അല്പം കൂടി വർദ്ധിപ്പിക്കണം. റോഡുകളിൽ നമ്മുടെ കാരണവന്മാർ തെറ്റുചെയ്യുമ്പോൾ ഈ സ്റ്റുഡന്റ്സ് കേഡറ്റ് വളരെ സ്നേഹത്തോടു കൂടി അവരെ നിയന്ത്രിക്കുന്നതു കാണുമ്പോൾ പ്രായമായവരും മര്യാദക്കാരാകുന്നുണ്ട്. അതുകൊണ്ട് 16000 സ്റ്റുഡന്റ്സ് കേഡറ്റ്സിന്റെ എണ്ണം വളരെ വേഗം വർദ്ധിപ്പിക്കണമെന്ന അഭിപ്രായമുണ്ട്. അവർക്ക് ഗ്രേസ് മാർക്ക് കൊടുക്കുന്നുണ്ട്; യൂണിഫോം നൽകുന്നുണ്ട്; ഭക്ഷണത്തിന് അലവൻസ് കൊടുക്കുന്നുണ്ട്. ഇതെല്ലാം ഇനിയും കൂടുതൽ കൊടുത്ത് മുമ്പോട്ടു പോകാൻ ശ്രമിക്കണം എന്നു മാത്രമാണ് പറയാനുള്ളത്. അതുകൊണ്ട് നാളിതുവരെയുള്ളതിൽ നിന്ന് വ്യത്യസ്തമായി വളരെ ശക്ത

മായ നിലപാട് സ്വീകരിച്ചുകൊണ്ട് നീതിന്യായം ഉറപ്പാക്കാനും കുറ്റാന്വേഷണ രംഗം ഭദ്രമാക്കാനും ശ്രമിക്കുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. നമ്മുടെ ബഹുമാന്യനായ പി. സി. ജോർജ്, പ്രത്യേകിച്ച് യു.ഡി. എഫിന്റെ ചീഫ് വിപ്പ് കൂടിയായതുകൊണ്ട് അദ്ദേഹം നടത്തിയ പ്രസംഗം......., മൊത്തത്തിൽ ഇവിടെ എല്ലാം ഭംഗിയായി നടക്കുന്നുവെന്നാണ് അദ്ദേഹം പറഞ്ഞുവച്ചതിന്റെ ചുരുക്കം. ക്രിമിനലുകൾ പോലീസിൽ വർദ്ധിക്കുന്നു എന്ന ഹൈക്കോടതിയുടെ പരാമർശം അതീവ ഗൗരവതരമായി നാം കാണണം. ബഹുമാന്യനായ സി. പി. മുഹമ്മദ് പോലും അത് നേരത്തെ ചൂണ്ടിക്കാണിച്ചതാണ്. ഹൈക്കോടതി അങ്ങനെ ഒരു പരാമർശം നടത്തുവാൻ കാരണമെന്താണ്? ഇപ്പോൾ കമ്മ്യൂണിറ്റി പോലീസിംഗ് – ഇവിടത്തെ പോലീസിന്റെ മുഖമതാണോ? ജനമൈത്രി പോലീസ് ഇവിടെ പ്രവർത്തിക്കുന്നുണ്ട് എന്നത് ഒരു വസ്തുതയാണ്. അത് നേരത്തെ ആരംഭിച്ചതാണ്, അത് തുടരുന്നു, അതാണോ കേരളത്തിലെ പോലീസിന്റെ ആകെ മുഖം. അതാണെങ്കിൽ പോലീസിൽ ക്രിമിനലുകൾ വർദ്ധിച്ചുവരുന്നു എന്നു ഹൈക്കോടതി പറയാൻ കാരണമായതെന്താണെന്ന് പരിശോധിക്കേണ്ടതല്ലേ? ഇവിടെ കള്ള നോട്ട് കേസിലും പെൺവാണിഭ കേസിലും മനുഷ്യക്കടത്തിലും പോലീസുണ്ട്; മാഫിയസംഘങ്ങളിലും പോലീസുണ്ട്, പോലീസിനെ തന്നെ മാഫിയാസംഘങ്ങൾ നയിക്കുന്നു അല്ലെങ്കിൽ മാഫിയാസംഘത്തെ പോലീസ് നയിക്കുന്നു. പോലീസിന് അധോലോകവുമായി ബന്ധമുണ്ട്. ഇതൊക്കെ വളരെ പ്രകടമായി ഇവിടെ ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ്. നമ്മുടെ

മാധ്യമങ്ങൾ ദിവസേന പുറത്തുകൊണ്ടുവന്നിരിക്കുന്ന വാർത്തകളാണ്; എല്ലാവർക്കുമറിയാവുന്നതാണ്.

നമ്മുടെ നഗരങ്ങൾ ഗുണ്ടകളുടെ പിടിയിലമരുകയാണ്. തലസ്ഥാന നഗരം പോലും ഗുണ്ടകളുടെ നിയന്ത്രണത്തിലാണെന്ന വാർത്ത എല്ലാവരെയും ഞെട്ടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. തിരുവനന്തപുരത്ത് മാത്രം അമ്പതോളം പോലീസുകാർ സംശയത്തിന്റെ നിഴലിലാണെന്ന് സ്പെഷ്യൽ ബ്രാഞ്ച് റിപ്പോർട്ട് ചെയ്തിരിക്കുന്നു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ എല്ലാവരും പാടിപുകഴ്ത്തി സന്തോഷിപ്പിക്കുകയാണ്. ഏതെങ്കിലും കാര്യങ്ങൾ നടത്തേണ്ടവർക്ക് വേണമെങ്കിൽ അതൊക്കെയാകാം. അതിൽ തർക്കമില്ല. പക്ഷേ, വസ്തുതാപരമായി പോലീസിന്റെ മുഖം വികൃതമാണെന്ന് തെളിയിക്കുന്ന ഒട്ടേറെ സംഭവങ്ങളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ഐ.പി.എസ്. ഉദ്യോഗസ്ഥന്മാർ വരെ ഗുണ്ടകളുമായി അടുത്ത ബന്ധം പുലർത്തുന്നവരായിട്ടുണ്ടെന്നുള്ള വാർത്ത വന്നുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് കാഴ്ചക്കാരെപ്പോലെ നിൽക്കുകയാണ്. ബഹുമാന്യനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുൾപ്പെടെയുള്ളവർ കാഴ്ചക്കാരെപ്പോലെ നോക്കിനിൽക്കേണ്ട അവസ്ഥയാണ്. മറ്റൊരു വസ്തുത, ഫോറൻസിക് റിപ്പോർട്ട് കാത്തുകിടക്കുന്ന കേസുകളുടെ എണ്ണം 4000 ആണ്. ഇവിടെ അതിനാവശ്യമായ ലാബുകളില്ല. 17 വർഷം പഴക്കമുള്ള കേസുകളിൽ പോലും റിപ്പോർട്ട് ലഭിക്കാതെ കിടക്കുന്നുവെന്നത് നമ്മുടെ മുന്നിൽ നിൽക്കുന്ന കാര്യമാണ്. കുറ്റകൃത്യങ്ങളുടെ തലസ്ഥാനമായി തിരുവനന്തപുരം മാറിയിരിക്കുകയാണ്. കഴിഞ്ഞവർഷം 1474 ബലാൽസംഗ കേസുകളാണ് രജിസ്റ്റർ ചെയ്തത്. ഈ വർഷം ആദ്യത്തെ മൂന്ന് മാസം മാത്രം 482

കേസുകൾ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. തലസ്ഥാന നഗരത്തിലുൾപ്പെടെ കേരളത്തിൽ പലയിടത്തും മോഷണങ്ങൾ പെരുകുകയാണ്. ബണ്ടിചോറിനെ പിടിച്ചുകൊണ്ടുള്ള വലിയ വർത്തമാനങ്ങൾ ഇവിടെ നടന്നു. ബഹുമാന്യനായ ശ്രീ. കെ. കെ. ജയചന്ദ്രൻ ഒരു കാര്യം ചൂണ്ടിക്കാണിച്ചു. പൂനയിലെ മലയാളി കൾ ചൂണ്ടിക്കാണിച്ചപ്പോഴാണ് ബണ്ടിചോറിനെ പിടിച്ച് ഇവിടെ കൊണ്ടുവ രാൻ കഴിഞ്ഞുവെന്നുള്ളത് വസ്തുതയാണ്. ബണ്ടിചോറിനെ പോലുള്ള തസ്കരവീരന്മാരുടെ വിളയാട്ടത്തിൽ ഞെട്ടിവിറച്ച തലസ്ഥാന നഗരിയാണിത്. സൗമ്യയെ കൊലചെയ്ത ഗോവിന്ദച്ചാമിക്കുവേണ്ടി ഹാജരാകാൻ മുംബൈ യിൽ നിന്നുമാണ് അഭിഭാഷകൻ എത്തിയത്. അതേ അഭിഭാഷകനിപ്പോൾ ബണ്ടിചോറിനുവേണ്ടി ഹാജരായിരിക്കുന്നുവെന്നാണ് കേൾക്കുന്നത്. എന്താണ് അതിന്റെ വസ്തുതയെന്ന് അറിഞ്ഞുകൂട. ഡൽഹിയിലുള്ള ബണ്ടി ചോറിന്റെ സുഹൃത്തുക്കളാണ് അഭിഭാഷകനെ അയച്ചതെന്ന് അറിയുന്നു. രാജസ്ഥാനിലെ പീഡനകേസിലെ പ്രതിയായ ബിട്ടി മൊഹന്തിയും ഇവിടെ എത്തിയിട്ടുണ്ട്. ഇത്തരം ആളുകളൊക്കെതന്നെ ഇവിടെ വരുകയും പോവുകയും ചെയ്യുന്നത് ഇവിടെ വളരെ സുരക്ഷിതമായ സംസ്ഥാനമായി, ജനങ്ങൾക്ക് രക്ഷ നൽകുന്ന കേന്ദ്രമായി നിലനിൽക്കുന്നതുകൊണ്ടാണോ, മറിച്ച് ഈ പറയുന്ന ശക്തികൾക്കെല്ലാം ഇവിടെ ഉറഞ്ഞുതുള്ളാനാവശ്യമായ സൗകര്യങ്ങൾ ഉള്ളതുകൊണ്ടാണോയെന്ന് നാം പരിശോധിക്കേണ്ടതുണ്ട്. ക്രിമിനലുകൾക്ക് കേരളം വലിയ താവളമായി മാറുന്നുവെന്നാണ് ഇതിന്റെ ചുരുക്കം. കേരളത്തിൽ ഒരു വർഷത്തിനിടെ 47 മാനഭംഗക്കേസുകൾ ഉണ്ടായതായി വനിതാ കമ്മീഷൻ റിപ്പോർട്ട് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. തലസ്ഥാന നഗരം സ്ത്രീകൾക്ക് ഏറ്റവും സുരക്ഷിതത്വം കുറഞ്ഞ നഗരമായി

സ്ത്രീ സംഘടനകൾ ഇപ്പോൾത്തന്നെ പരസ്യമായി വെളിപ്പെടുത്തികൊണ്ടിരിക്കുകയാണ്. ആദിവാസി പീഡന കേസുകൾ യു.ഡി.എഫ് ഭരണത്തിൽ 118 എണ്ണം നടന്നതായി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നൽകിയ ഉത്തരത്തിൽ പറയുന്നു. അദ്ദേഹം ഇവിടെ നൽകിയ മറുപടിയിൽ 23000–ൽപ്പരം കേസുകൾ ഉണ്ടായതിനെ സംബന്ധിച്ച് ചൂണ്ടികാണിച്ചു. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. പോലീസിന്റെ നിഷ്പക്ഷതയെക്കുറിച്ച് അദ്ദേഹം ചൂണ്ടികാണിക്കുകയുണ്ടായി. പോലീസിന്റെ നിഷ്പക്ഷതയെക്കുറിച്ച് യു.ഡി.എഫ്. നേതാക്കൾ ഇവിടെ പറഞ്ഞതിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞ കാര്യം ഭരണമുന്നണിയിലുള്ള ആളുകളുടെ ഫോൺ ചോർത്താനും അവരുടെ പ്രധാനികളുടെ ഫോൺ ചോർത്താനുമുൾപ്പെടെയുള്ള കാര്യങ്ങൾക്ക് പോലീസിനെ ഉപയോഗിക്കുന്നുവെന്നതുകൊണ്ട് പോലീസ് നിഷ്പക്ഷമാണെന്ന വാദത്തിന് നിങ്ങൾക്ക് വേണമെങ്കിൽ അടിവരയിട്ട് പറയാൻ കഴിയും. ജയിലുകളുടെ സ്ഥിതിയെക്കുറിച്ച് എന്താണ് പറയാൻ കഴിയുന്നത്. ജയിലുകളിൽ മൊബൈൽ ഫോൺ ഉപയോഗം വ്യാപകമാകുന്നു. തിരുവനന്തപുരം സെൻട്രൽ ജയിലിൽ തടവുപുള്ളിയായി മുൻമന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ള കിടക്കുമ്പോൾ പുറത്തേയ്ക്ക് ഫോൺ ചെയ്യുകയും തനിക്ക് വന്ന കോളുകൾ അറ്റന്റ് ചെയ്യുകയും ചെയ്ത സംഭവം മറക്കാറായിട്ടില്ല. എന്നാൽ ഇന്ന് അദ്ദേഹത്തെ ക്യാബിനറ്റ് പദവി നൽകി ആദരിച്ചിരിക്കുകയാണ് യു.ഡി.എഫ്., എന്ത് ന്യായമാണ് ഇതിനുള്ളത്. ജയിലുകൾ കേന്ദ്രീകരിച്ച് തീവ്രവാദ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് നേരത്തേ സ്ഥിരീകരിച്ച റിപ്പോർട്ടുകളുണ്ടായിരുന്നു. ഈ സംഭവത്തെക്കുറിച്ച് 2011–ൽ അന്വേഷിച്ച്, എ.ഡി.ജി.പി. നൽകിയ ഞെട്ടിപ്പി

ക്കുന്ന വിവരം നമ്മുടെ മുമ്പിലുണ്ട്. ഉപഗ്രഹഫോണുകൾ ഉപയോഗിച്ച് പോലും പാകിസ്ഥാൻ ഉൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിലേയ്ക്ക് ഫോൺ മുഖാന്തിരം ബന്ധപ്പെടാൻ നമ്മുടെ ജയിലുകൾക്കകത്ത് സൗകര്യമുണ്ടെന്നാണ് പറയുന്നത്. അതിന്റെ ഭാഗമാണല്ലോ ഇന്നലെയും കഴിഞ്ഞ ദിവസങ്ങളിലുമുണ്ടായ ജയിൽ ചാട്ടങ്ങൾ തെളിയിച്ചത്. അതൊക്കെ നേരത്തേ ഇവിടെ ചൂണ്ടിക്കാണിച്ചുവെന്നുള്ളതുകൊണ്ട് ആവർത്തിക്കുന്നില്ല. സുരക്ഷാക്രമീകരണങ്ങളുടെ ജാഗ്രതയില്ലായ്മയാണ് ഇവിടെ പ്രധാന പ്രശ്നമായി ചൂണ്ടികാണിക്കാനുള്ളത്. ജയിലുകളുടെ  കാര്യത്തിൽ സുരക്ഷാക്രമീകരണങ്ങൾ പാടെ പരാജയപ്പെടുന്നുവെന്നതിന്റെ ഒട്ടേറെ തെളിവുകൾ നമ്മുടെ മുമ്പിൽ വരുകയാണ്. അല്ലെങ്കിൽ എങ്ങനെയാണ് ജയിൽ ചാട്ടത്തിന് വഴിയൊരുക്കുന്നത്. ജയിലിനകത്തുതന്നെ ഒത്താശ ചെയ്യാൻ ആളുകൾ ഉണ്ടാകുന്നതും നാം കണ്ടുകൊണ്ടിരിക്കുകയാണ്. ജയിലുകൾ നിയന്ത്രിക്കേണ്ട സൂപ്രണ്ടും ജയിൽ വാർഡർമാരും ജയിലിൽ എത്തുന്ന പഴക്കംചെന്ന കുറ്റവാളികളെ ജയിൽ ചുമതല ഏൽപ്പിക്കുന്ന അവസ്ഥയുണ്ടെന്നുള്ളത് വസ്തുതയാണ്. ജയിൽ ചുമതല അത്തരം ആളുകളെ ഏൽപ്പിച്ചാൽ അവർ സ്വയം ജയിൽ ചാടുകയോ മറ്റുള്ളവരെ ജയിൽ ചാടാൻ സഹായിക്കുകയോ ചെയ്യുമെന്ന് ഇപ്പോൾ തെളിഞ്ഞുകഴിഞ്ഞിരിക്കുകയാണ്. അതിനുള്ള അവസരങ്ങൾ ഒരുക്കുന്നു. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട കൊടുംകുറ്റവാളി റിപ്പർ ജയാനന്ദനും കൂട്ടാളികളും ജയിൽ ചാടിയത് വെറുതെയല്ല. മുണ്ടുകൾ ഒന്നിനുപുറകെ ഒന്നായി കെട്ടിയാണ് ഇറങ്ങിയതെന്ന് പറയുന്നു. ഇന്നലെ വീണ്ടും ജയിലിൽ പരിശോധന നടക്കുമ്പോൾ മുണ്ടുകളുടെ കൂമ്പാരം അവിടെ കിടക്കുന്നുണ്ടായിരുന്നു. ഇനിയുമാരോ ചാടാനുണ്ടെന്നല്ലേ ഇതിൽ നിന്ന് മനസ്സിലാക്കേണ്ടത്. പരോളിലിറങ്ങുന്ന ആളുകൾ യഥാസമയം ജയിലി

സുരക്ഷിതത്വമില്ലായ്മയാണ് എന്നതാണ്. അകത്ത് നിൽക്കുന്ന ജയിൽപുള്ളികൾക്ക് പുറത്തുചാടാൻ കഴിയുന്നു. പുറത്ത് എല്ലാ മാഫിയാ സംഘങ്ങൾക്കും ഗുണ്ടാവിളയാട്ടം നടത്തുന്നവർക്കും യഥേഷ്ടം കേരളത്തിൽ വിലസാൻ കഴിയുന്ന അവസ്ഥ ഇവിടെ നിലനിൽക്കുകയാണ്. അതിനെ നിയന്ത്രിക്കാൻ കഴിയാത്ത യു.ഡി.എഫ് ഭരണത്തെ പാടിപുകഴ്ത്താൻ ചീഫ് വിപ്പ് ഉൾപ്പെടെയുള്ളവർ നടത്തിയ  എല്ലാ ശ്രമങ്ങളും കണ്ടതാണ്. ബഹുമാനപ്പെട്ട ചീഫ് വിപ്പ് കോടതിയുടെ മഹാത്മ്യത്തെ കുറിച്ച് പ്രസംഗിച്ചു. അദ്ദേഹം കോടതിയുടെ മഹാത്മ്യത്തെക്കുറിച്ച് പറഞ്ഞത് ചാരിത്ര്യപ്രസംഗം നടത്തുന്നതിന് സമാനമാണെന്ന് എല്ലാവർക്കുമറിയാം. ഇവിടെ വിജിലൻസ് കോടതി ഒരു വിധി പുറപ്പെടുവിച്ചപ്പോൾ ആ വിധിയെക്കുറിച്ച് പരസ്യമായി ആക്ഷേപിക്കുകയും വിധിപുറപ്പെടുവിച്ച മജിസ്ട്രേറ്റിനെയടക്കം തെറിവിളിക്കുകയും ചെയ്ത ചീഫ് വിപ്പ് ഇപ്പോൾ കോടതി നടത്തുന്ന നിരീക്ഷണത്തെക്കുറിച്ച് പറയുന്ന കാര്യത്തിൽ അർത്ഥമില്ലായെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു.

<u>ശ്രീ. കെ. മുരളീധരൻ:</u> സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ അവതരിപ്പിച്ച ആഭ്യന്തരവകുപ്പിലേയ്ക്കും ജയിൽവകുപ്പിലേയ്ക്കുമുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. സാധാരണ രീതിയിൽ പോലീസിനെക്കുറിച്ച് പറയുമ്പോൾ എന്നും ആഭ്യന്തര വകുപ്പ് പൂമാലകളെക്കാൾ കൂടുതൽ കല്ലേറുകൾ സ്വീകരിച്ച ഡിപ്പാർട്ടുമെന്റാണ്. കാരണം, ജനങ്ങളുമായി ഏറ്റവും അടുത്ത് ബന്ധമുള്ള വകുപ്പായതുകൊണ്ട് സ്വാഭാവികമായും എല്ലാ കാലഘട്ടങ്ങളിലും പോലീസിനെക്കുറിച്ച് ചർച്ച ചെയ്യപ്പെടാറുണ്ട്. ആഭ്യന്തര വകുപ്പ്, ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് തുടങ്ങിയ വകുപ്പു

ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. സാധാരണ രീതിയിൽ പോലീസിനെക്കുറിച്ച് പറയുമ്പോൾ എന്നും ആഭ്യന്തര വകുപ്പ് പൂമാലകളെക്കാൾ കൂടുതൽ കല്ലേറുകൾ സ്വീകരിച്ച ഡിപ്പാർട്ടുമെന്റാണ്. കാരണം, ജനങ്ങളുമായി ഏറ്റവും അടുത്ത് ബന്ധമുള്ള വകുപ്പായതുകൊണ്ട് സ്വാഭാവികമായും എല്ലാ കാലഘട്ടങ്ങളിലും പോലീസിനെക്കുറിച്ച് ചർച്ച ചെയ്യപ്പെടാറുണ്ട്. ആഭ്യന്തര വകുപ്പ്, ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് തുടങ്ങിയ വകുപ്പുകൾക്കെല്ലാം പൂമാലകളല്ല ലഭിക്കുന്നത്; കല്ലേറാണ്. ഒരു ഗവൺമെന്റ് മാറി മറ്റൊരു ഗവൺമെന്റ് വരുമ്പോൾ പഴയ ഗവൺമെന്റിന്റെ നടപടികളെ വിമർശിക്കാറുണ്ട്. നിലവിലുള്ള ഗവൺമെന്റുകളുടെ നയങ്ങളെ ന്യായീകരിക്കാറുമുണ്ട്. പക്ഷേ ഇവിടെ പലപ്പോഴും ആഭ്യന്തരവകുപ്പിനെക്കുറിച്ച് ചർച്ച ചെയ്യപ്പെടുമ്പോൾ പാവപ്പെട്ട പോലീസുകാരുടെ കാര്യങ്ങൾ ആരും ചർച്ച ചെയ്യാറില്ല. അതൊരു യാഥാർത്ഥ്യമാണ്. നേരത്തെ, മുൻ പ്രാസംഗികൻ ബഹുമാനപ്പെട്ട കാഞ്ഞങ്ങാട് മെമ്പർ പോലീസിനെക്കുറിച്ച് ഒരുപാട് കാര്യങ്ങൾ പറഞ്ഞു. മനുഷ്യക്കടത്തിൽ പോലീസുണ്ട്, ഗുണ്ടാ സംരക്ഷണത്തിൽ പോലീസുണ്ട്. ഇതിൽ കുറച്ചൊക്കെ ചില ഉദ്യോഗസ്ഥന്മാരുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. സാധാരണ പോലീസുകാർ അങ്ങനെയല്ല. ഭരിക്കുന്ന ഗവൺമെന്റുകളുടെ ഉത്തരവുകൾ നടപ്പാക്കുകയാണ് ഒരു പോലീസുകാരന്റെ ചുമതലയെന്ന് പറയുന്നത്. അങ്ങനെ ആ ഉത്തരവ് നടപ്പാക്കുമ്പോൾ സ്വാഭാവികമായും ഏറ്റവുമധികം വിമർശനങ്ങൾ കേൾക്കേണ്ടിവരുന്നത് സാധാരണക്കാരായ പോലീസുകാർക്കാണ്. ഒരു സമരത്തെക്കുറിച്ച് പറയുമ്പോൾ, നമ്മൾ എല്ലാവരും ഭരണപക്ഷത്തും പ്രതിപക്ഷത്തും ഇരുന്നവരാണ്. ഇപ്പോൾ സാധാരണ പ്രതിപക്ഷത്തുനിന്നും ഒരു സമരത്തിനുപോകുമ്പോൾ മാധ്യമ സുഹൃത്തുക്കൾ സമരം ചെയ്യുന്നവരോട് പറയാറുണ്ട് –

സമരം വെജിറ്റേറിയനാണെങ്കിൽ ഞങ്ങൾ അവിടെ വന്ന് മെനക്കെടേണ്ട ആവശ്യമില്ലായെന്ന്. സമരം വെജിറ്റേറിയനാണോ നോൺ വെജിറ്റേറിയനാണോയെന്ന് ചോദിക്കും. സ്വാഭാവികമായും സമരം ചെയ്യുമ്പോൾ, വെറുതെ സമരം ചെയ്താൽ പത്രത്തിൽ ഫോട്ടോ പോലും കണ്ടെന്നുവരില്ല. അപ്പോൾ സമരം സ്വാഭാവികമായും നോൺ വെജിറ്റേറിയനാകും. സമരം നോൺ വെജിറ്റേറിയനാകുമ്പോൾ അവിടെയും ഏറ് കൊള്ളുന്നത് സാധാരണ പോലീസുകാർക്കാണ്. എറിയുമ്പോൾ ആ പോലീസുകാരന്റെ കുടുംബത്തെക്കുറിച്ച് ആരും ആലോചിക്കാറില്ല. ഏറ് കിട്ടി പരിക്കേറ്റ് ആശുപത്രിയിൽ കിടക്കുമ്പോൾ രാഷ്ട്രീയ നേതാക്കന്മാർ ആശുപത്രിയിൽ ചെല്ലുമ്പോൾ അവരവരുടെ പാർട്ടിയിൽപ്പെട്ട പ്രവർത്തകരെ കാണാനാണ് പോകുന്നത്. പരിക്കേറ്റ പോലീസുകാരെ ആരും ശ്രദ്ധിക്കാറില്ല. ഏത് പാർട്ടിയാണെങ്കലും ശരി.

ഏറ് വരുമ്പോഴും ലാത്തിചാർജ്ജ് നടത്തുമ്പോഴും അതിന്റെ പീഡനം അനുഭവിക്കേണ്ടി വരുന്നത് പോലീസുകാർക്കാണ്. ഇതിനെല്ലാം പുറമെ പോലീസിന്റെ ജോലിയിൽ മറ്റൊരു ജോലിയിലുമില്ലാത്ത വേറൊരു പ്രത്യേകതയുണ്ട്. ഒരു സർക്കാർ സർവ്വീസിലെ ജീവനക്കാരൻ രാവിലെ പത്തുമണിക്ക് ഓഫീസിൽ വന്നിട്ട് 12 മണിക്ക് ചായ കുടിക്കാനും ഒരു മണിക്ക് ഭക്ഷണം കഴിക്കാനും 3 മണിക്ക് ചായകുടിക്കാനും പോയിട്ട് കൃത്യം 5 മണിയാകുമ്പോൾ വീട്ടിലേയ്ക്ക് പോകും. ഞാൻ മൊത്തത്തിൽ അടച്ച് ആക്ഷേപിക്കുകയല്ല. അങ്ങനെയാണ് ഒരു സർക്കാർ ജീവനക്കാരനെങ്കിൽ 8 മണിക്കൂർ ജോലിയിൽ അദ്ദേഹത്തിന് എത്രമണിക്കൂർ ജോലി ഉണ്ടാകും. എന്നാൽ ഒരു പോലീസുകാരന്റെ സ്ഥിതി അതല്ല.

പോലീസുകാരനെ സംബന്ധിച്ച്  ഇത്ര മണിക്ക് ഡ്യൂട്ടിക്ക് വന്നാൽ ഡ്യൂട്ടി എപ്പോൾ തീരുമെന്ന് പോലീസുകാരനും അറിയില്ല; ഡ്യൂട്ടിയിടുന്ന ഉദ്യോഗസ്ഥനും അറിയില്ല. ചില സന്ദർഭങ്ങളിൽ വി.വി.ഐ.പി. ഡ്യൂട്ടിയുണ്ടെങ്കിൽ ആ പോലീസുകാരന്റെ സ്ഥിതി അധോഗതിയാണ്. മരണപ്പെട്ട രണ്ടുമൂന്ന് പോലീസുകാരുടെ കുടുംബങ്ങളെ സഹായിക്കാൻ പോലീസ് അസോസിയേഷൻ തന്നെ സംഘടിപ്പിച്ച ചില പരിപാടികളിൽ ഞാൻ സംബന്ധിക്കുകയുണ്ടായി.  അവരെല്ലാം എന്നോട് പറഞ്ഞ ഒരു കാര്യമുണ്ട്. പലപ്പോഴും വെള്ളം കുടിക്കാൻ പോലും കഴിയാറില്ലെന്നാണ്. ഒരു ഉപവാസം നടത്തുകയാണെങ്കിൽ ഉപ്പിട്ട വെള്ളം കുടിക്കുന്നത് കിഡ്നി ഫങ്ഷനുവേണ്ടിയാണ്.  പക്ഷേ പോലീസുകാരൻ ഇന്ന് രാവിലെ ഡ്യൂട്ടിക്ക് കയറിയാൽ നാളെവരെ ഡ്യൂട്ടിക്ക് നിൽക്കേണ്ടിവരും. ഇതിനെല്ലാം പുറമെ ബണ്ടിചോറിനെയും മറ്റും പിടിക്കാൻ പോകണം. പിന്നെ ഓണമെന്നോ പെരുന്നാളെന്നോ ക്രിസ്തുമസെന്നോ ഉള്ള വ്യത്യാസം കൂടാതെ ചില സന്ദർഭങ്ങളിൽ വി.വി.ഐ.പി.കളുടെ ഡ്യൂട്ടിക്കും പോകേണ്ടിവരും.  ഞാൻ കഴിഞ്ഞ തവണ എന്റെ നിയോജക മണ്ഡലത്തിലെ പോലീസ് അസോസിയേഷന്റെ ഓണാഘോഷ പരിപാടിയിൽ പങ്കെടുക്കാൻ പോയിരുന്നു. ഓണത്തിന്റെ രണ്ടാഴ്ച മുമ്പായിരുന്നു ആഘോഷം.  അവർ പറഞ്ഞത് ഓണത്തിന് ആഘോഷിക്കാൻ കഴിയില്ല, കാരണം അന്ന് ഡ്യൂട്ടിയുണ്ടാകും. തിരുവനന്തപുരത്താണെങ്കിൽ വൈകുന്നേരങ്ങളിൽ സർക്കാർ പരിപാടികളും  ദീപാലങ്കാരങ്ങളുമുണ്ടാകും.  ഒരുപാട് ആളുകൾ ഗ്രാമങ്ങളിൽ നിന്ന് നഗരത്തിലേയ്ക്ക് ഒഴുകിവരും. അവരെ രക്ഷിക്കേണ്ട ജോലി പോലീസിനാണ്. എന്തെങ്കിലും വീഴ്ച പറ്റിയാൽ ഓണത്തിന്റെ അന്നുതന്നെ സസ്പെൻഷൻ കിട്ടും.  ഇങ്ങനെയുള്ള എല്ലാ ദുരിതങ്ങളും

പോലീസുകാരന് സഹിക്കേണ്ടിവരും. ജനസംഖ്യയുടെ വർദ്ധനവിനനുസരിച്ച് കുറ്റകൃത്യങ്ങളും വർദ്ധിക്കും. അത് ഏതെങ്കിലും സർക്കാരിന്റെ ദോഷം കൊണ്ടൊന്നുമല്ല. 1991 - ൽ ശ്രീ. കെ. കരുണാകരൻ കേരളത്തിൽ ആഭ്യന്തര വകുപ്പിന്റെ ചാർജ്ജുള്ള മുഖ്യമന്ത്രിയായിരുന്നപ്പോൾ പോലീസ് വകുപ്പിന്റെ സ്ട്രക്ച്ചറിനെക്കുറിച്ച് പരിശോധിക്കാൻ ശ്രീ. എം.കെ. ജോസഫിനെ ഒരു കമ്മീഷനായി നിയമിച്ചിരുന്നു. ഒരു പോലീസ് സ്റ്റേഷനിൽ ഒരു എസ്.ഐ., ഒരു എ.എസ്.ഐ., 5 ഹെഡ് കോൺസ്റ്റബിൾ, 25 പോലീസ് കോൺസ്റ്റബിൾ ഇത്രയുമാണ് അന്നത്തെ സ്ട്രക്ച്ചർ അനുസരിച്ച് ഒരു പോലീസ് സ്റ്റേഷനിലെ പാറ്റേണായി അനുവദിച്ചിരുന്നത്. അന്നൊക്കെ രജിസ്റ്റർ ചെയ്ത കുറ്റകൃത്യങ്ങൾ ഇന്നത്തേതിനെക്കാൾ വളരെ കുറവായിരുന്നു. 1991 - ൽ 81941 എഫ്.ഐ.ആർ. ആണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നാണ് കണക്ക്. അതിൽ തെറ്റുണ്ടെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി അത് പരിശോധിച്ചിട്ട് പറയും. പക്ഷേ 2012-ൽ ഏതാണ്ട് 537464 എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തു. ഇത്രയും വർദ്ധിക്കുമ്പോഴും പോലീസിന്റെ പാറ്റേൺ മാറിയിട്ടില്ല; 1991 - ലെ പാറ്റേൺ തന്നെയാണ് നിലനിൽക്കുന്നത്. അപ്പോൾ പോലീസ് സ്റ്റേഷന്റെ സ്ട്രക്ച്ചർ ഇന്നത്തേതിൽ നിന്നും മാറ്റേണ്ട സമയം അധികരിച്ചിരിക്കുന്നു. ഇതിനെല്ലാം പുറമെയാണ് ജനമൈത്രി പോലീസ്, വയോജന സംരക്ഷണം, സ്റ്റുഡന്റ് പോലീസ്, വനിതാ ഹെൽപ് ഡെസ്ക്, ഹൈവേ പട്രോൾ, സൈബർ സെൽ, ടെമ്പിൾ തെഫ്റ്റ് സ്ക്വാഡ് തുടങ്ങിയ ഏർപ്പാടുകൾക്ക് പോകേണ്ടതും പോലീസുകാരാണ്. സർക്കാർ പലപ്പോഴും കാലോചിതമായിട്ടുള്ള മാറ്റങ്ങൾ ഡിപ്പാർട്ടുമെന്റിൽ വരുത്തിയില്ല. എന്നാൽ ബഹുമാനപ്പെട്ട മന്ത്രി ശ്രീ.

തിരുവഞ്ചൂർ രാധാകൃഷ്ണൻ വന്നതിനുശേഷം ഇക്കാര്യത്തിൽ കുറച്ചൊക്കെ ശ്രദ്ധിച്ചിട്ടുണ്ട്. പോലീസിൽ തന്നെ ഏതാണ്ട് 3600 പേർക്ക് പുതിയതായി നിയമനം നൽകിയിട്ടുണ്ട്. പക്ഷേ ആവശ്യങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ ഇത് പോര, ഇനിയും വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ ജനമൈത്രി പോലീസ് വന്നു. ഇടതുപക്ഷ സർക്കാരാണ് തുടങ്ങിയതെന്ന് ശ്രീ. കെ. കെ. ജയചന്ദ്രൻ പറഞ്ഞു. ശരിയാണ്; നിങ്ങൾ തുടങ്ങിയെങ്കിലും പോസ്റ്റ് ഒന്നും ക്രിയേറ്റ് ചെയ്തിരുന്നില്ല. പോസ്റ്റ് ക്രിയേറ്റ് ചെയ്തത് ഈ ഗവൺമെന്റ് വന്നതിനു ശേഷമാണ്. ഏതാണ്ട് 743-ഓളം തസ്തികകൾ ഇതിലേയ്ക്ക് നൽകിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതിനെല്ലാം പുറമെ പത്മനാഭസ്വാമി ക്ഷേത്രം, നാദാപുരം, തലശ്ശേരിയിലെ റെയിൽവേ പ്രൊട്ടക്ഷൻ ഇതെല്ലാം നോക്കുന്നതും പോലീസാണ്. പത്മനാഭസ്വാമി ക്ഷേത്രത്തിനെക്കുറിച്ച് പറഞ്ഞാൽ അവിടെ കോടിക്കണക്കിന് രൂപയുടെ സ്വത്തുണ്ടെന്നുള്ള സത്യം ഇപ്പോൾ പുറത്തുവന്നു. ആ കോടിക്കണക്കിന് രൂപയുടെ സ്വത്ത് സംരക്ഷിക്കേണ്ടത് കേരളാ പോലീസാണ്. ഭക്ത ജനങ്ങളുടെ വികാരങ്ങളെ മാനിക്കുന്നതുകൊണ്ട് അവിടെയുള്ള സ്വത്തിലൊന്നും ആരും കൈവച്ചിട്ടില്ല. അവിടത്തെ പ്രൊട്ടക്ഷന് പേലീസിനെ വിന്ന്യസിക്കാനുള്ള സാമ്പത്തിക ചെലവും ഇപ്പോൾ വഹിക്കുന്നത് ആഭ്യന്തര വകുപ്പാണ്; അതായത് കേരള ഗവൺമെന്റാണ്. അങ്ങനെ പോലീസിന്റെ ഡ്യൂട്ടി വർദ്ധിക്കുന്നു. സാധാരണ മറ്റ് സംസ്ഥാനങ്ങളിൽ 500 ആളുകൾക്ക് ഒരു പോലീസാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പക്ഷേ നമുക്ക് 800 ആളുകൾക്ക് ഒരു പോലീസാണെന്നാണ് ഇപ്പോഴത്തെ കണക്കെന്ന് ഞാൻ മനസ്സിലാക്കുന്നു. അതുകൊണ്ട് ഇന്നത്തെ സാഹചര്യത്തിൽ പൊതുജന

ങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ നിർബന്ധമായും ഒരു പഞ്ചായത്തിൽ ഒരു പോലീസ് സ്റ്റേഷൻ എന്നുള്ള നിലപാട് കേരളത്തിൽ നടപ്പാക്കേണ്ട സമയം കഴിഞ്ഞു. ഇക്കാര്യത്തിൽ ആഭ്യന്തര വകുപ്പുമന്ത്രി പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ തന്നെ ഈ പോലീസുകാർക്ക് മാനസ്സിക പിരിമുറുക്കം ഉണ്ടാകുമ്പോൾ അവരുടെ ഡ്യൂട്ടി സമയത്തിന് കുറച്ചുകൂടി ക്ലിപ്തതയുണ്ടാക്കണം. അനന്തമായി ജോലി ചെയ്യുക, ലാത്തി ചാർജ് നടത്തുക, ഏറ് കൊള്ളുക ഇങ്ങനെയൊക്കെ ചെയ്യുമ്പോൾ ഉണ്ടാകുന്ന മാനസിക പിരിമുറുക്കത്തിൽ നിന്ന് അവരെ രക്ഷിക്കാനുള്ള അത്രയും തസ്തികകൾ പോലീസിൽ വർദ്ധിപ്പിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതിനെക്കുറിച്ച് കൂടുതൽ വിശദമായ കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. കേരള പോലീസിനെ സംബന്ധിച്ച് പറയുമ്പോൾ ഈ അടുത്ത കാലങ്ങളിലായി വളരെ നല്ല രീതിയിൽ അവർക്ക് പ്രവർത്തിക്കാൻ കഴിയുന്നുണ്ട്. അങ്ങനെ പ്രവർത്തിക്കാൻ കഴിയുന്നതിന് കാരണം പോലീസിൽ യു.ഡി.എഫിന്റെ രാഷ്ട്രീയ ലക്ഷ്യങ്ങൾ അടിച്ചേൽപ്പിക്കാൻ ഒരിക്കലും ശ്രമിച്ചിട്ടില്ല. അവർക്ക് കുറെയൊക്കെ സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. ആ സ്വാതന്ത്ര്യം നൽകിയതു കൊണ്ടുതന്നെയാണ് ടി.പി. ചന്ദ്രശേഖരൻ കൊലക്കേസ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ നിർഭയമായി പോലീസിന് അന്വേഷണം നടത്താനും കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരാനും സാധിച്ചിട്ടുള്ളത്. ഏതായാലും ആ കൊലക്കേസിനെ സംബന്ധിച്ചിടത്തോളം ഞാൻ അതിന്റെ രാഷ്ട്രീയ വശങ്ങളിലേയ്ക്ക് കടക്കുന്നില്ല. പക്ഷേ ഒരു യാഥാർത്ഥ്യമുണ്ട്. ടി.പി. ചന്ദ്രശേഖരനെ വെട്ടിക്കൊന്നപ്പോൾ ഇതിൽ ഞങ്ങൾക്ക് യാതൊരു പങ്കും ഇല്ലെന്നാണ് സി.പി.എം. പറഞ്ഞത്. അതേ സി.പി.എം. തന്നെ

അവരുടെ പാർട്ടിക്കകത്ത് ഒരു അന്വേഷണ കമ്മീഷനെ വച്ചു. ഇങ്ങനെ വച്ചപ്പോൾ ഇത് പുറത്ത് പറയാൻ സാധ്യമല്ലെങ്കിൽ അന്വേഷണ കമ്മീഷനെ വയ്ക്കേണ്ട കാര്യമുണ്ടോ? അന്വേഷണ കമ്മീഷനെ വച്ച് അവരുടെ റിപ്പോർട്ടിനെപ്പറ്റി ചോദിച്ചപ്പോൾ പോലീസ് അന്വേഷണം നടക്കുന്നതുകൊണ്ട് ഞങ്ങൾ പുറത്ത് പറയുന്നില്ല എന്നാണ് പറഞ്ഞത്. അവിടെ അറസ്റ്റ് ചെയ്യപ്പെട്ട നേതാക്കൻമാരും സി.പി.ഐ.(എം.) – ൽപ്പെട്ടവരാണ്. സി.പി.എം.ലെ അറസ്റ്റ് ചെയ്യപ്പെട്ടവർക്ക് ചിലർക്കൊന്നും ഇന്നും ജാമ്യം പോലും കിട്ടിയില്ല. ജാമ്യം കിട്ടാത്തതിന് കാരണം നല്ല വകുപ്പുകളിട്ട് പോലീസ് കേസ് ചാർജ് ചെയ്തതുകൊണ്ടാണ്. അത്രയും നല്ല രീതിയിൽ കേസ് അന്വേഷിക്കാൻ പോലീസുകാർക്ക് കഴിഞ്ഞു. അതേസമയം കൂറ് മാറ്റമൊക്കെ ഉണ്ടാകും. കൂറ് മാറിയതുകൊണ്ട് കേസ് മാറാനൊന്നും പോകുന്നില്ല. അതുകൊണ്ട് അതിൽ കുറ്റം ചെയ്തവർ ശിക്ഷിക്കപ്പെടു മെന്നുള്ള കാര്യത്തിൽ സംശയമില്ല.

എൽ.ഡി.എഫ്. ഭരിച്ചപ്പോഴും യു.ഡി.എഫ് ഭരിച്ചപ്പോഴും ചില പോലീസ് ഉദ്യോഗസ്ഥർക്ക് ഗുണ്ടാസംഘവുമായി, ചില അധോലോകവു മായി ബന്ധമുണ്ടായിട്ടുണ്ട്. ഈ ബന്ധങ്ങളുടെ ഫലമായാണ് ചില സ്ഥലങ്ങളിൽ കുറ്റവാളികൾ ജയിൽ ചാടുന്നത്. എൽ.ഡി.എഫ്. ഭരിച്ചാലും യു.ഡി.എഫ്. ഭരിച്ചാലും ജയിൽചാട്ടത്തിന് പിന്നിലുള്ള പ്രധാന കണ്ണികളെന്ന് പറയുന്നത് അധോലോക ബന്ധമുള്ള ചില പോലീസ് ഉദ്യോഗസ്ഥരാണ്. ഗുണ്ടകളെ വെട്ടിക്കൊല്ലുന്നത് എൽ.ഡി.എഫ്.ന്റെ കാലത്തും നടന്നിട്ടുണ്ട്. മുമ്പ് വഞ്ചിയൂർ കോടതിയുടെ മുമ്പിലും കഴക്കൂട്ടത്ത് നടുറോഡിലിട്ടും ഗുണ്ടാതലവനെ വെട്ടിക്കൊന്നു. എന്നാൽ അന്ന് ശ്രീ. കോടിയേരി ബാലകൃ

ഷ്ണനെ ആരും കുറ്റം പറഞ്ഞില്ല. കാരണം അതൊക്കെ ഈ ബന്ധത്തിന്റെ ഭാഗമാണ്. പ്രസ്തുത ബന്ധങ്ങൾ ഇപ്പോഴും തുടരുന്നുണ്ട്. ഇങ്ങനെയുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരായാണ് കോടതിയിടെ ചില കമന്റുകൾ വന്നത്. പോലീസ് ഡിപ്പാർട്ടുമെന്റിനെയാകെ അടച്ചാക്ഷേപിച്ചുകൊണ്ടല്ല കോടതിയുടെ കമന്റ് വന്നത്. ചില പോലീസ് ഉദ്യോഗസ്ഥർക്ക് അധോലോകവുമായി ബന്ധമുണ്ടെന്നുള്ള കോടതിയുടെ പരാമർശം നമ്മൾ വളരെ ഗൗരവത്തിൽ കാണണം. കാരണം പതിനായിരക്കണക്കിന് പോലീസ് ഉദ്യോഗസ്ഥർ സത്യസന്ധമായി ജോലി ചെയ്യുമ്പോൾ വിരലിലെണ്ണാവുന്ന അഞ്ചോ ആറോ ഉദ്യോഗസ്ഥർ അധോലോക ബന്ധവുമായി മുന്നോട്ട് നീങ്ങുമ്പോൾ അത് ഡിപ്പാർട്ടുമെന്റിന് മുഴുവൻ കറുത്ത പുള്ളി വരുത്തും. ഇത് കുറേ കാലങ്ങളായി തുടരുകയാണ്. അങ്ങനെയുള്ള ഉദ്യോഗസ്ഥരെ കണ്ടുപിടിക്കുന്നതിനും അവർക്ക് നല്ല ശിക്ഷ നൽകുന്നതിനും കഴിയണമെന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ. അല്ലെങ്കിൽ ഇതുപോലുള്ള സംഭവങ്ങൾ ഭാവിയിലും ആവർത്തിച്ചുകൊണ്ടിരിക്കും. ഏതായാലും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഈ വകുപ്പ് ഏറ്റെടുത്തതിനുശേഷം വളരെ കാര്യക്ഷമമായിത്തന്നെ മുന്നോട്ട് കൊണ്ടുപോകുകയാണ്. ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി എന്ന നിലയ്ക്കാണ് ശ്രീ. തിരുവഞ്ചൂരിനെക്കുറിച്ച് ഞാൻ പരാമർശിച്ചത്. കുറ്റാന്വേഷണ കാര്യത്തിൽ പോലീസിന് ഫ്രീഡം നൽകിയിതിന്റെ ഫലമായാണ് തെളിയാതെ കിടന്ന മഹാഭൂരിപക്ഷം കേസുകളും തെളിയിക്കപ്പെട്ടത്. ഇതിനെല്ലാമുപരിയായി പറഞ്ഞാൽ, അക്രമം നടക്കുന്ന പല പ്രദേശങ്ങളിലും ഇന്ന് അറുതി വരുത്താൻ സാധിച്ചിട്ടുണ്ട്. ഉദാഹരണത്തിന് ഒരു കാലത്ത് ഏറ്റവും വർഗ്ഗീയ സംഘർഷമുണ്ടായ പ്രദേശമാണ് നാദാപുരം. എല്ലാവരെയും സഹകരിപ്പിച്ചുകൊണ്ട് നാദാപുരംപോലുള്ള പ്രദേശങ്ങളിൽ ശാന്തമായ അന്തരീക്ഷം

സൃഷ്ടിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. വർഗ്ഗീയ കലാപങ്ങൾ പൂർണ്ണമായും ഇല്ലായ്മ ചെയ്യാൻ സാധിച്ചില്ലെങ്കിലും മുൻവർഷങ്ങളെ അപേക്ഷിച്ച് ശക്തമായ നടപടി സ്വീകരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ഇതേ രീതിയിൽ മുന്നോട്ട് പോയാൽ വർഗ്ഗീയ കലാപമില്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റാൻ സാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഏതായാലും പോലീസു കാരെ സഹായിക്കുന്ന നിരവധി പരിഷ്കാരങ്ങൾ വീണ്ടും കൊണ്ടുവരണ മെന്ന് മാത്രമാണ് എനിക്ക് ബഹുമാനപ്പെട്ട ഗവൺമെന്റിനോടും മന്ത്രിയോടും സൂചിപ്പിക്കാനുള്ളത്. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. നമ്മുടെ സമൂഹത്തിൽ എല്ലാ രംഗത്തും സാഹിത്യകാരന്മാരും ബുദ്ധിജീവികളും അത്യാവശ്യത്തിനുണ്ട്. ഏത് ഡിപ്പാർട്ടുമെന്റിലും കലാഹൃദയമുള്ള ആളുകളുണ്ട്. അവരുടെ കലാഹൃദ യത്തെ പ്രോത്സാഹിപ്പിക്കണമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആരെയെങ്കിലും ചീത്ത പറയാനുള്ള, ചീത്തകൊണ്ട് അഭിഷേകം നടത്താനുള്ള കവിതകളല്ല നമ്മൾ ഉദ്ദേശിക്കുന്നത്. പോലീസ് ഡിപ്പാർട്ടുമെന്റ് അച്ചടക്കമുള്ള ഒരു ഡിപ്പാർട്ടുമെന്റാണ്. ഇത്തരത്തിൽ അച്ചടക്കമുള്ള പോലീസ് ഡിപ്പാർട്ടുമെന്റിൽ സാധാരണ പോലീസുകാരനെ അച്ചടക്കം പഠിപ്പി ക്കുന്ന ഉദ്യോഗസ്ഥരും അച്ചടക്കം പാലിക്കേണ്ടതാണ്. സാധാരണ പോലീ സുകാരനാണെങ്കിലും ഉദ്യോഗസ്ഥരാണെങ്കിലും കവിത എഴുതുമ്പോൾ നല്ല കവിതയാണെങ്കിൽ അത് പ്രോത്സാഹിപ്പിക്കപ്പെടണം. രാഷ്ട്രീയക്കാരെ ചീത്ത പറഞ്ഞാൽ അതിനെല്ലാം കയ്യടി ലഭിക്കുമെന്ന ഒരു ധാരണ സമൂഹ ത്തിലെ ചിലർക്കുണ്ട്. ഇതിപ്പോൾ ഒരു ഫാഷനായി മാറിയിരിക്കുകയാണ്. ഇത്തരം രോഗം ചില ഐ.പി.എസ്.കാരെയും അടുത്ത കാലത്തായി ബാധിച്ചിട്ടുണ്ട്. ഞാൻ ആരെയും എടുത്തുപറയുന്നില്ല. ഇവിടെ കവിത

എഴുതുന്നത് നല്ലകാര്യമാണ്. പക്ഷേ രാഷ്ട്രീയക്കാരെ മുഴുവൻ ആക്ഷേപിച്ചു കൊണ്ട് കവിത എഴുതുവാനുള്ള യോഗ്യത പലർക്കുമില്ല. ആയതിനാൽ ഇത്ത രത്തിൽ പ്രവർത്തിക്കുന്നവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനും അവർക്ക് അർഹമായ ശിക്ഷ നൽകുന്നതിനും തയ്യാറാകണം. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെയും മന്ത്രിയുടെയും ഭാഗത്തുനിന്ന് ശക്തമായ നടപടി ഉണ്ടാക ണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുന്നു.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഇവിടെ ഭരണപക്ഷത്തുനിന്ന് സംസാരിച്ചവരെല്ലാം ഈ ഭരണത്തിൻകീഴിൽ ക്രമസമാധാന പാലനം മെച്ചപ്പെട്ടിരിക്കുന്നുവെന്നാണ് അവകാശപ്പെട്ടത്. എന്നാൽ ഇവർക്കുള്ള മറു പടി ഞാൻ പറയുന്നില്ല. കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. രമേശ് ചെന്നത്തല അതിന് മറുപടി പറഞ്ഞിട്ടുണ്ട്. അദ്ദേഹം എഴുതിയ ലേഖലത്തിൽ പറയുന്നത്, സുരക്ഷിതത്വത്തിന് പേരുകേട്ട സംസ്ഥാനമായിരുന്നു കേരളം, എന്നാൽ ഇന്ന് അതിന് മാറ്റം സംഭവിച്ചിരിക്കുന്നു. അതായത് ശ്രീ. തിരുവഞ്ചൂർ രാധാ കൃഷ്ണൻ മന്ത്രിയായ സമയത്ത് അതിന് മാറ്റം സംഭവിച്ചിരിക്കുന്നു. ഇവിടെ സ്ത്രീകൾ സുരക്ഷിതരല്ലാതാകുന്ന സന്ദർഭങ്ങൾ വർദ്ധിച്ചുവരുന്നു, പലതര ത്തിലുള്ള സംഘർഷങ്ങൾ ഉടലെടുക്കുന്നു, സാമുദായികമായ അകൽച്ച മുൻപില്ലാത്തവിധം സംജാതമാകുന്നു. അക്രമം, കൊലപാതകം, കൊള്ള, പിടിച്ചുപറി, മാഫിയാ പ്രവർത്തനങ്ങൾ എന്നിവ പെരുകുന്നു. ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഭരണത്തിൻകീഴിൽ ശ്രീ. തിരുവഞ്ചൂർ രാധകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരിക്കുമ്പോൾ അദ്ദേഹത്തിന് കൊടുത്തിരിക്കുന്ന കുറ്റപത്രമാണ് കെ.പി.സി.സി.

പ്രസിഡന്റിന്റെ ഈ ലേഖനം. അടുത്ത കാലത്ത് കേരളീയ സമൂഹത്തിന്റെ മുഖച്ഛായ പാടേ മാറിയിരിക്കുന്നുവെന്ന് പറയേണ്ട അവസ്ഥ സംജാതമായിരിക്കുകയാണ്. അതായത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷമുള്ള അവസ്ഥയെക്കുറിച്ചാണ് പരാമർശിക്കുന്നത്. കെ.പി.സി..സി. പ്രസിഡന്റുതന്നെ ക്രമസമാധാന പാലനത്തെക്കുറിച്ച് ഇതാണ് സർട്ടിഫിക്കറ്റ് നൽകിയതെങ്കിൽ ശ്രീ. പി. സി. ജോർജിനെ ഹാജരാക്കി ഈ സർട്ടിഫിക്കറ്റ് വാങ്ങേണ്ട വല്ല കാര്യവുമുണ്ടോ? ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഭരണകാലത്ത് ഞാൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ മൂന്ന് കൊല്ലം എനിക്ക് അനുകൂലമായി ശ്രീ. പി. സി. ജോർജ് പ്രസംഗിച്ചിരുന്നു. അതേ പ്രസംഗം തന്നെയാണ് ഇപ്പോൾ തിരച്ച് ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണന് നേർക്കും നടത്തിയിരിക്കുന്നത്. യഥാർത്ഥത്തിൽ അപ്പുറത്ത് നടത്തിയ പ്രസംഗമെല്ലാം കണ്ണിൽ പൊടിയിടുന്ന പ്രസംഗമല്ലേ? ഇവിടെ രണ്ട് കൊല്ലത്തിനിടയിൽ രണ്ട് ആഭ്യന്തര വകുപ്പുമന്ത്രിമാർ ഉണ്ടായില്ലേ? ആഭ്യന്തര വകുപ്പ് ആദ്യം മുഖ്യമന്ത്രി കൈകാര്യം ചെയ്തു, ഇപ്പോൾ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ കൈകാര്യം ചെയ്യുന്നു. ഈ രണ്ട് വർഷത്തേയും ഭരണത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ആളുകൾ പറയുന്നത് എന്താണ്? ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഭരണം മോശമായിരുന്നു, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വന്നപ്പോൾ ഭരണം നന്നായി എന്നല്ലേ? ഇത് കോൺഗ്രസ്സിനകത്ത് വന്നിട്ടുള്ള ഒരു മാറ്റത്തിന്റെ പ്രതിഫലനമാണോ? ഇപ്പോൾ യഥാർത്ഥത്തിൽ ആഭ്യന്തര വകുപ്പ് യു.ഡി.എഫ്. ഗവൺമെന്റിന്റെ നിലനിൽപ്പിന്റെ വകുപ്പായി മാറിക്കഴിഞ്ഞിരിക്കുന്നു. കെ.പി.സി.സി. പ്രസിഡന്റിന് ഏതുസമയത്തും മന്ത്രിസഭയിലേക്ക് കടന്നുവരാമെന്ന് മുമ്പ് മുഖ്യമന്ത്രി ഇവിടെ പറയുകയുണ്ടായി. എന്നാൽ അതിന് തയ്യാറായി

കെ.പി.സി.സി. പ്രസിഡന്റ് വന്നപ്പോൾ അദ്ദേഹത്തോട് പറയുന്നത്, നിങ്ങൾ വനം വകുപ്പ് എടുത്തോ, നിങ്ങളെ കാട്ടിലേക്ക് വിടാം. അവസാനം പറഞ്ഞു കെ.പി.സി.സി. പ്രസിഡന്റിന് റവന്യൂ വകുപ്പ് നൽകാം. കെ.പി.സിസി പ്രസിഡന്റിനെ റവന്യൂ വകുപ്പുമന്ത്രിയാക്കിയാൽ ബിരിയാണിച്ചെമ്പിൽ കഞ്ഞിവെച്ചതുപോലിരിക്കില്ലേ? കെ.പി.സി.സി.പ്രസിഡന്റിനെപ്പോലൊരാൾക്ക് നൽകേണ്ട വകുപ്പാണോ ഇത്? ഇവിടെ പോലീസിനെയും വിജി ലൻസിനെയും ഉപയോഗിച്ചുകൊണ്ടാണ് ഉമ്മൻ ചാണ്ടി സർക്കാർ ഭരണം നിലനിർത്തുന്നത്. ഡയറക്ടർ ജനറൽ ഓഫ് പോലീസിനെയും വിജിലൻസ് ഡയറക്ടറേയും കൂട്ടിലിട്ട തത്തകളാക്കി വച്ചിരിക്കുകയാണ്. അതിന്റെ അടി സ്ഥാനത്തിലാണ് ഇന്ന് കോൺഗ്രസ് (എ) ഗ്രൂപ്പ് ഭരണം നടത്തുന്നത്. (എ) ഗ്രൂപ്പ് എന്ന് പറയാൻ പാടുണ്ടോയെന്ന് എനിക്ക് അറിയില്ല. (എ) ഗ്രൂപ്പ് എന്നുപറഞ്ഞാൽ ആന്റണി ഗ്രൂപ്പാണ്. ഇപ്പോൾ ആന്റണി ഗ്രൂപ്പിൽ ആന്റണിയില്ല.

ഇപ്പോൾ കോൺഗ്രസ് (ഉ) ഗ്രൂപ്പാണുള്ളത്. ഇപ്പോൾ മലയാളത്തിലല്ലേ പറയാൻ പറ്റുകയുള്ളൂ. കോൺഗ്രസ് (എ) ഗ്രൂപ്പ് ഇപ്പോൾ കോൺഗ്രസ്സ് (ഉ) ഗ്രൂപ്പായി. ഈ ഗ്രൂപ്പിന് ഭരണം നടത്താൻ വേണ്ടിയല്ലേ ഇപ്പോൾ പോലീസിനെ ഉപയോഗിക്കുന്നത്. അതിന് ആദ്യമായി ചെയ്തതെന്താണ്? ഭരണത്തെ അനുകൂലിക്കുന്ന പോലീസുകാരെന്നും നിയമത്തോട് കൂറു പുലർത്തുന്ന പോലീസുകാരെന്നും പോലീസിനെ രണ്ടായി തിരിച്ചു. എല്ലാ സ്ഥലങ്ങളിലും നിയമത്തോട് കൂറുപുലർത്തുന്ന പോലീസുകാരെ അവിടെ നിന്നും മാറ്റി മൂലയിൽ കൊണ്ടിരുത്തിയെന്ന് മാത്രമല്ല, പോലീസ് അസോസി യേഷനെ ആദ്യമായി കോൺഗ്രസ്വത്കരിച്ചു. പോലീസ് അസോസിയേഷൻ ഇപ്പോൾ കോൺഗ്രസ്സിന്റെ ഒരു പോഷക സംഘടനയായി മാറി. കോൺഗ്രസ്

(ഉ) ഗ്രൂപ്പിന്റെ നിയന്ത്രണത്തിലാണ് ഇപ്പോൾ പോലീസ് സ്റ്റേഷന്റെ ഭരണം നടത്തുന്നത്. ഇപ്പോൾ പോലീസ് സ്റ്റേഷന്റെ ഭരണം നിയന്ത്രിക്കുന്നത് പോലീസ് അസോസിയേഷനിൽ (ഉ) ഗ്രൂപ്പുകാർ നിയമിച്ചിട്ടുള്ള പോലീസു കാരാണ്. സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്ക് ഇപ്പോൾ എന്തെങ്കിലും പണി യുണ്ടോ; പോലീസുകാർക്ക് രാവിലെ എന്ത് ഡ്യൂട്ടി നിശ്ചയിച്ച് കൊടു ക്കണമെന്ന് തീരുമാനിക്കുന്നത് സ്റ്റേഷൻ ഹൗസ് ഓഫീസർമാരാണോ; ഇവർ ലിസ്റ്റ് കൊടുക്കുന്നു, അതിനനുസരിച്ച് ഡ്യൂട്ടികൊടുക്കുന്നു. യൂത്ത് കോൺഗ്രസിൽ ഇലക്ഷൻ നടന്നപ്പോൾ പോലീസിനെ ഉപയോഗിച്ചല്ലേ (ഉ) ഗ്രൂപ്പ് അധികാരം പിടിച്ചെടുത്തത്. ഈ ഇലക്ഷൻ സംഭവത്തിന്റെ പേരിലല്ലേ കോൺഗ്രസ്സിന്റെ ഒരു ഗ്രൂപ്പുകാരനായ മണ്ഡലം പ്രസിഡന്റ് മധുവിനെ വെട്ടി ക്കൊന്നത്. എത്ര പരിക്കാണ് അദ്ദേഹത്തിനുണ്ടായിരുന്നത്, ഭാര്യയുടെ കൺമുമ്പിൽ വച്ചാണ് ബ്ലോക്ക് കോൺഗ്രസ്സ് പ്രസിഡന്റിനെ വെട്ടിക്കൊന്നത്. എന്നിട്ടാണ് നിഷ്പക്ഷമായ അന്വേഷണം നടത്തുന്ന പോലീസാണ് കേരള പോലീസെന്ന് പറയുന്നത്. 36 കഷണങ്ങളാക്കി ആ യുവാവിനെ വെട്ടിക്കൊ ന്നതിനെക്കുറിച്ച് നിങ്ങൾ പ്രതിഷേധിക്കാത്തതെന്ത്? വടകരയിൽ ഒരു സംഭവം നടന്നപ്പോൾ അന്വേഷിച്ചു, മാതൃകാപരമായി ഇടപെട്ടുവെന്ന് പറയുന്ന പോലീസ് എന്തുകൊണ്ട് മധുവിനെ വെട്ടിക്കൊന്നപ്പോൾ കണ്ടില്ല. കോൺസ്പരൻസിക്കാർ നാടിളക്കി അന്വേഷണം നടത്തിയതുപോലൊരു അന്വേഷണം മധുവിന്റെ കൊലപാതകത്തിന്മേൽ എന്തുകൊണ്ട് നടത്തിയില്ല. ഇവിടെ കഴിഞ്ഞ ദിവസം ശ്രീ. എം. ചന്ദ്രൻ ഒരു വിഷയം ഉന്നയിച്ചു. കുഴൽമന്ദത്ത് ശിവദാസനെ പട്ടാപ്പകൽ വെട്ടിക്കൊന്നു. പരിക്കെത്രയാണ്; 47 വെട്ട്. ഈ കേസിന്റെ അന്വേഷണം നടത്തിയത് എങ്ങനെയാണ്? അപ്പോൾ

നിഷ്പക്ഷമായ കേസന്വേഷണമാണ് നടത്തുന്നതെന്ന് പറയുന്ന നിങ്ങളുടെ പുറംപൂച്ച് പുറത്താക്കുന്ന സംഭവമല്ലേ ഇത്. സി.പി.ഐ.(എം) കാർക്കെതിരായി ആരോപിക്കുന്ന പ്രശ്നങ്ങളിന്മേൽ ഉടനടി പോലീസ് ഇടപെടുകയും മറ്റുള്ളവരുടെ പ്രശ്നമാണെങ്കിൽ പോലീസ് സ്വീകരിക്കുന്ന സമീപനം വ്യത്യസ്തമാണ്. ഇതാണ് ഇവിടെ രണ്ടുക്കൊല്ലക്കാലമായി ഉണ്ടായിട്ടുള്ള സംഭവത്തിൽ കണ്ടിരിക്കുന്ന പ്രധാനപ്പെട്ട പ്രശ്നം. വടകരയിലെ കൊലപാതകം അന്വേഷിച്ചതോടുകൂടി ഇനി കേരളത്തിൽ രാഷ്ട്രീയ കൊലപാതകമുണ്ടാവുകയില്ലെന്നല്ലേ പ്രചരിപ്പിച്ചത്. വടകരയിലെ കൊലപാതകം നടത്തിയ ആളുകളെയൊക്കെ പിടിച്ചുവെന്ന് അഭിമാനിക്കുന്ന ഈ കേരളത്തിലല്ലേ അതിനുശേഷം ഇരട്ടക്കൊലപാതകം നടന്നത്? വടകരയിൽ ഒരാളെയാണ് കൊന്നതെങ്കിൽ ഇരട്ടക്കൊലപാതകമല്ലേ അരീക്കോട് നടത്തിയത്; ആരാണ് അത് നടത്തിയത് സി.പി.ഐ(എം) ആണോ; അരീക്കോട് ഇരട്ടക്കൊലപാതകം നടത്തിയത് ഭരണകക്ഷിക്കാരാണ്. ആ കേസിലെ പ്രതി ഒരു ഭരണകക്ഷി എം.എൽ.എ.യാണ്. എഫ്.ഐ.ആറിൽ ആറാം പ്രതിയാണദ്ദേഹം. ഇതുവരെ പിടിക്കാൻ സാധിച്ചോ? പോലീസ് ഇവിടെ നിഷ്പക്ഷമാണെന്ന് പറയുന്നത് ശരിയാണോ; ഭരണകക്ഷി പറയുന്നതനുസരിച്ചാണ് പോലീസ് ഇവിടെ പ്രവർത്തിക്കുന്നത്. പ്രതിപക്ഷത്തെ അടിച്ചമർത്താൻ സ്വന്തം ഗ്രൂപ്പിൽപ്പെട്ടവരെ സംരക്ഷിക്കാൻ കേരളത്തിലെ പോലീസിനെ ദുരുപയോഗപ്പെടുത്തുന്നുവെന്ന സ്ഥിതിവിശേഷമാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. ആഭ്യന്തര വകുപ്പുമന്ത്രിയുടെ പാർട്ടിക്കാർ തന്നെ എതിർ ഗ്രൂപ്പുകാരെ കൊല്ലുന്നൊരവസ്ഥ കേരളത്തിൽ ഇതിനുമുമ്പ് എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടോ; ഇവിടെ കാര്യങ്ങൾ കൈവിട്ടുപോയിരിക്കുകയാണ്. ഇവിടെ കോൺഗ്രസുകാർ മരിക്കുമ്പോൾ ആ കോൺഗ്രസുകാരുടെ മരണത്തിൽ

വേദനിക്കാൻ സാധിക്കാത്ത പാർട്ടിയായി നിങ്ങൾ മാറിയതെങ്ങനെയാണ്? ഇന്ത്യയിലാദ്യമായി ഛത്തീസ്ഗഡിൽ 28 കോൺഗ്രസുകാരെ കൂട്ടക്കൊല ചെയ്തില്ലേ? അതിൽ പരിക്കേറ്റ വി. സി. ശുക്ല കഴിഞ്ഞദിവസം മരിച്ചില്ലേ; അവിടെ മുൻ ആഭ്യന്തരകാര്യ മന്ത്രിയും പി.സി.സി. പ്രസിഡന്റുമുൾപ്പെടെയുള്ള 28 കോൺഗ്രസ് നേതാക്കന്മാരെ മാവോയിസ്റ്റുകൾ കൂട്ടക്കൊലപാതകം നടത്തിയപ്പോൾ അതിനെതിരായി കേരളത്തിലൊരു പ്രതിഷേധമുണ്ടായോ; കേരളത്തിലെവിടെയെങ്കിലും കോൺഗ്രസുകാർ പ്രതിഷേധപ്രകടനം നടത്തിയിട്ടുണ്ടോ; ഇവിടെ ഹർത്താൽ ഉണ്ടായോ? എന്നാൽ വടകര പ്രശ്നത്തിൽ ഹർത്താലും ബന്ദും സംഘടിപ്പിച്ചവർ 28 കോൺഗ്രസ് നേതാക്കന്മാരെ കൊലചെയ്തപ്പോൾ ആകെ ചെയ്തതെന്താണ്? കെ.പി.സി.സി. ആഫീസിൽ ഒരു മൗനവ്രതം സംഘടിപ്പിച്ചു.. മുഖ്യമന്ത്രി ഒരുഭാഗത്തും കെ.പി.സി.സി. പ്രസിഡന്റ് മറുഭാഗത്തുമിരുന്ന് മുഖത്തോട് മുഖം നോക്കാതെ മൗനവ്രതം. 28 കോൺഗ്രസ് നേതാക്കന്മാരെ കൊന്നപ്പോൾ ഇതാണ് ഇവിടത്തെ സ്ഥിതി. അപ്പോൾ മാർക്സിസ്റ്റ് വിരോദവും കമ്മ്യൂണിസ്റ്റ് വേട്ടയുമാണ് നിങ്ങൾക്ക് കൈമുതലായിട്ടുള്ളത്. രാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിലാണ് നിങ്ങൾ പ്രശ്നങ്ങളെ നോക്കിക്കാണുന്നത്. മാവോയിസ്റ്റുകൾ 28 കോൺഗ്രസുകാരെ കൊന്നപ്പോൾ ഒരു പ്രതിഷേധം പ്രകടിപ്പിക്കാൻ സാധിക്കാത്ത കോൺഗ്രസ് പാർട്ടിയാണ് ഇവിടത്തെ ക്രമസമാധാനം ഭദ്രമാക്കിയ പാട്ടിയാണെന്ന് പറയുന്നത്. ഇങ്ങനെ അവകാശപ്പെടാൻ എന്ത് യോഗ്യതയാണ് നിങ്ങൾക്കുള്ളത്? ഇവിടെ കൊലപാതകം നടത്തിയ ആളുകളെ പിടിക്കുന്നുവെന്ന് അവകാശപ്പെടുന്ന സർക്കാരിനോട് ഒരു കാര്യം ചോദിക്കാൻ ആഗ്രഹിക്കുകയാണ്, ഒരു പോലീസുകാരനെ കൊലചെയ്തില്ലേ; ശ്രീ. കെ. മുരളീധ

രൻ പോലീസുകാരനെക്കുറിച്ച് സാധാരണക്കാരന്റെ പോലീസുകാരനെന്ന വികാരം ഇവിടെ പ്രകടിപ്പിച്ചില്ലേ? കൊല്ലത്ത് മയ്യനാട് മണിയൻപിള്ള എന്നൊരു പോലീസുകാരനെ കൊലചെയ്ത കാര്യം അറിയാമോ; ഡ്യൂട്ടിക്ക് നിൽക്കുന്ന സമയത്ത് മണിയൻപിള്ള കൊല്ലപ്പെട്ടു. ആ മണിയൻ പിള്ളയെ കൊല ചെയ്ത പ്രതിയാണ് ആട് ആന്റണി. അയാൾ മാർക്സിസ്റ്റുകാരന ല്ലല്ലോ; എന്തുകൊണ്ട് നിങ്ങൾ പിടിച്ചില്ല? മാർക്സിസ്റ്റുകാരനാണെങ്കിൽ ആട് ആന്റണിയെ പിടിക്കുമായിരുന്നു. മാർക്സിസ്റ്റുകാരനെ പിടിക്കാനാണ് ഓപ്പറേ ഷൻ റിംഗ്ടോൺ, ശ്രീ.എം. എം. മണിയെ പിടിക്കാൻ ഓപ്പറേഷൻ റിംഗ്ടോൺ. ആട് ആന്റണിയെ പിടിക്കാൻ ഓപ്പറേഷൻ മട്ടൺ രൂപീകരിക്കാ ത്തതെന്താണ്? ഇന്ത്യമുഴുവൻ അയാളെ പിടിക്കാൻ പോലീസുകാർ നടക്കുക യല്ലേ; ഒരു പോലീസുകാരനെ കൊന്ന ക്രിമിനലിനെ പിടിക്കാൻ സാധി ക്കാത്ത ഭരണകൂടമാണോ ആഭ്യന്തരവകുപ്പിന്റെ മഹത്വം പ്രസംഗിച്ചുകൊണ്ടി രിക്കുന്നത്? ഇത്തരം കാര്യങ്ങൾ ചെയ്യാൻ സാധിക്കാത്ത പോലീസ് ഇവിടെ എന്ത് ക്രമസമാധാനമാണ് നടത്തുന്നത്? ഇവിടെ ഹരിഹരവർമ്മ എന്നൊരാൾ കൊല്ലപ്പെട്ടില്ലേ; ഹരിഹരവർമ്മ ആരാണെന്ന് ഇതുവരെ കണ്ടുപിടിക്കാൻ സാധിച്ചോ? ഹരിഹരവർമ്മ ആരാണെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ചോദിച്ചില്ലേ? ഒരു കൊലപാതകം നടത്തി ഇത്രകാലം കഴിഞ്ഞിട്ടും ഹരിഹര വർമ്മ ആരാണെന്ന് കണ്ടുപിടിക്കാൻ സാധിക്കാത്ത പോലീസാണോ ഇവി ടത്തെ കേമപ്പെട്ട പോലീസായി മാറിയെന്ന് രണ്ട് വർഷമായി അവകാശപ്പെടു ന്നത്? ഇവിടെ മാവോയിസ്റ്റ് ഭീഷണി ഇല്ലാത്തൊരു സംസ്ഥാനമായിരുന്നു കേരളം. എന്നാലിപ്പോൾ ദേശീയതലത്തിൽ മാവോയിസ്റ്റ് ഭീഷണിയുള്ള സംസ്ഥാനത്തിന്റെ പട്ടികയിലേയ്ക്ക് ആദ്യമായി കേരളം കടന്നുവന്നില്ലേ? 31

പോലീസ് സ്റ്റേഷനുകളിൽ മാവോയിസ്റ്റ് ഭീഷണിയുണ്ടെന്ന റിപ്പോർട്ട് പുറത്തുവന്നിരിക്കുന്നുവെന്ന വാർത്ത വസ്തുതയാണോയെന്ന് ഇവിടെ വെളിപ്പെടുത്തണം. മാവോയിസ്റ്റ് ഭീഷണിയുണ്ടെന്ന് റിപ്പോർട്ട് ചെയ്ത സ്റ്റേഷനുകളിൽ തോക്ക് മാറ്റിവച്ചിരിക്കുകയാണെന്നാണ് ഒരു പത്രം റിപ്പോർട്ട് ചെയ്തിരിക്കുന്നത്. എന്തൊരു നിലപാടാണിത്. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ 16 പോലീസ് സ്റ്റേഷനുകളിലെ തോക്ക് മാറ്റിവച്ചിരിക്കുന്നു. തോക്കിൻകുഴലിൽക്കൂടി വിപ്ലവമെന്നാണല്ലോ മാവോയിസ്റ്റുകളുടെ മുദ്രാവാക്യം. അതുകൊണ്ട് ഇവരുടെ കയ്യിൽ തോക്ക് കിട്ടണ്ട എന്നാണ് ശ്രീ. ഉമ്മൻ ചാണ്ടി കണ്ടുപിടിച്ചിരിക്കുന്നത് തോക്കുകിട്ടിയാലല്ലേ വിപ്ലവം നടക്കുകയുള്ളൂ. ഇതിനുവേണ്ടി പോലീസ് സ്റ്റേഷനുകളിലെ തോക്കുമാറ്റിവച്ചുകൊണ്ടുള്ളൊരു ഭരണം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ കാലത്തല്ലാതെ മുമ്പ് എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടോ? ഇങ്ങനെയാണോ ഇവരെയൊക്കെ നേരിടാൻ പോകുന്നത്? തീവ്രവാദികൾ അഴിഞ്ഞാടുന്നൊരു സ്റ്റേറ്റായി കേരളം മാറിയില്ലേ? ആയുധപരിശീലനം നടത്തുന്നതിനിടെ എസ്.ഡി.പി.ഐ.ക്കാരുടെ 21 ആളുകളെ പിടികൂടുകയും ആ കേസ് എൻ.ഐ.എ.യെ ഏൽപ്പിക്കുമെന്നുമാണ് പറഞ്ഞത്. എന്നിട്ട് എൻ.ഐ.എ. ആ കേസ് ഏൽപ്പിച്ചോ; എൻ.ഐ.എ.യെ. ഏൽപ്പിക്കുമെന്ന് കത്തയച്ചെങ്കിലും അതുസംബന്ധിച്ച തുടരന്വേഷണം പൂർണ്ണമായി നിർത്തിയില്ലേ; കേരള പോലീസിന് ഇതുസംബന്ധിച്ച് വിരങ്ങൾ ശേഖരിച്ച് മനസ്സിലാക്കാനുള്ള സാധ്യതപോലും ഇല്ലാതാക്കുന്ന സ്ഥിതിയിലേയ്ക്ക് എത്തിയില്ലേ. എസ്.ഡി.പി.ഐ.ക്കാർ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒരദ്ധ്യാപകന്റെ കൈ വെട്ടിയെടുത്ത സംഭവമുണ്ടായി. ആ കേസ് എൻ.ഐ.എ. ഏറ്റെടുത്ത് അന്വേഷിച്ചു. ആ കേസിന്റെ വിചാ

രണ നടക്കുമ്പോൾ എസ്.ഡി.പി.ഐ.ക്കുവേണ്ടി കോടതിയിൽ ഹാജരാകുന്നത് ആരാണ്? കാസർഗോഡ് ഡി.സി.സി. പ്രസിഡന്റ് എൻ.ഡി.എഫുകാർക്കുവേണ്ടി കോടതിയിൽ ഹാജരാകുന്നു. ഇവരാണോ ഈ തീവ്രവാദികളെ കേരളത്തിൽ ഒതുക്കാൻ പോകുന്നത്? എസ്.ഡി.പി.ഐ.ക്കാർ ഈ കേരളത്തിൽ അവരുടെ പ്രവർത്തനം ശക്തിപ്പെടുത്തിയതിന് തെളിവല്ലേ; തിരുവനന്തപുരത്ത് എ.കെ.ജി. സെന്ററിനുമുന്നിൽ അവർ അഴിഞ്ഞാട്ടം നടത്തിയപ്പോൾ പോലീസ് നോക്കിനിന്നില്ലേ? കേരളത്തിൽ എസ്.ഡി.പി.ഐ.ക്കാർ ഇത്തരത്തിൽ അഴിഞ്ഞാടുമ്പോൾ ആർ.എസ്.എസ്. ഈ സാഹചര്യം മുതലെടുക്കുകകയാണ്. ഹിന്ദുവർഗ്ഗീയ ശക്തികൾ ഇവരുടെ പ്രവർത്തനം മുതലെടുത്തുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായിട്ടാണ് ശ്രീ. നരേന്ദ്രമോഡിയെ ശിവഗിരിയിൽ കൊണ്ടുവന്നത്. ശ്രീ. നരേന്ദ്രമോഡി ശിവഗിരിയിൽ വന്നപ്പോൾ അതിനെ എതിർക്കാൻ യു.ഡി.എഫ്.-ന് സാധിച്ചോ; ശ്രീ. നരേന്ദ്രമോഡി വരുന്നുവെന്ന് പറഞ്ഞാണ് ഇപ്പോൾ ഇവിടെ ബഹളം വയ്ക്കുന്നത്. ശ്രീ. നരേന്ദ്രമോഡിയെ ഇവിടേയ്ക്ക് എഴുന്നള്ളിച്ചുകൊണ്ടുവന്നത് നിങ്ങളല്ലേ; നിങ്ങളുടെ മന്ത്രി സഭയിലെ ശ്രീ. ഷിബു ബേബിജോൺ ശ്രീ. നരേന്ദ്രമോഡിയെ ക്ഷണിക്കാൻ ഗുജറാത്തിലേയ്ക്ക് പോയില്ലേ; ഭരണകക്ഷിയിൽപ്പെട്ട രണ്ട് എം.എൽ.എ.മാർ ശ്രീ.നരേന്ദ്രമോഡിയെ പ്രകീർത്തിച്ചില്ലേ? ശ്രീ. നരേന്ദ്രമോഡിയെ നേരിടാൻ നിങ്ങൾക്ക് സാധിക്കുമോ; ശ്രീ. നരേന്ദ്രമോഡിയെ പ്രകീർത്തിച്ചുനടക്കുന്ന യു.ഡി.എഫ്.-കാർക്ക് എങ്ങനെ നരേന്ദ്രമോഡിയെ നേരിടാൻ സാധിക്കും?

ആർ.എസ്.എസ്. ഉയർത്തുന്ന ഭീഷണിയും മുസ്ലീം തീവ്രവാദ ശക്തികളുയർത്തുന്ന ഭീഷണിയും കേരളത്തിൽ വർദ്ധിച്ചുവന്നിരിക്കുകയാണ്. മാവോയിസ്റ്റ് ഭീഷണിയുടെ സംസ്ഥാനമായി മാറിയിരിക്കുകയാണ്. ഈ സാഹചര്യ

ത്തിൽ നമ്മുടെ സംസ്ഥാനത്തെ ക്രമസമാധാനപാലനം നടപ്പിലാക്കണമെങ്കിൽ ശക്തമായി ഇത്തരം വർഗ്ഗീയ ശക്തികൾക്കും ആപൽക്കരമായി പ്രവർത്തിക്കുന്ന തീവ്രവാദ ശക്തികൾക്കും എതിരായിട്ടുള്ള നിലപാടെടുക്കാൻ തയ്യാറുണ്ടോ? ഇത്തരം പ്രശ്നങ്ങളിൽ മൃദുസമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത് എന്നതിന്റെ തെളിവാണ് ഇതുപോലെയുള്ള പ്രശ്നങ്ങൾ. മാവോയിസ്റ്റുകളെ ഈ രാജ്യത്ത് വളർത്തിയത് കോൺഗ്രസ്സല്ലേ? നമ്മുടെ രാജ്യത്തെ സ്ഥിതിഗതികൾ മുതലെടുത്തുകൊണ്ടാണ് മാവോയിസ്റ്റുകൾ ഈ രാജ്യത്ത് വളർന്നത്. അത്തരമൊരു സ്ഥിതിവിശേഷത്തിലേയ്ക്ക് ഈ കേരളത്തേയും കൊണ്ടുപോകാനുള്ള സാഹചര്യം നിങ്ങൾ സൃഷ്ടിക്കാൻ പാടില്ലായെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയുവാനുള്ളത്. ഈ ഗവൺമെന്റ് യഥാർത്ഥത്തിൽ ഇന്ന് ജനങ്ങൾക്കിടയിൽ ഒറ്റപ്പെട്ടു. രണ്ടുവർഷംമുമ്പ് അധികാരത്തിൽവന്ന സന്ദർഭത്തിലുണ്ടായിരുന്ന മുന്നണിയല്ല ഇന്നത്തെ മുന്നണി. ഈ മുന്നണിയുടെ കൂടെയുണ്ടായിരുന്ന സി.എം.പി. ഒരു ഭാഗത്തുപോയിരിക്കുന്നു. ശ്രീമതി കെ. ആർ. ഗൗരിയമ്മ വേറൊരു ഭാഗത്തായി. എൻ.എസ്.എസ്.–ഉം എസ്.എൻ.ഡി.പി.–യും എതിരായി. ഈ സന്ദർഭത്തിലാണ് ആളുകളെ ഒതുക്കാൻ പോലീസിനെ ഉപയോഗിക്കുന്നത്. രാഷ്ട്രീയ പ്രതിയോഗികളെ ഒതുക്കാൻ പോലീസിനെ ഉപയോഗിക്കുകയാണ്. അതിന്റെ ഭാഗമായി ഈ ഗവൺമെന്റിനെ എതിർത്ത ശ്രീ. സുകുമാരൻ നായർക്കുവരെ ഇവിടെ രക്ഷയില്ലാത്ത അവസ്ഥയായി. ഈ ഗവൺമെന്റിനെ അധികാരത്തിൽ കൊണ്ടുവന്നത് ഞാനാണെന്ന് അവകാശപ്പെട്ട ശ്രീ. സുകുമാരൻ നായരുടെ ഫോണാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചോർത്തിയതെന്ന് ശ്രീ. സുകുമാരൻ നായർക്ക് ആക്ഷേപിക്കേണ്ടിവന്നില്ലേ? അദ്ദേഹത്തിന്റെ ഫോൺ മാത്രമല്ല,

കെ.പി.സി.സി. പ്രസിഡന്റിന്റെ ഫോണും ചോർത്തുന്നുണ്ടെന്ന് കെ.പി.സി.സി. പ്രസിഡന്റുതന്നെ തന്നോട് പറഞ്ഞിട്ടുണ്ടെന്ന് ശ്രീ. സുകുമാരൻ നായർ പറഞ്ഞില്ലേ; ഇത് പത്രങ്ങളിലൊക്കെ വന്നിട്ടും കെ.പി.സി.സി. പ്രസിഡന്റ് നിഷേധിച്ചോ? കെ.പി.സി.സി. പ്രസിഡന്റ് ഞങ്ങളുടെ പ്രസിഡന്റല്ലേ, അഥവാ ഞങ്ങൾ ചോർത്തിയാൽത്തന്നെ എന്താണ് കുറ്റം, കെ.പി.സി.സി. പ്രസിഡന്റ് പറയുന്നത് ഞങ്ങൾക്ക് കേട്ടു കൂടേയെന്നാണ് കഴിഞ്ഞ ദിവസം ഇവിടെ ആഭ്യന്തര വകുപ്പുമന്ത്രി ചോദിച്ചത്. സുരക്ഷാ കാരണങ്ങളാൽ ഇതൊന്നും പുറത്തുപറയുവാൻ നിർവ്വാഹമില്ലായെന്നാണ് കഴിഞ്ഞ ദിവസം ആഭ്യന്തര വകുപ്പുമന്ത്രി ഈ നിയമസഭയിൽ പറഞ്ഞത്. ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞ ഇതേ ന്യായമാണ് ഇന്റർനെറ്റും ടെലഫോണും ചോർത്തുന്നത് സംബന്ധിച്ച് അമേരിക്കൻ പ്രസിഡന്റ് ബറാക് ഒബാമയും പറഞ്ഞിരിക്കുന്നത്. അമേരിക്കൻ പ്രസിഡന്റ് ബറാക് ഒബാമ പറഞ്ഞ ഉത്തരം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അതേ ഉത്തരമാണ്. ഇത് ബറാക് ഒബാമയിൽനിന്നും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പഠിച്ചതാണോ അതോ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനിൽനിന്ന് ബറാക് ഒബാമ പഠിച്ചതാണോയെന്ന് എനിക്കറിയില്ല. ബറാക് ഒബാമ പറഞ്ഞു, The US official defence including President Obama's own response is that the NSA was fine only on foreigners. No US citizen's privacy was violated and no US laws were broken and this was being done in the US national interest. ഇതേ കാര്യംതന്നെയാണ് നമ്മുടെ ആഭ്യന്തര വകുപ്പുമന്ത്രിയും പറയുന്നത്. നമ്മുടെ രാജ്യരക്ഷയ്ക്ക് കാരണമായി ഇതൊന്നുംതന്നെ പുറത്തുപറയാൻ സാധിക്കുകയില്ല.

രാജ്യരക്ഷയ്ക്ക് ആപത്ക്കരമായി എന്തെങ്കിലും പ്രവർത്തനം നമ്മുടെ കെ.പി.സി.സി. പ്രസിഡന്റും എൻ.എസ്.എസ്. ജനറൽ സെക്രട്ടറിയും നടത്തിയിട്ടുണ്ടോ; അങ്ങനെയുള്ള എന്തെങ്കിലും റിപ്പോർട്ട് പോലീസ് ഇന്റലിജൻസിന് കിട്ടിയിട്ടുണ്ടോ? ശ്രീ. സുകുമാരൻ നായർ ആക്ഷേപിച്ചത് ഇന്റലിജൻസ് ആസ്ഥാനത്തുനിന്ന് ചോർത്തിയെന്നാണ്. ഇന്റലിജൻസ് എ.ഡി.ജി.പി.–ക്ക് എതിരായുള്ള ആരോപണം അന്വേഷിക്കാൻവേണ്ടി നമ്മുടെ മന്ത്രി നിയോഗിച്ചത് ഒരു ഐ.ജി.–യെയാണ്. എ.ഡി.ജി.പി.–ക്ക് എതിരായുള്ള ആക്ഷേപമന്വേഷിക്കാൻ ഐ.ജി.. കളക്ടർക്കെതിരായി ആരോപണം വന്നാൽ ഒരു എൽ.ഡി. ക്ലർക്ക് അന്വേഷിച്ചാൽ മതിയോ; ഈ അന്വേഷണം പ്രഹസനമാണെന്ന് ശ്രീ. സുകുമാരൻ നായർക്കുതന്നെ പറയേണ്ടിവന്നില്ലേ? ആദ്യമായിട്ടാണ് നമ്മുടെ സംസ്ഥാനത്ത് ഫോൺ ചോർത്തുവെന്ന ആക്ഷേപമുയർന്നുവന്നത്. ശ്രീ. എളമരം കരീമും ശ്രീമതി കെ. കെ. ലതികയും ശ്രീ. എ. പ്രദീപ്കുമാറും ആക്ഷേപിച്ചില്ലേ? അന്നൊന്നും പറഞ്ഞില്ല. ഫോൺ ചോർത്തുന്നത് ഏറ്റവും വലിയ ക്രിമിനൽ കുറ്റമാണ്. മുമ്പ് കർണ്ണാടകയിൽ ഫോൺ ചോർത്തൽ വിവാദം വലിയ രാഷ്ട്രീയ കോളിളക്കമുണ്ടാക്കിയതാണ്. അതുകൊണ്ട് ഇത്തരം പ്രശ്നങ്ങളുണ്ടോ ഇല്ലയോയെന്ന് ഈ നിയമസഭയ്ക്ക് അറിയണം. ഇത്തരം സംഭവങ്ങളുണ്ടെങ്കിൽ അതിൽ ഇടപെട്ട് നിയന്ത്രിക്കേണ്ടതുണ്ട്. ജയിലിൽ തടവുകാരൻ ചാടിയതിനെക്കുറിച്ച് പറഞ്ഞു. ജയിലിൽനിന്നും ചാടിയ തടവുകാരൻ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട ആളാണ്. നേരത്തെയും അയാൾ തടവ് ചാടിയിട്ടുണ്ട്. അത്തരത്തിൽ തടവ് ചാടിയ, വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടയാൾ ജയിലിൽ കിടക്കുമ്പോൾ കാണിക്കേണ്ട സുരക്ഷിതത്വം കാണിച്ചിട്ടുണ്ടോ? ഡി.ജി.പി.–യുടെ കുറ്റംകൊണ്ടാണ് തടവ് ചാടിയതെന്ന് ഞാൻ പറയുകയില്ല. ഡി.ജി.

പി.–യുടെ കുറ്റമല്ല. ഒരു ഡി.ജി.പി. എന്ത് ചെയ്യാനാണ്? ആ ജയിലിൽ സുരക്ഷയ്ക്കാവശ്യമായ ഉദ്യോഗസ്ഥൻമാരില്ല. സുരക്ഷാക്രമീകരണങ്ങൾ ഇല്ല. ജയിലിനകത്ത് ഇപ്പോൾ ചപ്പാത്തിയുണ്ടാക്കൽ, ചിക്കനുണ്ടാക്കൽ എന്നിങ്ങനെയുള്ള കുറേ വർക്ക് നടക്കുന്നുണ്ട്. നല്ല വരുമാനവുമുണ്ട്. അതിനുവേണ്ടി കുറേ ഉദ്യോഗസ്ഥൻമാർ ആ പ്രവർത്തനത്തിലേയ്ക്ക് മാറുമ്പോൾ ഈ സുരക്ഷയ്ക്കുവേണ്ടി ഉദ്യോഗസ്ഥൻമാരെ നിയോഗിക്കണ്ടേ? അങ്ങനെ നിയോഗിക്കാതെ വരുമ്പോൾ ഈ പതിവുപയോഗിച്ച് തടവുചാട്ടം വരുന്നു. ഇത് ഗൗരവകരമായ ഒരു പ്രശ്നമായി എടുക്കേണ്ടതാണ്. തടവറയിലുള്ള സെക്യൂരിറ്റി ക്രമീകരണം ശക്തിപ്പെടാത്തതുകൊണ്ടാണ് ഈ സ്ഥിതിയുണ്ടായത്. ഗവൺമെന്റുതന്നെയാണ് അതിന് ഉത്തരവാദിത്വം വഹിക്കേണ്ടത്. തടവുകാർ ഇന്ന് വലിയതോതിൽ പല പ്രവർത്തനവും നടത്തുന്നുണ്ട്. അവർ പല ഉൽപ്പാദന മേഖലയിലേയ്ക്കും കേന്ദ്രീകരിക്കുന്നുണ്ട്. തടവുകാർക്ക് കൊടുക്കുന്ന വേതനം വർഷങ്ങൾക്കുമുമ്പ് നിശ്ചയിച്ചതാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് അത് പുതുക്കിയത്. അഞ്ചുവർഷംമുമ്പ് പുതുക്കിയ വേതനംതന്നെ ഇന്ന് കൊടുത്താൽ പോരാ. ആ വേതനം വർദ്ധിപ്പിക്കണം. അതുപോലെതന്നെയാണ് ജീവപര്യന്തം തടവുകാർ. ജീവപര്യന്തം എന്നുപറയുന്നത് ജീവിതകാലം മുഴുവൻ എന്നാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എട്ടുവർഷം പൂർത്തിയാക്കിയ തടവുകാരെയൊക്കെ ഗവൺമെന്റിന്റെ അനുമതിയോടെ മോചിപ്പിച്ചിട്ടുണ്ട്. അതുപോലെയുള്ള തടവുകാരുടെ കാര്യം പരിശോധിച്ചുകൊണ്ട് അവരെ മോചിപ്പിക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് സ്വീകരിക്കണം. ഇന്ന് പോലീസിനകത്ത് ആഭ്യന്തര അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതുപോലെ..... ഒരു പോലീസ് ഉദ്യോഗ

സ്ഥന് കവിത എഴുതിക്കൂടേ? പോലീസായിപ്പോയോ പിന്നെ കവിത പാടി ല്ലായെന്ന് അപ്പുറത്ത് ഭരണപക്ഷത്തുനിന്ന് പറഞ്ഞു. പോലീസായിപ്പോയോ ലേഖനമെഴുതാൻ പാടില്ല. പോലീസ് ഓഫീസർമാർക്ക് ആവിഷ്ക്കാര സ്വാത ന്ത്ര്യം നിഷേധിച്ചിട്ടുണ്ടോ? പോലീസ് ഓഫീസറായ, എ.ഡി.ജി.പി. ശ്രീമതി സന്ധ്യ ഒരു കവിതയെഴുതി. ആ കവിതയോട് രാഷ്ട്രീയക്കാർക്ക് ചിലപ്പോൾ വിയോജിപ്പുണ്ടാകാം. ഒരു കവിതയെഴുതിയതിന്റെ പേരിൽ നടപടിയെടുക്കലാണോ? ഡി.ജി.പി. നോട്ടീസ് കൊടുത്തുവെന്നാണ് കണ്ടത്. ആ നോട്ടീസ് കൊടുത്തതിനോട് ഈ ഗവൺമെന്റിന്റെ നിലപാട് എന്താണ്; ആ നിലപാട് തെറ്റാണെന്ന് ഈ ഗവൺമെന്റ് പറയണ്ടേ? ഇത്തരത്തിൽ ഒരു അടിയന്തരാവസ്ഥ പ്രഖ്യാപിച്ചുകൊണ്ട്........

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പോലീസിന്റെ ഭരണം എങ്ങനെ നടത്താൻ കഴിയും? ഈ ഗവൺമെന്റ് ആകെ പ്രതിസന്ധിയിൽ നിൽക്കുമ്പോൾ ഇതിനെ നിലനിർത്താൻവേണ്ടി ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് പോലീസിനെയാണ്. ഇന്നത്തെ അടിയന്തര പ്രമേയത്തോടു കൂടി അത് കൂടുതൽ വ്യക്തമായി. നമ്മുടെ മുഖ്യമന്ത്രിതന്നെ ഇപ്പോൾ പ്രതിക്കൂട്ടിലാണ്. മുഖ്യമന്ത്രിയുടെ വീട്ടിൽനിന്നുതന്നെ ഫോൺ വിളിച്ചുവെന്ന വസ്തുത പുറത്തുവന്നപ്പോഴാണ് മുഖ്യമന്ത്രി ഇതുസംബന്ധിച്ച് ആരോപണവിധേയരായവരെ സംരക്ഷിക്കാൻ രംഗത്തിറങ്ങിയത്. ഈ സാഹചര്യത്തിൽ ആ കേസ്സുതന്നെ ഫലപ്രദമായി അന്വേഷിക്കണമെങ്കിൽ മുഖ്യമന്ത്രി ആ. സ്ഥാനത്തുനിന്ന് മാറി ഒരു അന്വേഷണത്തിന് ഉത്തരവിടണം. ഒരു ജുഡീഷ്യൽ അന്വേഷണത്തിനുവേണ്ടി ഉത്തരവിട്ട് മുഖ്യമന്ത്രി ആ സ്ഥാനത്തുനിന്ന് മാറണം. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഇവിടെ വർദ്ധിച്ചുവ

രുമ്പോൾ തട്ടിപ്പുകാർ കേരളം ഭരിക്കുന്ന ഒരു സ്റ്റേറ്റായി നമ്മുടെ കേരളത്തെ മാറ്റുന്ന സാഹചര്യമുണ്ടായിക്കൂടാ. അതുകൊണ്ട് ആഭ്യന്തര വകുപ്പ് ഒരിക്കലും വേറെയൊരാൾക്ക് വിട്ടുകൊടുക്കാത്തതിന്റെ രഹസ്യം ഇന്ന് കേരളത്തിലെ ജനങ്ങൾക്കൊക്കെ മനസ്സിലായി. ഈ സർക്കാരിന്റെ നിലനിൽപ്പു തന്നെ പോലീസിനെ ആശ്രയിച്ചാണ്. ഈ കേരളം കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന കാലത്തേയ്ക്ക് കേരളാ പോലീസിനെ തിരിച്ചുകൊണ്ടുപോയിരിക്കുകയാണ്. പക്ഷേ അന്ന് ചെയ്തതുപോലെ രാഷ്ട്രീയ പ്രതിയോഗികളെ അടിച്ചമർത്തി കേരളം ഭരിക്കാമെന്ന് ഗവൺമെന്റ് കരുതരുത്. കാപ്പ ആക്ട് ദുരുപയോഗപ്പെടുത്തിക്കൊണ്ടും പൊതുപ്രവർത്തകൻമാരെ ജയിലിൽ വച്ചുകൊണ്ടും നാടുകടത്തിക്കൊണ്ടും കേരളം ഭരിക്കാമെന്നാണ് ഉദ്ദേശിക്കുന്നതെങ്കിൽ അതൊന്നും നടക്കാൻ പോകുന്നില്ല. ജനങ്ങളെ അണിനിരത്തിക്കൊണ്ട് ഞങ്ങൾ അതിനെ നേരിടുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഈ ചർച്ചയിൽ പങ്കെടുത്ത് പതിനാല് അംഗങ്ങൾ അവരുടെ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. വളരെ പോസിറ്റീവായ കുറേയധികം നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. ആ നിർദ്ദേശങ്ങളിൽ ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങളെല്ലാം ചെയ്യുന്നതാണ്. ചില എം.എൽ.എ.മാർ നിയോജക മണ്ഡലങ്ങളിലെ ചില ആവശ്യങ്ങൾ ഉന്നയിച്ചിരുന്നു. അതെല്ലാം ഞാൻ നോട്ട് ചെയ്തിട്ടുണ്ട്. സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഗവൺമെന്റിന് എന്തൊക്കെ ചെയ്യാൻ കഴിയുമോ അതൊക്കെ ചെയ്യുന്നതാണെന്ന് അറിയിക്കുന്നു. അതുകൊണ്ട് ഓരോ നിയോ

ജകമണ്ഡലത്തെയും സംബന്ധിച്ച് അവർ ഉന്നയിച്ച ആവശ്യങ്ങൾ ഓരോ കാര്യങ്ങളായി ഞാൻ ഇവിടെ പറയുന്നില്ല. ശ്രീ. എളമരം കരീമിൽ ആരംഭിച്ച് ശ്രീ. കോടിയേരി ബാലകൃഷ്ണനിൽ അവസാനിച്ച ഈ ചർച്ചയിൽ പങ്കെടുത്ത് പോസിറ്റീവായി നിർദ്ദേശം പറഞ്ഞ എല്ലാ ആളുകളോടും നന്ദി പറയുന്നു. പോലീസുമായി ബന്ധപ്പെട്ട ചർച്ചയാകുമ്പോൾ കുറച്ച് വീറും വാശിയുമൊക്കെയുണ്ടാകും. പക്ഷേ ഞാൻ പ്രതീക്ഷിച്ചത്ര വീറും വാശിയും ഉണ്ടായില്ല എന്നുള്ള കാര്യത്തിൽ സന്തോഷമുണ്ട്. നേരത്തെ ഇവിടെ സൂചി പ്പിക്കപ്പെട്ടതിൽ ചില വസ്തുതാപരമായ കാര്യങ്ങൾ ഞാൻ പറയാം. പോലീസ് സേനയുടെ അംഗബലം കൂട്ടണം. 3381 പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പോലീസ് സേനയുടെ അംഗബലം കൂട്ടിയിട്ടുണ്ട്. പക്ഷേ അതു പോരാ. കാരണം നാഷണൽ ആവറേജിലേയ്ക്ക് എത്തണമെന്നു വരികിൽ ഇനിയും 10000 പോലീസുകാരെകൂടി നിയമിക്കേണ്ടതുണ്ട്. അതിനുവേണ്ടിയുള്ള നടപ ടികൾ ഘട്ടംഘട്ടമായി നടത്തുകയാണ്. ഒരു വർഷത്തിൽ മൊത്തമുള്ള അംഗ സംഖ്യയുടെ അഞ്ചു ശതമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടി കളെടുക്കണമെന്നുള്ള നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. ആ തീരു മാനവുമായി മുന്നോട്ടുപോകും.

ജനമൈത്രി സുരക്ഷാ പദ്ധതി മെച്ചപ്പെടുത്തുന്നതിനായി 740 പുതിയ തസ്തികകൾ ഈ ഗവൺമെന്റ് സൃഷ്ടിച്ചിട്ടുണ്ട്. 100 പോലീസ് സ്റ്റേഷനുക ളിൽക്കൂടി ഈ പദ്ധതി വ്യാപിപ്പിക്കുന്നതാണ്. 468 പോലീസ് സ്റ്റേഷനുകളു ള്ളതിൽ ഇപ്പോൾ ഏതാണ്ട് 248 പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പാക്കുന്ന രീതിയിലാണ് മുന്നോട്ടുപോകുന്നത്. അതിലെ ഏറ്റവും വലിയ പ്രത്യേകത 50 ട്രൈബൽ പോലീസ് സ്റ്റേഷനുകൾകൂടി

ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നതാണ്. അവിടങ്ങളിലും അഞ്ച് പേരെക്കൂടി അധികമായി നിയമിച്ചുകൊണ്ട് ജനമൈത്രി സുരക്ഷാ പദ്ധതി മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. അതോടൊപ്പംതന്നെ വനിതാ ഹെൽപ് ഡെസ്കുകൾ പ്രവർത്തിക്കുന്നുണ്ട്. ഐ.സി.ടി സൗകര്യത്തോടുകൂടിയ ഹെൽപ് ഡസ്കുകൾ വരും. കേരളത്തിൽ വച്ച് രണ്ട് പ്രാവശ്യം പ്രവാസി ഭാരതീയ സമ്മേളനം നടന്നിരുന്നു. കഴിഞ്ഞ പ്രാവശ്യം സമ്മേളനം നടന്നപ്പോൾ അവർ ഉന്നയിച്ച ഏറ്റവും വലിയ ആവശ്യം പ്രവാസികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഐ.ജി.യുടെ നേതൃത്വത്തിലുള്ള ഒരു സംഘത്തെ നിയോഗിക്കണമെന്നുള്ളതായിരുന്നു. സംസ്ഥാന ഗവൺമെന്റ് ഒരു ഐ.ജി. യുടെ നേതൃത്വത്തിൽ ഒരു സംഘത്തെ പ്രവാസികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടി പ്രത്യേകമായി നിയമിക്കുന്നതാണ്. പുതിയ ഏഴ് പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുവാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. അതുപോലെ വേറെയും വേണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. ഒരു പഞ്ചായത്തിൽ ഒരു പോലീസ് സ്റ്റേഷൻ വീതം വേണമെന്ന് ബഹുമാനപ്പെട്ട കെ. മുരളീധരൻ നിർദ്ദേശിച്ചിരുന്നു. അത് വളരെ ശരിയായ നിർദ്ദേശമാണ്. പക്ഷേ ഞാൻ നേരത്തെ പറഞ്ഞതുപോലെ സംഖ്യാനുപാതികമായി പോലീസുകാരുടെ എണ്ണം ഘട്ടംഘട്ടമായി വർദ്ധിക്കുന്നതിനനുസരിച്ച് ഇക്കാര്യം ആലോചിക്കാവുന്നതാണ്. ട്രാഫിക് പരിഷ്കാരങ്ങൾ നടത്തുന്നതിനുവേണ്ടി റേഞ്ച് അടിസ്ഥാനത്തിൽ, തിരുവനന്തപുരത്തുള്ള ഹൈടെക് പോലീസ് സ്റ്റേഷൻ മെച്ചപ്പെടുത്തുന്നതോടൊപ്പം നാല് റേഞ്ചുകളിൽ ഓരോ ട്രാഫിക് പോലീസ് സ്റ്റേഷൻ പുതുതായി ആരംഭിക്കുന്നതിന് വേണ്ടി നീക്കം നടത്തുകയാണ്. ഗവൺമെന്റ് അതിനെക്കുറിച്ചും തീരുമാനമെടുക്കുന്നതാണ്. സി.സി.ടി.വി സമ്പ്രദായം മെച്ചപ്പെടുത്തേണ്ടതു

ണ്ട്. കുറ്റവാളികളെ പിടിക്കുന്നതിനും ഗതാഗത ക്രമീകരണം നടത്തുന്നതിനും നിരീക്ഷണ ക്യാമറകൾ പല സ്ഥലങ്ങളിലും വേണം. കൊച്ചി സിറ്റി കേന്ദ്രീകരിച്ച് പൊതുസ്വകാര്യ പങ്കാളിത്തത്തോടുകൂടി സി.സി.ടി.വി നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുകയാണ്. സംസ്ഥാനത്തെ എല്ലാ മുനിസിപ്പാലിറ്റികളിലും മൂന്നു മാസത്തിനുള്ളിൽ ഇത് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ശ്രമത്തിലാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ശ്രീ. റ്റി.എൻ. പ്രതാപന്റെ മണ്ഡലത്തിൽ ഞാൻ പോയിരുന്നതാണ്. വളരെ മനോഹരമായി കൊടുങ്ങല്ലൂരിൽ ഈ പദ്ധതി നടപ്പിലാക്കി. നടപ്പിലാക്കാത്ത സ്ഥലങ്ങളുടെ കാര്യമാണ് ഞാൻ സൂചിപ്പിച്ചത്. പ്രധാനപ്പെട്ട താലൂക്ക് ഹെഡ്ക്വാർട്ടേഴ്സുകളിലും ഇത് മൂന്നു മാസത്തിനുള്ളിൽ നടപ്പാക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളാണ് നടത്തിവരുന്നത്. ക്ഷേത്രങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീപത്മനാഭ സ്വാമിക്ഷേത്രം, ഗുരുവായൂർ ക്ഷേത്രം, ശബരിമല എന്നിവിടങ്ങളിൽ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് എടുത്തിട്ടുണ്ട്. സംസ്ഥാനത്ത് തണ്ടർ ബോൾട്ട് എന്ന പേരിൽ ഒരു കേരള കമാന്റോ ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. അവരുടെ ഓപ്പറേഷൻസ് ആവശ്യമായ സ്ഥലങ്ങളിൽ ആവശ്യമായ സന്ദർഭങ്ങളിൽ വിനിയോഗിക്കുന്നുണ്ട്. അതുപോലെ സ്റ്റേറ്റ് ഡിസാസ്റ്റർ റിലീഫ് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. അഞ്ഞൂറ് ആളുകൾ അതിനകത്തുണ്ടാകണമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്. മുന്നൂറു പേരുള്ള ദുരന്ത നിവാരണ സേന സംസ്ഥാനത്തെ പോലീസിൽ തന്നെ ആരംഭിച്ചു. ഇതിൽ 150 സേനാംഗങ്ങൾക്കുള്ള പ്രത്യേക പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്. അതോടൊപ്പംതന്നെ ഇലക്ട്രോണിക് ബീറ്റ് സമ്പ്രദായം ഏർപ്പെടുത്തുകയാണ്. ഇപ്പോൾ ഓരോ സ്ഥലത്തും ബീറ്റ് പോലീസ് ചെന്നാൽ പേരെഴുതി വയ്ക്കണം. ഒരു ആഴ്ചയിൽ എല്ലാംകൂടി

ഒരുമിച്ചെഴുതിയാലും ചിലപ്പോൾ കണക്ക് കൃത്യമായെന്നിരിക്കും. അത് വരാതിരിക്കുവാൻവേണ്ടി ഇലക്ട്രോണിക് ബീറ്റ് സമ്പ്രദായം ആരംഭിക്കുകയാണ്. കുറ്റാന്വേഷണ പ്രവർത്തനത്തിനായി ഡിജിറ്റൽ മൊബൈൽ ഇൻവെസ്റ്റിഗേഷൻ ഉപകരണങ്ങൾ നൂറ് പോലീസ് സ്റ്റേഷനുകളിൽ ഇതിനോടകംതന്നെ നൽകിയിട്ടുണ്ട്. ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്ക് സിസ്റ്റം, വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം എന്നിവയും നടപ്പാക്കിയിട്ടുണ്ട്. സാധാരണഗതിയിൽ ഒരു കേസ് വന്നാൽ പിന്നീടുണ്ടാകുന്നത് മനുഷ്യാവകാശവും മറ്റു കാര്യങ്ങളും പറഞ്ഞ് പ്രതികൾക്കനുകൂലമായ ചർച്ചയാണ്. വിക്ടിമിനെ എല്ലാവരും മറന്നു പോകുകയാണ്. അതുകൊണ്ട് ബലാൽസംഗം, സായുധ കവർച്ച, കൊലപാതകക്കേസുകൾ തുടങ്ങിയ ഹീനവും ഗുരുതരവുമായ കുറ്റകൃത്യങ്ങൾക്കിരയാകുന്നവർക്ക് സഹായം നൽകുന്നതിനുവേണ്ടി വിക്ടിം ലെയ്സൺ ഓഫീസർമാരെ നിയമിക്കുന്നതാണ്. സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ് രൂപീകരിക്കുന്നതാണ്. സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ് വരുമ്പോൾ ഇപ്പോഴുള്ള ചില കുറവുകൾ പരിഹരിക്കുവാൻ കഴിയും. തീരദേശ സുരക്ഷ ഉറപ്പാക്കുന്നതിനായി ഒരു എ.ഡി.ജി.പി.യുടെ നേതൃത്വത്തിൽ തീരദേശ പോലീസ് സ്റ്റേഷനുകളിൽ തീരദേശസുരക്ഷയടക്കം എല്ലാ കാര്യങ്ങളും പൂർത്തിയാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയാണ്. കടലോര ജാഗ്രതാ സമിതികളുടെ എണ്ണം ഇപ്പോൾ 76 ആണ്. അത് 150 ആയി വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതാണ്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമം തടയുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഈ നയത്തിന്റെ ഭാഗമായി വനിതാ എസ്.ഐ.മാരുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ വനിതാ കോൺസ്റ്റബിൾമാരുടെ എണ്ണവും വർദ്ധിപ്പിക്ക

ണമെന്നാണ് ഗവൺമെന്റിന്റെ തീരുമാനം. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്സ് 247 സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. അതിന് വ്യാപകമായി ആവശ്യം വന്നിരിക്കുകയാണ്. നിയമസഭാംഗങ്ങൾതന്നെ തങ്ങളുടെ നിയോജക മണ്ഡല ങ്ങളിലുള്ള ഏറ്റവും നല്ല സ്കൂളുകളുടെ പേരെടുത്തു പറഞ്ഞുകൊണ്ട് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്സിന്റെ യൂണിറ്റ് തുടങ്ങണമെന്ന് ആവശ്യപ്പെട്ടി രിക്കുകയാണ്. ചെയ്യാവുന്നതിന്റെ പരമാവധി കാര്യങ്ങളും ചെയ്യുന്നതാണ്. ഏതായാലും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്സിനോട് കേരള ജനസമൂഹത്തിന് വളരെ ഹൃദ്യമായ രൂപത്തിലുള്ള സമീപനമാണുള്ളത്. പോലീസിന്റെ മൊബിലിറ്റി ഉറപ്പാക്കുന്നതിന് 26.5 കോടി രൂപ ചെലവിൽ 403 വാഹനങ്ങൾ വാങ്ങിക്കുന്നതിനുള്ള പ്രോസസ്സിൽ നിൽക്കുകയാണ്. ആ വാഹനങ്ങൾ നിര ത്തിലിറങ്ങിക്കഴിയുമ്പോൾ ഇപ്പോഴുള്ള വാഹനങ്ങളുടെ കുറവ് പരിഹരിക്കു വാൻ കഴിയും. സൈബർ മേഖലയിൽ പോലീസിന്റെ പ്രവർത്തനം മെച്ചപ്പെടു ത്താൻ തീരുമാനിച്ചിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ എന്നു പറയുമ്പോൾ ഒരുപാട് പെറ്റീഷനുകൾ വരുന്നുണ്ട്. 3 കോടി മൊബൈൽ ഫോണുകളാണ് കേരളത്തിൽ പ്രവർത്തിക്കുന്നത്. സ്വാഭാവികമായും ഇതിന്റെ ആക്ഷേപ ങ്ങളും കൂടുകയാണ്. അതുകൊണ്ട് ഇതിന് പ്രത്യേകമായ ശ്രദ്ധ കൊടുത്ത് സൈബർ കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിനുവേണ്ടിയുള്ള നടപടി കൈക്കൊള്ളണമെന്നാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. ഇവിടെ നേരത്തെ കുറ്റകൃത്യങ്ങളുടെ ചില താരതമ്യ പഠനങ്ങളെ സംബന്ധിച്ച് പറഞ്ഞു. ചില സ്നേഹിതൻമാർ അവരുടെ കയ്യിലുള്ള കണക്ക് വച്ചാണ് ചില വിമർശനങ്ങൾ നടത്തിയത്. എനിക്ക് അവരോട് പരാതിയൊന്നുമില്ല. പക്ഷേ, സത്യം രേഖയിലുണ്ടാകണമല്ലോ. അതുകൊണ്ട് എൻ.സി.ആർ.ബി.യുടെ ക്രൈം ഇൻഡ്യാ 2012 അനുസരിച്ചുള്ള ചില കണക്കുകൾ ഞാൻ പറയാം.

അതിനകത്ത് പോലീസിന് നേരിട്ടെടുക്കാവുന്ന കുറ്റകൃത്യങ്ങൾ 2011–ൽ 171737 ആയിരുന്നത് 2012–ൽ 158989 ആയി കുറഞ്ഞു. ഇതൊരു കംപാരറ്റീവ് സ്റ്റഡിയാണ്. തമിഴ്നാട്ടിൽ ഇത് 2012–ൽ രണ്ടു ലക്ഷത്തിനപ്പുറത്തും ആന്ധ്രാപ്രദേശിൽ ഒരു ലക്ഷത്തിതൊണ്ണൂറായിരവുമായിരുന്നു. അങ്ങനെ നോക്കുമ്പോൾ കേരളത്തിൽ അത്തരത്തിലുള്ള കുറ്റകൃത്യങ്ങൾ കുറയുന്നു എന്നു മാത്രമല്ല 2011–നേക്കാൾ ഈ കുറ്റകൃത്യങ്ങളുടെ എണ്ണം വളരെ കുറവുണ്ടെന്ന് ബോദ്ധ്യപ്പെടും.

അതുപോലെ തന്നെ കൊലപാതകശ്രമം – സെക്ഷൻ 307 പ്രകാരം 2011–ൽ 521 –ഉം 2012–ൽ 497 –ഉം കൊലപാതകശ്രമങ്ങളാണ് നടന്നിട്ടുള്ളത്. റോബറി 2011–ൽ 741, 2012–ൽ 725 ആണ് നടന്നിട്ടുള്ളത്. സ്ത്രീകൾക്കെതിരായിട്ടുള്ള മൊത്തം കുറ്റകൃത്യങ്ങൾ – 2011–ൽ 11288 ആയിരുന്നത് 2012–ൽ 10930 ആയി കുറഞ്ഞിട്ടുണ്ട്. ഞാൻ ഇതൊരു മഹാകാര്യമായി പറയുകയല്ല. പക്ഷേ ഒരു കമ്പാരറ്റീവ് സ്റ്റഡി എടുക്കുമ്പോൾ, പഴയ ഗവൺമന്റും ഈ ഗവൺമെന്റും തമ്മിലുള്ള വ്യത്യാസവും മറ്റു സംസ്ഥാനവും കേരളവും തമ്മിലുള്ള വ്യത്യാസം കണക്കാക്കണം. ഇതേ രീതിയിൽ മുന്നോട്ടുപോകണം. അതിന് എല്ലാവരും സഹകരിക്കുന്നതിനുവേണ്ടി ഇത് പറഞ്ഞുവെന്ന് മാത്രം. ബലാൽസംഗം 2011–ൽ 1132, 2012–ൽ 1019 ആയി. സ്ത്രീധന പീഡനം 2011–ൽ 5377, 2012–ൽ 5216. കുട്ടികൾക്കെതിരായുള്ള മൊത്തം കുറ്റകൃത്യങ്ങൾ 1452 – 2011–ൽ; 2012–ൽ

1324. കുട്ടികളുടെ കൊലപാതകം 2011-ൽ 46, 2012-ൽ 34. ഇതുപോലെ എല്ലാ കാര്യങ്ങളിലും കുറവുകൾ ഉണ്ടായിട്ടുണ്ട്.

ഇവിടെ എസ്.സി./എസ്.ടി. വിഭാഗത്തിനെതിരായിട്ടുള്ള കുറ്റകൃത്യങ്ങൾ പരിശോധിക്കുമ്പോൾ കൊലപാതകം 2011-ൽ 3- ഉം 2012-ൽ 1 - ഉം ആ ണ്. ബലാൽസംഗം 2011-ൽ 106, 2012-ൽ 99. എസ്.ടി. വിഭാഗങ്ങൾക്കെതിരെ യുള്ള റെയ്പ് 2011-ൽ 109, 2012-ൽ 39. ഇതൊക്കെ ഞങ്ങളുടെയോ ഗവൺമെന്റിന്റേയോ കണക്കല്ല. നേരെമറിച്ച് നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയിൽ നിന്ന് ലഭിച്ചിട്ടുള്ള കണക്കാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: മണി ലെന്റേഴ്സ് ആക്ട് അനുസരിച്ചുള്ള കണക്കാണ്. (പത്രം ഉയർത്തി കാണിച്ചു)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഞാൻ തർക്കിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. കോവൂർ കുഞ്ഞുമോൻ....പ്ലീസ്......പ്ലീസ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷണൻ: ഇവിടെ മണി ലെന്റേഴ്സ് ആക്ടനുസരിച്ച് ........

മി. സ്പീക്കർ : ശ്രീ. കോവൂർ കുഞ്ഞുമോന് പറയാനുള്ളത് പറഞ്ഞു കഴിഞ്ഞല്ലോ. മന്ത്രി മറുപടി പറയട്ടെ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : മണി ലെന്റേഴ്സ് ആക്ടനുസരിച്ച് 2011-2012-ലും 2012-2013-ലും എടുത്ത കേസ്സുകളിലും വ്യത്യാസമുണ്ട്. തിരുവനന്തപുരം സിറ്റിയിൽ 8 കേസ്സുകളാണ് 2011-2012 -ൽ എടുത്തിട്ടുള്ളത്. 2012-2013-ൽ 55 കേസ്സുകൾ എടുത്തിട്ടുണ്ട്. ബ്ലേഡ് മാഫിയയ്ക്കെ തിരെയും സാമ്പത്തിക കുറ്റവാളികൾക്കെതിരെയുമുള്ള കേസ്സുകളുടെ എണ്ണം കൂടുകയാണ്. തിരുവനന്തപുരം റൂറലിൽ കൂടിയിട്ടുണ്ട്. കൊല്ലം സിറ്റിയിലും

കൊല്ലം റൂറലിലും നോക്കിയാൽ കേസ്സുകളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. നേരത്തെ ആകെ 77 കേസ്സുകൾ ഉണ്ടായിരുന്ന സ്ഥലത്ത് 392 കേസ്സുകളാണ് ഇപ്പോൾ എടുത്തിട്ടുള്ളത്. ഇവിടെ ക്രൈം കുറ ഞ്ഞുവരുന്നു. അതോടൊപ്പംതന്നെ കുറ്റകൃത്യം നടത്തുന്ന സാമ്പത്തിക കുറ്റ വാളികൾക്കെതിരെയുള്ള കേസ്സുകൾ വർദ്ധിച്ചുവരികയും ചെയ്യുന്നു. ക്രൈം കുറഞ്ഞുവരുന്നു എന്നത് നമുക്ക് എല്ലാവർക്കും അഭിമാനിക്കാവുന്ന കാര്യമാ ണ്. ആ ക്രഡിറ്റ് സംസ്ഥാനത്തെ ഭരണകക്ഷിക്ക് മാത്രമായി ഞാൻ അവകാശ പ്പെടുന്നില്ല. നമ്മൾ ഉൾക്കൊള്ളുന്ന നമ്മൾ ജീവിക്കുന്ന ഈ ജനസമൂഹത്തി ലെ എല്ലാ ആളുകൾക്കും അതിൽ അഭിമാനമുണ്ട് എന്ന് ഓർമ്മിപ്പിക്കുന്നതിനു വേണ്ടി പറഞ്ഞു എന്നു മാത്രമേയുള്ളു. ഇവിടെ വിമർശിച്ച കൂട്ടത്തിൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ രണ്ടുമൂന്ന് പ്രധാനപ്പെട്ട കാര്യങ്ങളെക്കുറിച്ച് സൂചിപ്പിച്ചു. അങ്ങ് ആട് ആന്റണിയെ പിടി കിട്ടിയോ എന്നു ചോദിച്ചു. ആട് ആന്റണിയെ പിടികിട്ടിയിട്ടില്ല. പക്ഷേ, അങ്ങ് മന്ത്രിയായി അഞ്ചുവർഷക്കാലം ഇരുന്നിട്ടും, ആ കാലത്ത് പിടികിട്ടാതെപോയ പുട്ടു കുഞ്ഞുമോനെ ഇതുവരെ പിടി കിട്ടിയിട്ടില്ല എന്നുള്ള യാഥാർത്ഥ്യംകൂടി അങ്ങ് തിരിച്ചറിയണം....(ബഹളം).... പുട്ടു കുഞ്ഞുമോനെ അങ്ങേയ്ക്കും പിടിക്കാൻ പറ്റിയിട്ടില്ല. ആട് ആന്റണിയെ ഞങ്ങൾക്കും പിടിക്കാൻ പറ്റിയിട്ടില്ല. ഇത് ഒരു വാദത്തിനുവേണ്ടി പറഞ്ഞതല്ല. ...... അങ്ങ് പറഞ്ഞപ്പോൾ ഞാൻ മിണ്ടിയില്ല ല്ലോ. .....കേൾക്കൂ....കിട്ടിയിട്ടില്ല. അതൊരു വാദമായി നിൽക്കട്ടെ. ....... അതി നെക്കുറിച്ചൊന്നും ഞാൻ പറയുന്നതേയില്ല. .......

ശ്രീ. സി. ദിവാകരൻ : ഒരു പോലീസ് എസ്.ഐ.-യെ കൊന്ന ആട് ആന്റണിയെക്കുറിച്ച് ചോദിച്ചപ്പോൾ പുട്ട് കുഞ്ഞുമോനെ കഴിഞ്ഞ ഗവൺമെന്റിന് പിടിക്കാൻ സാധിച്ചില്ല എന്നാണ് മറുപടി പറയുന്നത്.

ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങ് ദയവായി ശാന്തനായി ഇരിക്കൂ. അങ്ങ് സ്വയമേവ ശാന്തനാണ്. വർത്തമാനം വളരെ സ്വീറ്റാണ്. എന്നെപ്പോലെയുള്ള ഒരാളുടെമേൽ എന്തിനാണ് ഇങ്ങനെ പരാക്രമം കാണിക്കുന്നത്. അങ്ങ് എന്ത് വാശി കാണിച്ചാലും എനിക്ക് അങ്ങയോട് വാശി കാണിക്കാൻ സാധിക്കുകയില്ല. ഞാൻ വാശിയേ കാണിക്കില്ല.

ശ്രീ. എ. പ്രദീപ് കുമാർ : സർ,..........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഞാൻ അങ്ങേയ്ക്ക് അവസാനം വഴങ്ങാം. അങ്ങേക്ക് വഴങ്ങയില്ലെങ്കിൽ അങ്ങ് വെറുതെ വിടുമോ? അതുകൊണ്ട് ഞാൻ വഴങ്ങാം. അവസാനം വഴങ്ങാം.

ഇവിടെ തടവുചാടലിനെക്കുറിച്ച് പറഞ്ഞു. ഇതിൽ എനിക്ക് വളരെ ദു:ഖമുണ്ട്. എന്തു പറഞ്ഞാലും ശരി ഒരു കൊടും ക്രൂരനായ ആള് തടവുചാടി പോകരുതായിരുന്നു. അതുമായി ബന്ധപ്പെട്ട എട്ട് ആളുകളെ ഞങ്ങൾ സസ്പെന്റ് ചെയ്തു. ചില ആളുകളെ പിരിച്ചുവിട്ടിട്ടുണ്ട്. അവിടത്തെ സുരക്ഷയിൽ പാളിച്ച ഉണ്ടായിട്ടുണ്ടോ എന്ന് മൂന്നാളുകളെക്കൊണ്ട് അന്വേഷിപ്പിക്കുകയാണ്. ഇങ്ങനെ ഒരു സംഭവം തിരുവനന്തപുരം സെൻട്രൽ ജയിലിൽ മാത്രമല്ല ഉണ്ടായിട്ടുള്ളത്. തിരുവനന്തപുരം സെൻട്രൽ ജയിലിലുണ്ടായ തടവുചാട്ടത്തെക്കുറിച്ചും സുരക്ഷാ ക്രമീകരണങ്ങളെക്കുറിച്ചും പരിശോധിക്കുന്നതിനും ഗവൺമെന്റിന് റിപ്പോർട്ട് നൽകുന്നതിനും ഹോം സെക്രട്ടറി, സ്റ്റേറ്റ് പോലീസ് ചീഫ്, ജയിലിന്റെ ഡി.ജി.പി. ഇവർ മൂന്നുപേർ ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റിയെ ഞങ്ങൾ നിയോഗിക്കുകയാണ്. ആ കമ്മിറ്റി

10 ദിവസത്തിനുള്ളിൽ തിരുവനന്തപുരം സെൻട്രൽ ജയിലിലുണ്ടായ സംഭവത്തെക്കുറിച്ച് ഗവൺമെന്റിന് റിപ്പോർട്ട് തരണം. അതിനുശേഷം ബാക്കി ജയിലുകളിൽക്കൂടി പോകണം. പക്ഷേ ജയാനന്ദൻ എന്നു പറയുന്ന ആൾ ആദ്യമായി ജയിൽ ചാടിയതല്ല. 2010-ൽ ശ്രീ. കോടിയേരി ബാലകൃ ഷ്ണൻ ആഭ്യന്തരവകുപ്പമന്ത്രി ആയിരുന്നപ്പോൾ ജയിൽ ചാടിയത് ഈ ജയാ നന്ദൻ തന്നെയാണ്. അന്ന് കണ്ണൂർ ജയിലിൽ നിന്നാണെന്നു മാത്രം. പക്ഷേ, ഇതുപോലുള്ള സംഭവങ്ങൾ ഇനി ആവർത്തിക്കരുത്. കണ്ണൂർ സെൻട്രൽ ജയിലിൽ 2010-ൽ ഉണ്ടായ സംഭവവും തിരുവനന്തപുരത്ത് സെൻട്രൽ ജയി ലിൽ ഇപ്പോഴുണ്ടായ സംഭവവും ഒരിക്കലും ആവർത്തിക്കാൻ ഇടയാക്കരുത്. അതുകൊണ്ട് ഞങ്ങൾ ചെയ്തത് അത്യുന്നതന്മാരായ ഉദ്യോഗസ്ഥന്മാരെവച്ച് ഒരു കമ്മിറ്റി ഉണ്ടാക്കി. തിരുവനന്തപുരത്തെ സംബന്ധിച്ച് 10 ദിവസത്തിനു ള്ളിൽ സുരക്ഷാക്രമീകരണത്തിൽ എന്തെല്ലാം മാറ്റങ്ങളുണ്ടാക്കാൻ സാധിക്കു മെന്നതിനെക്കുറിച്ചുള്ള റിപ്പോർട്ട് വാങ്ങിക്കുകയാണ്. 3 മാസത്തിനുള്ളിൽ മറ്റ് ജയിലുകളിൽക്കൂടി നോക്കി സുരക്ഷാ ക്രമീകരണത്തിൽ പാളിച്ചയുണ്ടോ, എന്തെല്ലാം മാറ്റങ്ങൾ വരണം, അതിനകത്ത് സാങ്കേതികമായ എന്തെങ്കിലും പുതിയ കാര്യങ്ങൾ സുരക്ഷിതത്വത്തിനുവേണ്ടി വിനിയോഗിക്കണമോ അതെല്ലാം പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനുവേണ്ടി ഞങ്ങൾ നിയോഗി ച്ചിരിക്കുകയാണ്. അതുകൊണ്ട് അത് ലഭിച്ചു കഴിഞ്ഞാൽ നടപടിയിലേയ്ക്ക് പോകും. അതോടൊപ്പം തന്നെ രാവിലെ പറഞ്ഞതിനെ സംബന്ധിച്ച് ഒരു വാക്കുകൂടി സൂചിപ്പിക്കുകയാണ്. ഈ ആളുകളെ പിടിക്കുന്നതിനുവേണ്ടി യുള്ള നടപടികൾ നടക്കുന്നുണ്ട്. എന്തൊക്കെയാണ് നടപടിയെന്ന് നിയമസ ഭയിൽ ഓപ്പണായി പറയുന്നത് ശരിയാണോ? അതുകൊണ്ട് നടപടി എന്താ

ണെന്നുമാത്രം സൂചിപ്പിക്കുന്നില്ല. അതിനുള്ള നടപടികൾ നടക്കുന്നുണ്ട്, അവരൊക്കെ നാടിന്റെ ശത്രുക്കളാണ്. സമാധാന ജീവിതത്തിന്റെ ശത്രുക്കളാണ്. 2010-ൽ നടന്നില്ലേ എന്നു ചോദിച്ചത് നിങ്ങളുടെ മുന ഒടിക്കാനല്ല(കുറ്റപ്പെടുത്താനല്ല) ചോദിച്ചത്. ഇതുപോലുള്ള തടവുചാടലുകൾ ഇനിയും ആവർത്തിക്കാതിരിക്കുന്നതിനുള്ള ഒരു നിലപാട് എടുക്കാൻ വേണ്ടിയാണ്. അതിനുവേണ്ടിയാണ് ഉന്നത ഉദ്യോഗസ്ഥന്മാരെ കൊണ്ട് ഈ അന്വേഷണം നടത്തുന്നത്. അതുകൊണ്ട് തുടർനടപടിയുമായി മുന്നോട്ടു പോകുന്നതാണ്. ഇവിടെ 'കാപ ' (KAAPA) നിയമത്തെക്കുറിച്ച് സൂചിപ്പിച്ചു. ഈ നിയമത്തെക്കുറിച്ച് ഇന്നലെ ചർച്ച ചെയ്തു. ഗവൺമെന്റിന്റെ സ്റ്റാന്റ് സംശയരഹിതമായി ഇന്നലെതന്നെ വ്യക്തമാക്കിയിട്ടുണ്ട്. രാഷ്ട്രീയ പ്രവർത്തകരെ വേട്ടയാടുന്നതിനുവേണ്ടിയുള്ള ആയുധമായി 'കാപ' നിയമത്തെ ഉപയോഗപ്പെടുത്തുന്ന പ്രശ്നമില്ല. അതേ സമയം നിയമസമാധാനരംഗത്ത്, മന:പൂർവ്വമായി പ്രൊഫഷണൽ ഗുണ്ടായിസം നടത്തുന്ന ആളുകളോട് നിർദാക്ഷിണ്യമായി പെരുമാറാതിരിക്കാൻ സാധ്യമല്ല. ............. (ബഹളം)............അതും പ്രൊഫഷണൽ ഗുണ്ടായിസം നടത്തുന്ന ആൾക്കാരാണ്. അവരെ നമുക്ക് നിലയ്ക്ക് നിർത്തണം. രാഷ്ട്രീയ പ്രവർത്തനം നടത്താനുള്ള അധികാരവും അവകാശവും എല്ലാ പാർട്ടികൾക്കുമുണ്ട്. അത് അവർ നടത്തിക്കൊള്ളട്ടെ. അങ്ങ് ചോദിച്ച ഒരു ചോദ്യത്തിന് ഇന്നലെതന്നെ ഉത്തരം പറഞ്ഞു. അങ്ങയുടെ നിർദ്ദേശപ്രകാരം സമരം നിർത്തിവച്ചതിൽ ഞങ്ങൾക്ക് നന്ദിയുണ്ട്. വകുപ്പ് 15(3) അനുസരിച്ച് ഗവൺമെന്റ് ഇന്റർവെൻഷനാണ് കുട്ടികൾ ആഗ്രഹിക്കുന്നത്. ഗവൺമെന്റ് ഇന്റർവെൻഷനുവേണ്ടിയുള്ള കത്ത് എന്റെ കയ്യിലുണ്ട്. ആ കത്തിൽ മേൽനടപടി എടുക്കുന്നതിനുവേണ്ടി ഞാൻ ഹോം

സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. .............ശ്രീമതി കെ.കെ. ലതിക ഞാൻ അവസാനം വഴങ്ങാം. ................

ശ്രീമതി കെ.കെ. ലതിക: സർ, ആറ് കേസ്സുകളാണ് എന്റെ മകന്റെ പേരിൽ ചുമത്തിയിട്ടുള്ളത്. രണ്ട് സംഭവം നടക്കുന്ന സമയത്തുമാത്രമേ എന്റെ മകൻ നാട്ടിലുള്ളൂ. ഇതിനെക്കുറിച്ച് ഒരു അന്വേഷണം നടത്തുമോ; ഇതുമായി ബന്ധപ്പെട്ട ഒരു കാര്യം കൂടി പറയാം. 4–ാം തീയതിയാണ് ഈ കേസ്സിൽ ഐ.ജി. ഒപ്പിട്ടത്. എന്നാൽ 3–ാം തീയതി ചാനലുകളിൽ വാർത്ത വന്നു. എങ്ങനെയാണ് സാർ വാർത്ത വന്നത്?. 5–ാം തീയതി എന്റെ വീട്ടിൽ മൂന്നു വണ്ടി പോലീസ് വന്നു. ഞാൻ രാത്രി വീട്ടിലെത്തിയശേഷം പോലീസിനെ വിളിച്ചുചോദിച്ചപ്പോൾ അവർ പറഞ്ഞത് 4–ാം തീയതി രാത്രിയാണ് ഈ കവർ ഞങ്ങൾക്ക് കിട്ടിയതെന്നാണ്. 4–ാം തീയതി രാത്രി കുറ്റ്യാടി പോലീസ് സ്റ്റേഷനിൽ ലഭിച്ച കവർ എങ്ങനെയാണ് 3–ാം തീയതി വാർത്തയായത്; എങ്ങനെയാണ് ചാനലുകൾക്ക് ലഭിച്ചത്; 4–ാം തീയതി മോഹനൻ മാഷിന്റെ ബെയിൽ ആപ്ലിക്കേഷൻ പരിഗണനയ്ക്കെടുക്കുന്നതു കൊണ്ട് വളരെ ഗൂഢാലോചനയോടുകൂടി തയ്യാറാക്കിയതല്ലേ; അന്വേഷണ സമയത്ത് എന്റെ മാഷിനോട് നിങ്ങളുടെ മക്കളെ വെറുതെ വിടില്ല എന്നുപറഞ്ഞിട്ടുണ്ട്....... (ബഹളം)

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം എഴുന്നേറ്റുനിന്ന് ബഹളംവച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ: പ്ലീസ് ..പ്ലീസ്.... ആഭ്യന്തര വകുപ്പുമന്ത്രി മറുപടി പറയട്ടെ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശാന്തമായിരുന്നാൽ ഞാൻ എല്ലാ കാര്യങ്ങൾക്കും മറുപടി പറയാം. പ്രധാനമായും ഗവൺമെന്റിന്റെ

അവിതർക്കിതമായ ചില നിലപാടുകളാണ് ഞാനിവിടെ പറഞ്ഞത്. അതനുസരിച്ച് പ്രതിപക്ഷ ഉപനേതാവുമായി നേരത്തെ ഞാൻ സംസാരിച്ചിട്ടുണ്ട്. പ്രതിപക്ഷ ഉപനേതാവുമാത്രമല്ല കണ്ണൂർ ജില്ലയിലെ സിപി.എം–ന്റെ പ്രധാനപ്പെട്ട, ഈ നിയമസഭയിൽ ഉള്ളവരും ഇല്ലാത്തവരുമായിട്ടുള്ള ആളുകളുമായി ഞാൻ സംസാരിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ നിലപാട് ഞാൻ അവരോട് വിശദീകരിച്ചിട്ടുണ്ട്. ആ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അവർ സമരം നിർത്തിവച്ചിട്ടുണ്ട്. സമരം നിർത്തിവയ്ക്കുന്നുതിന് തൊട്ടുമുമ്പുള്ള ചില കാര്യങ്ങൾ തീർക്കുന്നതിനുവേണ്ടി അവരുടെ വ്യക്തിപരമായ പെറ്റീഷൻ ലഭിച്ചിട്ടുണ്ട്. അത് നിയമപരമായി പോകണം. അങ്ങനെ നിയമപരമായി പോകുന്നതിനുള്ള നടപടിയിൽ ഗവൺമെന്റ് നിൽക്കുകയാണ്. ഇത് ഹൈക്കോടതിയിലും വേണമെങ്കിൽ മറ്റ് കോടതികളിലുമൊക്കെ ചോദ്യം ചെയ്യാൻ സാധ്യതയുള്ളതാണ്. അത് എന്നെക്കാൾ കൂടുതൽ അറിയാവുന്നത് നേരത്തെ ഈ വകുപ്പ് കൈകാര്യം ചെയ്തിട്ടുള്ള ആ ഭാഗത്തിരിക്കുന്ന ആളുകൾക്കാണ്. അതുകൊണ്ട് നിയമപരമായിത്തന്നെ പോകണം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, KAAPA- ആക്ടിലെ 15–ാം വകുപ്പനുസരിച്ച് ഐ.ജി. നടപടി സ്വീകരിക്കുമ്പോൾ അതുസംബന്ധിച്ച് ഐ.ജി. തയ്യാറാക്കുന്ന റിപ്പോർട്ടുകൾ ഡി.ജി.പി.–ക്ക് അയച്ചുകൊടുക്കുന്ന പ്രക്രിയയുണ്ട്. ഈ ഘട്ടത്തിലൊന്നും ഇടപെടാതെ ഒരാളെ നാടുകടത്തിക്കഴിഞ്ഞു. ആ നാടുകടത്തലിന് വിധേയമാക്കിയത് ഒരു ഗുണ്ടയെ അല്ല. ശ്രീമതി കെ.കെ. ലതിക എം.എൽ.എ.–യുടെ മകൻ എൻ.ഐ.റ്റി.–യിൽനിന്ന് ബി.ടെക്. ബിരുദം നേടിയിട്ടുള്ള ഒരു എഞ്ചിനീയറാണ്.

അയാളുടെ പേരിൽ ചാർജ് ചെയ്തിട്ടുള്ള കുറ്റങ്ങളെല്ലാംതന്നെ, ഇപ്പോൾ ഇവിടെ പറഞ്ഞല്ലോ... നാട്ടിൽ അദ്ദേഹം ഇല്ലാത്ത സന്ദർഭത്തിൽ നടന്ന സംഭവത്തിന്റെ പേരിൽ അയാളെ പ്രതി ചേർത്തിരിക്കുകയാണ്. വൈര്യനിര്യാതന സമീപനം പോലീസ് സ്വീകരിക്കുകയാണ്. ആഭ്യന്തര വകുപ്പുമന്ത്രി സ്വീകരിച്ചു എന്നല്ല, പോലീസ് ഈ ആക്ട് ദുരുപയോഗിച്ചു എന്നുള്ളതാണ് ഇവിടത്തെ പ്രശ്നം. അങ്ങനെ പോലീസുദ്യോഗസ്ഥന്മാർ എം.എൽ.എ.-യുടെ മകനെതിരായിട്ടുപോലും ഇങ്ങനെയൊരു ദുരുപയോഗം ചെയ്തത് ആഭ്യന്തര വകുപ്പുമന്ത്രി അറിയണ്ടേ; അങ്ങനെ ഒരു പ്രശ്നമുണ്ടായാൽ ആദ്യഘട്ടത്തിൽത്തന്നെ ഇടപെട്ട് തിരുത്തണ്ടേ; അങ്ങനെ തിരുത്താൻ ഗവൺമെന്റ് തയ്യാറാകാതിരുന്നത് എന്തുകൊണ്ടാണ്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങിവിടെ പറഞ്ഞ കാര്യം പരാതിയായി ഞാൻ അംഗീകരിക്കുന്നു. ഞാൻ തന്നെ വ്യക്തിപരമായി ഇക്കാര്യം പരിശോധിക്കും. അത് പരിശോധിച്ച് നയപരമായ നിലപാടുകൾക്ക് വിരുദ്ധമാണോ അല്ലയോ എന്നുള്ള കാര്യം നോക്കും.

ശ്രീ. പ്രദീപ് കുമാർ: സർ, ........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇനിയുമുണ്ടോ.... ഞാൻ പ്രതിപക്ഷ ഉപനേതാവിനോട് പറഞ്ഞല്ലോ. .........(ബഹളം)

മി. സ്പീക്കർ: ശ്രീ. എ. പ്രദീപ് കുമാർ, എന്താണിത്; മൈക്ക് ചോദിച്ചാൽ തരില്ല, എങ്ങനെയാണ് തരുന്നത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശ്രീ. എളമരം കരീമിന്റെ ചോദ്യം കൂടി കഴിഞ്ഞശേഷം ഞാൻ എന്റെ കാര്യത്തിലേയ്ക്ക് പ്രവേശിക്കാം.

<u>ശ്രീ. എളമരം കരീം</u>: സർ, ഇതിൽ വന്ന പ്രശ്നം 4–ാം തീയതി മോഹനൻ മാഷിന്റെ ജാമ്യാപേക്ഷ പ്രത്യേക കോടതി കേൾക്കുന്ന ദിവസം ഈ വാർത്ത വരികയാണ്. 4–ാം തീയതി വൈകിട്ടാണ് ഐ.ജി.. ഒപ്പിടുന്നത്. 3–ാം തീയതി ഈ വാർത്ത വന്നത് ജാമ്യാപേക്ഷയെ torpedo ചെയ്യാൻ വേണ്ടിയാണെന്നുള്ളത് വളരെ വ്യക്തമാണ്. നിങ്ങൾ അന്വേഷിക്കുമ്പോൾ ഈ വിഷയത്തെക്കുറിച്ച് ഒരന്വേഷണം നടത്തണം. കൃത്യമായി പോലീസ് ഈ നിയമം ദുരുപയോഗം ചെയ്തതാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, ഞാൻ വ്യക്തിപരമായി പരിശോധിക്കുമെന്ന് നേരത്തെ പറഞ്ഞിട്ടുണ്ട്. വ്യക്തിപരമായി പരിശോധിക്കും. ഞാനിതുവരെ പറയാതിരുന്ന കാര്യമാണ് ഇത് സംബന്ധിച്ച് ശ്രീമതി കെ.കെ. ലതിക ഉൾപ്പെടെ ആ ജില്ലയിൽനിന്നുള്ള ചില എം.എൽ.എ.–മാർ ഒരുമിച്ച് എന്നെ സമീപിച്ചിരുന്നു. ഞങ്ങളുടെ സ്റ്റാന്റ് എന്താണെന്നുള്ളത് ഞാൻ അവരോട് അപ്പോൾത്തന്നെ വിശദീകരിച്ചിരുന്നു. അതിനുശേഷം പാർട്ടി നേതൃത്വത്തിൽനിന്ന്, ഈ സഭയിൽ ഉള്ളവരും ഇല്ലാത്തവരുമായ നേതാക്കന്മാർ ബന്ധപ്പെട്ടിരുന്നു. ഗവൺമെന്റ് സ്റ്റാന്റ് ഞങ്ങൾ അപ്പോഴും അവരോട് വിശദീകരിച്ചിട്ടുണ്ട്. ഇപ്പോൾ നിയമസഭയിൽ പ്രതിപക്ഷ ഉപനേതാവ് ഉന്നയിച്ചപ്പോൾ ഞാൻ പറഞ്ഞു, ഇത് ക്വാസി ജുഡീഷ്യൽ ബോഡിയാണ്, ആ ക്വാസി ജുഡീഷ്യൽ ബോഡി എടുക്കുന്ന ഒരു തീരുമാനത്തിന് നിയമസഭയിൽവച്ച് അവസാന വാക്ക് പറയാൻ കഴിയില്ല എന്നുള്ളത് ഈ വകുപ്പ കൈകാര്യം ചെയ്യുകയും ഈ നിയമം കൊണ്ടുവരികയും ചെയ്ത ശ്രീ. കോടിയേരി ബാലകൃഷ്ണന് എന്നെക്കാൾ കൂടുതൽ അറിയാം. അതുകൊണ്ട് ഞാൻ പറയുന്നു അക്കാര്യത്തിൽ നിയമപരമായി മുന്നോട്ടുപോകും.

അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഈ ആക്ടിലെ 15(3) വകുപ്പനുസരിച്ച് ഗവൺമെന്റ് പരിശോധിച്ചുവരികയാണ്. ആ പരിശോധനയ്ക്ക് ഗവൺമെന്റിന് അധികാരമുണ്ട്. ആ അധികാരമുപയോഗിച്ച് ഗവൺമെന്റ് പരിശോധിച്ചുവരികയാണ്. ആ പരിശോധന നടത്തുന്നതിനുവേണ്ടി കൊടുത്തതിനുശേഷം ഇവിടെവച്ച് ഞാൻ ഒരഭിപ്രായം പറയുന്നത് ശരിയല്ല. അത് ഞാൻ നിയമത്തെ സ്വാധീനിക്കുന്നതിന് തുല്യമാകും. അതുകൊണ്ട് ഒരു ക്വാസി ജുഡീഷ്യൽ ബോഡിയുടെ എക്സർസൈസ് നടക്കുന്ന മധ്യത്തിൽവച്ച് ഞാൻ പരസ്യമായി പറയുന്നില്ല എന്നുമാത്രമേയുള്ളൂ. അതവിടെ നിൽക്കട്ടെ. ആ ചർച്ച ഗുണകരമല്ല. ശ്രീ. എ. പ്രദീപ് കുമാർ ദയവായി ആ ചർച്ച നമുക്ക് വേണ്ട.........(ബഹളം)........

ശ്രീ. എ. പ്രദീപ് കുമാർ: സർ, അങ്ങ് ഗവൺമെന്റിന്റെ നിലപാട് വളരെ വ്യക്തമായി പറഞ്ഞു, രാഷ്ട്രീയ പ്രവർത്തകരെ ആരേയും കെണിയിലാക്കാനുള്ള ഉദ്ദേശ്യമില്ലെന്നും പറഞ്ഞു. ശ്രീമതി കെ.കെ. ലതികയുടെ മകൻ എൻ.ഐ.റ്റി. വിദ്യാർത്ഥിയായിരുന്നു. ഹൈ മെറിറ്റിൽ പ്രവേശനം നേടിയ ആളാണ്. സജീവമായി രാഷ്ട്രീയ പ്രവർത്തനം നടത്തുന്ന ആളല്ല. അങ്ങനെയുള്ള ആളെ ഗുണ്ടാലിസ്റ്റിൽപ്പെടുത്തി, മികച്ച പെർഫോമൻസിന്റെ അടിസ്ഥാനത്തിൽ എൻ.ഐ.റ്റി-യിൽ പ്രവേശനം നേടിയ ആ വിദ്യർത്ഥിയേയും കുടുംബത്തേയും അപമാനിച്ചു. ആ അപമാനം ഉണ്ടാക്കിയത് അങ്ങയുടെ പോലീസാണ്. അങ്ങ് പറഞ്ഞത് ആത്മാർത്ഥതയോടെയാണെങ്കിൽ ആ വിദ്യാർത്ഥിയെ ഗുണ്ടയാക്കി നാടുകടത്തി അപമാനിച്ചവരുടെ പേരിൽ നടപടി സ്വീകരിക്കുമോ എന്ന് അങ്ങ് വ്യക്തമാക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ചോദിക്കട്ടെ, അങ്ങ് ഈ പറയുന്ന അഭിപ്രായം ഞാൻ പറഞ്ഞതിന്റെ പശ്ചാത്തലത്തിൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആവർത്തിക്കുമോ? ഇല്ലെന്നറിയാം. കാരണം നിയമത്തിന് നിയമത്തിന്റെ വഴിക്കല്ലേ പോകാൻ കഴിയൂ. അങ്ങേയ്ക്കറിയാമല്ലോ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നിയമം നിയമത്തിന്റെ വഴിക്ക് പോകട്ടെ. ഈ നിയമം ദുരുപയോഗപ്പെടുത്തിയ പോലീസുദ്യോഗസ്ഥന്മാരുടെ പേരിൽ എന്ത് നടപടിയെടുക്കുമെന്നാണ് ചോദിച്ചത്. നിയമം ദുരുപയോഗപ്പെടുത്തിയിരിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പരിശോധിക്കാമെന്ന് അങ്ങയോട് നേരത്തെ പറഞ്ഞല്ലോ. അത് പരിശോധിക്കുന്നതിനുമുമ്പ് ഞാനെങ്ങനെയാണ് അഭിപ്രായം പറയുന്നത്? അതിന്റെ നിയമവശം എന്താണെന്ന് പരിശോധിച്ചശേഷം പറയേണ്ട കാര്യത്തെക്കുറിച്ച് പറയാം. പരിശോധന കഴിയട്ടെ. നേരത്തെ ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു, ഇന്നലെ സംസാരിച്ചപ്പോൾ ആ തർക്കം കഴിഞ്ഞു എന്നുഞാൻ കരുതിയതാണ്. നമ്മുടെ എസ്.ബി.സി.ഐ.ഡി. ഓഫീസുകൾ പലതും കെട്ടിടങ്ങൾ വാടകയ്ക്കെടുത്ത് എന്തോ വലിയ ഓപ്പറേഷൻ നടത്തിക്കൊണ്ടിരിക്കുന്നു എന്നു പറഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതിയതായി ഒരു ഓഫീസ് കെട്ടിടവും ഇതുപോലൊരു കാര്യത്തിനായി വാടകയ്ക്കെടുത്തിട്ടില്ല. മുൻകാല പ്രാബല്യത്തോടുകൂടി മാപ്പ് പറയാൻ എന്നോട് പറയുകയും ചെയ്യരുത്..............

ശ്രീ. വി.എസ്. സുനിൽ കുമാർ: മുൻ ഗവൺമെന്റിന്റെ കാലത്ത് വീട് വാടകയ്ക്ക് എടുത്തിട്ടുണ്ടോ എന്നുള്ളത് പറയണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പറയണമെന്ന് ശ്രീ. വി.എസ്. സുനിൽ കുമാറിന് പറയാം. പക്ഷെ പറയണമെന്ന് പറയേണ്ടവർ പറയില്ല. അതാണ് കാര്യം ആ തർക്കം വിട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പോലീസ് വാടകയ്ക്കെടുത്ത വീടാണോ ഇത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എനിക്കറിയില്ല. ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഞങ്ങൾ ഒരു വീടും വാടകയ്ക്ക് എടുത്തിട്ടേയില്ല. ശ്രീ. എളമരം കരീം പറഞ്ഞത് ഞങ്ങൾ വീട് വാടകയ്ക്കെടുത്തു എന്നാണ്. അതിന് ഞാൻ മറുപടി പറയണ്ടേ. അതിനുള്ള എന്റെ മറുപടി ഇതാണ്-ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഞങ്ങൾ അങ്ങനെ ഒരു വീടും വാടകയ്ക്കെടുത്തിട്ടില്ല. രണ്ടാമത്തെ പ്രശ്നം........(ബഹളം).......

ശ്രീ. സി. ദിവാകരൻ: സർ, നിയമസഭയിൽ ആഭ്യന്തര വകുപ്പുമന്ത്രി പറയുന്ന ഓരോ വാക്കിനും വലിയ വിലയാണുള്ളത്. ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു വീടും വാടകയ്ക്കെടുത്തിട്ടില്ല എന്ന് അങ്ങ് പറയുന്നു. അങ്ങ് ആരെയാണ് ഭയക്കുന്നത്? കഴിഞ്ഞ ഗവൺമെന്റ് വാടകയ്ക്ക് എടുത്തിട്ടുണ്ടെങ്കിൽ അക്കാര്യം ധൈര്യമായിട്ട് പറയണം. ഞങ്ങൾ ഇവിടെ ഇരിക്കുകയല്ലേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: നിങ്ങൾ അടുത്തടുത്ത് ഇരിക്കുകയല്ലേ? ...........(ബഹളം).................

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: ഒരു ദുരൂഹത ഈ പ്രശ്നത്തിൽ നടത്താൻ പാടില്ല. ഇവിടെ അങ്ങനെയൊരു ഫോൺ ചോർത്തൽ നടന്നിട്ടുണ്ടോ; എൽ.ഡി.എഫ്.-ന്റെ കാലത്ത് അങ്ങനെ ചെയ്തിട്ടുണ്ടോ എന്നുള്ളതെല്ലാംതന്നെ അന്വേഷണവിധേയമാക്കുന്നതിന് ഒരു ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നുള്ളതാണ് ഞങ്ങളുടെ ആവശ്യം. കെ.പി.സി.സി. പ്രസിഡന്റ്, എൻ.എസ്.എസ്. ജനറൽ സെക്രട്ടറി എന്നിവരുടെ ഫോൺ ചോർത്തിയെന്ന് ആക്ഷേപമുണ്ട്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇപ്പോൾ പറയുന്നത് മുൻകാലത്തുണ്ടായിട്ടുണ്ടെന്നാണ്, മുൻകാലത്തുണ്ടായിട്ടുണ്ടെങ്കിൽ അത് ഉൾപ്പെടെ ചേർത്തുകൊണ്ടൊരു അന്വേഷണത്തിന് തയ്യാറാകാൻ ഞാൻ തയ്യാറാണ്. ഇതിനൊരു ജുഡീഷ്യൽ അന്വേഷണം വയ്ക്കണം.

<u>മി. ചെയർമാൻ</u>: ശ്രീ. കോടിയേരി ബാലകൃഷ്ണൻ, മന്ത്രി മറുപടി പറയട്ടെ. പ്ലീസ്...........

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ഇക്കാര്യത്തിൽ ശബ്ദഘോഷം കൊണ്ട് ബഹളമുണ്ടാക്കാൻ ഞാനില്ല. ഞാൻ ഇതിനകത്ത് വളരെ സൗമ്യമായിട്ടാണ് നിൽക്കുന്നത്. പൊതുപ്രവർത്തകരുടെ ടെലിഫോൺ ചോർത്തുന്ന പ്രശ്നമേയില്ല. നേരത്തേതന്നെ ഈ സഭയിൽ ചർച്ച വന്നപ്പോൾ ആ സമയത്ത് പറഞ്ഞിട്ടുണ്ട്, 1885 -ലെ നിയമത്തിലെ സെക്ഷൻ 5(2) അനുസരിച്ചും 2000-ലെ ഐ.ടി. ആക്ട്-ലെ 69-ാം വകുപ്പ് അനുസരിച്ചുമാണ് interception നടക്കുന്നത്. അതെല്ലാ ഗവൺമെന്റുകളും ചെയ്യുന്ന കാര്യമാണ്. കാരണം അതിലെ കുറ്റക്കാർ എന്നുപറയുന്നത് ഭീകരപ്രവർത്തകർ, രാജ്യവിരുദ്ധപ്രവർത്തനം നടത്തുന്നവർ, രാജ്യത്തിനെതിരെ യുദ്ധം

ചെയ്യുന്നവർ, രാജ്യത്ത് പ്രശ്നങ്ങളുണ്ടാക്കാൻ ശ്രമിക്കുന്നവർ, അതോടൊപ്പംതന്നെ നമുക്ക് കേസ്സന്വേഷണത്തിനുവേണ്ടി..... അതല്ലാതെ ഒരു കാര്യത്തിലും ഇന്റർസെപ്ഷൻ ഇല്ലായെന്ന് ഞാൻ നേരത്തെ പറഞ്ഞു. ആ പറഞ്ഞതുതന്നെയാണ് എന്റെ സ്റ്റാന്റ്. ഒരു ഗവൺമെന്റ് മാറുമ്പോഴും വേറൊരു ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴും പഴയ കാര്യങ്ങളെല്ലാം വിളിച്ചുപറഞ്ഞുകൊണ്ട് ഇതുപോലുള്ള ആഭ്യന്തര സുരക്ഷിതത്വത്തെ പറ്റിയുള്ള കാര്യം പൊതു ചർച്ചയ്ക്ക് കൊണ്ടുവരുന്നത് ശരിയാണോ? ഇത് ആഭ്യന്തര സുരക്ഷിതത്വത്തെ ബാധിക്കുന്ന പ്രശ്നമാണ്. ഇവിടെ ഗവൺമെന്റുകൾ മാറും. അങ്ങനെ ഗവൺമെന്റുകൾ മാറി വേറെ ഗവൺമെന്റ് വരും. പക്ഷെ രാഷ്ട്രീയം മാറുന്നതനുസരിച്ച് ആഭ്യന്തര സുരതക്ഷിതത്വതം സംബന്ധിച്ച കാര്യം നമുക്ക് പറയാൻ സാധിക്കുമോ? .............(ബഹളം)..............

<u>ഡോ. ടി.എം. തോമസ് ഐസക്</u>: സർ,. ഈ സർക്കാർ വന്നതിനുശേഷം ഫോൺ intercept ചെയ്തിട്ടില്ലെന്ന് അങ്ങ് ഇന്നലെ വളരെ ഖണ്ഡിതമായി പറഞ്ഞു. അതേസമയം ഈ സർക്കാർ വന്നതിനുശേഷം 242 പേരുടെ ഇ-മെയിലുകൾ intercept ചെയ്യുന്നതിനുവേണ്ടിയുള്ള രേഖകൾ പുറത്തുവരികയും അങ്ങ് തന്നെ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിലുണ്ടായിരുന്ന പലരും ഒരു സെക്യൂരിറ്റി പ്രശ്നവും രാജ്യത്തിന് സൃഷ്ടിക്കുന്നവരല്ലായിരുന്നൂവെന്നും മലയാളികൾക്കറിയാം. അതുകൊണ്ട് ഈ സൗകര്യം ദുരുപയോഗപ്പെടുത്തില്ല, പൗരന്മാരുടെ സ്വകാര്യത നശിപ്പിക്കില്ല എന്ന് ഉറപ്പുവരുത്തുന്നതിനുള്ള പ്രോട്ടോകോളുകൾ വേണം. ഇഷ്ടമുള്ള ഉദ്യോഗസ്ഥന് ഇഷ്ടമുള്ള ഒരു ഫോൺ ടാപ്പ് ചെയ്യുന്ന നിലപാട് അവസാനിപ്പിക്കാൻ കഴിയണം. അതുകൊണ്ടാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് ഈ

പ്രോട്ടോകോളുകൾ നിശ്ചയിക്കാൻ ഉതകുന്ന രീതിയിൽ ഒരു ജുഡീഷ്യൽ അന്വേഷണത്തിന് അങ്ങ് തയ്യാറുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ഇവിടെ നേരത്തെ പറഞ്ഞല്ലോ. ..............(ബഹളം)......................ഞാനൊന്ന് പറയട്ടെ. ....(ബഹളം)....

മി. സ്പീക്കർ: പ്ലീസ്...........ഞാൻ പറയാം.........ഒരു മിനിട്ട്.......... ഡോ. ടി. എം. തോമസ് ഐസക് ഒരു കാര്യം ചോദിച്ചു. ഉടനെ അതിന് അനുകൂലമായി മറുപടി പറഞ്ഞാൽ മാത്രമേ സംസാരിക്കാൻ സമ്മതിക്കുകയുള്ളോ; അങ്ങനെയാണോ? അതൊന്നും ശരിയല്ല. മന്ത്രി മറുപടി പറയും. അദ്ദേഹം സംസാരിക്കട്ടെ. ...........(ബഹളം).................പ്ലീസ്............ എല്ലാവരും ബഹളമുണ്ടാക്കിയാൽ മന്ത്രിക്ക് സംസാരിക്കാൻ കഴിയില്ല. ............(ബഹളം)................

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ട് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പ്രതിപക്ഷം ഒന്നടങ്കം ഉന്നയിക്കുന്ന ആവശ്യമാണ്. ഫോൺ ചോർത്തൽ വിവാദത്തെ സംബന്ധിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്തണം. അതിന് ബഹുമാനപ്പെട്ട ഗവൺമെന്റ് തയ്യാറാകുമോ? ........(ബഹളം)........ആ അന്വേഷണത്തിന് തയ്യാറല്ലെന്നാണ് നിലപാടെങ്കിൽ ആഭ്യന്തര വകുപ്പുമന്ത്രി അതിന് മറുപടി പറയട്ടെ. ശ്രീ. കെ. ശിവദാസൻ നായർ പറഞ്ഞാൽ പോര. ശ്രീ. കെ. ശിവദാസൻ നായരെ മന്ത്രി ആക്കിയിട്ടില്ല................(ബഹളം).............പ്ലീസ്...........

മി. സ്പീക്കർ: ആഭ്യന്തരവകുപ്പുമന്ത്രി മറുപടി പറയണമെങ്കിൽ നിങ്ങൾ സീറ്റിൽ പോകണം. അവരവരുടെ സീറ്റുകളിൽ ഇരുന്നാൽ മന്ത്രി മറുപടി പറയുന്നതാണ്. നിങ്ങൾ ഇവിടെ നിൽക്കുകയാണെങ്കിൽ മന്ത്രി മറുപടി പറയില്ല. ....അങ്ങനെയാണ്. .........നിങ്ങൾ ഇങ്ങനെ നിന്നാൽ മന്ത്രി സംസാരി

ക്കില്ല. നിങ്ങൾ ഇവിടെയിങ്ങനെ നിൽക്കുമ്പോൾ മന്ത്രിയോട് സംസാരിക്കാൻ പറയാൻ എനിക്ക് സാധ്യമല്ല. അത് ശരിയല്ല. ....നോ.........നോ.......

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ അല്പനേരം തടസ്സപ്പെടുത്തുകയും തുടർന്ന് സഭ ബഹിഷ്ക്കരിച്ച് പുറത്തുപോകുകയും ചെയ്തു.)

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഏതോ ഒരു യന്ത്രം വച്ച് ഒരേ സന്ദർഭത്തിൽ ആയിരം ഫോൺ ഒരുമിച്ചു ചോർത്തുന്നു എന്നാണ് ശ്രീ. എളമരം കരീം നേരത്തെ പറഞ്ഞതും ഇപ്പോൾ പ്രതിപക്ഷം പറയാൻ ശ്രമിക്കുന്നതും. ഗവൺമെന്റ് ഓഫ് ഇന്ത്യ മിനിസ്ട്രി ഓഫ് ഹോം അഫയേഴ്സിൽനിന്ന് 2011 മെയ് മാസത്തിൽ ഈ ഗവൺമെന്റിന് അയച്ചു തന്ന രേഖ എന്റെ കൈവശമുണ്ട്. ഈ രേഖയിൽ Of the air GSM എന്നാണ് പ്രതിപക്ഷം പറയുന്ന യന്ത്രത്തിന്റെ പേര്. ഈ യന്ത്രമുപയോഗിച്ച് ആയിരം ടെലിഫോൺ ചോർത്തുന്നതിനുവേണ്ടി ഈ ഗവൺമെന്റ് ശ്രമിച്ചു എന്നായിരുന്നു പ്രതിപക്ഷത്തിന്റെ ആക്ഷേപം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത് 2011 മെയ് മാസം 18-ാം തീയതിയാണ്. 2011 മെയ് മാസത്തിൽ ഗവൺമെന്റ് ഓഫ് ഇന്ത്യ അങ്ങനെയൊരു യന്ത്രം ഇന്ത്യയിൽ ഇറക്കുമതി ചെയ്യുന്നത് നിരോധിച്ചിരിക്കുന്നു എന്നു പറഞ്ഞിരിക്കുന്ന രേഖയാണിത്. ഇത് അങ്ങേയ്ക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു. നമ്മുടെ കൈവശമില്ലാത്ത യന്ത്രമുപയോഗിച്ച് ടെലിഫോൺ സംഭാഷണം ചോർത്താൻ ശ്രമിച്ചു എന്നുപറഞ്ഞാൽ എന്താണ് ചെയ്യുന്നത്? രണ്ട് രൂപത്തിലാണ് ഇതിൽ interception നടക്കുന്നത്. Interception സർവീസ്

പ്രൊവൈഡർക്ക് മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ. പോലീസുകാർക്ക് തോന്നിയതുപോലെ ചെയ്യാൻ അതിൽ അധികാരമില്ല. ഒരു ഗവൺമെന്റിന് നിയമാനുസൃതമല്ലേ നീങ്ങാൻ കഴിയൂ? 1885-ലെ നിയമത്തിലെ സെക്ഷൻ 5(2) അനുസരിച്ച് ചെയ്യാം, 1957 മുതൽ അധികാരത്തിൽവന്ന എല്ലാ ഗവൺമെന്റുകളും ചെയ്തിട്ടുമുണ്ട്. കേരളത്തിൽ ജീവിച്ചിരിക്കുന്നവരും മരി ച്ചുപോയവരുമായ ഭരണാധികാരികൾ ചെയ്തിട്ടുള്ളത് ഞാൻ നേരത്തെപറഞ്ഞ നാല് ക്ലാസിഫൈഡായിട്ടുള്ള കേസുകളിലാണ്. 2000-ലെ ഐ.ടി ആക്ടിലെ 69-ാം വ്യവസ്ഥയനുസരിച്ച് intercept ചെയ്യുന്നതിനുള്ള അധികാരം സർവീസ് പ്രൊവൈഡർക്കാണ് നൽകിയിട്ടുള്ളത്. സർവീസ് പ്രൊവൈഡർ അങ്ങനെ ചെയ്യണമെങ്കിൽ ഒരു ഉത്തരവ് കൊടുക്കണം. ഉത്ത രവ് ലഭിക്കണമെങ്കിൽ ഐ.ജി റാങ്കിന് താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ റിക്വസ്റ്റ് ചെയ്യണം. ആ റിക്വസ്റ്റ് ഫയലിൽ സ്വീകരിച്ച് അന്വേഷണം നടത്തിയ തിനുശേഷം ഹോം സെക്രട്ടറിക്ക് തൃപ്തികരമാണെന്ന് തോന്നിയാൽ സർവീസ് പ്രൊവൈഡർക്ക് intercept ചെയ്യാം. പ്രതിപക്ഷം പറയുന്നത് ഇതൊന്നുമല്ല. ഇല്ലാത്ത ഒരു യന്ത്രമുപയോഗിച്ച് നമ്മൾ ഫോൺ സംഭാഷണം ചോർത്താൻ ശ്രമിച്ചു എന്നാണ്. അതിന് അവരുടെ കൈവശം എന്തെങ്കിലും രേഖയോ തെളിവോ ഉണ്ടോയെന്ന് കഴിഞ്ഞ ഒന്നര ആഴ്ചയായി ഞാൻ അവ രോട് പരസ്യമായി, സഭയ്ക്കകത്തും സഭയ്ക്കുപുറത്തുവച്ചും ചോദിച്ചിരുന്നു. ഇന്നും പ്രതിപക്ഷത്തിന്റെ കൈവശം പറയത്തക്കവിധത്തിലുള്ള രേഖ യൊന്നുമില്ല. അവർ ഇപ്പോഴും പറയുന്നത് ചോർത്തി ...... ചോർത്തി ...... ചോർത്തി .... എന്നാണ്. എന്ത് അടിസ്ഥാനത്തിലാണ് അങ്ങനെ പറയുന്നത്?

അത്യുന്നത സ്ഥാനങ്ങളിലിരിക്കുന്ന ആളുകളുടെ പേരുകൾ ഇതിലേയ്ക്ക് വലിച്ചിഴച്ച് അവരെക്കൂടി ഈ കോൺട്രവേഴ്സിയിൽ ഉൾപ്പെടുത്താനും അതിൽനിന്ന് രാഷ്ട്രീയ മുതലെടുപ്പ് നടത്താനുംവേണ്ടിയുള്ള നിലവാരം കുറഞ്ഞ പണിയായിപ്പോയി പ്രതിപക്ഷത്തുനിന്നും ചെയ്തത് എന്നാണ് എന്റെ വിശ്വാസം. ഈയിടെ എം.സി റോഡ് വഴി പോകുന്ന മാർക്സിസ്റ്റ് നേതാക്കൻമാർ ധാരാളം പേരുണ്ട്. അതിൽ മുൻപന്തിയിൽ നിൽക്കുന്നത് ശ്രീ. കോടിയേരി ബാലകൃഷ്ണനാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. കേരള ജനസമൂഹം ആ വിശദാംശം പിന്നീട് അറിയാൻ പോകുന്നതേയുള്ളൂ. ഈ കാര്യങ്ങളുടെയെല്ലാം പിന്നിലെ സൂത്രധാരൻ ശ്രീ. കോടിയേരി ബാലകൃഷ്ണനാണെന്നാണ് എനിക്ക് കിട്ടിയിട്ടുള്ള ബലമായ വിശ്വാസം. ഇന്ന് അദ്ദേഹത്തിന്റ പ്രസംഗവുംകൂടി കേട്ടപ്പോൾ അത് വ്യക്തമായി ബോധ്യപ്പെട്ടു. എന്നാലും അദ്ദേഹം സഭയിലില്ലാത്തതുകൊണ്ട് ഞാൻ അങ്ങനെയൊന്നും പറയുന്നില്ല. അദ്ദേഹത്തിന്റെ മന:സാക്ഷി അദ്ദേഹത്തോട് പറയട്ടെ. 5 കോടി രൂപ സ്വന്തം പോക്കറ്റിൽനിന്ന് ചെലവാക്കി ഏതെങ്കിലുമൊരു ഉദ്യോഗസ്ഥൻ ഈ യന്ത്രം വാങ്ങി കള്ളക്കടത്തുപോലെ കൊണ്ടുവന്ന് ഓഫീസിൽ വച്ച് ഇങ്ങനെ ചെയ്യാൻ കഴിയുമോ? ഈ യന്ത്രം ഇന്ത്യയിൽ കൊണ്ടുവരാനോ, ഓപ്പറേറ്റ് ചെയ്യാനോ, ഗവൺമെന്റിന് വാങ്ങാനോ പെർമിഷനില്ല. അങ്ങനെ ആർക്കും കൊണ്ടുവരാൻ സാധ്യമല്ലാത്ത ഒരു യന്ത്രമുണ്ടെന്ന് ദുരൂഹത പരത്തി ജനങ്ങളുടെയിടയിൽ തെറ്റിദ്ധാരണയുണ്ടാക്കുന്നതിനുവേണ്ടിയുള്ള ശ്രമമാണിത്. ഞാൻ കേട്ടിട്ടുണ്ട്, പണ്ട് നമ്മുടെ പ്രമുഖരായ ചില നേതാക്കൻമാരുടെ വീട് പണിയുമ്പോൾ ചന്ദനമരംകൊണ്ടാണ് വീടിന്റെ പടിയുണ്ടാക്കിയിക്കുന്നതെന്ന്

കമ്മ്യൂണിസ്റ്റുകാർ പ്രചരിപ്പിക്കുമായിരുന്നു. എന്നിട്ട് നാട്ടുകാർ എല്ലാവരുംകൂടി...... കോയിപ്പുറത്ത് മാധവമേനോൻ, അദ്ദേഹം വീട് പണിതത് ചന്ദനം കൊണ്ടാണെന്ന് പ്രചരിപ്പിക്കുകയാണ്. അദ്ദേഹംതന്നെ ഇതുകെട്ട് ഞെട്ടിയിട്ടുണ്ടാകും. ഓരോരുത്തരും പോയി ചന്ദനത്തടിയാണെന്നുകരുതി ചുരണ്ടി മണത്തുനോക്കുമ്പോൾ കാഞ്ഞിരത്തിന്റെ മണമായിരിക്കും വരുന്നത്. ഇതാണ് ഇവരുടെ പണി. ആടിനെ പട്ടിയാക്കുന്ന രീതിയൊക്കെ പഴയകാലത്തായിരുന്നു. ഈ കാലഘട്ടത്തിലെ യു.ഡി.എഫ്. കാരോട് ആ പണി നടക്കില്ല, അതിനായി വച്ച വെള്ളം വാങ്ങിയാൽ മതി എന്നുതന്നെയാണ് എന്റെ അഭിപ്രായം. അതുകൊണ്ട് തെറ്റിദ്ധാരണ പരത്തി മുന്നോട്ടുപോകാൻ ശ്രമിക്കണ്ട. ഇതുപോല സരിത കേസ്, രാവിലെ മുതൽ പറയുന്നുണ്ട്. ഗവൺമെന്റിന് കേസ് കിട്ടിയാൽ ഗവൺമെന്റ് അത് അന്വേഷിക്കും. അത് ഇൻവെസ്റ്റിഗേറ്റ് ചെയ്യുന്നതിനുവേണ്ടി ഉദ്യോഗസ്ഥരെ നിയമിക്കും. ഗവൺമെന്റിന് ആ കേസിൽ മനപൂർവമായി തിരിമറി നടത്തണമെന്നുണ്ടെങ്കിൽ അങ്ങനെ ഇൻവെസ്റ്റിഗേഷൻ നടത്തേണ്ടതുണ്ടോ? ഉദ്യോഗസ്ഥർ ഇൻവെസ്റ്റിഗേഷൻ പ്രൊസീഡ് ചെയ്തുകൊണ്ടിരിക്കുകയാണ്. രാവിലെ മുഖ്യമന്ത്രി പറഞ്ഞതിന്റെ ഒരു റൈഡർ പോലെ ഒരു കാര്യം കൂടി ഞാൻ പറയാം, ആ കേസിനെക്കുറിച്ച് അന്വേഷണം നടത്താൻ സൗത്ത് സോൺ എ.ഡി.ജി.പി ഹേമചന്ദ്രനെ ചുമതലപ്പെടുത്തുകയാണ്. എ.ഡി.ജി.പി ഹേമചന്ദ്രന്റെ നേതൃത്വത്തിലുള്ള ഉന്നത ഉദ്യോഗസ്ഥ സംഘം അന്വേഷണം നടത്തട്ടെ. ഒരു നിയമസഭയിൽവന്ന് ഉത്തരവാദിത്തരഹിതമായി കാര്യങ്ങളെ കരിവാരിത്തേക്കുന്നതിനുമാത്രം ശ്രമിക്കുന്നത് ശരിയല്ല. അതുകൊണ്ട് ആ നടപടി അവസാനിപ്പിക്കണം. മന്ത്രിമാരായിരിക്കുന്നു എന്നതുകൊണ്ട് ഞങ്ങളെ ഉന്നം വച്ച് ചിലപ്പോൾ പറഞ്ഞെന്നിരിക്കും. നിയമസഭ നിയോജക മണ്ഡലങ്ങളിൽ

എന്റെ പിന്നിലിരിക്കുന്ന സഹോദരൻമാരെ ഉന്നംവച്ച് അവിടെയും ഇവർ ഈ പണി ചെയ്യും. അതിനുശേഷം രാഷ്ട്രീയ ശക്തിയുള്ള മണ്ഡലം പ്രസിഡന്റു മാർക്കെതിരായും ഇതുതന്നെ പറയും. ഇത് കേരളത്തിൽ പണ്ടുമുതൽതന്നെ നടത്തിക്കൊണ്ടിരിക്കുന്ന കാര്യമാണ്. അതൊന്നും ഉൾക്കൊണ്ടുകൊണ്ടും സഹിച്ചുകൊണ്ടും ഒരു ഗവൺമെന്റിന് മൗനീബാബയെപ്പോലെയിരിക്കാൻ കഴിയില്ല. അതുകൊണ്ട് നിയമം നിയമത്തിന്റെ വഴിക്കുതന്നെ പോകും. എന്നോട് അവർക്ക് ചെറിയ വിരോധമുണ്ടെന്ന് ഞാൻ സമ്മതിക്കുന്നു. അവർ പറയുന്നത് ഞാൻ രാമ, രാമ എന്ന് വിളിക്കുന്നതിനുപകരം ഇപ്പോൾ രമ, രമ എന്നാണ് വിളിച്ചുകൊണ്ടിരിക്കുന്നതെന്നാണ്. ഇവിടെ 51 വെട്ടുവെട്ടി ഒരു ചെറുപ്പക്കാരനെ കൊലപ്പെടുത്തുകയും അദ്ദേഹത്തെ കൊലപ്പെടുത്തിയത് സംബന്ധിച്ച് മാർക്സിസ്റ്റ് പാർട്ടിയിൽപോലും രണ്ടഭിപ്രായമുണ്ടായിരുന്നിട്ടും ആ മൃതദേഹം കാണുന്നതിനുവേണ്ടി മാർക്സിസ്റ്റ് പാർട്ടിയുടെ സമുന്നത നേതാവ് ശ്രീ. വി.എസ്. അച്ചുതാനന്ദൻ പോവുകയും ചെയ്തിട്ട് പ്രതിപക്ഷമി പ്പോൾ ഞങ്ങളോട് ചോദിക്കുന്നത് ഇവിടെ വേറെ ചില കാര്യത്തിന് നിങ്ങൾ പോയോയെന്നാണ്. ഞാനവരോട് തിരിച്ചു ചോദിക്കാനിരുന്നതാണ്. അവരില്ലാ ത്തതുകൊണ്ട് ഈ സഭയിലൂടെ ഞാൻ ചോദിക്കുന്നു, എന്റെ തൃപ്തിക്കു വേണ്ടി റിക്കോർഡിലെങ്കിലും രേഖപ്പെടുത്തട്ടെ, ഈ ക്രൂര കൊലപാതകം നടന്നിട്ട് ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. പിണറായി വിജയനും ആ മൃതദേഹം കാണാൻ ആ സ്ഥലത്തുപോകാതിരുന്നത് എന്തുകൊണ്ടാണ്? ജീവിതകാലം മുഴുവനും അവരുടെ പാർട്ടിക്കുവേണ്ടി അധ്വാനിച്ച അദ്ദേഹ ത്തിന്റെ മൃതദേഹം അവർ കാണേണ്ടതല്ലേ? രമയുടെ അച്ഛൻ മാധവേട്ടനെ ഞാൻ കണ്ടിരുന്നു. അദ്ദേഹം വിറച്ച കൈകൾ കൊണ്ട് പാർട്ടിക്കുവേണ്ടി

എല്ലാ രക്തസാക്ഷി മണ്ഡപങ്ങളിലും കൈ ഉയർത്തി അദ്ദേഹത്തിന്റെ ആദരവ് അർപ്പിക്കുന്നയാളാണ്. ആ കുടുംബത്തിലേയ്ക്ക് ഞങ്ങൾ പോയത് അപരാധമാണോ? പ്രതിപക്ഷത്തിന് പോകാൻ പറ്റിയില്ലെങ്കിൽ അവരതിന് ഉത്തരം പറയട്ടെ. ഞങ്ങൾ പോയതിനെ എന്തിനാണ് കുറ്റപ്പെടുത്തുന്നത്? ഇതുപോലെ സംഭവമുണ്ടായാൽ ഞങ്ങൾ പോകും. പക്ഷേ രക്തസാക്ഷി യുടെ വീട്ടിൽ തിരിഞ്ഞുനോക്കാൻ മന:സാക്ഷി കാണിക്കാത്ത ആളുകളാണ് ഇവിടെനിന്ന് ഘോരഘോരം പ്രസംഗം നടത്തുന്നതെന്നുള്ളത് രേഖയിൽ രേഖപ്പെടുത്തട്ടെ. ഞാനിങ്ങനെ പറഞ്ഞു എന്നത് അടുത്ത തലമുറയെങ്കിലും അറിയട്ടെ. ഇപ്പോൾ പ്രതിപക്ഷമില്ലാത്തതുകൊണ്ട് അവർക്ക് കേൾക്കാൻ കഴി യില്ല. അതുകൊണ്ട് ഈ രൂപത്തിലുള്ള വ്യാജപ്രചരണങ്ങളുടെ അടിസ്ഥാന ത്തിൽ ഈ നടപടിയൊന്നും ഇവിടെ നടക്കാൻ പോകുന്നില്ല. ഞാൻ ദീർഘ മായി പറയുന്നില്ല. ഈ ഗവൺമെന്റ് എല്ലാ വിധത്തിലുമുള്ള നല്ല കാര്യങ്ങൾ ചെയ്തുകൊണ്ട് മുന്നോട്ടുപോകും. ഈ ഗവൺമെന്റ് ജനപ്രിയ ഗവൺമെന്റാണ്.

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ ഒരു കാര്യം സൂചിപ്പിച്ചു. രാഷ്ട്രീയ ക്കാരെപ്പറ്റി കവിത എഴുതുന്നത് പോലീസ് മാന്വൽ അനുസരിച്ച് ശരി യാണോ? ആവിഷ്കാര സ്വാതന്ത്ര്യമെന്നു പറഞ്ഞാൽ ആരെക്കുറിച്ചും എന്തും എഴുതാമെന്നാണോ? ശ്രീ. കോടിയേരി ബാലകൃഷ്ണന് വളരെ വിഷമമുണ്ടായിട്ടുണ്ട്. അതുകൊണ്ട് ചോദിച്ചതാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഞാനത് പരിശോധിച്ചു കൊണ്ടിരിക്കുന്ന കാര്യമാണ്. പരിശോധന പൂർത്തിയായതിനുശേഷം ഞാൻ അങ്ങയോട് പറയാം.

<u>ശ്രീ. റ്റി.എൻ. പ്രതാപൻ</u>: സർ, നിർമ്മാണം പൂർത്തിയാക്കി എല്ലാ നടപടികളും കഴിഞ്ഞിട്ടും ജീവനക്കാരെ നിയമിക്കാത്തതിന്റെ പേരിൽ പ്രവർത്തനം ആരംഭിക്കാത്ത ഫയർ സ്റ്റേഷനുകളുണ്ട്. 12 പഞ്ചായത്തുകളും ഒരു മുനിസിപ്പാലിറ്റിയുമുള്ള കൊടുങ്ങല്ലൂർ ഫയർ സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയായി. വൈദ്യുതി കണക്ഷനും വെള്ളത്തിന്റെ കണക്ഷനുമെല്ലാം ലഭിച്ചിട്ടുപോലും ഫയർ സ്റ്റേഷൻ ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. അങ്ങയുടെ വേഗതയും ശുഷ്കാന്തിയും ഇത്തരം കാര്യങ്ങളിൽകൂടി കാണിക്കുമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): സർ, ഈ രണ്ട് കാര്യങ്ങളും അംഗീകരിച്ചുകൊണ്ട് എന്താണ് പ്രശ്നമെന്നുള്ളത് നമ്മൾ തമ്മിൽ സംസാരിച്ച് ഇഷ്യൂ സെറ്റിൽ ചെയ്യും. ജീവനക്കാരെ നിയമിക്കണമെന്നുണ്ടെങ്കിൽ അതും ചെയ്യും.

ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ ഈ ഡിമാന്റ് ഏകകണ്ഠമായി അംഗീകരിച്ചുതരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ഖണ്ഡനോപക്ഷേപം അവതരിപ്പിച്ച അംഗങ്ങൾ സഭയിലില്ലാത്തതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2013-14 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7–ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2013-14 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2013 ജൂൺ മാസം 14–ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 3.21–ന് പിരിഞ്ഞു.)

----------